ചീരാംകുഴി

കുടുംബ ചരിത്രം




SAINT
THOMAS

രക്ഷാധികാരികൾ



റവ. ഫാ. മാത്യു ചീരാങ്കുഴി



റവ. ഫാ. മൈക്കിൾ ചീരാങ്കുഴി



സി.വി. ജോസഫ്
പ്രസിഡന്റ്



സി.ജെ. മത്തായി
വൈസ് പ്രസിഡന്റ്



ജോസ് സി. ജോസ്
സെക്രട്ടറി

ചീരാംകുഴി കുടുംബചരിത്രം

പ്രസാധകർ

ചീരാംകുഴിയിൽകുടുംബയോഗം

30.12.2006

CHEERAMKUZHI KUDUMBACHARITHRAM
Malayalam

Edited by
Cheerankuzhi Kudumbayogam

First Published on 30.12.2006

Layout : Smarts Kanjirapally
Ph : 04828-203850

Printed at : Amala Press, Kanjirapally
Ph : 04828-204654

(For Private Circulation only)

കമ്മറ്റി അംഗങ്ങൾ



സിറിയക്ക് തോമസ്



സി.എം. ജേക്കബ്



ജോർജ് വർഗീസ്



സി.ജെ. കുരുവിള



സി.പി. സെബാസ്റ്റ്യൻ



അപ്പച്ചൻ (ആന്റണി)

കമ്മറ്റി അംഗങ്ങൾ



സി.റ്റി. കുരുവിള



ഡോമിനിക്ക് പാമ്പൂരിക്കൽ



സി.വി. കുര്യാക്കോസ്



ജോർജ് പൈകട



ജോയി കുന്നത്തൂർ



എം.ജെ. തോമസ്



ജോജോ ജോസ്

നമ്മുടെ കുടുംബാംഗങ്ങളായ ബഹു. വൈദികർ



റവ. ഫാ. റ്റോണി ചീരാങ്കുഴി



റവ. ഫാ. ജോർജ് ചീരാങ്കുഴി



റവ. ഫാ. ജോഷി ചീരാങ്കുഴി



റവ. ഫാ. ചെറിയാൻ തലക്കുളം



റവ. ഫാ. മാത്യു തോട്ടുങ്കൽ



റവ. ഫാ. ജോസ് കുന്നത്തൂർ

നമ്മുടെ കുടുംബാംഗങ്ങളായ ബഹു. സന്യാസിനികൾ



സി. റോസ് വെർജിൻ
Good Shepherd Convent - Bangalore



സി. പട്രീഷ്യസ് F.C.C.
ളാലം പാലാ



സി. എനിഡ് M.S.J.
കാക്കനാട്, എറണാകുളം



സി. തെയോഡോഷ്യാ C.S.N.
ചൂണ്ടി, ആലുവാ



സി. വിൽഫി F.C.C.
പുതുപ്പള്ളി



സി. സ്റ്റാനി F.C.C.
കണമല



സി. ലിൻസി F.C.C.
മ്ലാമല



സി. ഫിൽവി F.C.C.
ബീഹാർ



സി. ഡെയിസി മരിയാ F.C.C.
റോം



സി. മൈക്കിൾ മേരി S.H.
S.H. കോൺവെന്റ്, തിരുവനന്തപുരം



സി. കൺസീലിയാ S.H.
S.H. കോൺവെന്റ്, തിരുവനന്ത പുരം



സി. ആനി S.A.B.S.
പാലാ



സി. തെരേസ് അസീസി F.C.C.
അരുണാപുരം, പാലാ



സി. അനൻസിയാ C.M.C.
മുത്തോലി



സി. സെലീനാ C.M.C.
രാമപുരം (Expired)



സി. ലിൻസി F.C.C.
പാലാ



സി. ആനി SMMI
പാപ്പുവാഗിനിയ



സി. സാലി
അസംപ്ഷൻ കോൺവന്റ്
സെന്റ് മൈക്കിൾസ് സ്കൂൾ കോഴിക്കോട്



സി. സൂസമ്മ
ജ്യോതിഭവൻ കോൺവെന്റ്
കോഴിക്കോട്

ആമുഖം



ചരിത്രരചന പ്രധാനമായും ജനപഥങ്ങളുടെ പ്രയാണത്തിന്റെയും കണ്ടെത്തലിന്റെയും ആവാസകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെയും കഥകളാണ് പ്രതിപാദന വിഷയമാക്കുന്നത്. "നിങ്ങൾ ചെന്ന് നിങ്ങളുടെ കർത്താവ് തരുന്ന ദേശം കൈവശമാക്കേണ്ടതിന് ഞാനിപ്പോൾ പഠിപ്പിക്കുന്ന ചട്ടങ്ങളും കല്പനകളും അനുസരിക്കുവിൻ" ബൈബിളിലെ നിയാമവർത്തന പുസ്തകം 4-10 ൽ നാം വായിക്കുന്നു. കുടുംബങ്ങളുടെ വികാസപരിണാമങ്ങളിൽ നമ്മുടെ പൂർവ്വികർ ഈ സന്ദേശം ഉൾകൊണ്ടാണ് ജീവിച്ചിരുന്നത്. പിതാക്കന്മാരുടെ മഹത്വം എന്ന പ്രഭാഷകന്റെ പുസ്തകത്തിൽ 44/10 ൽ വിവരിക്കുന്നു. "അവർ കാരുണ്യമുള്ളവകരായിരുന്നു. അവരുടെ സൽപ്രവൃത്തികൾ വിസ്മരിക്കപ്പെട്ടിട്ടില്ല. അവരുടെ ഐശ്വര്യം അവരുടെ പിൻഗാമികളിലും അവരുടെ അവകാശം മക്കളുടെ മക്കളിലും നിലനില്ക്കും". മാത്രമല്ല "അവയെല്ലാം നിങ്ങളുടെ മക്കളേയും മക്കളുടെ മക്കളേയും അറിയിക്കണം". നമ്മുടെ വംശപരമ്പരയിൽ കൈമാറപ്പെടേണ്ട ജീവിതദർശനമാണ് വിശുദ്ധഗ്രന്ഥങ്ങളിലൂടെയുള്ള ഈ സന്ദേശം. കുടുംബങ്ങളുടെ വൈവിധ്യമാർന്ന ചരിത്രരചനക്കുള്ള സാംഗത്യവും പ്രസക്തിയും പ്രധാനമായും മുൻപറഞ്ഞ വിധം കൈമാറപ്പെടുന്ന ഐശ്വര്യവും അവകാശവും നമ്മെ ബോധ്യപ്പെടുത്തുന്നു എന്നതാവാം.

പാലാ കിഴതടിയൂർ കരയിൽ കവീക്കുന്നിന്റെ പാർശ്വങ്ങളിൽ നിന്നും ആരംഭിക്കുന്ന ചീരാംകുഴി കുടുംബത്തിന്റെ തലമുറകളിലൂടെയുള്ള പ്രയാണം കേരളത്തിൽ മാത്രമല്ല ഇതരസംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും വ്യാപിച്ച് സങ്കേതങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. കുടുംബപരമായ നമ്മുടെ സഹോദരബന്ധം ഇഴപിരിയാതെ പരസ്പരം അറിയുന്നതിനും

നിലനിറുത്തുന്നതിനും ഈ മൂലകുടുംബത്തിന്റെ നാമധേയം നമ്മേ നിർബന്ധിതരാക്കുന്നു. ആധുനിക ജീവിതസാഹചര്യങ്ങളിൽ വിദൂരങ്ങളിൽ കഴിയുന്ന നമ്മിൽ പലർക്കും ഒരു പുത്തൻ സൗഹൃദത്തിന് ഇത് വഴിതുറക്കാം. ജോലി സാദ്ധ്യതകൾക്കായി സാഗരങ്ങൾക്കപ്പുറം ഇടം കണ്ടെത്തേണ്ടി വന്ന ഏകാന്തപഥികൾക്ക് അന്യതാബോധത്തിന്റെ ശൂന്യതയിൽ ഒറ്റപ്പെട്ടുപോകാതെ സ്വാന്തനമേകാൻ ഈ സഹോദരബന്ധം സഹായകമാകാം. പുത്തൻ നാഗരീകതയുടെ സംഭാവനയായി പ്രതിസന്ധിയിലാകുന്ന വിശ്വാസങ്ങളും അറ്റുപോകുന്ന കുടുംബന്ധങ്ങളും പുനർജനിക്കാൻ നമ്മുടെ സ്മൃതി ജാലകങ്ങളിലൂടെ മുൻതലമുറയുടെ ത്യാഗസുന്ദരമായ ജീവിതദർശ്ശനം പ്രേരകശക്തിയായി ഭവിക്കാം.

നമ്മുടെ കുടുംബചരിത്ര രചന എന്ന ആശയം 1995 ൽ രൂപം കൊണ്ടതാണെങ്കിലും പല കാരണങ്ങളാലും അതു പൂർത്തീകരിക്കുവാൻ കാലതാമസം വേണ്ടിവന്നു. അടിസ്ഥാന വിവരങ്ങൾ കുടുംബസന്ദർശനങ്ങളിലൂടെയും കത്തുകൾ വഴിയും ശേഖരിക്കുകയായിരുന്നു. നമ്മുടെ ആദ്യത്തെ കുടുംബസമ്മേളനം 30 - 12 - 2004 ൽ ഇളങ്ങുളത്തുള്ള എന്റെ വസതിയിൽ ചേർന്നു. റവ ഫാ. മൈക്കിൾ ചീരാംകുഴി അദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽ നമ്മുടെ കുടുംബചരിത്ര രചന സമീപഭാവിയിൽ ഒരു യാഥാർത്ഥ്യമായി തീരുമെന്ന പ്രസ്താവിക്കുകയുണ്ടായി. പാലായിലും സമീപ പ്രദേശങ്ങളിലുള്ള നമ്മുടെ കുടുംബങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഇതിനായി ഒരു കമ്മറ്റി രൂപീകരിച്ചു. പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, ബജാൻജി, സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേക്ക് യഥാക്രമം സി. വി. ജോസഫ്, സി. ജെ. മത്തായി ഇടമറുക്, സിറിയക് തോമസ് കവീകുന്ന്, ജോസ്. സി. ജോസ് ഇളങ്ങുളം എന്നിവരെയും നമ്മുടെ കുടുംബത്തിലെ വൈദികരെ പ്രതിനിധീകരിച്ച് ഫാ. മാത്യു ചീരാംകുഴി സി. എം. ഐ, ഫാ. സി. ജെ. മൈക്കിൾ എന്നിവരെ രക്ഷാധികാരികളായും നിശ്ചയിച്ചു. മത്തായിസാറും മാണിക്കുട്ടിസാറും ചീരാംകുഴി ഇടമറുക് ശാഖയുടെ വിവരശേഖരണത്തിന് ആത്മാർത്ഥമായി സഹകരിച്ചു. മറ്റു കമ്മറ്റി അംഗങ്ങൾ പേരെടുത്തു പറയുന്നില്ലെങ്കിലും എല്ലാവരുടെയും സഹായസഹകരണങ്ങൾ ഈ ഉദ്യമം വിജയപ്രദമാകുവാൻ സഹായിച്ചു. മലബാറിലും, കർണ്ണാടകത്തിലെ കുർഗിലും ഉള്ള നമ്മുടെ കുടുംബങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുവാൻ ശ്രീ ജോസ് സി. ജോസിന്റെ നേതൃത്വത്തിൽ നടത്തിയ യാത്രകൾ സഹായകമായി. കഴിയുന്നത്ര ഫോട്ടോകൾ സമ്പാദിക്കുവാനുള്ള പരി

ശ്രമം ഒരുപരിധിവരെ വിജയിച്ചു. അവ നമ്മുടെ പുസ്തകതാളുകൾ അനശ്വരമാക്കുവാൻ സഹായകമായി. ഈ ചരിത്രരചയ്ക്കായി വിവരശേഖരണം നടത്തി സഹായിച്ച സി. കെ. തോമസ് സി.എം. തോമസ് കണ്ണോത്ത്, ജോയി ജോസഫ് കോണക്കട്ട, സി. വി. ചിന്നമ്മ തച്ചുകുന്നേൽ പൈസക്കരി, സി. മേരി ഇവാനിയ എന്നീ പേരുകൾ എടുത്തു പറയട്ടെ. കൈയെഴുത്തു പ്രതി തയ്യാറാക്കുവാനും അതു ക്രമപ്പെടുത്തുവാന്നും സഹായിച്ച എന്റെ സഹധർമ്മിണി ത്രേസ്യാമ്മയുടേയും ലൈസാമ്മ കുര്യാക്കോസിന്റെയും പങ്ക് വിസ്മരിക്കുന്നില്ല.

25 - 4 - 2006 ൽ ഇവിടെ സമ്മേളിച്ച കുടുംബപ്രതിനിധിയോഗത്തിൽ വിവിധശാഖകളിൽ നിന്നും 22 പേർ സംബന്ധിച്ചു. വിവിധ സ്ഥലങ്ങളിലെ നമ്മുടെ കുടുംബാംഗങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങൾ അടങ്ങിയ കൈയ്യെഴുത്തു പ്രതി വായിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി. പൂർവ്വചരിത്രസംബന്ധമായ കാര്യങ്ങൾക്ക് ബഹു. സി.റ്റി. കൊട്ടാരത്തിലച്ചന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച എറകോന്നി കുടുംബചരിത്രമാണ് അവലംബമാക്കിയിട്ടുള്ളത്. നിലവിലുള്ള നമ്മുടെ കുടുംബശാഖകളുടെ സംക്ഷിപ്തവിവരണമായി ഈ ഗ്രന്ഥം അവകാശപ്പെടുന്നില്ല. വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകൾ സദയംക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ഉദ്യമത്തിൽ എല്ലാ കുടുംബാംഗങ്ങളും നിർലോഭമായ സഹായസഹകരണങ്ങൾ നൽകുവാൻ സന്മനസ്സുകാണിച്ചു എന്നതു അഭിമാനപൂർവ്വം എടുത്തുപറയട്ടെ.

ഈ ആമുഖക്കുറിപ്പ് ഒരു സ്മരണാഞ്ജലിയോടെ പൂർത്തിയാകട്ടെ. ആരെല്ലാം നമുക്കായി തങ്ങളുടെ അദ്ധ്വാനഭാരത്തിന്റെ വിയർപ്പും സ്നേഹത്തിന്റെ മുറിവുകളിൽ കിനിഞ്ഞ രക്തതുള്ളികളും ദുഃഖദുരിതങ്ങളുടർത്തിയ കണ്ണീർകണങ്ങളും ചൊരിഞ്ഞുവോ. അവർക്കു മുൻപിൽ നമ്മുടെ പ്രണാമങ്ങൾ അർപ്പിക്കാം. അവർക്കായി അടുത്തും അകലങ്ങലിലും കഴിയുന്ന നമ്മുടേയും കുടുംബാംഗങ്ങളായ സമർപ്പിതരുടേയും പ്രാർത്ഥനകൾ എല്ലായാമങ്ങളിലും സ്വർഗ്ഗകവാടങ്ങൾ കടന്ന് ദൈവസന്നിധിയിൽ എത്തട്ടെ. അവരുടെ പ്രയാണത്തിൽ എന്നും ശക്തിയും സംരക്ഷണവും നൽകിയ ദൈവത്തിന് നന്ദിയുടെ കീർത്തനങ്ങൾ ആലപിക്കാം. ഈ സ്നേഹചൈതന്യം മാർഗ്ഗവെളിച്ചമായി സ്വീകരിച്ചുകൊണ്ട് മുൻപേ പോയവരുടെ വഴിത്താരയിലൂടെ പ്രയാണം തുടരുവാൻ നമുക്കും വരും തലമുറകൾക്കും പ്രചോദനമാകുവാൻ ഈ ഗ്രന്ഥം സഹായകമാകട്ടെ.

ഈ ഗ്രന്ഥപ്രകാശനത്തിന് ഹൃദ്യമായ ആശംസാസന്ദേശങ്ങൾ നല്കി അനുഗ്രഹിച്ച അഭിവന്ദ്യരായ മാർ മാത്യു അറയ്ക്കൽ, മാർ ജോസഫ് കല്ലറങ്ങാട്ട് എന്നീ പിതാക്കന്മാരോട് ചീരാംകുഴി കുടുംബാംഗങ്ങളുടെ പേരിലുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടത്തുന്നു. സുദീർഘമായ അവതാരിക എഴുതി ഈ കുടുംബ ചരിത്രത്തിന് അർത്ഥം നൽകിയ ഫാ. മാത്യു ചീരാംകുഴിക്കു അഭിനന്ദനങ്ങളും നന്ദിയും.

ഈ ഗ്രന്ഥത്തിന്റെ ലേഔട്ട് മനോഹരമായി ചെയ്ത കാഞ്ഞിരപ്പള്ളി സ്മാർട്സിനും പ്രിന്റിംഗ് വളരെ ഭംഗിയായി നിർവഹിച്ച കാഞ്ഞിരപ്പള്ളി അമലാ പ്രസ്സിനും കുറഞ്ഞ സമയപരിധിക്കുള്ളിൽ അതു പൂർത്തീകരിക്കുവാൻ സഹായിച്ച റവ. ഫാ. സെബാസ്റ്റ്യൻ കിടങ്ങത്താഴെ, ശ്രീ ബെന്നി പുതുശ്ശേരി എന്നിവർക്കും ഞങ്ങൾ പ്രത്യേകം നന്ദി പറയുന്നു.

എല്ലാറ്റിനും ഉപരിയായി നമ്മുടെ കുടുംബാംഗങ്ങളെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ വിജയകരമായി പ്രവർത്തിക്കുവാനും നമ്മേ എല്ലാം സമൃദ്ധിയിലും സമാധാനത്തിലും ജീവിക്കാനും കൃപനൽകി.യ തമ്പുരാന്റെ മുൻപിൽ നമ്രശിരസ്ക്കരായി നമ്മുക്ക് നന്ദിയുടെ നറുമലരുകൾ അർപ്പിക്കാം.

ഇളങ്ങുളം — സി. വി. ജോസഫ് ചീരാംകുഴി

22 - 12 - 2006 — കുടുംബയോഗം പ്രസിഡന്റ്

Fr. Mathew Cheeramkuzhy, C.M
Our Lady of Loweder Church
103 Golf Club Lane
Springfield, TN 37172

അവതാരിക



ചീരാംകുഴികുടുംബചരിത്രം ബഹുജനസമക്ഷം സമർപ്പിച്ചത് ഒരു സുപ്രധാനസുദിനത്തിലായിരുന്നു. 2006 ഡിസംബർ 30 അന്നായിരുന്നു ചീരാംകുഴി കുടുംബത്തിൽ നിന്ന് അഞ്ചാമത് ഒരാൾ കൂടി പൗരോഹിത്യശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ടത്. നെട്ട സെന്റ് തോമസ് ദൈവാലയത്തിൽ തക്കല ബിഷപ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ കൈവയ്പ് ശുശ്രൂഷവഴി ജോസഫ് (ജോഷി) ചീരാംകുഴി സി.എം.ഐ (നെട്ട. കന്യാകുമാരി ജില്ല) പൗരോഹിത്യശുശ്രൂഷയ്ക്കായി എന്നെന്നേയ്ക്കുമായി പവിത്രീകരിക്കപ്പെടുകയും സമർപ്പിക്കപ്പെടുകയും ചെയ്തു. തുടർന്നു നടന്ന കുടുംബസംഗമത്തിൽ പ്രഥമ വൈദികനായ ഫ. മാത്യു ചീരാംകുഴിയിൽ നിന്നും ചീരാംകുഴി കുടുംബചരിത്രത്തിന്റെ പ്രഥമ കോപ്പി ഫാ. ജോഷി ചീരാംകുഴി ഏറ്റുവാങ്ങി. ശ്രി. ജോസഫ് (കുഞ്ഞേപ്പ്) ചീരാംകുഴിയ്ക്ക് (നെട്ട) നൽകിക്കൊണ്ട്, പ്രകാശനകർമ്മം നിർവഹിച്ചു. ഈ പുസ്തക പ്രകാശനത്തിനു പിന്നിൽ വർഷങ്ങൾ ദീർഘിച്ച ഒരു വലിയ സമർപ്പണത്തിന്റെ ചരിത്രം കൂടിയുണ്ട്. ശ്രീ സി. വി. ജോസഫ് ചീരാംകുഴി (ഇളങ്ങുളം) ആണ് ഈ ശ്രമകരമായ കർത്തവ്യം ഏറ്റെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്തത്. അതിന് അദ്ദേഹത്തെയും സഹകരിച്ച മറ്റെല്ലാവരെയും ഞാനീ സന്ദർഭത്തിൽ ഹാർദ്ദമായി അഭിനന്ദിക്കുകയാണ്. കുടുംബചരിത്രം പറയുമ്പോൾ കുടുംബകാര്യങ്ങൾ പരാമർശിക്കേണ്ടിവരും. ഞങ്ങളുടെ കുടുംബത്തിൽ പലപുണ്യമുഹൂർത്തങ്ങളിലും കുടുംബസമ്മേളനങ്ങൾ നടത്താറു

ണ്ടായിരുന്നു. അപ്പോഴൊക്കെ ഒരു കുടുംബ ചരിത്രത്തിന്റെ ആവശ്യകത യെപ്പറ്റി പറയുമായിരുന്നു. വിവാഹത്തിന്റെയും, പൗരോഹിത്യത്തിന്റെയും, സന്യാസ സമർപ്പണത്തിന്റെയുമൊക്കെ ജൂബിലി അവസരങ്ങളിൽ ഇളങ്ങു ളത്തുള്ള ചീരാംകുഴി കുടുംബത്തിലെ എന്റെ ജേഷ്ഠസഹോദരൻ ശ്രി. സി.വി. ജോസഫിന്റെ വസതിയിൽ കുടുംബാംഗങ്ങളും ബന്ധുജനങ്ങളും ഒരുമിച്ചുകൂടുകയും പ്രാർത്ഥിക്കുകയും മൺമറഞ്ഞ നമ്മുടെ മാതാപിതാ ക്കന്മാർ തമ്മിൽ ഭരമേല്പിച്ച മഹത്തായ പാരമ്പര്യവും ക്രിസ്തീയ സംസ്കാരവും തലമുറകളിലേക്കു കൈമാറുകയും ചെയ്യണമെന്ന് പറയു മായിരുന്നു. ആ വഴിക്കുള്ള ഒരു വലിയ പരിശ്രമം കുടുംബചരിത്ര രചന വഴി പൂർത്തീകരിക്കപ്പെട്ടിരിക്കുകയാണ്.യൂറോപ്പിലും അമേരിക്കയിലുമൊക്കെ കുടുംബത്തിന്റെ വേരുകൾ തേടി പലരും നാടുവിട്ട് അന്യനാടുകളിൽ ക്കൂടി ഗവേഷണം നടത്തിയകഥകൾ കേട്ടിട്ടുണ്ട്. കുടുംബചരിത്രം വർണ്ണിക്കുന്ന Family Tree (ഫാമിലി ട്രീ) വരച്ച് അവർ അഭിമാന പുളകിതരാകാറുണ്ട്.

ചരിത്രരചന മാനവ പുരോഗതിയുടെ വികാസപരിണാമങ്ങളുടെ സമഗ്രവിവരണമാണ്. ചരിത്രനിർമ്മിതിക്ക് നിരവധി സ്രോതസുകളെ ആശ്ര യിക്കാറുണ്ട്. ശിലാശാസനങ്ങൾ, യാത്രാവിവരണങ്ങൾ, നാളാഗമങ്ങൾ, കത്തുകൾ പഴയതും പുതിയതുമായ ഗ്രന്ഥങ്ങൾ, രേഖകൾ, ചിത്രങ്ങൾ തുടങ്ങിയവയെല്ലാം ചരിത്രനിർമ്മിതിക്ക് സഹായകമാകാറുണ്ട്. ചീരാംകുഴി കുടുംബചരിത്ര രചനയ്ക്ക് കിട്ടാവുന്ന എല്ലാ രേഖകളും തേടിപ്പിടിക്കു വാൻ ബന്ധപ്പെട്ടവർ ആവതു ശ്രമിച്ചിട്ടുണ്ട്.

ഒരു കുടുംബചരിത്രത്തിന്റെ ആവശ്യമെന്താണ്? കുടുംബമെന്നത് പരമകാരുണികനായ ദൈവത്തിന്റെ പദ്ധതിയായിരുന്നു. ആദിയിൽ ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു പറുദീസായിലാക്കി ഒരു കുടുംബം പടുത്തിയർത്തി. (സൃഷ്ടി :1: 27) ദൈവപുത്രനായ യേശു മിശിഹാ വിവാഹത്തെ ഒരു കൂദാശാക്കി ഉയർത്തി. രണ്ടാം വത്തിക്കാൻ സൂനഗദോസ് കുടുംബത്തെ ഒരു ഗാർഹിക സഭയായി (Domestic Church) ട്ടാണ് വിവരിക്കുന്നത്. മാനവസമൂഹത്തിന്റെ അടിസ്ഥാനപരമായ സ്ഥാപ നമാണ് കുടുംബം. ആ കുടുംബവും കുടുംബജീവിതവും പരിപാവനവും പവിത്രവുമാണ്. കൂടുമ്പോൾ ഇമ്പമായിത്തീരുന്നതാണ് കുടുംബം എന്നു പറയാറുണ്ട്. ഈപ്പറഞ്ഞതെല്ലാം ശരിയാണ്. യഥാർത്ഥത്തിൽ ലോകചരിത്രം തന്നെ കുടുംബങ്ങളുടെ ചരിത്രമല്ലേ? രാഷ്ട്രനേതാക്കളു ടെയും, രാജ്യതന്ത്രജ്ഞരുടെയും ചരിത്രം രചിക്കുമ്പോൾ ചരിത്രരചനയുടെ

പശ്ചാത്തലമായി അവരുടെയൊക്കെ കുടുംബചരിത്രസംഭവങ്ങൾ തെളി ഞ്ഞുവരുന്നതായി കാണാനാവും. നമ്മളെയൊക്കെ നാമാക്കുന്നത് ദൈവ കൃപയും ആകൃപയോടു സഹകരിച്ച് നമ്മുടെ മാതാപിതാക്കന്മാർ പടുത്തു യർത്തിയ കുടുംബങ്ങളും കുടുംബബന്ധങ്ങളുമാണല്ലോ. ചീരാംകുഴികു ടുംബചരിത്രം ഒരാവർത്തി വായിച്ചാൽ ഈ കാര്യം വ്യക്തമാകും.

കുടുംബചരിത്രം കുടുംബാംഗങ്ങളെ പരസ്പരം ബന്ധപ്പെട്ടും സഹ കരിച്ചും മുന്നേറുവാൻ പര്യാപ്തരാക്കും. ഈ അറിവ് ഒരനുഗ്രഹമാണ്. അത് മനസ്സിന് ഉന്മേഷവും ജീവിതത്തിന് ഒരു പ്രേരകശക്തിയുമായി ഭവി ക്കും.

നൂറ്റാണ്ടുകൾക്കു മുവിപ് പാലാ വലിയപള്ളി നിർമ്മാണത്തിന് മുന്നിട്ടിറങ്ങിയ എറകോന്നി വയലകൊമ്പൻ, കൂട്ടുങ്കൽ, തറയിൽ കുടും ബക്കാരായിരുന്നു. ആയതിനാലാണ് ചീരാംകുഴി കുടുംബ ചരിത്രപുസ്ത കത്തിന്റെ കവർ പേജിൽ പാലായിലെ പുരാതനവും നവീനവുമായ ദൈവാലയങ്ങളുടെ ചിത്രം കൊടുത്തിരിക്കുന്നത്. കുടുംബം ഒരു ദൈവാ ലയം എന്ന കാര്യം പ്രതീകാത്മകമായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. 17-ാം നൂറ്റാണ്ടിൽ തുടങ്ങുന്ന ഒരു വലിയ കുടുംബചരിത്രം തലച്ചിറ തൊമ്മന്റെ മകൻ വർക്കി ഭരണങ്ങാനത്ത് ആരംപുളിയ്ക്കൽ നിന്നും വിവാഹം ചെയ്തു. ചീരാംകുഴിയിൽ താമസമാക്കി. അവിടെത്തുടങ്ങുന്ന ചീരാംകുഴി കുടുംബം ഇന്ന പടർന്ന് പന്തലിച്ച് നാട്ടിലും മറുനാട്ടിലു മൊക്കെയായിരിക്കുന്നു. ഈ കുടുംബചരിത്രം വായിച്ച് അഭിമാനപൂളകി തരാകാനും നമ്മുടെ കുടുംബസംസ്കാരം തലമുറകളിലേക്കും പങ്കുവ യ്ക്കാനും ഞാൻ കുടുംബാംഗങ്ങളെ അഹ്വാനം ചെയ്യുന്നു. അതോടൊപ്പം ഈ കുടുംബബന്ധം ഉദാത്തമായ ദൈവസ്നേഹവും സമസൃഷ്ടിസ്നേ ഹവും വളർത്തുവാൻ സഹായകമാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം നമ്മുടെ കുടുംബസദസുകളിലെ സുമനസുകൾക്കായി സന്തോ ഷപൂർവ്വം അവതരിപ്പിച്ചുകൊള്ളുന്നു.

ഫാ. മാത്യു ചീരാംകുഴി

ഉള്ളടക്കം

ആമുഖം 9
അവതാരിക 13
ആശംസ 17
ആശംസ 18
പ്രാരംഭം : വർക്കി തൊമ്മൻ ചീരാംകുഴി 23

ഒന്നാം ഭാഗം

അദ്ധ്യായം 1 :
തൊമ്മൻ വർക്കി ചീരാംകുഴി ഇളങ്ങുളം 31
അദ്ധ്യായം 2 :
തൊമ്മൻ കുരുവിള (കുറു) ചീരാംകുഴി ഇളങ്ങുളം 55
അദ്ധ്യായം 3
തൊമ്മൻ തൊമ്മൻ ചീരാംകുഴിയിൽ (കണ്ണോത്ത്) 77
അദ്ധ്യായം 4
തൊമ്മൻമത്തായി (മത്ത) ചീരാംകുഴിയിൽ 105
അദ്ധ്യായം 5
തൊമ്മൻ മാണി ചീരാംകുഴി ഇളങ്ങുളം 128
അദ്ധ്യായം 6
തൊമ്മൻ കുര്യൻ ചീരാംകുഴി കവീക്കുന്ന് 138
അദ്ധ്യായം 7
ചീരാംകുഴി തൊമ്മൻ ജോസഫ് (ഐപ്പച്ചൻ) പാത്തംപാറ 149
അദ്ധ്യായം 8
മറിയം ഇട്ടിയവിരാ പൂവത്താനി - പൂവരണി 168
അദ്ധ്യായം 9
ഏലി ചാണ്ടി പൈകട തൊടുപുഴ 173
അദ്ധ്യായം 10
റോസ അവുസേപ്പച്ചൻ വെട്ടത്ത് (പറപ്പള്ളിൽ) തമ്പലക്കാട് 183

രണ്ടാംഭാഗം

പ്രാരംഭം വർക്കി മാണി ചീരാംകുഴി (ഇടമറുക് ശാഖ) 190
അദ്ധ്യായം 1
ചീരാംകുഴിയിൽ മാണി അവുസേപ്പ് ഇടമറുക് 195
അദ്ധ്യായം 2
മാണി വർഗ്ഗീസ് ചീരാങ്കുഴി പൈസക്കരി 202
അദ്ധ്യായം 3
മാണി തൊമ്മൻ (കുട്ടി) മേലുകാവ് 207
അദ്ധ്യായം 4
മാണിമാണി ചീരാംകുഴിയിൽ (കുഞ്ഞെറുക്കൻ) 210
അദ്ധ്യായം 5
ചീരാംകുഴിയിൽ മാണി മകൻ മത്ത, കവീക്കുന്ന് 217
അദ്ധ്യായം 6
മാണിദേവസ്യാ (കൊച്ചുകുട്ടി) ചീരാംകുഴി ഉപ്പുതറ 223

Bishop's House
P.B. No. 18, Palai - 686575
Kerala, S. India
Phone : 04822 212216, 212217, 214338
Fax : 04822 211379
E- mail : aramanapala@sancharnet.in

Mar. Joseph Kallarangatt
Bishop of Palai

ആശംസ

പാലായുടെ സമീപസ്ഥലമായ കവീക്കുന്നിൽ ആരംഭിക്കുന്ന ചീരാംകുഴി കുടുംബത്തിന്റെ തലമുറകളിലൂടെയുള്ള വളർച്ച പ്രതിപാദിക്കുന്ന ഒരു കുടുംബചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു

10 നൂറ്റാണ്ടുകൾക്കു മുമ്പ് പാലായിൽ ഒരു ദൈവാലയ സ്ഥാപനത്തിനു തുടക്കം കുറിച്ച അന്നത്തെ ക്രൈസ്തവ കൂട്ടായ്മയുടെ മുൻനിരയിൽ പ്രവർത്തിച്ച 4 കുടുംബങ്ങളിൽ ഒന്നായിരുന്നു എറകോന്നി കുടുംബം. എറകോന്നി കുടുംബശാഖയിൽപ്പെട്ടതാണ് പിൽക്കാലത്ത് രൂപം പ്രാപിച്ച ചീരാംകുഴി കുടുംബം എന്ന് ഞാൻ മനസിലാക്കുന്നു. മഹത്തായ നമ്മുടെ പൈതൃകത്തെ സംബന്ധിക്കുന്ന വസ്തുതകൾ ഉൾക്കൊള്ളുന്ന കുടുംബചരിത്ര ഗ്രന്ഥങ്ങളുടെ പാരായണം അടുത്തും അകലങ്ങളിലും കഴിയുന്ന കുടുംബാംഗങ്ങൾ തമ്മിലുള്ള ഐക്യവും സ്നേഹവും കൂടുതൽ ദൃഢതരമാക്കുവാൻ സഹായിക്കുമെന്നതിൽ സംശയമില്ല. ചീരാംകുഴി കുടുംബാംഗങ്ങളെയും അവിടെ നിന്ന് ദൈവവിളി സ്വീകരിച്ച് നാട്ടിലും വിദേശത്തും സേവനം ചെയ്യുന്ന വൈദികരെയും സന്ന്യസ്തരെയും അനുമോദിക്കുന്നു. പരമ്പരാഗതമായി കൈമാറിയ വിശ്വാസവും സ്നേഹവും തലമുറകളിലേയ്ക്കു പകർന്നു നൽകുക എന്ന ദൗത്യം ഈ സംരംഭം വഴി സഫലമാകട്ടെ എന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതയുടെ മെത്രാൻ

ബിഷപ്സ് ഹൗസ്
പാലാ
30 - 12 - 2006

Mar Mathew Arackal
Bishop of Kanjirapally

Pastoral Centre
P.B. No. 22
Kanjirapally - 686 507

ആശംസ

ചീരാംകുഴി കുടുംബചരിത്രത്തിന് ആശംസകൾ!

മനുഷ്യബന്ധങ്ങളുടെ വിശുദ്ധമായ കുറിപ്പടിയാണ് കുടുംബചരിത്രങ്ങൾ. തലമുറകൾ പരസ്പരം അറിയുന്നതിന് ഒരു കണ്ണിയായിത്തീരുന്നു അത്. പഴമയെയും പുതുമയെയും കോർത്തിണക്കി ധന്യമായ വർത്തമാന കാലഘട്ടം സൃഷ്ടിക്കുന്നതിനും ശക്തമായ സാമൂഹികമുന്നേറ്റങ്ങൾ നടത്തുന്നതിനും അവ വഴിയൊരുക്കും. അറിവിൽനിന്ന് അനുഭവത്തിലേക്ക് കുടുംബാംഗങ്ങളെ കൈപിടിച്ചു നടത്തുന്ന വലിയ കർമ്മമാണ് കുടുംബചരിത്രം നിർവഹിക്കുന്നത്. സ്നേഹം ആഴപ്പെടുന്നതിനും ബന്ധങ്ങൾ വളരുന്നതിനും അതുവഴി കൂട്ടായ്മ ശക്തിപ്പെടുന്നതിനും അതു സഹായകമാകും.

പുരാതനപ്രശസ്തമായ എറകോന്നി കുടുംബത്തിന്റെ പിന്മുറക്കാരായ ചീരാംകുഴി കുടുംബം 10 നൂറ്റാണ്ടുകൾക്കുമുമ്പു മുതൽ സഭയും സമുദായത്തിനും ചെയ്തുവരുന്ന സേവനം വിലമതിക്കത്തക്കതാണ്. ഉത്തമ പൗരന്മാരെയും സാമൂഹികപ്രതിബദ്ധതയുള്ള വിശ്വാസഗണത്തെയും രൂപപ്പെടുത്തുന്നതിൽ നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട് അവർ. ഇത്തരത്തിലുള്ള മുന്നേറ്റങ്ങൾ തുടർന്നും നടക്കട്ടെ എന്നാണെന്റെ ആശംസ.

ചീരാംകുഴി കുടുംബത്തിന്റെ ചരിത്രത്തിൽ വിശുദ്ധമായ ഒരേടായി ഈ കുടുംബചരിത്രം മാറുമെന്നു ഞാൻ കരുതുന്നു. സകലതിനെയും അതിശയിക്കുന്ന സ്നേഹം കാത്തുസൂക്ഷിച്ചുകൊണ്ട്, വിശ്വാസത്തിൽ വളർന്ന്, ഉപവിപ്രവർത്തനങ്ങളിൽ പങ്കുകാരായി ദൈവികപുണ്യങ്ങളുടെ കാവൽക്കാരായിത്തീരുന്നതിന് ചീരാംകുഴി കുടുംബാംഗങ്ങൾക്ക് ഉത്തേജനമായിത്തീരട്ടെ ഈ ചരിത്രഗ്രന്ഥം എന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

മാർ മാത്യു അറയ്ക്കൽ
(കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ)

ഗ്രന്ഥകാരനായ ശ്രീ. സി. വി. ജോസഫിനെക്കുറിച്ച്



ചീരാംകുഴി കുടുംബത്തിലെ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ പ്രശസ്തനും പ്രഗത്ഭനുമായിരുന്ന ശ്രീ സീ. വി. വർക്കിയുടെ പുത്രനായി ജനിച്ച സി. വി. ജോസഫ് സാമൂഹിക സാംസ്കാരിക രംഗത്തും സമുദായ, രാഷ്ട്രീയരംഗത്തും അദ്ധ്യാപനരംഗത്തും തിളങ്ങിയ വ്യക്തിത്വത്തിനുടമയാണ്. മികച്ച വാഗ്മിയും എഴുത്തുകാരനുമായ ഇദ്ദേഹം അഭിനയരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ ലക്ചററായി ഔദ്യോഗിക ജീവിതം ആരംഭിച്ച് ഇളങ്ങുളം സെന്റ് മേരീസ് ഹൈസ്ക്കൂളിൽ നിരവധി വർഷത്തെ സേവനത്തിനുശേഷം പെരുവന്താനം, കുഴിത്തുള്ളൂ ഹൈസ്ക്കൂളുകളിൽ ഹെഡ്മാസ്റ്ററായി ജോലി ചെയ്തതിനുശേഷം ചെങ്ങളം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ നിന്നും 1990 ൽ ഹെഡ്മാസ്റ്ററായി അദ്ധ്യാപനരംഗത്തു നിന്നും വിരമിച്ചു.

1960 കളിൽ കലാരംഗത്ത് ഇളങ്ങുളം സോഷ്യൽ ആർട്സ് ക്ലബിന്റെ സ്ഥാപക പ്രസിഡന്റായും, ഇളങ്ങുളം C.Y.M.A യുടെ സ്ഥാപക സെക്രട്ടറിയായും ഇളങ്ങുളം പബ്ലിക്ക് ലൈബ്രറിയുടെ പ്രസിഡന്റായും നിരവധി തവണ സേവനം ചെയ്തിട്ടുണ്ട്. ഇപ്പോഴും ഇളങ്ങുളം പബ്ലിക്ക് ലൈബ്രറിയുടെ പ്രസിഡന്റാണ്.

ഇളങ്ങുളം ELDERS CLUB പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന കാലത്ത് ശ്രി. സി. വി. ജോസഫ് സെക്രട്ടറിയായിരുന്നു. രാഷ്ട്രീയരംഗത്ത് കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റായിരുന്ന ഇദ്ദേഹം എലിക്കുളം സഹകരണ ബാങ്കിൽ ബോർഡുമെമ്പറായും എലിക്കുളം പഞ്ചായത്ത് വൈസ് പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ധ്യാപക സംഘടനയായ PSTA സെക്രട്ടറിയായിരുന്ന ശ്രീമാൻ സി. വി. ജോസഫ് ഇപ്പോൾ പെൻഷനേഴ്സ് യൂണിയന്റെ എലിക്കുളം യൂണിറ്റ് പ്രസിഡന്റാണ്

കുടുംബയോഗ കമ്മിറ്റി

നന്ദിയോടെ.....

സ്വന്തം പൈതൃകം തിരിച്ചറിയുക, ആ തിരിച്ചറിവിനെ തലമുറകളിലേയ്ക്ക് പകർന്നു നൽകുക എന്നതാണ് ഏതൊരു കുടുംബചരിത്ര രചനയുടെയും ലക്ഷ്യം. നൂറ്റാണ്ടുകളിലൂടെ ഇതൾ വിടർത്തി വരുന്ന കുടുംബചരിത്രം ക്രോഡീകരിക്കുക അത്യന്തം ക്ലേശകരമായ ഒരു ദൗത്യം തന്നെ. ചരിത്രാവബോധവും പല തലമുറകളുമായുള്ള ഗാഢമായ ബന്ധവും, നിരീക്ഷണപാടവും, രചനാവൈഭവവും എല്ലാം കൂടി ഒത്തിണങ്ങിയാലേ പ്രൗഢമായ ഒരു കുടുംബചരിത്ര ഗ്രന്ഥം പിറവിയെടുക്കൂ ഇങ്ങനെയൊരു ഗ്രന്ഥമാണ് എന്റെ ജേഷ്ഠ സഹോദരൻ ശ്രീ. സി. വി. ജോസഫ് ഏറ്റെടുത്തു വിജയകരമായി പൂർത്തീകരിച്ചിരിക്കുന്നത്.

കുടുംബത്തിലെ ആദ്യകാല ബിരുദാനന്തര ബിരുദധാരികളിൽ ഒരാളായ ശ്രീ. സി. വി. ജോസഫ് തന്റെ കർമ്മമണ്ഡലങ്ങളിലുടനീളം മികവ് പുലർത്തിയ വ്യക്തിയാണ്. അദ്ധ്യാപന, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ ഇദ്ദേഹത്തിന്റെ സംഭാവനകൾ തന്റെ നാടിന്റെ തന്നെ ചരിത്രത്തിന്റെ ഭാഗമാണ്.

തികച്ചും സമഗ്രവും ആധികാരികവുമായ കുടുംബരചനയ്ക്ക് ചീരാംകുഴി കുടുംബത്തിലെ ഓരോ അംഗങ്ങൾക്കും വേണ്ടി ശ്രീ. സി. വി. ജോസഫിനോടുള്ള നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

കുടുംബചരിത്രത്തോടൊപ്പം അംഗങ്ങളുടെ ഫാമിലിചാർട്ടും ടെലഫോൺ ഡയറക്ടറിയും ചേർത്തിരിക്കുന്നത് ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാണ്.

ആശംസകളോടെ

കുടുംബയോഗത്തിനു വേണ്ടി സെക്രട്ടറി

ജോസ് ചീരാംകുഴി

ഇളങ്ങുളം

ചീരാംകുഴി കുടുംബചരിത്രം

ഒന്നാംഭാഗം



പ്രാരംഭം

പത്തു നൂറ്റാണ്ടുകൾക്കുമുൻപ് സ്ഥാപിതമായ പാലാ വലിയപള്ളി പാലായിലും പരിസരപ്രദേശങ്ങളിലുമുള്ള ക്രിസ്തുമതവിശ്വാസികളുടെ പ്രകാശഗോപുരമായി പാരമ്പര്യപെരുമ നിലനിറുത്തിക്കൊണ്ട് മീനച്ചിലാറിന്റെ തീരത്ത് ക്രിസ്തുനാമസാക്ഷ്യമായി ഇന്നും നിലനില്ക്കുന്നു. ഇവിടെനിന്നും വിശ്വാസത്തിന്റെ ദീപശിഖയുമേന്തി കാടും മേടും കടന്ന് കർഷകവൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് പ്രയാണം ചെയ്തവർ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും അതിർത്തികൾക്കപ്പുറവും കുടിയേറി പാർത്തിട്ടുണ്ട് പില്ക്കാലങ്ങളിൽ ഉദ്യോഗവും തൊഴിലുമന്വേഷിച്ച് കടലുകൾക്കപ്പുറം കടന്ന് പുറംനാടുകളിൽ എത്തിയവർ വേറേയും അനവധി ഉണ്ട്. പാലാ വലിയപള്ളിയും രാക്കുളിപ്പെരുന്നാളും ഇന്നും ആയിരങ്ങളുടെ മനസ്സുകളിൽ ഭക്തിവിശ്വാസങ്ങളുടേയും കുടുംബബന്ധങ്ങളുടേയും നിറവ് പകരുന്നു.

നൂറ്റാണ്ടുകൾക്ക്മുൻപ് ഈ ദൈവാലയസ്ഥാപനത്തിന് മുന്നിട്ടിറങ്ങിയവർ എറകോന്നി, വയലക്കൊമ്പൻ, കൂട്ടുങ്കൽ, തറയിൽ എന്നീ കുടുംബക്കാരാണ്. എറകോന്നി കുടുംബം ക്രിസ്തുവർഷം പത്താം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് മീനച്ചിൽ ഭരണാധിപന്മാരായ നമ്പിക്കാട്ട് കർത്താക്കന്മാർക്ക് എണ്ണ, ഉപ്പ് തുടങ്ങിയ തീണ്ടലുള്ള സാധനങ്ങൾ തൊട്ടുകൊടുത്ത് ശുദ്ധി വരുത്തുന്നതിനായി മേവിടകൊണ്ടുവന്നു പാർപ്പിച്ചവരാണ്. ഇവർ ഇടപ്പള്ളിയിൽനിന്നും വന്ന് കോട്ടയത്തിനടുത്ത മണർകാടു പ്രദേശത്ത് താമസിച്ചു വരികയായിരുന്നു. ഈയവസരത്തിലാണ് കർത്താക്കന്മാരുടെ ക്ഷണം സ്വീകരിച്ച് മേവിട എറകോന്നി പുരയിടത്തിൽ വന്നു താമസമാക്കിയത്.

17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മേവിട വെട്ടിക്കാട്ട് പുരയിടത്തിൽ എറകോന്നി കുടുംബത്തിൽപ്പെട്ട ഇട്ടിച്ചെറിയ മാറിത്താമസിച്ചു. ഇദ്ദേഹത്തിന് 7 പുത്രന്മാർ ഉണ്ടായിരുന്നതിൽ ഏഴാമത്തെയാൾ പടിഞ്ഞാറെക്കര, കിഴക്കേക്കര, ഒറ്റപ്ലാക്കൽ എന്നീ കുടുംബങ്ങളുടെ പിതാവായ പുത്തൻ പുരയ്ക്കൽ തോമ്മാ പണിക്കരായിരുന്നു. അക്കാലത്ത്

കിഴതടിയൂർ ഭാഗത്ത് പ്രതാപികളായിരുന്ന നായർ കുടുംബങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ ലഭിച്ചിരുന്നത് തോമ്മാപണിക്കരുടെ കടയിൽനിന്നായിരുന്നു. അക്കാലത്തെ പ്രമാണിയായ പുത്തൻപുരയ്ക്കൽ നായരുടെ വകയായ അന്യംനില്പായ പുത്തൻപുരയ്ക്കൽ പുരയിടം തോമ്മാപണിക്കർക്ക് നല്കിയിരുന്നു. എറകോന്നി മാപ്പിളയായ പുത്തൻപുരയ്ക്കൽ തോമ്മാപണിക്കർക്ക് 3 പുത്രന്മാരും 3 പുത്രിമാരും ഉണ്ടായിരുന്നു. ഇട്ടിച്ചെറിയാ, കൊച്ചിട്ടിഐപ്പ്, കൊച്ചുമത്തായി എന്നിവർ യഥാക്രമം ഒറ്റപ്ലാക്കൽ, കിഴക്കേക്കര, പടിഞ്ഞാറേക്കര എന്നീ കുടുംബങ്ങളുടെ നായകന്മാരായി. മത്തായിത്തരകന്റെ മക്കളായ തൊമ്മൻ, കൊച്ചീപ്പൻ എന്നീ 2 പുത്രന്മാരുടേയും പിൻഗാമികളായി ധാരാളം കുടുംബങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രഥമപുത്രന്റെ ആദ്യവിവാഹത്തിൽ മത്തായി, കുര്യൻ, തൊമ്മൻ എന്നിങ്ങനെ 3 പുത്രന്മാരും രണ്ടാം വിവാഹത്തിൽ ഈപ്പൻ, വർഗ്ഗീസ്, പൗലോ എന്നിവരും യഥാക്രമം തെരുവിൻ കൊട്ടാരത്തിൽ, ചക്കൻകുളം തെക്കേക്കണ്ടം, മണ്ഡപത്തിൽ കളപ്പുരയ്ക്കൽ എന്നീ കുടുംബങ്ങളുടെ കാരണവന്മാരായിരുന്നു.

പുത്തൻപുരയ്ക്കൽ മത്തായി തരകന്റെ പ്രഥമപുത്രൻ തൊമ്മന്റെ 6 ആൺമക്കളിൽ 3-ാമനായ തൊമ്മൻ ആലപ്പുഴ കടവിൽനിന്നു വിവാഹം ചെയ്തു ചക്കൻകുളത്തേക്കുമാറിത്താമസിച്ചു. ചക്കൻകുളത്തു തൊമ്മന്റെ പ്രഥമപുത്രൻ തൊമ്മൻ ആരക്കുഴ പിട്ടാപ്പള്ളിയിൽനിന്നും വിവാഹം ചെയ്ത് തലച്ചിറയിൽ താമസിച്ചു. ഇദ്ദേഹത്തിന് 3 പുത്രന്മാരും ഒരു പുത്രിയും ഉണ്ടായിരുന്നു. പുത്രിയെ അരുവിത്തുറ വലിയ വീട്ടിലേക്ക് വിവാഹം ചെയ്തയച്ചു. പുത്രന്മാർ വർക്കി, തൊമ്മൻ, മാണി എന്നിവർ യഥാക്രമം ചീരാംകുഴി, കെടുമ്പൻ പുരയിടം, തലച്ചിറ എന്നീ കുടുംബങ്ങളുടെ കാരണവന്മാരായി.

തലച്ചിറ തൊമ്മന്റെ മകൻ വർക്കി ഭരണങ്ങാനത്ത് ആരംപുളിക്കൽനിന്നും വിവാഹം ചെയ്ത് ചീരാംകുഴിയിൽ താമസമാക്കി. വർക്കിക്ക് തൊമ്മൻ, മാണി എന്നു രണ്ടു പുത്രന്മാരും ഏഴു പുത്രിമാരും ഉണ്ടായിരുന്നു. പുത്രിമാരെ ഞാവള്ളിൽ, പടവിൽ, ഞാവള്ളിൽ പുത്തൻപുരയ്ക്കൽ, ഞാണുമണ്ണാറാകത്ത്, വരിക്കമാക്കൽ, ആനിക്കാട്ടച്ചപറമ്പത്ത് മേവിട നെടുംപുറത്ത് എന്നീ വീടുകളിലേക്ക് വിവാഹം ചെയ്തയച്ചു. തൊമ്മൻ ഇടമറ്റത്ത് തൂങ്കുഴിയിൽനിന്ന് വിവാഹം ചെയ്ത് ചീരാംങ്കുഴിതറവാട്ടിലും, മാണി പാലാ മംഗലത്തിൽനിന്നും വിവാഹം ചെയ്ത് കിഴക്കേചീരാംങ്കുഴിയിലും താമസമാക്കി.

ഭാഗം 1

വർക്കി തൊമ്മൻ ചീരാംകുഴി

വർക്കിതൊമ്മന്, വർക്കി, കുറു (കുരുവിള), തൊമ്മൻ, മത്ത, മാണി, കുര്യൻ, ഔസേപ്പ് എന്നീ ഏഴു പുത്രന്മാരും 4 പുത്രിമാരും ഉണ്ടായിരുന്നു. പുത്രിമാരെ മീനച്ചിൽ പൂവത്താനിക്കലും, ഇടപ്പാടി പൈകടയിലും, കിഴക്കേക്കര പുത്തൻപുരയ്ക്കലും, തമ്പലക്കാട് വെട്ടത്തും വിവാഹം ചെയ്തു. മക്കൾക്ക് പുതുവൽ ഭൂമി കണ്ടെത്തുന്നതിനായി കാട്ടുവഴികളിലൂടെ വർക്കിതൊമ്മൻ നടത്തിയ യാത്ര ഇളങ്ങുളത്ത് എത്തിച്ചേർന്നു. കൊല്ലവർഷം 1071 ൽ തോട്ടുപുറത്തു പുരയിടമെന്ന് അറിയപ്പെട്ടിരുന്നതിൽ 10 ഏക്കർ വരുന്ന ഇളംപുരയിടവും, വളകൊടി ചേരിക്കലിന് വടക്ക് കാടുകിടപ്പ് ഉൾപ്പെടെ ഇരുപത്തിരണ്ടര ഏക്കർ മണ്ണനാംതുണ്ടവും ഒറ്റി ആധാരപ്രകാരം കൈവശം വാങ്ങി ദേഹണ്ഡങ്ങൾ ആരംഭിച്ചു. പാലായിൽനിന്നും പിതാവും പ്രായപൂർത്തിയായ മക്കളും യഥാസമയങ്ങളിൽ കാൽനടയായി എത്തി കൃഷിപ്പണികൾ നടത്തിയും ക്രമേണ 5 പേർ വീടുകൾ വച്ചു താമസിച്ചും കഠിനാദ്ധ്വാനം ചെയ്തു ഈ മണ്ണിനെ വിളഭൂമിയാക്കി. വാർദ്ധക്യത്തിൽ കണ്ണിന് കാഴ്ച നഷ്ടപ്പെട്ട വർക്കിതൊമ്മൻ, വത്സല മക്കളുടെ ക്ഷേമം അന്വേഷിക്കുവാൻ ഈ ദുർഘടയാത്രക്ക് തിടുക്കം കൂട്ടിയിരുന്നു. കൊല്ലവർഷം 1102 ൽ താൻ സമ്പാദിച്ച സ്വത്തുക്കൾ മക്കൾക്ക് അനുഭവിപ്പാനായി 76 വയസായ തൊമ്മൻ എഴുതിവച്ച വിൽപ്പത്രം ഒരു പിതാവിന്റെ പുത്രവാത്സല്യവും, കർത്തവ്യബോധവും, സർവ്വോപരി ദൈവാശ്രയത്വവും സ്പഷ്ടമാക്കുന്നു എന്നതിനാൽ അതിന്റെ ആദ്യഭാഗം ഇവിടെ ഉദ്ധരിക്കുന്നു.





വർക്കി തൊമ്മൻ ചീരാംകുഴി

ജനനം : 18 . 02 . 1850 മരണം : 20 . 08 . 1944

"ആയിരത്തി നൂറ്റിരണ്ടാമാണ്ട് ഇടവമാസം 3-ാം തീയതി ബാവാ യുടേയും പുത്രന്റേയും റൂഹാദക്കുദിശായുടേയും നാമത്താലെ ആമ്മേൻ. സകല നന്മസ്വരൂപിയായിരിക്കുന്ന സർവ്വേശ്വരൻ തമ്പുരാന് എന്റെ ആത്മാവിനെ ഞാൻ കയ്യാളിച്ച് ആകാശമോക്ഷത്തിലുള്ള ഭാഗ്യ പ്പെട്ടവരുടെ കൂട്ടത്തിൽ എന്റെ ആത്മാവിനേയും കൈക്കൊള്ളുവാനായി തന്റെ സഹായം അപേക്ഷിച്ചുകൊണ്ട് പാലാ വല്ല്യപള്ളി ഇടവകക്കാര നായ ളാലം പകുതിയിൽ കിഴതടിയൂർമുറിയിൽ ചീരാങ്കുഴിയിൽ നസ്രാണി വർക്കി മകൻ ഗൃഹഭരണം എഴുപത്താറു വയസ്സുള്ള തൊമ്മ നായ ഞാൻ എന്റെ മക്കൾ ടിയിൽ കൃഷിക്കാരായ നാല്പത്തെട്ടു വയ സ്സുള്ള (1) വർക്കിയും നാല്പത്തിനാലു വയസ്സുള്ള (2) കുരുവിളയും (കുറു) നാല്പത്തിരണ്ടു വയസ്സുള്ള (3) തൊമ്മനും മുപ്പത്തിനാലു വയസ്സുള്ള (4) മാണിയും മുപ്പത്തൊന്നു വയസ്സുള്ള (5) കുര്യനും ഇരു പത്തി എട്ട് വയസ്സുള്ള (6) ഔസേപ്പും എന്റെ പിൽക്കാലം നടക്കവേണ്ടും ക്രമത്തിനും നടത്തവേണ്ടും കാര്യാദികൾക്കും ആയി എന്റെ സ്വന്തമന സ്സാലെ എഴുതിവച്ച വിൽപത്രം. താഴെപറയുന്ന വസ്തുക്കൾ എനിക്ക് ഭാഗത്തിനു കിട്ടിയതും ഞാൻ സ്വന്തമായിത്തേടിയതും ഞാൻ കൈവ ശംവച്ച് ദേഹണ്ണങ്ങൾ നടത്തി പൂർണ്ണസ്വതന്ത്രമായി അനുഭവിച്ചും എന്റെ പേരിൽ പട്ടയംവാങ്ങി കരം തീർത്തും നിങ്ങളെ ഏകശാസനയിൽ വച്ചും കുടുംബസംബന്ധമായ സകല കൃത്യങ്ങളും നടത്തിയും നടന്നും വരു ന്നതുമാകുന്നു. നിങ്ങളെ കൂടാതെ എന്റെ നാലാമത്തെ മകൻ മത്താ യിയെ അന്യകുടുംബത്തിൽ അവകാശപ്പെടുത്തി അയയ്ക്കപ്പെട്ടതനു സരിച്ച് അവന് നിശ്ചയിച്ചിരിക്കുന്ന വസ്തു അവനും ഞാനുംകൂടി തീറു കൊടുത്ത് പണം വാങ്ങിയും എന്റെ കയ്യിനാലും ടി മത്തായിക്കുള്ള അയ്യായിരം രൂപാ ഞാൻ കൊടുത്ത് അവന്റെ അവകാശം വിടർത്തിയി ട്ടുള്ളതുമാകുന്നു. എന്റെ പിൽക്കാലം നിങ്ങൾ തമ്മിൽ യാതൊരു തർക്ക ങ്ങൾക്കും ഇടയാകാതെ എന്നും യോജിപ്പായി വസ്തുക്കൾ അനുഭവി ക്കത്തക്കവണ്ണം ഒരു നിശ്ചയംചെയ്തു വൈക്കേണ്ടതത്യാവശ്യമെന്ന് എനിക്ക് തോന്നി. ഇപ്പോൾ ക്രമനിശ്ചയത്തിനു കാരണമായതും ഇത നുസരിച്ച് താഴെപ്പറയുന്ന എ പട്ടികവസ്തുക്കൾ ഒന്നാംകക്ഷി ടി വർക്കി ക്കും..."

സമുദായസ്നേഹിയായ വർക്കി തൊമ്മൻ കവീക്കുന്നു ദൈവാ ലയത്തിനുവേണ്ടി ചെയ്ത സേവനങ്ങളും സ്മരണാർഹമാണ്.



പിൻനിര - മാണി, മറിയം, അന്ന, അന്നമ്മ, കുര്യൻ, ഐപ്പച്ചൻ, ത്രേസ്യാമ്മ
മുൻനിര - റോസ, കുരുവിള, വർക്കി, തൊമ്മൻ, മറിയം, മത്തായി, മറിയം

പാലാ വലിയപള്ളി ഇടവകക്കാരായിരുന്ന കവീക്കുന്നു പ്രദേശങ്ങളിലുള്ള കത്തോലിക്കരുടെ വിശ്വാസസംബന്ധമായ ആവശ്യനിർവഹണത്തിനായി കൊല്ലവർഷം 1071 ൽ വിശുദ്ധ അപ്രേമിന്റെ നാമത്തിൽ കവീക്കുന്നിൽ ഒരു ദേവാലയം സ്ഥാപിക്കപ്പെട്ടു. കവീക്കുന്ന് പ്രദേശങ്ങളിലെ കത്തോലിക്കാസഭാ വിശ്വാസികളുടെ ചിരകാലസ്വപ്നം അങ്ങിനെ സാക്ഷാത്ക്കരിക്കപ്പെട്ടു. ഈ ദേവാലയസ്ഥാപകനായ വെട്ടുകാട്ടിൽ ബഹു. യൗസേപ്പ് കത്തനാർ തന്നെയാണ് 1911 ൽ തന്റെ മരണംവരെ പള്ളി ഭരണം നടത്തിയിരുന്നത്. 1913 ൽ കവീകുന്നു പള്ളിയിൽ ആദ്യമായി ചേർന്ന പൊതുയോഗം ചീരാംകുഴിയിൽ വർക്കി തൊമ്മൻ, മൂന്നുമാക്കൽ ചെറിയാൻ ചാക്കോ എന്നിവരെ കൈക്കാരന്മാരായി തെരഞ്ഞെടുത്തു. ജീർണ്ണാവസ്ഥയിലായിരുന്ന പള്ളിക്കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനായി ചീരാംകുഴി വർക്കിതൊമ്മൻ ചെയ്തിട്ടുള്ള പരിശ്രമങ്ങളും സഹിച്ചിട്ടുള്ള ബുദ്ധിമുട്ടുകളും ത്യാഗങ്ങളും നിസ്സീമങ്ങളാണ്. തുടരെ പല സംവത്സരക്കാലം ഇദ്ദേഹം കൈക്കാരനായിരുന്നു. ജീർണ്ണാവസ്ഥയെ പ്രാപിച്ചിരുന്ന പള്ളിക്കെട്ടിടം അദ്ദേഹത്തിന്റെയും കൂട്ടുകൈക്കാരനായിരുന്ന മൂന്നുമാക്കൽ ചെറിയത് ചാക്കോയുടെയും പരിശ്രമത്താലും ഉത്സാഹത്താലും 1913 ൽ പുതുക്കിപ്പണിയിക്കുകയും ഓലമാറ്റി ഓടുമേയുകയും ചെയ്തു. പള്ളിയുടെ ആവശ്യങ്ങൾക്കായി പണം സ്വരൂപിച്ചിരുന്നത് നാളികേരം, പിടിയരി തുടങ്ങിയവ പിരിച്ചും ചിട്ടി നടത്തിയും മറ്റും ആയിരുന്നു.

1944 ആഗസ്റ്റ് 20 ന് തന്റെ 94-ാമത്തെ വയസ്സിൽ വർക്കി തൊമ്മൻ ചരമം പ്രാപിച്ചു. വെട്ടുകാട്ടിൽ ബഹുമാനപ്പെട്ട ഈപ്പച്ചൻ സ്ഥാപിച്ച കവീക്കുന്നു പള്ളിയ്ക്കുവേണ്ടി ഇദ്ദേഹം ചെയ്ത സേവനങ്ങൾ പരിഗണിച്ച് പള്ളിയ്ക്കുള്ള കുഴിക്കാണം ഒഴിവാക്കി അടക്കുവാൻ പള്ളിയോഗം ചെയ്ത തീരുമാനത്തെ അന്നത്തെ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായിരുന്ന കാളാശ്ശേരിപിതാവ് അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇദ്ദേഹം ആ തീരുമാനം സ്വമനസ്സാലെ ഉപേക്ഷിക്കുകയാണുണ്ടായത്. മരണാനന്തരം കവീക്കുന്നു പള്ളിയുടെ ആനവാതിലിന് ഇടതുവശത്ത് പള്ളിയോട് ചേർന്നുള്ള കല്ലറയിൽ മൃതദേഹം സംസ്ക്കരിക്കുകയുണ്ടായി.

തറവാടിനു സമീപം കിഴക്കേചീരാംകുഴിയിൽ താമസമാക്കിയ മാണിക്ക് അവുസേപ്പ്, വറുഗീസ്, തൊമ്മൻ, മാണി, മത്ത, ദേവസ്യാ

എന്നീ ആറു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായി. പുത്രിമാരെ യഥാക്രമം പ്രവിത്താനത്ത് പ്ലാത്തോട്ടത്തിലും പ്രവിത്താനത്ത് അറയ്ക്കലും, ഇടപ്പാടി പുരയിടത്തിലും വിവാഹം ചെയ്തയച്ചു. മൂത്തപുത്രി വിവാഹാനന്തരം അധികം കഴിയാതെ അകാലചരമം പ്രാപിച്ചു. പുത്രന്മാരിൽ അഞ്ചുപേർ ഇടമറുകിൽ സ്ഥലം സമ്പാദിച്ച് അവിടെ താമസമാക്കി.

ചീരാംകുഴി വർക്കിതൊമ്മന് ഏഴു പുത്രന്മാരുണ്ടായിരുന്നതിൽ അഞ്ചുപേരും പ്രായപൂർത്തിയായശേഷം ഇളങ്ങുളത്ത് താമസമാക്കിയെന്നു പറഞ്ഞുവല്ലോ. ഒരാൾ ദത്തുപോയാതിനാൽ സ്വത്തവകാശം പണമായി നല്കിയും ആറാമത്തെ മകനായ കുര്യന് കവീക്കുന്നു തറവാടും ചേർന്നുള്ള പുരയിടവും അവകാശപ്പെടുത്തിയും കൊടുത്തിരുന്നു.



അദ്ധ്യായം 1

തൊമ്മൻ വർക്കി ചീരാംകുഴി ഇളങ്ങുളം



തൊമ്മന്റെ പ്രഥമപുത്രൻ വക്കി പാലായിൽ വടക്കേൽ വർക്കിയുടെ മകൾ അന്നയെ വിവാഹം ചെയ്തു. ഇദ്ദേഹത്തിന് തോമസ്, വർക്കി, ജോസഫ് എന്നീ മൂന്നു പുത്രന്മാരും അന്നമ്മ എന്ന ഒരു പുത്രിയും ഉണ്ടായിരുന്നു. ഇളങ്ങുളത്തു താമസമാക്കിയ വർക്കി കുടുംബസ്വത്തിനു പുറമേ കൂടുതൽ കൃഷിഭൂമി സമ്പാദിക്കുന്നതിനായി തമ്പലക്കാട്ടും, കപ്പാടും, 1107 ൽ വെച്ചൂച്ചിറ ദേവറോലി എസ്റ്റേറ്റിനുസമീപവും പുതുവൽഭൂമികൾ വാങ്ങി. കപ്പാട്ട് മലമ്പനി സാധാരണമായിരുന്നു അക്കാലത്ത് എന്നു പറയപ്പെടുന്നു. ഇളങ്ങുളത്തുനിന്നും മണിമലവഴിയും ചേനപ്പാടിവഴിയും മന്ദമരുതി, ഇടമൺവഴിയുള്ള കാൽനടയാത്രയും അദ്ധ്വാനത്തിന്റെ മറ്റൊരു പര്യായമായിരുന്നു. പിൽകാലങ്ങളിൽ കാളവണ്ടികൾ ഈ യാത്രകൾക്ക് ഉപകരിച്ചിരുന്നു. തൊമ്മൻ വർക്കി വെച്ചൂച്ചിറയിൽ ആരംഭിച്ച ഈ കുടിയേറ്റം സഹോദരൻ കുരുവിളക്ക് (കുറു) അരയൻപാറയിൽ സ്ഥലം വാങ്ങുവാനും സഹായകമായി.

വർക്കിയുടെ സീമന്തപുത്രനായ തോമസ് പതിനെട്ടാമത്തെ വയസ്സിൽ ഇളങ്ങുളത്ത് ഇരുപ്പക്കാട്ട് പീലി മകൾ അന്നമ്മയെ വിവാഹം ചെയ്തു. കഠിനമായ ജ്വരപ്പനിയെതുടർന്ന് തോമസ് അകാലത്തിൽ നിര്യാതനായി. ഏകമകളായ അന്നമ്മയെ പാലാ കണിയാരശ്ശേരി തൊമ്മന്റെ മകൻ അവുസേപ്പ് വിവാഹം ചെയ്തു. മക്കളായ മറിയക്കുട്ടി, തോമസ്, അന്നക്കുട്ടി എന്നിവർ കുട്ടികളായിരിക്കുമ്പോൾ തന്നെ അന്നമ്മ രോഗംമൂലം 10-6-1935 ൽ ചരമം പ്രാപിച്ചു. അന്നമ്മയുടെ ഭർത്താവ് അവുസേപ്പ് താമസംവിനാ കാഞ്ഞിരമറ്റത്ത് പന്തപ്ലാക്കൽനിന്നും പുനർവിവാഹം നടത്തി. അന്നമ്മയുടെ ഏകമകൻ തോമാച്ചൻ ഇളങ്ങുളത്തുള്ള മാതൃഭവനത്തിൽ താമസിച്ചുകൊണ്ട് സ്കൂൾ വിദ്യാഭ്യാസം നടത്തി. പ്രായപൂർത്തിയായതിനെതുടർന്ന് തോമ്മാച്ചൻ പൈക ഇടപ്പാടിയിൽ വർക്കിയുടെയും ഏലിക്കൊച്ചിന്റേയും മകൾ മേരിയെ വിവാഹം കഴിച്ച് പാലായിൽ കണിയാരുശ്ശേരിയിൽ താമസമാക്കി. ഇവരുടെ മൂത്തപുത്രൻ ജോയി നാലു വയസ്സുള്ളപ്പോൾ പെട്ടന്നുണ്ടായ അസുഖത്താൽ മരണമടഞ്ഞു. തുടർന്നുണ്ടായ പുത്രന് ജോയിച്ചൻ എന്ന പേരു നല്കി. ജോയിച്ചൻ തറക്കുന്നേൽ ജോസഫ് മകൾ ജെസ്സിയെ വിവാഹം ചെയ്തതിൽ ജ്യോതി, ദിവ്യ എന്ന രണ്ടു പെൺകുട്ടികളും തോമസുകുട്ടി എന്ന ഒരാൺകുട്ടിയുമുണ്ട്. ഇവർ കടനാട്ടിൽ സ്ഥലംവാങ്ങി അവിടെ താമസിച്ചുവരുന്നു. മൂന്നാമനായ ജോർജ് കളരിക്കൽ ജോസഫ് മകൾ മോളിയെ (കൊച്ചുത്രേസ്യാ)യെ വിവാഹം ചെയ്തു. വണ്ണപ്പുറം തൊമ്മൻകുത്തിൽ താമസിക്കുന്നു. ഇവർക്ക് മെർലിൻ എന്ന പെൺകുട്ടിയും മെൽവിൻ എന്ന ആൺകുട്ടിയും ഉണ്ട്. തോമ്മാച്ചന്റെ ഇളയമകൻ ജോസഫും ഏകമകൾ കുഞ്ഞമ്മയും അംഗവൈകല്യവും അനാരോഗ്യവും മൂലം അവിവാഹിതരായി മാതാപിതാക്കളോടൊപ്പം കഴിയുന്നു.



അന്നമ്മയുടെ മൂത്തമകൾ മറിയക്കുട്ടിയെ ചേർപ്പുങ്കൽ വള്ളികാട്ടുകുഴിയിൽ ഇത്താക്ക് ജോസഫ് (പാപ്പച്ചൻ) വിവാഹം ചെയ്തു. പാപ്പച്ചനും സഹോദരൻ കുട്ടപ്പനും (സ്കറിയാ) വടക്കുംചേരിയിൽ സ്ഥലം വാങ്ങി കാർഷികവൃത്തിയിലേർപ്പെട്ട് കഴയവേ ഒരു അപകടത്തിൽപ്പെട്ട് മറിയക്കുട്ടി അകാലചരമം പ്രാപിച്ചു. മക്കൾ രണ്ടുപേരിൽ മൂത്തമകൻ ഐസക് (കുട്ടിയച്ചൻ) 1989 ൽ നിര്യാതനായി. ഭാര്യയും മൂന്നുമക്കളും വടക്കുംചേരിയിൽ താമസിക്കുന്നു. ഇളയമകൻ ജോസഫ് (ബേബി) നാലു മക്കളോടൊപ്പം കുടുംബസമേതം വടക്കുംചേരിയിൽതന്നെ താമസിക്കുന്നു. പിതാവ് പാപ്പച്ചൻ പുനർവിവാഹം ചെയ്ത് അവിടെതന്നെ കാർഷികവൃത്തിയിൽ ഏർപ്പെട്ടു കഴിയുന്നു.

അന്നമ്മയുടെ ഇളയമകൾ അന്നക്കുട്ടിയെ തമ്പലക്കാട് വഞ്ചിമല വടക്കേകുന്നം പുറത്ത് ചാക്കോ മകൻ ദേവസ്യാ (കുഞ്ഞാപ്പൻ) വിവാഹം ചെയ്തു. ഇവർക്ക് ജേക്കബ് ദേവസ്യാച്ചൻ, ജോസഫ്, ടോമി, ഷാജി എന്നീ 5 ആൺമക്കളും കുട്ടിയമ്മ, ചിന്നമ്മ, മേരിക്കുട്ടി, മോളി എന്നീ നാലു പെൺമക്കളും ഉണ്ട്. എല്ലാവരും വിവാഹിതരാണ്. മേരിക്കുട്ടിയും സഹോദരൻ ഷാജിയും കുവൈറ്റിൽ ജോലി ചെയ്യുന്നു. മൂത്തമകൻ ജേക്കബ് സൺഡേസ്കൂൾ അദ്ധ്യാപകനും മികച്ച സാമൂഹ്യപ്രവർത്തകനുമാണ്.

സി.വി. വർക്കി ചീരാംകുഴി



തൊമ്മൻ വർക്കിയുടെ രണ്ടാമത്തെ മകൻ സി.വി. വർക്കി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽനിന്നും സ്കൂൾഫൈനൽ പാസായി. സ്കൂൾ പഠനം പൂർത്തിയാക്കുവാൻ വിവാഹശേഷവും ഇളങ്ങുളത്തുനിന്നും നടന്ന് പാലായിലുള്ള സ്കൂളിൽ പോകുമായിരുന്നു. അദ്ദേഹം കാഞ്ഞിരപ്പള്ളിയിൽ മടുക്കക്കുഴി അവുസേപ്പു കുട്ടിവൈദ്യന്റെ മകൾ മറിയക്കൊച്ചിനെ വിവാഹം ചെയ്തു. വൈദികരും സന്ന്യസ്തരും വിവാഹിതരുമടങ്ങുന്ന 14 അംഗങ്ങളുണ്ടായിരുന്ന ഒരു കുടുംബമായിരുന്നു അത്. മറിയക്കൊച്ചിന്റെ രണ്ടു സഹോദരന്മാർ ഫാദർ അമൂല്യ ഐ.എം.എസ്., ഫാ. പോളിക്കാർപ്പ് സി.എം.ഐ. എന്നിവർ വാർദ്ധക്യത്തി

ലെത്തിയ വൈദികരാണ്. മറിയക്കൊച്ചിന്റെ മൂത്തസഹോദരി സി. റീത്താമ്മ സി.എം.സി. വാർദ്ധക്യംമൂലം നിര്യാതയായി. ഇളയസഹോദരിമാരായ സി. സൂസന്നായും സി. പ്ലാസിഡും ക്ലാരസഭാംഗങ്ങളാണ്. ഏറ്റവും ഇളയസഹോദരൻ എം.ജെ. ഡൊമിനിക്ക് കുടുംബസമേതം ആനക്കല്ലിലുള്ള തറവാട്ടിൽ കഴിയുന്നു.

സി.വി. വർക്കി അദ്ധ്വാനശീലനായ കൃഷിക്കാരനായിരുന്നു. 1942 ൽ വെച്ചൂച്ചിറയിൽ ഉണ്ടായിരുന്ന സ്ഥലത്ത് താമസിച്ച് കൃഷിപ്പണി നടത്തിയും തുടർന്ന് 1951 ൽ കന്യാകുമാരി ജില്ലയിൽ നെട്ടയിലും സ്ഥലം സമ്പാദിച്ചും 1968 ൽ കണ്ണൂർ ജില്ലയിൽ ആലക്കോടിനു സമീപം സ്ഥലം വാങ്ങിയും ദേഹണ്ഡങ്ങൾ നടത്തിയിരുന്നു. വെച്ചൂച്ചിറയിലെ ദേഹണ്ഡ കാലത്ത് അയൽക്കാരായ പലർക്കും ആ പ്രദേശത്ത് കുടിയേറ്റം നടത്തുന്നതിന് ഒത്താശകൾ ചെയ്തിരുന്നു. അഭ്യസ്തവിദ്യനായിരുന്ന അദ്ദേഹം റബർബോർഡ്, റ്റീ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലേക്കുള്ള എഴുത്തുകുത്തുകൾ നടത്തുന്നതിന് അയൽക്കാരായ കർഷകർക്ക് ഒരു ഉത്തമ സുഹൃത്തായി പ്രവർത്തിച്ചു. എലിക്കുളം പഞ്ചായത്തിന്റെ ആദ്യഭരണസമിതിയിലേക്ക് ഇളങ്ങുളം വാർഡിൽനിന്ന് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം എലിക്കുളം സർവീസ് സഹകരണബാങ്കിന്റെ സ്ഥാപകപ്രസിഡന്റായും സേവനമനുഷ്ഠിച്ചു. ഇളങ്ങുളം പള്ളിയിലെ ട്രസ്റ്റിയായി ഹൈസ്കൂൾ സ്ഥാപനകാലത്തും പിന്നീടും പള്ളിക്കാര്യങ്ങളിൽ നിർണ്ണായകപങ്ക് വഹിച്ചിട്ടുണ്ട്. 1975 ൽ മകൻ ഫാ. മാത്യു സി.എം.ഐ. യുടേയും 1976 ൽ മകളുടെ മകൻ ഫാ. ചെറിയാൻ തലക്കുളത്തിന്റേയും പൗരോഹിത്യസ്വീകരണങ്ങൾ മോടിയായി നടത്തി സംതൃപ്തിയോടെ വിശ്രമജീവിതം ആരംഭിച്ച അദ്ദേഹം 1984 ഏപ്രിൽ 24 ന് ഇഹലോകവാസം വെടിഞ്ഞു.

സി.വി. ജോർജ് ചീരാംകുഴി നെട്ട (കന്യാകുമാരി ജില്ല)





സി.വി. വർക്കിയും കുടുംബാംഗങ്ങളും

സി.വി. വർക്കിയുടെ മൂത്തപുത്രൻ സി.വി. ജോർജ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വിവാഹിതനായി. വിൻസെന്റ് ഡി പോൾ പ്രവർത്തകനായും മറ്റും പ്രവർത്തിച്ചിരുന്ന ഇദ്ദേഹം തുടർന്ന് നെട്ടയിൽ സ്ഥിരതാമസമാക്കി. സഹധർമ്മിണി കാതറൈൻ (പെണ്ണമ്മ) മേലുകാവ് വാഴചാരിക്കൽ തോമസിന്റെ മകളാണ്. പെണ്ണമ്മയുടെ മൂത്തസഹോദരൻ പരേതനായ വി.റ്റി. തോമസ് (കുട്ടിച്ചേട്ടൻ) കോഴിക്കോടു ജില്ല പുതുപ്പാടിയിലെ ആദ്യകാല കർഷകനായിരുന്നു. രണ്ടാമത്തെ സഹോദരൻ പരേതനായ വി.റ്റി. ജോസഫ് കുറുമണ്ണ്, പയസ് മൗണ്ട് സ്കൂളുകളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ വാഴചാരിക്കൽ തറവാട്ടിൽ താമസിക്കുന്നു. ജോർജ് കാർഷിക പാരമ്പര്യം കൈവിടാതെ സ്ഥിരോത്സാഹിയായ ഒരു കർഷകനായി പ്രവർത്തിച്ചു. തോട്ടം മേഖലയായ നെട്ടയിൽ റബർതൈകൾ ബഡ് ചെയ്ത് കൂടുതൽ ഉൽപാദനശേഷിയുള്ള റബർകൃഷിക്കു തുടക്കം കുറിച്ചു.

ജോർജിന്റെ മൂത്തമകൻ ജോർജു വർഗീസ് (വക്കച്ചൻ) രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കുന്നു. ജോർജ് വർഗീസ് കേരള കോൺഗ്രസ് (ജെ) സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗമാണ്. ഭാര്യ റോസമ്മ വിളക്കുമാടം കോക്കാട്ട് തോമസിന്റെ മകളും എൽ.എം.എസ്. മാനേജ്മെന്റ് സ്കൂളിൽ അദ്ധ്യാപികയുമാണ്. കുട്ടികളുടെ പഠന സൗകര്യാർത്ഥം നെയ്യാറ്റിൻകരയിൽ താമസിക്കുന്നു. ഇവർക്ക് റിനു, റോസു, അനു എന്നിങ്ങനെ 3 പെൺകുട്ടികളുണ്ട്. റിനു നേഴ്സിംഗ് വിദ്യാർത്ഥിനിയും മറ്റു രണ്ടുപേരും സ്കൂൾ വിദ്യാർത്ഥിനികളുമാണ്. വക്കച്ചൻ നെട്ട ഇടവക സെന്റ് തോമസ് സൺഡേസ്കൂൾ ഹെഡ്മാസ്റ്ററായും സേവനം ചെയ്യുന്നുണ്ട്.

സി.വി. ജോർജിന്റെ രണ്ടാമത്തെ മകൻ ടോമി കോളേജ് വിദ്യാഭ്യാസത്തിനുശേഷം വിവാഹിതനായി. ഭാര്യ എലിസബത്ത് കോതമംഗലം പരീക്കണ്ണിയിൽ പാലാത്തറ ജോൺ ആനി ദമ്പതികളുടെ സീമന്തപുത്രിയാണ്. ടോമിയും കുടുംബവും തിരുവനന്തപുരത്ത് താമസിച്ചുകൊണ്ട് ബിസിനസ് രംഗത്ത് പ്രവർത്തിക്കുന്നു. ടോമിയുടെ മകൻ ജോർജ് സ്റ്റേറ്റ് ജൂണിയർ ബാസ്ക്കറ്റ് ബോൾ ടീമംഗവും B.Com വിദ്യാർത്ഥിയുമാണ്. അനുജന്മാരായ ജോൺ, ജോസ് എന്നിവർ സ്കൂൾ വിദ്യാർത്ഥികളാണ്. ഏമകമകൾ മരിയ നഴ്സറി സ്കൂളിൽ പഠിക്കുന്നു.



സി.വി. ജോർജും കുടുംബാംഗങ്ങളും

ജോർജിന്റെ ഇളയമകൻ ജോസ് (കുട്ടിയച്ചൻ) നെട്ടയിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. ഭാര്യ ബീന പെരിങ്ങുളത്ത് വെട്ടുകല്ലേൽ ജോസഫ് മറിയം ദമ്പതികളുടെ മകളാണ്. കുട്ടിയച്ചൻ കോന്നിയിലുള്ള സഹോദരീഭർത്താവ് കീക്കിരിക്കാട്ട് ജയിംസിനോടൊപ്പം പാർട്ടണർ ആയി ഹോളോബ്രിക്സ് ഫാക്ടറി നടത്തുന്നു. ജോസിന്റെ മൂന്നു കുട്ടികളിൽ മൂത്തമകൾ മിന്നു അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനിയും ഇളയകുട്ടികൾ ജോർജും ജോസും സ്കൂൾ വിദ്യാർത്ഥികളുമാണ്.

ജോർജിന്റെ മക്കളിൽ രണ്ടാമത്തെ അംഗമായ മോളിയെ നെടുമങ്ങാട് വിതുരയിൽ മഠത്തിൽ വീട്ടിൽ തോമസ് അന്നമ്മ ദമ്പതികളുടെ ഇളയമകൻ തോമസുകുട്ടി വിവാഹം ചെയ്തു. തോമസുകുട്ടിയുടെ പിതാവും മറ്റും കുട്ടനാട്ടിൽനിന്നും വർഷങ്ങൾക്കുമുൻപ് വിതുരയിൽ റബർതോട്ടങ്ങൾ ആരംഭിച്ച് താമസമാക്കിയവരാണ്. തോമസ്കുട്ടി ബിരുദാനന്തരബിരുദസമ്പാദനത്തിനുശേഷം റബർബോർഡ് ഉദ്യോഗസ്ഥനായി കേരളത്തിലും വടക്കേ ഇൻഡ്യയിലും ജോലി ചെയ്തിരുന്നുവെങ്കിലും കൂടുതൽ സൗകര്യാർത്ഥം ജോലി ഉപേക്ഷിച്ച് പ്ലാന്ററായും വൻതോതിൽ റബർനേഴ്സറി നടത്തിയും പ്രവർത്തനനിരതനായി കഴിയുന്നു. തോമസുകുട്ടി - മോളി ദമ്പതികളുടെ സീമന്തപുത്രി 'ടിൻസി' പോളിമർ എൻജിനീയറിംഗ് ഡിഗ്രി സമ്പാദിച്ചതിനുശേഷം ഇപ്പോൾ റബർബോർഡിൽ താല്ക്കാലിക ജോലി സമ്പാദിച്ചു. ഇളയമകൻ ടോബി ബി.എസ്. വിദ്യർത്ഥിയാണ്.

സി.വി. ജോർജിന്റെ ഇളയമകളായ ലൂസിയെ പത്തനംതിട്ട മൈലപ്രയിൽ സുപ്രസിദ്ധ പ്രകൃതിചികിത്സകനായിരുന്ന കീക്കിരിക്കാട്ടു കാക്കു വൈദ്യന്റെ മകൻ അന്തോനിച്ചന്റേയും എലിസബത്തിന്റേയും മകൻ ജയിംസ് വിവാഹം ചെയ്തു. ഇവർ കീക്കിരിക്കാട്ടു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ആന്റോച്ചൻ, രേഷ്മ എന്നീ 2 കുട്ടികൾ ഉണ്ട്. ഇവർ സ്കൂൾ വിദ്യാർത്ഥികളാണ്. ജയിംസ് ഭാര്യാസഹോദരൻ ജോസുമായി ചേർന്ന് ഹോളോബ്രിക്സ് ഫാക്ടറി നടത്തുന്നു.

സി.വി. ജോസഫ് ചീരാംകുഴി

സി.വി. വർക്കിയുടെ രണ്ടാമത്തെ പുത്രൻ സി.വി. ജോസഫ് കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കി ഇളങ്ങുളം സെന്റ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. 1968 ൽ പ്രൈവറ്റായി എം.

എ. പാസ്സായി മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ ലക്ചറർ ആയി സേവനം അനുഷ്ഠിക്കുകയുണ്ടായി. പിന്നീട് കുഴിത്തുളു, പെരുവന്താനം, ചെങ്ങളം എന്നീ സ്കൂളുകളിൽ ഹെഡ്മാസ്റ്ററായും ജോലി ചെയ്തിരുന്നു. സാമൂഹ്യസേവനരംഗത്ത് പ്രവർത്തിച്ച ഇദ്ദേഹം എലിക്കുളം സഹകരണബാങ്കിൽ ബോർഡുമെംബറായും എലിക്കുളം പഞ്ചായത്ത് വൈസ് പ്രസിഡന്റായും മറ്റും വിവിധ മേഖലകളിൽ സേവനം ചെയ്തിട്ടുണ്ട്.

ഇദ്ദേഹം മുണ്ടക്കയത്ത് മൂലയിൽ വീട്ടിൽ വൈദ്യകലാനിധി എം. റ്റി. ചെറിയാന്റെ മകൾ ത്രേസ്യാമ്മയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. തൃശൂർ സെന്റ് ക്ലയേഴ്സ് ഹൈസ്കൂൾ അദ്ധ്യാപികയായിരുന്ന ത്രേസ്യാമ്മ ഇളങ്ങുളം സ്കൂളിലേയ്ക്ക് സ്ഥലം മാറ്റം വാങ്ങുകയും ഏതാനും വർഷത്തെ സേവനത്തിനുശേഷം കാളകെട്ടി, ചെങ്ങളം, ഉപ്പുതറ, കാഞ്ഞിരപ്പള്ളി എന്നീ സ്കൂളുകളിൽ ഹെഡ്മിസ്ട്രസായി ജോലി ചെയ്ത ശേഷം 1992 ൽ റിട്ടയർ ചെയ്തു. ത്രേസ്യാമ്മയുടെ ഏക സഹോദരൻ ഡോ. എം.സി. ജോസഫ് ഗവർൺമെന്റ് സർവീസിൽ മെഡിക്കൽ ഓഫീസറായി കാഞ്ഞിരപ്പള്ളി മുണ്ടക്കയം, പെരുവന്താനം തുടങ്ങിയ സ്ഥലങ്ങളിൽ സേവനമനുഷ്ടിച്ചിരുന്നു. റിട്ടയർമെന്റിനു ശേഷം പിതാവിന്റെ മുണ്ടക്കയത്തുള്ള വൈദ്യശാലാകെട്ടിടത്തിൽ ക്ലിനിക്ക് സ്ഥാപിച്ച് ആതുരശുശ്രൂഷ നടത്തുന്നു. മകൻ ഡോ. ഷെറി എം. ജോസഫ് ബി. ഡി.എസ്. അവിടെതന്നെ ഡെന്റൽ ക്ലിനിക്ക് നടത്തുന്നു.

ജോസഫ് ത്രേസ്യാമ്മ ദമ്പതികൾക്ക് ജോജോ (ജിയോ) ചാൾസ്, വിമല, ജിജോ, ജിഷ എന്നിങ്ങനെ 5 മക്കളുണ്ട്. ജോജോ M.Sc.വിദ്യാ





സി.വി. ജോസഫും കുടുംബാംഗങ്ങളും

ഭ്യാസത്തിനുശേഷം ബിസിനസ് രംഗത്തും കാർഷികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടും മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. കൈനകരി പുത്തൻപുരയ്ക്കൽ അഡ്വ. പി.ഡി. ലൂക്കിന്റെയും ലിസിക്കുട്ടിയുടെയും മകൾ മറിയമ്മയാണ് ഭാര്യ. ശ്രീ. ലൂക്ക് കുട്ടനാട്ടിന്റെ സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ചദേഹമായിരുന്നു. മറിയമ്മ ലിസിയാ ഇംഗ്ലീഷ് മീഡിയം സ്കൂൾ ഹെഡ്മിസ്ട്രസായി ജോലി ചെയ്ത ശേഷം ഇപ്പോൾ ചെങ്ങളം ഹയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപികയാണ്. ഏകമകൾ ടെസ്സാ സ്കൂൾ വിദ്യാർത്ഥിനിയാണ്.

ജോസഫിന്റെ രണ്ടാമത്തെ മകൻ ചാൾസ് സിവിൽ എൻജിനീയറിംഗ് പാസ്സായി മസ്ക്കറ്റ്, സൗദി രാജ്യങ്ങളിൽ ജോലി ചെയ്തിരുന്നു. വിവാഹശേഷം ബോംബെയിൽ എൻജിനീയറായി ജോലിചെയ്യുന്നു. ചാൾസിന്റെ ഭാര്യ അറക്കുളത്ത് കിഴക്കേയിൽ അവുസേപ്പച്ചന്റെ മകൾ മെർലി ഇലക്ട്രിക്കൽ എൻജിനീയറാണ്. മെർലി ബോംബെയിൽ ഗവ. ജൂണിയർ ടെക്നിക്കൽ കോളജിൽ ലക്ചററാണ്. ഇവർക്ക് ജോസഫ്, തെരേസാ എന്ന 2 കുട്ടികൾ ഉണ്ട്. ഇവർ സ്കൂൾ വിദ്യാർത്ഥികളാണ്.

ജോസഫിന്റെ ഇളയമകൻ ജിജോ BAMS പാസ്സായശേഷം കോട്ടയം മെഡിക്കൽ കോളജിൽ നിന്നും MBBS ബിരുദവും കരസ്ഥമാക്കി. മംഗലാപുരത്ത് Fr. Muller's മെഡിക്കൽ കോളജിൽനിന്നും അസ്ഥിരോഗവിഭാഗത്തിൽ D ortho, DNB എന്നീ ബിരുദങ്ങൾ നേടി ഇപ്പോൾ വടകര ജനതാ ഹോസ്പിറ്റലിൽ ജോലിചെയ്യുന്നു. കായംകുളത്ത് കൊല്ലശ്ശേരി മാത്യു ഉമ്മന്റേയും ലീലാമ്മയുടേയും മകൾ ഡോ. എൽസി ആണ് ഭാര്യ. എൽസി ഇപ്പോൾ മണിപ്പാലിൽ MDക്ക് പഠിക്കുന്നു. ഇവർക്ക് യുവാൻ (ജോസ്) എന്നു പേരുള്ള മകൻ നഴ്സറി വിദ്യാർത്ഥിയാണ്.

ജോസഫിന്റെ സീമന്തപുത്രി വിമല (റെജിമോൾ) MA ബിരുദധാരിണിയാണ്. കോട്ടയം കഞ്ഞിക്കുഴി ചാലാനി വീട്ടിൽ പരേതനായ ജോർജിന്റേയും അച്ചാമ്മയുടേയും മകൻ രാജു എന്നു വിളിക്കുന്ന ജോസഫ് ആണ് വിമലയുടെ ഭർത്താവ്. മെക്കാനിക്കൽ എൻജിനീയറായ ജോസഫ് ജോർജ് കോട്ടയം M.R.F. ൽ പർച്ചേസിംഗ് മാനേജരായി ജോലി ചെയ്യുന്നു. ഇവർക്ക് ജോർജ്, ദിയ (അന്നമ്മ) എന്ന 2 കുട്ടികൾ ഉണ്ട്. ഇവർ സ്കൂൾ വിദ്യാർത്ഥികളാണ്.

ജോസഫിന്റെ ഇളയമകൾ ജിഷ (അന്നമ്മ) B.Sc Nursing പാസ്സായി ബഹറിനിൽ ജോലി ചെയ്തിരുന്നു. ജിഷയെ പൊൻകുന്നത്ത് വടക്കയിൽ (ഗോൾഡ് ഹിൽ) റിട്ട. ഡെപ്യൂട്ടി തഹസീൽദാർ ജോബിന്റെയും ക്ലാരമ്മയുടെയും മകൻ ജോൺ വിവാഹം ചെയ്തു. രണ്ടുപേരും ഇംഗ്ലണ്ടിൽ ബ്രിസ്റ്റോൾ എന്ന സ്ഥലത്ത് ജോലി ചെയ്തിരുന്നു. ഇവർ ഇപ്പോൾ അമേരിക്കയിൽ ടെക്സാസിൽ ജോലിയിൽ പ്രവേശിച്ചിരിക്കുകയാണ്. ഇവർക്കു 4 വയസുള്ള ജോബും ഒരു വയസുള്ള ജൻസിനയും മക്കളാണ്.

അഡ്വ. സി.വി. തോമസ് ചീരാങ്കുഴി

സി.വി. വർക്കിയുടെ മൂന്നാമത്തെ മകൻ ജനിച്ച് ഏതാനും മാസങ്ങൾക്കകം നിര്യാതനായി. സി.വി. വർക്കിയുടെ നാലാമത്തെ മകൻ സി.വി. തോമസ് തിരുവനന്തപുരം ലോ കോളജിൽ നിന്നും B.L. പാസ്സായി. പാലാ തളിപ്പറമ്പ്, പയ്യന്നൂർ, കണ്ണൂർ കോടതികളിൽ വക്കീൽ ജോലി ചെയ്തിരുന്നു. ആലക്കോട് അടുത്തുള്ള കരുണാപുരത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടുകഴിഞ്ഞശേഷം ഇപ്പോൾ ബാംഗ്ലൂളിൽ ബിസിനസ്സിൽ ഏർപ്പെട്ടുകഴിയുന്നു.തോമസിന്റെ ഭാര്യ ട്രീസാ നെടുംകുന്നത്ത് അമ്പിപറമ്പിൽ കുഞ്ഞച്ചന്റെ (ഫിലിപ്പ്) പുത്രിയാണ്. സഹോദരൻ ജോയി ഫിലിപ്പ് കൃഷി ഡിപ്പാർട്ടുമെന്റിൽ അസി. ഡയറക്ടറായി റിട്ടയർ ചെയ്ത ശേഷം നെടുംകുന്നത്ത് തറവാട്ടിൽ മാതാപിതാക്കളോടൊപ്പം കഴിയുന്നു. തോമസിന്റെ മൂത്തമകൾ സ്മിതയെ (മേരി) തിരുവല്ലായിൽ കോടിയാട്ടുവീട്ടിൽ അലക്സാണ്ടറിന്റേയും പരേതയായ ഡോ. സാറാമ്മയുടെയും മകൻ സോളമൻ വിവാഹം ചെയ്തതിൽ ആദർശ് എന്നു വിളിക്കുന്ന ഒരാൺകുട്ടിയുണ്ട്. സ്മിതയും സോളമനും എസ്ക്കോട്ടൽ മൊബൈൽ സർവീസിൽ ഉദ്യോഗസ്ഥരായിരുന്നു.

സോളമൻ ഇപ്പോൾ തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ ഉദ്യോഗം സ്വീകരിച്ച് കുടുംബസമേതം അവിടെ താമസിക്കുന്നു.

തോമസിന്റെ രണ്ടാമത്തെ മകൾ സിമിയെ കൊച്ചിൻ ഷിപ്പിംഗ് കോർപ്പറേഷൻ ചീഫ് ജനറൽ മാനേജർ T.J. ചെറിയാൻ തയ്യിലിന്റെയും മേരിക്കുട്ടിയുടേയും പുത്രൻ സുനിൽ വിവാഹം ചെയ്തു. ഇവർക്ക് 2 വയസായ മരിയ എന്നു പേരുള്ള ഒരു മകളുണ്ട്. ഇവർ ഇപ്പോൾ മസ്ക്കറ്റിൽ ജോലി ചെയ്യുന്നു.



അഡ്വ.സി.വി. തോമസും കുടുംബാംഗങ്ങളും

തോമസിന്റെ ഏക മകൻ സിജു ജോർജ് ബാംഗ്ലൂരിൽ റ്റൈറ്റൻ കമ്പിനിയിൽ ജോലി ചെയ്യുന്നു. സിജൂ ആലക്കോട് പാത്തൻപാറ ചീരാംകുഴിയിൽ P.W.D. കോൺട്രാക്റ്റർ ബിനോയിയുടേയും ലൂസിയുടേയും മകൾ സോണിയായെ വിവാഹം ചെയ്ത് പിതാവിനോടൊപ്പം ബാംഗ്ലൂരിൽ താമസിക്കുന്നു.

ഫാ. മാത്യു ചീരാംകുഴി

C.V. വർക്കിയുടെ മകൻ ഫാ. മാത്യു C.M.I. 1975 ഡിസംബർ 28-ാം തീയതി ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറ തിരുമേനിയിൽ നിന്നും ഗുരുപ്പട്ടം സ്വീകരിച്ച് ഇളങ്ങുളം സെന്റ് മേരീസ് ദൈവാലയത്തിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. എറണാകുളം ചാവറകൾച്ചറൽ സെന്ററിൽ ഡയറക്ടറായും തുടർന്ന് ദീപിക യൂത്ത് ലീഗിന്റെ ഡയറക്ടറായും പ്രവർത്തിച്ചു. ഗുജറാത്തിൽ ഭവനഗറിലെ ചാവറ സബ് റീജിയൻ സുപ്പീരിയറായും ഏതാനും വർഷം അദ്ദേഹം സേവനം ചെയ്തിരുന്നു. തുടർന്ന് അമേരിക്കയിലെ ടെന്നസിയിൽ നാഷ്വെല്ലിലെ സ്പിരിച്വാലിറ്റി സെന്റർ ഡയറക്ടറായും പാസ്റ്ററായി ലൊറേറ്റോ സെക്രട്ട് ഹാർട്ട് ചർച്ചിൽ വൈദിക സേവനത്തിൽ ഏർപ്പെടുകയുണ്ടായി. 1999 - 2002 വരെ C.M.I. സഭയുടെ കോട്ടയം പ്രോവിൻസിന്റെ പ്രൊവിൻഷ്യലായി സേവനം ചെയ്ത ശേഷം ഇപ്പോൾ തന്റെ പഴയ സേവനരംഗമായ ടെന്നസിയിൽ പ്രവർത്തന നിരതനായി കഴിയുന്നു.

അന്നക്കുട്ടി തോമസ് തലക്കുളം

സി.വി. വർക്കിയുടെ മൂത്തമകൾ അന്നക്കുട്ടിയെ കടയനിക്കാട്ട് തലക്കുളത്തിൽ പാപ്പച്ചന്റെ (ചെറിയാൻ) മകൻ കുഞ്ഞമ്മച്ചൻ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺമക്കളും മൂന്നു പെൺമക്കളും ഉണ്ടായി. പ്രഥമപുത്രൻ ബേബിച്ചൻ എന്നു വിളിക്കുന്ന **ചെറിയാൻ തലക്കുളം C.M.I.** സഭയിൽ ചേർന്ന് 1976 ഡിസംബർ 27 ന് കടയനിക്കാട്ടുപള്ളിയിൽ വച്ച് മാർ ജോസഫ് പൗവത്തിൽ പിതാവിൽനിന്നും വൈദിക പട്ടം സ്വീകരിച്ചു. പൗരോഹിത്യസ്വീകരണം മോടിയായി നടത്തി അതിൽ സംതൃപ്തനായികഴിഞ്ഞ കുഞ്ഞമ്മച്ചൻ ഹൃദ്രോഗം മൂലം അൻപത്തിമൂന്നാം വയസിൽ 1977 ആഗസ്റ്റ് 12-ാം തീയതി നിര്യാതനായി. ഫാ. ചെറിയാൻ മാന്നാനം കോളജിൽ ചരിത്ര അദ്ധ്യാപകനായും



ഫാ. മാത്യു ചീരാംകുഴിയും സഹോദരങ്ങളും

തുടർന്ന് സെന്റ് അലോഷ്യസ് കോളജ് എടത്വാ, സെന്റ് ഡോമിനിക് കോളജ് കാഞ്ഞിരപ്പള്ളി എന്നീ സ്ഥാപനങ്ങളുടെ പ്രിൻസിപ്പലായും സ്തുത്യർഹമായ സേവനം ചെയ്ത ശേഷം റിട്ടയർ ചെയ്തു. 1986 - 89 വരെയുള്ള കാലയളവിൽ ദീപികയുടെ തൃശൂർ എഡിഷൻ റസിഡന്റ് എഡിറ്ററായും പിന്നീട് ഐക്കഫിന്റെ കോട്ടയം റീജനൽ ഡയറക്ടറായും ഇദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആൾ കേരളാ പ്രിൻസിപ്പൽ കൗൺസിൽ വൈസ് പ്രസിഡന്റ് എം.ജി. യൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ, നാഷണൽ അസ്സെസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (N.A.A.C.) മെമ്പർ എന്നീ നിലകളിലും അദ്ദേഹം പ്രശസ്തമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2001 മാർച്ചിൽ റിട്ടയർ ചെയ്ത ഫാ. ചെറിയാൻ ഇപ്പോൾ അമേരിക്കയിലെ സൗത്ത് കരോലിനയിൽ ചാൾസ് ടൺ രൂപതയിൽപ്പെട്ട സെന്റ് എഡ്വേർഡ് ചർച്ചിൽ വൈദികസേവനം നടത്തുന്നു. മാത്രമല്ല അമേരിക്കൻ ബിഷപ്സ് കോൺഫറൻസിന്റെ അഡ്വൈസറി ബോർഡ് ഫോർ റെഫ്യൂജീസ് എന്ന വകുപ്പിൽ അമേരിക്കൻ മെത്രാന്മാരുടെ 18 പേരടങ്ങുന്ന സമിതിയിൽ ഇന്ത്യാക്കാരനായ ഏക അംഗമാണ് ഫാ. ചെറിയാൻ തലക്കുളം.

അന്നക്കുട്ടിയുടെ രണ്ടാമത്തെ മകൻ ജോർജ് തോമസ് (വക്കച്ചൻ) ദീപിക ദിനപ്പത്രത്തിൽ ജോലി ആരംഭിച്ചതെങ്കിലും താമസംവിനാ ബാങ്ക് ഓഫ് കൊച്ചിനിൽ ഉദ്യോഗസ്ഥനായി. ബാങ്ക് ഓഫ് കൊച്ചിൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യുടെ ഭാഗമായപ്പോൾ വക്കച്ചൻ തിരുവല്ലയിലും കോട്ടയത്തും S.B.I. ബ്രാഞ്ചുകളിലും ഇപ്പോൾ കങ്ങഴ ബ്രാഞ്ചിലും ജോലി തുടരുകയാണ്. വക്കച്ചൻ ഊർജ്ജസ്വലനായ ഒരു സാമൂഹ്യപ്രവർത്തകനും S.B.I. യുടെ സ്റ്റേറ്റ് വോളിബോൾ ടീം അംഗവുമാണ്. വക്കച്ചന്റെ ഭാര്യ മോളി ചെമ്പേരി നെല്ലിക്കുറ്റി മുണ്ടയ്ക്കൽ എം.ജെ. തോമസ് ത്രേസ്യാമ്മ ദമ്പതികളുടെ മകളാണ്. വക്കച്ചൻ മോളി ദമ്പതികൾക്ക് അമ്പിളി, അഞ്ജു, ആഷ്ലി എന്നീ മൂന്നു പുത്രിമാരുണ്ട്. അമ്പിളിയെ കോയമ്പത്തൂർ കെവിൻ ഡെയിൻ വീട്ടിൽ രാജേഷ് വിവാഹം ചെയ്തു. ഇവർക്ക് 4 വയസുള്ള ഫ്ളെവിൻ എന്ന ഒരാൺകുട്ടിയുണ്ട്. രണ്ടുപേരും ബാംഗ്ലൂരിൽ പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നു. അഞ്ജു നേഴ്സിംഗ് വിദ്യാർത്ഥിനിയും ആഷ്ലി ഹൈസ്കൂൾ വിദ്യാർത്ഥിനിയുമാണ്. വക്കച്ചന്റെ ഇളയസഹോദരൻ തോമസ്കുട്ടി കടയനിക്കാട്ട് 'Toms Electronics' എന്ന സ്ഥാപനം നടത്തുന്നു. ഭാര്യ വത്സമ്മ ചങ്ങനാ



അന്നക്കുട്ടി തോമസ് തലക്കുളവും കുടുംബാംഗങ്ങളും

ശ്ശേരി മണമേൽ പീലിപ്പോസിന്റെ മകളാണ്. ഇവർക്ക് രണ്ട് ആൺമക്കളുണ്ട്. ടിവിൻ നേഴ്സിംഗ് വിദ്യാർത്ഥിയും വിപിൻ സ്കൂൾ വിദ്യാർത്ഥിയുമാണ്. തോമസ് കുട്ടിയും കുടുംബവും മാതാവ് അന്നക്കുട്ടിയോടൊപ്പം കടയനിക്കാട്ട് തലക്കുളത്തിൽ വീട്ടിൽ താമസിക്കുന്നു.

അന്നക്കുട്ടിയുടെ മൂത്തമകൾ ആനിയമ്മയെ ചേർപ്പുങ്കൽ കോയിക്കൽ എബ്രാഹാം മകൻ ടോമി വിവാഹം ചെയ്തു. സതേൺ റയിൽവേയിൽ പലസ്റ്റേഷനുകളിലും സ്റ്റേഷൻ മാസ്റ്ററായി ജോലി നോക്കിയശേഷം മംഗലാപുരത്തിനടുത്ത് 'പുത്തൂർ' സ്റ്റേഷനിൽ നിന്നും റിട്ടയർ ചെയ്ത് ചേർപ്പുങ്കൽ താമസിക്കുന്നു. ഏകമകൻ ജെയിസ് ഫിഷറീസ്ടെക്നോളജിയിൽ ബിരുദവും ഡോക്റ്ററേറ്റും സമ്പാദിച്ച് ഇപ്പോൾ എറണാകുളത്ത് ജോലി ചെയ്യുന്നു. ഭാര്യ സിന്ധു എടത്വായിൽ കളത്തൂർ വീട്ടിൽ കെ.ജെ.മാത്യുവിന്റെ മകളാണ്. സിന്ധു ഇപ്പോൾ കോട്ടയം S.M.V നേഴ്സിംഗ് സ്കൂൾ അദ്ധ്യാപികയാണ്. ആനിയമ്മയുടെ ഇളയ മകൾ ജീനാമ്മയെ പേരാമ്പ്രയ്ക്കു സമീപം ചെമ്പനോടിൽ ചുവപ്പുങ്കൽ വീട്ടിൽ സി.ജെ. സെബാസ്റ്റ്യൻ മകൻ ജോസ് വിവാഹം ചെയ്തു. രണ്ടുപേരും കുറെക്കാലം സിംഗപ്പൂരിൽ ജോലി ചെയ്തശേഷം ഇപ്പോൾ ആസ്ത്രേലിയായിലാണ്. ഇവർക്ക് 5 വയസ്സുള്ള ജസ്റ്റിൻ എന്നും 3 വയസ്സുകാരി



ജോർജ് തോമസ് തലക്കുളവും കുടുംബാംഗങ്ങളും



ഫാ. ചെറിയാൻ തലക്കുളം സഹോദരൻ തോമസ് കുട്ടിയും കുടുംബാംഗങ്ങളുമൊപ്പം

[illegible] എന്നും രണ്ടുകുട്ടികളുണ്ട്.

അന്നക്കുട്ടിയുടെ രണ്ടാമത്തെ മകൾ മേഴ്സിയെ കോട്ടയത്ത് ഇല്ലിക്കൽ പരേതനായ എബ്രഹാം ഏലിയാമ്മ മകൻ ജോസുകുട്ടി വിവാഹം ചെയ്തു. നായിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥനായിരുന്ന ജോസുകുട്ടി കോട്ടയം കട്ടപ്പന ഓഫീസുകളിൽ ജോലി ചെയ്തിരുന്നു. സന്തോഷപ്രദമായ ദാമ്പത്യ ജീവിതത്തെ ശോകമൂകമാക്കിക്കൊണ്ട് മേഴ്സി രോഗിണിയായി 38-ാ മത്തെ വയസ്സിൽ 1995 ഫെബ്രുവരി 15-ാം തീയതി അകാലചരമം പ്രാപിച്ചു. ഔദ്യോഗിക ജീവിതത്തിനിടെ ആകസ്മികമായി ഉണ്ടായ ഹൃദ്രോഗ ബാധയെത്തുടർന്ന് ജോസുകുട്ടിയും 2004 ഏപ്രിൽ 16-ാം തീയതി ചരമം പ്രാപിച്ചു. മേഴ്സി-ജോസുകുട്ടി ദമ്പതികളുടെ ഏകമകൾ ആൽഫി (ഇന്ദുക്കുട്ടി) വല്ല്യമ്മ ഏലിയാമ്മ ടീച്ചറിന്റെ സംരക്ഷണയിൽ ഇപ്പോൾ ഹൈദ്രബാദിൽ നേഴ്സിംഗ് പഠിക്കുന്നു.

അന്നക്കുട്ടിയുടെ 3-ാമത്തെ മകൾ മോളിയെ കൂവപ്പള്ളിയിൽ പുത്തൻപുരയ്ക്കൽ ദേവസ്യാച്ചന്റെ മകൻ ബേബിച്ചൻ (കുരുവിള സെബാസ്റ്റ്യൻ) വിവാഹം ചെയ്തു. ബേബിച്ചൻ കൂവപ്പള്ളി സെന്റ് ജോസഫ്സ്

ഹൈസ്ക്കൂൾ അദ്ധ്യാപകനാണ്. ഇവർക്ക് മോബി, ഉണ്ണിക്കുട്ടൻ എന്ന് രണ്ട് കുട്ടികളുണ്ട്. മോബി ബാംഗ്ലൂരിൽ നേഴ്സിംഗ് പഠിക്കുന്നു. ഉണ്ണിക്കുട്ടൻ സ്കൂൾ വിദ്യാർത്ഥിയാണ്.

ഏലിയാമ്മ തോമസ് തുരുത്തിയിൽ

സി. വി. വർക്കിയുടെ രണ്ടാമത്തെ മകൾ ഏലിയാമ്മയെ ആനിക്കാട് അരുവിക്കുഴി തുരുത്തിയിൽ എബ്രഹാമിന്റെ മകൻ T.A. തോമസ് വിവാഹം ചെയ്തു. തോമസ് കുറവിലങ്ങാട് കാഞ്ഞിരമറ്റം, പാലാ എന്നീ ഹൈസ്ക്കൂളുകളിൽ അദ്ധ്യാപകനായിരുന്നശേഷം വിളക്കുമാടം സ്കൂളിൽ നിന്നും റിട്ടയർ ചെയ്തു. ഇപ്പോൾ നമ്പ്യാകുളത്തു താമസിക്കുന്നു. ഇവരുടെ മൂത്തമകൻ എബി തോമസ് MSC M-Farm കടത്തുരുത്തി, കാപ്പുംതല വടകര ജോസഫ് മകൾ ഗ്രേസിനെ വിവാഹം കഴിച്ച് അമേരിക്കയിൽ ചിക്കാഗോയിൽ ജോലി ചെയ്യുന്നു. എബി County Hospital ഫാർമസിസ്റ്റായും, ഗ്രേസ് Federal Veleans Hospital nurse ആയും ജോലിചെയ്യുന്നു. ഇവരുടെ കാത്തി (കാതറൈൻ) 7th std, ക്രിസ്റ്റഫർ 6th std, ചാർലി 2nd std, എന്നീ മൂന്നുമക്കളും വിദ്യാർത്ഥികളാണ്. എബി കുടുംബത്തിന് ഒരു വഴികാട്ടിയായി സഹോദരൻ സിബിയെ ഇലക്ട്രോണിക്സിൽ Ph.D പാസ്സായ ഉടനെ അമേരിക്കയിൽ ജോലി സമ്പാദിക്കുവാൻ സഹായിച്ചു. ന്യൂയോർക്കിൽ താമസക്കാരായ അതിരമ്പുഴ കൊല്ലപ്പള്ളി വീട്ടിൽ ജോസഫിന്റെയും പെണ്ണമ്മയുടേയും മകൾ ജൂലിയെയാണ് സിബി വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് 5 വയസ്സുള്ള ജാക്കും 2 വയസ്സുള്ള സൈമണും കുട്ടികളാണ്. സിബി കാലിഫോർണിയായിൽ ജോലി ചെയ്യുന്നു.

ഏലിയാമ്മയുടെ മൂന്നാമത്തെ മകൻ ഡെന്നീസ് ബോട്ടണിയിൽ ഡോക്ടറേറ്റ് സമ്പാദിച്ചശേഷം പാലാ സെന്റ് തോമസ് കോളേജിൽ ലക്ചററായി നിയമിക്കപ്പെട്ടു. ഡെന്നീസ് കടത്തുരുത്തി വഞ്ചിപ്പുര ജോസഫ് മേരിക്കുട്ടി ദമ്പതികളുടെ മകൾ ബെറ്റിയെ വിവാഹം കഴിച്ചു. ഇവർക്ക് (റ്റോമി 21/2 വയസ്സ്) റോണി (1 വയസ്സ്) എന്ന രണ്ട് ആൺകുട്ടികളുണ്ട്. ഡെന്നീസും കുടുംബവും മാതാപിതാക്കളോടൊപ്പം നമ്പ്യാകുളത്ത് താമസിക്കുന്നു.

ഏലിയാമ്മയുടെ ഏകമകൾ ബെസ്സിയെ കാഞ്ഞൂർ വെള്ളാരപ്പള്ളി കുറിയേടത്തുവീട്ടിൽ വർക്കി മകൻ കെ.വി. ജോസ് വിവാഹം ചെയ്തു.



ഏലിയാമ്മ തോമസ് തുരുത്തിയും കുടുംബാംഗങ്ങളും

ജോസ് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഉദ്യോഗസ്ഥനാണ്. ഇവർക്ക് മഞ്ജു (10 വയസ്സ്) എന്ന പെൺകുട്ടിയും ജെറിൻ (8 വയസ്സ്) എന്ന ആൺകുട്ടിയും മക്കളാണ്. ബെസ്സി രക്താർബുദം മൂലം 2005 ഏപ്രിൽ 11 ന് അകാലചരമം പ്രാപിച്ചു.

സിസ്റ്റർ പത്രീഷ്യസ്

സി.വി. വർക്കിയുടെ മൂന്നാമത്തെ മകൾ സി.പത്രീഷ്യസ് ക്ലാര സഭാംഗമാണ്. സംഗീത അദ്ധ്യാപികയായി പാലാ സെന്റ് മേരീസ് ഗേൾസ് ഹൈസ്ക്കൂളിൽ സേവനകാലം മുഴുവൻ ജോലി ചെയ്തതിനുശേഷം അവിടെനിന്നും റിട്ടയർ ചെയ്തു. തുടർന്ന് ളാലം കോൺവന്റിൽ മദർസുപ്പീരിയറായും പിന്നീട് സാൻജോസ് ഹോസ്റ്റൽ വാർഡനായും സേവനമനുഷ്ഠിച്ച ശേഷം വാലാച്ചിറ സെന്റ് ക്ലയേഴ്സ് കോൺവന്റിൽ വിശ്രമജീവിതം കഴിച്ചശേഷം ഇപ്പോൾ പാലാ ളാലം കോൺവെന്റിലാണ്.

സിസ്റ്റർ എനിഡ്

സി.വി. വർക്കിയുടെ നാലാമത്തെ മകൾ ത്രേസ്യാമ്മ കോതമംഗലം ധർമ്മഗിരി, മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫിൽ ചേർന്ന് 'സിസ്റ്റർ.എനിഡ്' എന്ന പേര് സ്വീകരിച്ചു. എറണാകുളം ലിസ്സി ഹോസ്പിറ്റലിലും അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലും ദീർഘകാലം സിസ്റ്റർ നേഴ്സായി ജോലി നോക്കിയതിനുശേഷം ഇപ്പോൾ കാക്കനാട് ആശുപത്രിയോടനുബന്ധിച്ചുള്ള നിർമ്മലാ സ്റ്റഡിഹൗസിൽ വിശ്രമജീവിതം കഴിക്കുന്നു.

സിസ്റ്റർ തെയോഡോഷ്യ

സി.വി. വർക്കിയുടെ ഏറ്റവും ഇളയമകൾ റോസമ്മ ഇടക്കുന്ന് നസ്രത്ത് കോൺവന്റിൽ ചേർന്നു. സി. തെയോഡോഷ്യാ എന്ന പേരു സ്വീകരിച്ചു. എറണാകുളം ലിസ്സി ആശുപത്രിയിലെ മെഡിക്കൽ ലാബ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പലായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. തുടർന്ന സഭയുടെ കോതമംഗലം പ്രോവിൻസിന്റെ വൈസ് പ്രൊവിൻഷ്യൽ ആയും ഇപ്പോൽ ആലുവായിലുള്ള നസ്രത്ത് ജനറലേറ്റിൽ കൗൺസിലറായും പ്രവർത്തിക്കുന്നു.

ഔസേപ്പുകുട്ടി



തൊമ്മൻവർക്കിയുടെ മൂന്നാമത്തെ മകൻ ഔസേപ്പുകുട്ടിക്ക് കണ്ണിനു കാഴ്ചശക്തി കുറവാകയാൽ അവിവാഹിതനായി സഹോദരൻ സി. വി. വർക്കിയോടൊപ്പം തറവാട്ടിൽ കഴിയുകയായിരുന്നു. കാര്യപ്രാപ്തിയിലും ആരോഗ്യത്തിലും ഒട്ടും കുറവില്ലാതിരുന്ന ഔസേപ്പുകുട്ടി പിതാവിനേയും സഹോദരനേയും കുടുംബകാര്യങ്ങളിൽ സഹായിച്ചിരുന്നു. തികഞ്ഞ ഈശ്വരഭക്തനും കുടുംബസ്നേഹിയുമായിരുന്ന ഇദ്ദേഹം പാലായിലും മുത്തോലിലും മറ്റും ഉള്ള കുടുംബാംഗങ്ങളെ സന്ദർശിക്കുന്നതും സൗഹൃദബന്ധം പുലർത്തുന്നതും പതിവായിരുന്നു. 92-ാ മത്തെ വയസ്സിൽ വാർദ്ധക്യസഹജമായ അസുഖങ്ങളാൽ 2003 ഡിസംബർ 7 ന് ചരമം പ്രാപിച്ചു.



അദ്ധ്യായം 2

തൊമ്മൻ കുരുവിള (കുറു) ചീരാംകുഴി ഇളങ്ങുളം



ചീരാംകുഴി വർക്കി തൊമ്മന്റെ രണ്ടാമത്തെ പുത്രൻ കുറു ചിറക്കടവ് വെട്ടിക്കാട്ട് ദുമ്മിനിങ്കോസ് ചാണ്ടപ്പിള്ളയുടെ മകൾ റോസയെ വിവാഹം കഴിച്ച് ഇളങ്ങുളത്തു താമസമാക്കി. കഠിനാദ്ധ്വാനികളായിരുന്ന രണ്ടുപേരും മീൻതത്തിപ്പാറയ്ക്കും തോടിനും അതിർത്തിയിൽ ഉണ്ടായിരുന്ന കാടുവെട്ടിത്തെളിച്ച് ഒരു വിളഭൂമിയാക്കി മാറ്റുവാൻ സഹിച്ച ത്യാഗങ്ങളുടെ കഥയ്ക്ക് ഒരു നൂറ്റാണ്ട് പഴക്കമുണ്ട്. ഇതിന്റെ സ്മാരകങ്ങളായി ആ മണ്ണിലെ ഇളക്കിയ കല്ലുകൾ അങ്ങിങ്ങായി പെറുക്കി കൂട്ടിയ കല്ലുറുമ്പുകളും നിരയായി പണിതീർത്ത കയ്യാലകളും ആ പുരയിടത്തിൽ ധാരാളം കാണാം. കാർഷിക പാരമ്പര്യം തുടർന്ന കുരുവിളയും മക്കളും എരുമേലിക്കടുത്ത് അരയൻ പാറയിലും കുളമാൻകുഴിയിലും

ഭൂമി സമ്പാദിച്ച് കൃഷിയിലേർപ്പെട്ടിരുന്നു. ഇവശ്ക്ക് അപ്രേം, തൊമ്മച്ചൻ, ദുമ്മിനി, വർക്കി, ജോസഫ്, കുര്യൻ എന്നിങ്ങനെ ആറു പുത്രന്മാരും മേരി എന്ന ഏക മകളും സന്താനങ്ങളായി ഉണ്ടായിരുന്നു.

തൊമ്മൻ കുരുവിള 1972 ഏപ്രിൽ 13 -നും

ഭാര്യ റോസ 1974 ജനുവരി 26 നും നിര്യാതരായി.

അപ്രേം കുരുവിള



കുരുവിളയുടെ സീമന്തപുത്രന് തറവാട്ട് ഇടവകയായ കവീകുന്നു ദൈവാലയത്തിന്റെ നാമകാരണനായ വി. അപ്രേമിന്റെ പേരാണ് നല്കിയിരുന്നത്.

അപ്രേം

ഇളങ്ങുളം മുട്ടത്തുകുന്നേൽ പുത്തൻപുരയ്ക്കൽ അവുസേപ്പ് ഏലി മകൾ കൊച്ചേലിയെ വിവാഹം ചെയ്തു. ഇവർക്ക് കുര്യൻ (കൊച്ച്), അവുസേപ്പച്ചൻ, റോസമ്മ, ഏലമ്മ, അന്നക്കുട്ടി എന്നിവർ മക്കളാണ്. മൂത്തപുത്രൻ **C. A കുര്യൻ (കൊച്ച്)** വെച്ചൂച്ചിറയിലും 1960 ന് ശേഷം ഇരട്ടയാർ തുടങ്ങിയ സ്ഥലങ്ങളിലും പിതൃസഹോദരന്മാരോടൊപ്പം സ്ഥലം സമ്പാദിച്ച് കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്നു. 1968 ൽ മലബാറിൽ അരീക്കമലയിൽ സ്ഥലം വാങ്ങി. മലയുടെ ഉയർന്ന ചെരുവിൽ കാറ്റിന്റെ ശല്യം പതിവായിരുന്നതിനാൽ ആ സ്ഥലം കൈമാറ്റം

ചെയ്ത് ചെമ്പേരിയിൽ ചൂണ്ടക്കുന്നിൽ സ്ഥലം വാങ്ങി താമസം ആരംഭിച്ചു. രണ്ടുവർഷങ്ങൾക്കുശേഷം കൂടുതൽ സൗകര്യാർത്ഥം ആലക്കോടിനു സമീപം കരുവാൻചാലിൽ സ്ഥലവും വീടും വാങ്ങി. ഈയവസരത്തിൽ നാട്ടിലുണ്ടായിരുന്ന പുളിയൻകുന്നേൽ പുരയിടം വിറ്റ് അപ്രേനും കൊച്ചേലിയും അവുസേപ്പച്ചനും കൊച്ചിന്റെ കൂടെ കരുവൻചാലിൽ താമസമാക്കി. അപ്രേം 64ാമത്തെ വയസ്സിൽ 22 - 8 - 1973 ലും കൊച്ചേലി 83ാമത്തെ വയസ്സിൽ 24 - 8 - 1999 ലും ചരമമടഞ്ഞു.

കരുവൻചാൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ചു കൊച്ച് കേരളകോൺഗ്രസിന്റെ പ്രതിനിധിയായി വിജയം വരിച്ചു. കൊച്ചിന്റെ ഭാര്യ ഇളങ്ങുളം വഞ്ചിമലയിൽ വടക്കേ കുന്നുംപുറം ഉലഹന്നൻ ത്രേസ്യാമകൾ കൊച്ചന്നയാണ്. കൊച്ചിന് എബ്രഹാം, ജോണി എന്ന രണ്ട് ആൺമക്കളും ആലീസ്, ലിസി മരീനാ, റോസിറ്റാ, ബീനാ, റീനാ, എന്നു ആറുപെൺമക്കളുമുണ്ട്. മുത്തമകൻ കുഞ്ഞു (എബ്രഹാം) കരുവൻചാലിൽ കുടുംബസമേതം താമസിക്കുന്നു. ഭാര്യ വത്സമ്മ ആലപ്പാട്ട് കൊച്ചുകുട്ടിയുടെ മകളാണ്. ഇവർക്ക് ആൽഫി, മഞ്ജു, അരുൺ എന്നീ മൂന്നു കുട്ടികളുണ്ട്. രണ്ടാമത്തെ മകൻ ജോണി ആലക്കോട് വെണ്ടർ ജോലിയിലാണ്. എലവുംകുന്നേൽ മാത്യു മറിയാമ്മ മകൾ ഗ്രേസിയാണ് ജോണിയുടെ ഭാര്യ. ഇവരുടെ മക്കൾ ജിസ്മി, ജോസ്മി, റോസ്മി, എന്നീ മൂന്നു പെൺകുട്ടികൾ വിദ്യാർത്ഥിനികളാണ്. കൊച്ചിന്റെ പെൺമക്കളിൽ മൂത്തവളായ ആലീസിനെ വെള്ളോറ മുളങ്ങാശ്ശേരി പാപ്പച്ചൻ



സി.എ. കുര്യനും സഹോദരങ്ങളും അമ്മ കൊച്ചേച്ചിയും

വിവാഹം ചെയ്തു. റോമിയോ, റോണി, റോഷൻ, എന്നീ മൂന്നു ആൺമക്കളും വിദ്യാർത്ഥികളാണ്. രണ്ടാമത്തെ മകൾ ലിസ്സിയെ അരീക്കമല പാലാ കുഴിവേലിൽ ജോർജ് (അപ്പു) വിവാഹം ചെയ്തു. ഇവരുടെ ലിജോ, ലിറ്റോ, എന്നീ രണ്ടാൺമക്കളും സ്ക്കൂളിൽ പഠിക്കുന്നു. മൂന്നാമത്തെ മകൾ മരീനയെ നെല്ലിപ്പാറ തറയിൽ പാപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ആൽബിൻ, അശ്വിൻ, അരുൺ എന്ന മൂന്ന് ആൺമക്കളുണ്ട്. നാലാമത്തെ മകൾ റോസിറ്റയെ പാലാവയൽ ഞെഴുവുംകാട്ടിൽ ജോജി വിവാഹം ചെയ്തതിൽ മെറിൻ എന്ന പെൺകുട്ടിയും ജെറിൻ എന്ന ആൺകുട്ടിയും ഉണ്ട്. അഞ്ചാമത്തെ മകളായ ബീനയെ തിരുമേനിയിൽ പ്ലാത്തോട്ടത്തിൽ കുര്യാച്ചൻ വിവാഹം ചെയ്തു. ഇവർക്ക് മാത്തുക്കുട്ടി എന്ന ഒരാൺ കുട്ടിയുണ്ട്. ബീനായുടെ ഇരട്ടസഹോദരിയായ റീനാ ആലക്കോട് സ്ക്കൂളിൽ താല്ക്കാലിക ജോലി നോക്കുന്നു. കൊച്ചും കുടുംബവും ഇപ്പോൾ ആലക്കോട് മകൻ ജോണിയുടെ കൂടെ താമസിച്ചുകൊണ്ട് വിശ്രമ ജീവിതം കഴിക്കുന്നു.

അപ്രേമിന്റെ **രണ്ടാമത്തെ മകൻ അവുസേപ്പച്ചൻ** വെള്ളാട് കുഴിവേലിൽ ശാന്തമ്മയെ വിവാഹം ചെയ്ത് വെള്ളാട് താമസിക്കുന്നു. ഇവർക്ക് ഏകമകൻ എബിയും മഞ്ജു, സോണിയ, സൗമ്യ എന്നീ മൂന്നു പെൺമക്കളുമുണ്ട്. കുട്ടികളെല്ലാം സ്ക്കൂൾ വിദ്യാർത്ഥികളാണ്. അവുസേപ്പച്ചൻ കാർഷിക വൃത്തിയിലേർപ്പെട്ടു കഴിയുന്നു.

അപ്രേമിന്റെ **മൂത്തമകൾ റോസമ്മ** ക്ലാരിസ്റ്റ് സന്ന്യാസ സമൂഹത്തിൽ ചേർന്ന് Sr. വിൽഫി എന്ന പേര് സ്വീകരിച്ചു. T. T. C പാസ്സായ സിസ്റ്റർ അദ്ധ്യാപികയായി ദീർഘകാലം സേവനം ചെയ്തശേഷം തോട്ടയ്ക്കാട്ട് ഇരുവുചിറ സ്ക്കൂളിൽ നിന്നും 2000 മാണ്ടിൽ റിട്ടയർ ചെയ്തു. ഇപ്പോൾ പുതുപ്പള്ളിയിലുള്ള നൊവിഷ്യറ്റ് ഹൗസിലാണ്.

അപ്രേമിന്റെ **രണ്ടാമത്തെ മകൾ ഏലമ്മ** സഹോദരിയുടെ പിന്നാലെ ക്ലാര മഠത്തിൽ ചേർന്ന് Sr സ്റ്റാനി എന്ന പേര് സ്വീകരിച്ചു. T.T.C കഴിഞ്ഞ് കണമല, എരുമേലി തുടങ്ങിയ സ്ക്കൂളുകളിൽ സേവനമനുഷ്ഠിച്ചശേഷം 2004 March ൽ വെളിച്ചിയാനി സ്ക്കൂൾ ഹെഡ്മിസ്ട്രസ് ആയി റിട്ടയർ ചെയ്തു. ഇപ്പോൾ കണമല എഫ്.സി.സി. കോൺവന്റിൽ വിശ്രമജീവിതം കഴിക്കുന്നു.



അപ്രേമിന്റെ **ഇളയ്മകൾ അന്നക്കുട്ടി** (ആനീസ് എബ്രഹാം) കൊട്ടിയം ഹോളിക്രോസ് ഹോസ്പിറ്റൽ നേഴ്സിംഗ് സ്ക്കൂളിൽ നിന്നു പഠനം പൂർത്തിയാക്കി. അന്നക്കുട്ടിയെ പൊൻകുന്നം കിളിരുപ്പറമ്പിലായ കോയിപ്പുറത്ത് എബ്രഹാം മകൻ ബാബു വിവാഹം ചെയ്തു. ഗവർമെന്റ് സർവീസിൽ നേഴ്സായിരുന്ന അന്നക്കുട്ടി അവധി എടുത്ത് ബാബു വിനോടൊപ്പം ലിബിയായിൽ 1986 മുതൽ ജോലി ചെയ്തു. 1996 ൽ തിരികെപ്പോന്ന ഇവർ പൊൻകുന്നത്തു താമസമാക്കി. തുടർന്ന് കാഞ്ഞിരപ്പള്ളി, മുണ്ടക്കയം ഗവ. ആശുപത്രികളിലും ഇപ്പോൾ ഹെഡ്നേഴ്സായി പൈക C. H. C യിൽ ജോലി ചെയ്യുന്നു. ബാബു പൊൻകുന്നത്ത് ബിസിനസ് നടത്തുന്നു. ഇവർക്ക് എബി ജോസഫ് എന്നുപേരായ എൻജിനിയറിങ്ങ് വിദ്യാർത്ഥിയും അനു എന്നു പേരായ Plus 2 വിദ്യാർത്ഥിനിയും മക്കളാണ്.

തോമസ് കുരുവിള (തൊമ്മച്ചൻ)

കുരുവിള (കുറു)യുടെ **രണ്ടാമത്തെ മകൻ തൊമ്മച്ചൻ** എരുമേലി അരയൻ പാറയിൽ സ്ഥലം സമ്പാദിച്ചു കൃഷി ആരംഭിച്ചു. പിന്നീട് ബിൻഡിക്കേറ്റ് എസ്റ്റേറ്റ് വാങ്ങി എസ്റ്റേറ്റു ബംഗ്ലാവിൽ താമസമാക്കി. പൊതുക്കാര്യപ്രസക്തനും സൗമ്യശീലനുമായിരുന്ന തൊമ്മച്ചൻ മൂഴൂർ മൈലാടിയിൽ സക്കറിയ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ത്രേസ്യാമ്മയുടെ സഹോദരൻ ആന്റണി വെച്ചൂച്ചിറ St. Thomas



തൊമ്മച്ചനും കുടുംബാംഗങ്ങളും

ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. ഭാര്യ ചങ്ങനാശ്ശേരി അസംപഷൻ കോളേജിൽ ലക്ചറർ ആയി ജോലിചെയ്തിരുന്നു. തൊമ്മച്ചന്റെ ഏകമകൾ **സെലീനാമ്മയെ** പാലായിൽ മേനാംപറമ്പിൽ പാപ്പച്ചന്റെ മകൻ അഡ്വ. ഐസക്ക് മേനാംപറമ്പിൽ വിവാഹം ചെയ്തു. തികഞ്ഞ ഗാന്ധിയനായ ഐസക്ക് കേരള മദ്യവിരുദ്ധ സമിതി, മുത്തോലി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ്, പാലാ Y M C A സ്ഥാപക പ്രസിഡന്റ് എന്നീ നിലകളിലെല്ലാം പ്രസിദ്ധനായിരുന്നു. ബിരുദധാരിണിയും വനിതാപ്രസ്ഥാനങ്ങളിൽ സജീവ പ്രവർത്തകയുമായ സെലീനാമ്മ ഇപ്പോൾ മുത്തോലി പഞ്ചായത്ത് പ്രസിഡന്റ്, മുത്തോലി സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഇവർക്ക് മൂന്നു ആൺമക്കളാണുള്ളത്. പ്രഥമപുത്രൻ ഐസക്ക് ചെറിയത് (പാപ്പച്ചൻ) B. Tech പാസ്സായി ബാംഗ്ലൂരിൽ ജോലിയിലാണ്. രണ്ടാമനായ തോമസ് മേനാംപറമ്പിൽ ബാംഗ്ലൂരിൽ എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്. ഇളയമകൻ ജോയി പാലാ എൻജിനീയറിംഗ് കോളജ് വിദ്യാർത്ഥിയാണ്. കുടുംബനാഥനായ ഐസക്ക് 2004 Dec 9-ാം തീയതി ആകസ്മികമായി മരണമടഞ്ഞു. മൃതസംസ്ക്കാരം പാലാ കത്തീഡ്രൽപ്പള്ളി സിമത്തേരിയിൽ നടന്നു.

തൊമ്മച്ചന്റെ മകൻ കുട്ടിയച്ചൻ കോളജ് വിദ്യാഭ്യാസത്തിനു ശേഷം പിതാവിന്റെ വഴി പിൻതുടർന്ന് അദ്ധ്വാനശീലമായ ഒരു കർഷകനായി. കുളമാൻ കുഴിയിലുള്ള സ്വവസതിയിൽ കഴിയുന്നു. കുട്ടിയച്ചൻ കറിക്കാട്ടൂർ പനന്തോട്ടത്തിൽ അഡ്വ. പി. ജെ. ജോസഫിന്റെ മകൾ മേഴ്സിയെ വിവാഹം കഴിച്ചു. മക്കളിൽ തെരേസാ B. Sc Computer കഴിഞ്ഞ് M. B. A യ്ക്ക് അമേരിക്കയിൽ പഠിക്കുന്നു. എലിസബത്തു +2 കഴിഞ്ഞു B D S വിദ്യാർത്ഥിനിയാണ് തോമസ് സ്ക്കൂൾ വിദ്യാർത്ഥിയാണ്.

തൊമ്മച്ചൻ വെച്ചൂച്ചിറ പഞ്ചായത്തു മെംബറായി 1953 ൽ തെരഞ്ഞെടുക്കപ്പെട്ടു. കാർഷികവൃത്തിയിൽ സമർത്ഥനായിരുന്ന ഇദ്ദേഹത്തിന്റെ കുരുമുളകുതോട്ടം ഒരു മാതൃകാ കൃഷിത്തോട്ടമായിരുന്നു. കൃഷിയിലും സാമൂഹ്യ പ്രവർത്തനങ്ങളിലും പേരെടുത്ത തൊമ്മച്ചൻ 1996 ഏപ്രിൽ 25-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. ഭാര്യ ത്രേസ്യാമ്മ 1997 ആഗസ്റ്റ് 24 -ാം തീയതി ചരമമടഞ്ഞു. ഇവർ വെച്ചൂ

ച്ചിറ സെന്റ് ജോസഫസ് ചർച്ച് സിമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ദുമ്മിനി കുരുവിള



തൊമ്മൻ കുരുവിളയുടെ **മൂന്നാമത്തെ മകൻ ദുമ്മിനി** പ്രായപൂർത്തിയായശേഷം ജ്യേഷ്ഠൻ തൊമ്മച്ചനോടൊപ്പം അരയൻപാറയിൽ കാർഷികവൃത്തിയിലേർപ്പെട്ടു. തമ്പലക്കാട്ട് പേണ്ടാനത്ത് അവുസേപ്പുമകൾ അന്നമ്മയാണ് ഭാര്യ. ഇവരുടെ ഏകമകൻ കുഞ്ഞേപ്പുകുട്ടി പാലൂർക്കാവ് കൊല്ലക്കൊമ്പിൽ കൊച്ചുപാപ്പച്ചൻ മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. കുഞ്ഞേപ്പുകുട്ടി കൃഷിയോടൊപ്പം നാളികേര കച്ചവടവും നടത്തിയിരുന്നു. വിശ്വസ്തനും പൊതു ജനസമ്മതനുമായിരുന്നു കുഞ്ഞേപ്പുകുട്ടി. ഇവരുടെ മൂത്തമകൻ **മനോജ്** കാഞ്ഞിരപ്പള്ളി പൂൽപ്പേൽ പാപ്പു ഏലിക്കുട്ടി മകൾ മറിയമ്മ(മാജി)യെ വിവാഹം കഴിച്ചു. ഇവർക്ക് ഡോണാ,സോണാ, റോണാ, എന്നിങ്ങനെ 3 പെൺമക്കളാണുള്ളത് എല്ലാവരും വിദ്യാർത്ഥിനികളാണ്. രണ്ടാമത്തെ മകൻ **വിനോജ്** ഏയ്ഞ്ചൽ വാലി മുണ്ടംപ്ലാക്കൽ തങ്കച്ചൻ മകൾ സോഫിയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. ഇവരുടെ മകൾ അനു നേഴ്സറി വിദ്യാർത്ഥിനി. മൂന്നാമത്തെ മകൻ **സുനോജ്** തൊടുപുഴകളപ്പുരയ്ക്കൽ പോളിന്റെ മകൾ സ്മിതയെ വിവാഹം ചെയ്തു. രണ്ടുപേരും ഇറ്റലിയിൽ ഉദ്യോഗത്തിലാണ്. ഇവർക്ക് ഒരു വയസ്സുള്ള ജോസഫ് (അലേഷ്യോ) മകനാണ്. കുഞ്ഞേപ്പു കുട്ടിയുടെ ഏകമകൾ മിനിയെ ആലപ്പുഴ ഇലഞ്ഞിക്കൽ ചാക്കോച്ചൻ മകൻ ബിജു വിവാഹം ചെയ്തു. രണ്ടുപേരും ഡൽഹിയിൽ ജോലിയിലാണ്. ജോസഫ്, ആൻമേരി, അലീന ഇവർ മക്കളാണ്. പിതാവ് ദുമ്മിനി 51-ാം വയസ്സിൽ 1972 May 13 ന്



ദുമ്മിനിയുടെ ഭാര്യ അന്നമ്മയും മക്കളും

രോഗം മൂലം മരണമടഞ്ഞു. ഏകമകൻ കുഞ്ഞേപ്പുകുട്ടി ഹൃദയസ്തംഭനം മൂലം 49-ാം വയസ്സിൽ 1993 Sept.21 ന് അകാലചരമം പ്രാപിച്ചു. ദുമ്മിനിയുടെ ഭാര്യ അന്നമ്മയും മകൻ കുഞ്ഞേപ്പ്കുട്ടിയുടെ ഭാര്യയോടൊപ്പം വെച്ചൂച്ചിറയിലെ തറവാട്ടിൽ താമസിക്കുന്നു. ദുമ്മിനിയുടെ ഏഴു പെൺമക്കൾ സിസിലിക്കുട്ടി, മേരിക്കുട്ടി, കുഞ്ഞമ്മ, തെയ്യാമ്മ, ഫിലോ, അച്ചാമ്മ, ലിസിയമ്മ എന്നിവർ യഥാകാലങ്ങളിൽ വിവിധ ജീവിതന്തസുകളിൽ പ്രവേശിക്കയുണ്ടായി. **1. സിസിലിക്കുട്ടി.** കീഴ്പ്പള്ളി പഴേതോട്ടം മത്തായി മകൻ ജോസഫാണ് സിസിലിക്കുട്ടിയുടെ ഭർത്താവ്. ഷാജു, ആൻസി, റോസിറ്റ, ഡോമിനിക്ക്, ഷീല, ജോർജുകുട്ടി, ജയ്സൺ എന്നിവർ മക്കളാണ്. **2. രണ്ടാമത്തെ മകൾ മേരിക്കുട്ടിയെ** എരുമേലി തുരുത്തിയിൽ തോമസ് മകൻ കുട്ടിയച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ആറു പെൺമക്കളും മൂന്നു ആൺമക്കളും ഉണ്ട്. ഡോളി, റാണി, അനിത, ഷെർളി, ജോബിച്ചൻ, ബിന്ദു,അനിൽ, സുനിൽ എന്നിവർ വിവാഹിതരാണ്. ആൺമക്കളായ ജോബിച്ചനും ഭാര്യ സൂസന്നയും ദോഹയിലും, അനിലും ഭാര്യ സോണിയ ഖത്തറിലും,



കുഞ്ഞേപ്പുകുട്ടിയുടെ കുടുംബാംഗങ്ങൾ

സുനിലും ബീനയും ദുബായിലും ജോലിയിലാണ്. ക്ലാരിസ്റ്റ് സഭാംഗമായ Sr.സിൻസി ബീഹാറിൽ മിഷൻ രംഗത്തു പ്രവർത്തിക്കുന്നു. 3. **മൂന്നാമത്തെ മകൾ തെയ്യാമ്മയെ** പൊൻകുന്നത്തെ ആദ്യകാലമലബാർ വ്യാപാരിയായിരുന്ന പൂവേലിക്കുന്നേൽ വർക്കി മകൻ ചാക്കോച്ചൻ വിവാഹം ചെയ്തു. ഇവർക്ക് 2 പെൺമക്കൾ ഉണ്ടായിരുന്നതിൽ കൊച്ചുറാണി എറണാകുളത്ത് ജോലിയിലായിരിക്കേ വണ്ടിയപകടത്തിൽ മരിച്ചു. മകളുടെ വേർപാടിൽ മാനോവിഷമത്തിൽ കഴിഞ്ഞിരുന്ന തെയ്യാമ്മ പാലായിൽ ഒരുവിവാഹചടങ്ങിൽ സംബന്ധിക്കവേ ഹൃദ്രോഗബാധിതയായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എങ്കിലും താമസിയാതെ മരണമടയുകയുണ്ടായി. രണ്ടാമത്തെ മകൾ റെജീനയെ പൂഞ്ഞാർ വാണിയപുരയ്ക്കൽ അപ്പച്ചൻ മകൻ തമ്പിച്ചൻ വിവാഹം ചെയ്തു. ഇവർ പൂഞ്ഞാറിൽ താമസിക്കുന്നു. തെയ്യാമ്മയുടെ ഭർത്താവ് ചാക്കോച്ചൻ പുനർവിവാഹം ചെയ്ത് പൊൻകുന്നത്ത് താമസിക്കുന്നു. ദുമ്മിനിയുടെ ഇളയമകൾ **ലിസിയമ്മയെ** കാഞ്ഞിരപ്പള്ളി തമ്പലക്കാട് മടുക്കക്കുഴിയിൽ കൊച്ച് (ജോസഫ്) ന്റെ മകൻ കുഞ്ഞച്ചൻ (ഡോമിനിക്) വിവാഹം ചെയ്തു. ഇവർക്ക് നേഴ്സിംഗ് വിദ്യാർത്ഥിനികളായ അഞ്ജു, രഞ്ജു എന്നിവർ മക്കളാണ്.കുഞ്ഞച്ചൻ പരോപകാരിയും ഊർജ്ജസ്വലനായ സാമൂഹിക പ്രവർത്തകനുമാണ്.

ദുമ്മിനിയുടെ മൂന്നാമത്തെ മകൾ **കുഞ്ഞമ്മ Sr.ലിൻസി ജോസ്** എന്ന പേരു സ്വീകരിച്ച് 2 - 5 - 1972 ൽ ക്ലാരിസ്റ്റ് സന്ന്യാസിനി സഭാംഗമായി. ഹിന്ദി അദ്ധ്യാപികയായിരുന്ന Sr. ലിൻസി ചിന്നാർ ഹൈസ്ക്കൂളിൽ നിന്നു 2004 -ൽ റിട്ടയർ ചെയ്തു. ഇപ്പോൾ മ്ലാമല കോൺവെന്റിൽ മദർ ആയി സേവനം ചെയ്യുന്നു. **5. ദുമ്മിനിയുടെ അഞ്ചാമത്തെ മകൾ** ഫിലോ ക്ലാരിസ്റ്റ് സഭാംഗമായി **Sr.ഫിൽബി** എന്ന പേരു സ്വീകരിച്ചു. വർഷങ്ങളായി ബീഹാറിൽ മിഷ്യൻ രംഗത്ത് Sr.നേഴ്സായി ആശുപത്രിയിൽ സേവനം നടത്തുന്നു.

ആറാമത്തെ മകൾ അച്ചാമ്മ 2 - 5 - 1975ൽ ക്ലാരിസ്റ്റ് സഭയിൽ ചേർന്ന് **Sr. ഡെയിസി മരിയ** എന്ന പേരു സ്വീകരിച്ചു. Sr. Nurse ആയി മിഷ്യൻ രംഗത്തു ബീഹാറിൽ സേവനം ചെയ്തശേഷം ഇപ്പോൾ റോമിൽ, ആതുര ശുശ്രൂഷാരംഗത്തുതന്നെ പ്രവർത്തിക്കുന്നു.

വർക്കി കുരുവിള



കുരുവിള വർക്കിയും ഏലിക്കുട്ടിയും

ദുമ്മിനിയുടെ **ഇളയസഹോദരൻ വർക്കി** കടപ്ലാമറ്റത്ത് കൊച്ചറയ്ക്കൽ ആഗസ്തി മറിയാമ്മ മകൻ ഏലിയാമ്മയെ (ചിന്നമ്മ) വിവാഹം ചെയ്തു. വർക്കിയും അദ്ധ്വാനശീലനായ കൃഷിക്കാരനായിരുന്നു. ഇരട്ടയാർ ശാന്തിഗ്രാമിൽ ഭൂമിസമ്പാദിച്ച് നല്ലൊരു കുരുമുളകുതോട്ടത്തിന്റെ ഉടമസ്ഥനായി. റബർ കൃഷിയും അവിടെ പരീക്ഷിക്കുകയുണ്ടായി. ഇളങ്ങുളത്ത് വിശ്രമ ജീവിതം നയിക്കവേ മത്സിഷ്ക്കരോഗം ബാധിച്ച് 74-ാമത്തെ വയസ്സിൽ 1994 ഫെബ്രുവരി 2-ാം തീയതി നിര്യാതനായി. വർക്കിയുടെ **മൂത്തമകൻ കുര്യാച്ചൻ (C. V കുര്യാക്കോസ്)** എരുമേലി വെട്ടുകല്ലാംകുഴി ചാക്കോ മറിയക്കുട്ടി മകൾ ലൈസമ്മയെ വിവാഹം കഴിച്ചു. ഇവർ കുറച്ചുകാലം ശാന്തിഗ്രാമിൽ കൃഷിയിലേർപ്പെട്ടു താമസമാക്കിയിരുന്നു. അക്കാലയളവിൽ ലൈസമ്മ ഇരട്ടയാർ സഹകരണബാങ്ക് ബോർഡുമെംബറായി സേവനം അനുഷ്ഠിക്കുകയുണ്ടാ



സി.വി. കുര്യാക്കോസും കുടുംബവും

യി. തുടർന്ന് ഇളങ്ങുളത്ത് താമസമാക്കിയ കുര്യാച്ചൻ പൗരസമിതി കൺവീനർ കേരളകോൺഗ്രസ് കമ്മറ്റി അംഗം എന്നീനിലകളിൽ പ്രവർത്തിച്ചു വരുന്നു. ലൈസാമ്മ ഇളങ്ങുളം ഇടവകയുടെ മാതൃദീപ്തി സംഘടനയുടെ പ്രസിഡന്റാണ്. ഇവർക്ക് അഭിൽ. അജിൽ എന്ന രണ്ടു പുത്രന്മാരും അഞ്ജു എന്ന ഒരു പുത്രിയുമുണ്ട്. അഭിൽ C. A കഴിഞ്ഞ് ഷാർജയിൽ ജോലിയിലാണ്. അജിൽ മദ്രാസിൽ C. A യ്ക്കു പഠിക്കുന്നു. അഞ്ജു M. A വിദ്യാർത്ഥിനിയാണ്. വർക്കിയുടെ **സീമന്തപുത്രി റോസമ്മയെ** വിളക്കുമാടത്ത് പഴൂർ വടക്കേടത്ത് തൊമ്മച്ചന്റെ മകൻ മൈക്കിൾ വിവാഹം ചെയ്തു. ഇവരുടെ ഏക മകൻ ബിനു Bio Tech Engineering പാസ്സായി ദമാമിൽ ജോലിയിലായിരുന്നു. കടുത്തുരുത്തി കൈതമറ്റം കുഞ്ഞ് മകൾ ഷെൽജയെ ബിനു വിവാഹം ചെയ്തു. ദമാമിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്തശേഷം ഇപ്പോൾ നാട്ടിലെത്തി അമേരിക്കയിൽ ജോലിസമ്പാദിച്ച് പോകുവാനുള്ള തയാറെടുപ്പിലാണ്. റോസമ്മയുടെ ഏകമകൾ ടീനാ ചാലക്കുടിയിൽ B. Sc Nursing വിദ്യാർത്ഥിനിയാണ്. മൈക്കിൾ വിളക്കുമാടത്ത് താമസിച്ചുകൊണ്ട് റബർ വ്യാപാരം നടത്തുന്നു.

വർക്കിയുടെ രണ്ടാമത്തെ മകൻ **ജോസഫ് (ബേബി)** കുറെക്കാലം ശാന്തിഗ്രാമിൽ കാർഷികവൃത്തിയിലേർപ്പെട്ടു കഴിയുകയായിരുന്നു. ഭാര്യ ആലീസ് കട്ടപ്പന പൂമറ്റത്തിൽ പാപ്പച്ചന്റെ മകളാണ്. ബേബിയുടെ മകൻ രാഹുൽ (സുനീഷ്) ഹോട്ടൽ മാനേജുമെന്റ് പഠിക്കുന്നു. മകൾ രമ്യ +2 വിദ്യാർത്ഥിനിയാണ്. ബേബി 1995 ൽ ശാന്തിഗ്രാമിലെ സ്ഥലം വിറ്റ് തറവാട്ടിൽ മാതാവ് ചിന്നമ്മയോടൊപ്പം താമസമാക്കി. അടുത്തകാലത്ത് ഹൈറേഞ്ചിൽ തൂക്കുപാലത്ത് സ്ഥലം വാങ്ങി കൃഷി നടത്തികൊണ്ടിരിക്കുന്നു.

വർക്കിയുടെ **ഇളയമകൾ ജസ്സിയമ്മയെ** കുമരകത്ത് ചീറ്റൂർക്കുളത്തിൽ അവുതച്ചൻ മകൻ ടോമി വിവാഹം ചെയ്തു. രണ്ടുപേരും ദമാമിൽ ജോലി ചെയ്തശേഷം നാട്ടിൽ തിരിച്ചെത്തി. ജസ്സിയമ്മ കുടുംബഭരണവുമായി മാതാപിതാക്കളോടൊപ്പം കഴിയുന്നു. ടോമി ഇപ്പോൾ വീണ്ടും ദമാമിൽ ജോലിചെയ്യുന്നു. ഇവർക്ക് രണ്ടുപെൺകുട്ടികളും ഒരാൺകുട്ടിയുമുണ്ട്. ടാനിയാ, ജോസ്മോൻ എന്നിവർ സ്ക്കൂൾ വിദ്യാർത്ഥികളും ടോണിയ നഴ്സറി വിദ്യാർത്ഥിനിയുമാണ്.

വർക്കിയുടെ ഭാര്യ ചിന്നമ്മ ഇളങ്ങുളത്ത് മകൻ ബേബിയോടൊപ്പം താമസിച്ചുവരവേ 73-ാം വയസ്സിൽ 2003 ഒക്ടോബർ 11 ന് നിര്യാതയായി.

ജോസഫ് കുരുവിള



ജോസഫും ത്രേസ്യാമ്മയും

വർക്കിയുടെ ഇളയസഹോദരൻ **ജോസഫ്** മരങ്ങാട്ടുപ്പള്ളി തൊണ്ടിയ്ക്കൽ കുര്യൻ ഏലി ദമ്പതികളുടെ പുത്രി ത്രേസ്യാമ്മയെ വിവാഹം ചെയ്തു മാതാപിതാക്കളോടൊപ്പം ഇളങ്ങുളത്ത് തറവാട്ടിൽ താമസമാക്കിയിരുന്നു. ത്രേസ്യാമ്മയുടെ സഹോദരന്മാരിൽ ഒരാളായ പരേതനായ Rev. Fr. എബ്രഹാം തൊണ്ടിയ്ക്കൽ പാലാ സെന്റ് തോമസ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായും പാലാ രൂപത കോർപ്പറേറ്റ് സ്ക്കൂളുകളുടെ മാനേജരായും സേവനമനുഷ്ഠിച്ചിരുന്നു. സഹോദരൻ വർക്കിയോടൊപ്പം ജോസഫും ഇരട്ടയാറിൽ ശാന്തിഗ്രാമിൽ സ്ഥലമെടുത്തു കൃഷിചെയ്തിരുന്നു. 1970 ൽ പ്രസ്തുത സ്ഥലം വിറ്റ് ഇളങ്ങുളത്തുള്ള തറവാട്ടിലേയ്ക്ക് പോന്നു. ജോസഫ് ത്രേസ്യാമ്മ ദമ്പതികളുടെ **ഏകമകൾ റോസമ്മയെ** കടുത്തുരുത്തി മുടക്കാംപുറത്തു ജോബ് വിവാഹം ചെയ്തു. ആസാമിൽ ഇംഫാലിൽ സ്ക്കൂൾ നടത്തിക്കൊണ്ടിരുന്ന ഇവർ നാട്ടിൽ വന്ന് കോഴഞ്ചേരിയിൽ "സാവിയോ ഇംഗ്ലീഷ് സ്ക്കൂൾ" എന്ന സ്ഥാപനം നടത്തിയിരുന്നു. ഒരു നല്ല C. B. S. C സ്ക്കൂൾ എന്ന നിലയിൽ ഈ സ്ഥാപനം പ്രശസ്തിയാർജിച്ചുകൊണ്ടിരിക്കുകയാണ്. റോസമ്മ പ്രിൻസിപ്പലായും ജോബ് മാനേജരായും പ്രവർത്തിച്ചിരുന്നു. പ്രസ്തുത സ്ഥാപനം കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് വിട്ടുകൊടുത്തശേഷം റോസമ്മയും കുടുംബവും ഇപ്പോൾ കൂത്താട്ടുകുളത്ത് സ്ഥലവും വീടും വാങ്ങി താമസിച്ചു വരുന്നു. ഇവർക്കും 2 പുത്രന്മാരും ഒരു പുത്രിയുമുണ്ട്. സീമന്ത പുത്രൻ ജിജോ A.C.C.A പഠനത്തിനുശേഷം ദുബായിൽ ജോലി ചെയ്യുന്നു.

രണ്ടാമത്തെ പുത്രൻ റോബിൻ എൻജിനീയറിംഗ് വിദ്യാർത്ഥിയും മകൾ രാജി B.Com വിദ്യാർത്ഥിനിയുമാണ്.

ജോസഫിന്റെ **മൂത്തമകൻ C. J കുരുവിള** (കുര്യാച്ചൻ) കാഞ്ഞിരമറ്റത്ത് പീടികയിൽ ചാക്കോയുടെയും മറിയത്തിന്റെയും പുത്രി മേരിയമ്മയെ വിവാഹം ചെയ്തു. കുര്യാച്ചൻ തികഞ്ഞ സാമൂഹ്യപ്രവർത്തകനും ഇളങ്ങുളം സെന്റ് വിൻസെന്റ് ഡിപോൾ സഖ്യം പ്രസിഡന്റും മാതൃകാ കർഷകനുമാണ്. ഇപ്പോൾ അദ്ദേഹം അൻപതതോളം തൊഴിലാളികൾ ജോലിചെയ്യുന്ന Cheeramkuzhi, Latex Products എന്ന സ്ഥാപനം നടത്തുന്നു. കുര്യാച്ചന്റെ മക്കൾ സിനിമോൾ, മരിയമോൾ, അനീറ്റ (അമ്മു) എന്നിവരാണ്. സിനിമോൾ M.B. A വിദ്യാർത്ഥിനിയാണ്. കാഞ്ഞിരപ്പള്ളി രൂപതാ യുവദീപ്തി K. C. Y. M സിൻഡിക്കേറ്റുമെം



ജോസ് ചീരാംകുഴിയും കുടുംബാംഗങ്ങളും



സി.ജെ. കുരുവിള ചീരാംകുഴിയും കുടുംബാംഗങ്ങളും

ബർ, പൊൻകുന്നം ഫൊറോന യുവദീപ്തി സെനറ്റ്മെംബർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇളയവർ രണ്ടുപേരും സ്ക്കൂൾ വിദ്യാർത്ഥിനികളാണ്. സിനിമോൾ 2005 ആഗസ്റ്റിൽ ജർമ്മനിയിലെ കൊളോണിൽ വച്ചുനടന്ന 20-ാം ലോകയുവജനസമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

ജോസഫിന്റെ രണ്ടാമത്തെ പുത്രൻ **ജോസ്, "ചീരാംകുഴി ഏജൻസീസ്"** എന്നപേരിൽ കാഞ്ഞിരപ്പള്ളിയിൽ സാനിട്ടറി വെയേഴ്സിന്റെ ഒരു വ്യാപാരസ്ഥാപനം നടത്തുന്നു. മെർച്ചന്റ്സ് അസ്സോസിയേഷൻ, കാഞ്ഞിരപ്പള്ളി ലയൺസ് ക്ലബ് എന്നീ പ്രസ്ഥാനങ്ങളിൽ ഉന്നതസ്ഥാനം വഹിക്കുന്ന ജോസ് കാഞ്ഞിരപ്പള്ളിയിൽ അറിയപ്പെടുന്ന വ്യാപാരപ്രമുഖരിൽ ഒരാളാണ്. സ്വപരിശ്രമത്താൽ കാഞ്ഞിരപ്പള്ളിയിൽ വ്യാപാരാവശ്യത്തിനുവേണ്ടി ബൃഹത്തായ ഒരു ഷോറൂമും ഗോഡൗണും സജ്ജീകരിച്ചിട്ടുണ്ട്. ചെമ്മലമറ്റത്ത് പ്രസിദ്ധമായ പൊരിയത്തു കുടുംബത്തിലെ മാത്യു ത്രേസ്യാമ്മ ദമ്പതികളുടെ മകൾ ക്ലാരിസ് (മിനി) യാണ് ജോസിന്റെ ഭാര്യ. ഇളങ്ങുളം മാതൃദീപ്തി സംഘടന ട്രഷറർ



സി.ജെ. കുരുവിള, ജോസ് സി.ജോസ്, റ്റോം ജോസ് എന്നിവരും
കുടുംബാംഗങ്ങളും അമ്മ ത്രേസ്യാമ്മയോടൊപ്പം

എന്ന നിലയിലും മറ്റും സജീവമായി പ്രവർത്തിച്ചുവരുന്നു. ജോസ് മിനി ദമ്പതികളുടെ മൂത്തപുത്രൻ റിജോ എൻജിനിയറിംഗ് വിദ്യാർത്ഥിയും രണ്ടാമത്തെ പുത്രൻ റിനോ (റെയ്നോൾഡ്) സ്ക്കൂൾ വിദ്യാർത്ഥിയുമാണ്.

ജോസഫിന്റെ ഇളയമകൻ **ടോം ജോസ് (തോമസുകുട്ടി)** കോളജുവിദ്യാഭ്യാസത്തിനുശേഷം എറണാകുളത്ത് ഒരു വ്യാപാരസ്ഥാപനം നടത്തിയിരുന്നു. പിന്നീട് നാട്ടിൽ തിരിച്ചെത്തി കാർഷികവൃത്തിയും സാമൂഹികപ്രവർത്തനങ്ങളിലും മേർപ്പെട്ടു ജ്യോതിഗ്രാം സോഷ്യൽ സർവീസ് സൊസൈറ്റി, മിൽമാമിൽക്ക് യൂണിറ്റ് എന്നീ പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുത്തത് ശ്രീ. ടോം ജോസ് ആയിരുന്നു. എരുമേലി വെട്ടുകല്ലാം കുഴി മത്തച്ചൻ കത്രീനാ മകൾ ആൻസിയാണ് തോമസുകുട്ടിയുടെ ഭാര്യ. ആൻസിയുടെ പിതാവ് മത്തച്ചൻ അറിയപ്പെടുന്ന പൊതുപ്രവർത്തനം എരുമേലി പഞ്ചായത്ത് കമ്മറ്റി അംഗവുമായിരുന്നു. ആൻസിയുടെ പിതാവും സഹോദരന്മാരും ഇപ്പോൾ പാലക്കാട്ട് സ്ഥലം വാങ്ങി കാർഷികവൃത്തിയിലേർപ്പെട്ടു കഴിയുന്നു. തോമസുകുട്ടിയുടെ മക്കൾ ജോസ്മോൻ എന്ന ആൺകുട്ടിയും തെരേസ എന്ന പെൺകുട്ടിയുമാണ്. തോമസുകുട്ടിയും കുടുംബവും പിതൃസ്വത്തായി കിട്ടിയ വെച്ചൂച്ചിറയിലെ സ്ഥലത്താണ് താമസിക്കുന്നത്. പിതാവ് ജോസഫ് കുരുവിള (C. K ജോസഫ്) വാർദ്ധക്യസഹജമായ അസുഖങ്ങളാൽ 2002 ആഗസ്റ്റ് 26-ാം തീയതി നിര്യാതനായി. ത്രേസ്യാമ്മ മകൻ കുര്യാച്ചനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

സി. കെ കുരുവിള



സി.കെ. കുരുവിളയും ഏലിക്കുട്ടിയും

തൊമ്മൻ കുരുവിളയുടെ ഏറ്റവും **ഇളയമകൻ C. K കുരുവിള** (കുര്യാച്ചൻ) പ്രായപൂർത്തിയായതോടുകൂടി സഹോദരന്മാരോടൊപ്പം അരയൻ പാറകുളമാംകുഴിയിൽ കാർഷികവൃത്തിയിലേർപ്പെട്ടു അവിടെ താമസമാക്കി. മുഴൂർ മൈലാടിയിൽ സക്കറിയയുടെ മകളും ജ്യേഷ്ഠ പത്നി ത്രേസ്യാമ്മ തോമസിന്റെ ഇളയസഹോദരിയുമായ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവരുടെ കടിഞ്ഞൂൽ പുത്രി **റോസമ്മയെ** ജ്യേഷ്ഠ സഹോദരൻ തൊമ്മച്ചൻ ഏറെക്കാലം കുട്ടികൾ ഇല്ലാതിരുന്നതിനാൽ സ്വന്തംമകളെപ്പോലെ വാത്സല്യപൂർവ്വം തൊമ്മച്ചനാണ് വളർത്തിയത്. റോസമ്മയെ പാലായിൽ പറയരുതോട്ടത്തിൽ വർക്കി ഏലിയാമ്മ ദമ്പതികളുടെ പുത്രനും പിതൃസഹോദരി C. K മേരിയുടെ ഭർത്താവ് ചെറിയാന്റെ (പാപ്പച്ചൻ) ഇളയസഹോദരനുമായ അപ്പച്ചനാ (P. V മാത്യു)ണ് വിവാഹം ചെയ്തത്. അപ്പച്ചൻ U. P സംസ്ഥാനഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ ഡപ്യൂട്ടി ഡയറക്ടറായി ദീർഘകാലം സേവനം ചെയ്തശേഷം റിട്ടയർ ചെയ്ത് പാലായിൽ തറവാട്ടിൽ മടങ്ങിയെത്തി താമസമാക്കി. ഇവർക്ക് മക്കളായി എൻജിനീയറിംഗ് ബിരുദധാരിണികളായ ഗുഡിയാ (റീനാ എലിസബത്ത മാത്യു), (രമ്യട്രീസമാത്യു) റിങ്കു എന്നിവരും B. D. S വിദ്യാർത്ഥിനിയായ രേണു ആൻമാത്യു എന്നി മൂന്നുപെൺമക്കളും ഏകമകൻ സ്ക്കൂൾ വിദ്യാർത്ഥിയായ റിജോ (ജോർജ് സെബാസ്റ്റ്യൻ മാത്യു) ഉം ആണ് ഉള്ളത്. മൂത്തമകൾ ഗുഡിയായെ ഏഴാച്ചേരി കുര്യത്ത് മാത്യു മകൻ ലിസൺ വിവാഹം ചെയ്തു ഇവർ ബാംഗ്ലൂരിൽ ഉദ്യോഗസ്ഥരാണ്. റിങ്കുവിനെ വാഴക്കുളത്ത് ഉപ്പുവീട്ടുങ്കൽ മാത്യു മകൻ അനിമോൻ മാത്യു M. Tech വിവാഹം ചെയ്തു ഇവർ ഇപ്പോൾ ദുബായിയിൽ ആണ് ജോലിചെയ്യുന്നത്. അപ്പച്ചനും റോസമ്മയും കുട്ടികളും ഇപ്പോൾ പാലായിലുള്ള തറവാട്ടു വീട്ടിൽ താമസിക്കുന്നു.

C. K കുരുവിളക്ക് റോസമ്മ, കുരുവിള (കുഞ്ഞ്) ലില്ലി,മേഴ്സി, മോളി, ജോസുകുഞ്ഞ്, ടോമി, Fr. ടോണി, ടെഡി (ആന്റണി) അനു എന്നിങ്ങനെ 5 ആൺമക്കളും 5 പെൺമക്കളുമാണുള്ളത്.

കുരുവിളയുടെ സീമന്തപുത്രൻ **കുഞ്ഞ് (കുരുവിള)** B. Sc. B Ed ഇപ്പോൾ ദുബായിൽ സ്വന്തമായി വ്യവസായ യൂണിറ്റ് സ്ഥാപിച്ച് നടത്തുന്നു. ഭാര്യ മാളിയേക്കൽ കുടുംബാംഗമായ ഫിലോമിന. ഇരിങ്ങാലക്കുടസെന്റ് ജോസഫ്സ് കോളേജിൽ ലക്ചററാണ്. ഇവർക്ക് കുരുവിള (ഉണ്ണി) എലിസബേത്ത് (പാപ്പു) എന്നിവർ മക്കളാണ്. സ്ക്കൂൾ



ഫാ. ടോണി മാനുവൽ ഏലിക്കുട്ടിയോടൊപ്പം

വിദ്യാർത്ഥികളായ ഇവർ അമ്മയോടൊപ്പം ഇരിങ്ങാലക്കുടയിലാണ് താമസം. കുര്യാച്ചന്റെ രണ്ടാമത്തെ **മകൻ ജോസ് (ജോസ്കുഞ്ഞ്)** B. Tech ദുബായിൽ ഗവർമെന്റ് ഡിപ്പാർട്ടുമെന്റിൽ സിവിൽ കൺസൽട്ടന്റായി ജോലിചെയ്യുന്നു. ഭാര്യ ലില്ലി. കുറുമ്പനാടം ഇലവുംമൂട്ടിൽ ഐയ്യാച്ചന്റെ മകൾ. മക്കൾ സ്റ്റെഫി. നീതു കുര്യാച്ചന്റെ മൂന്നാമത്തെ മകൻ **ടോമി** കാർഷിക വൃത്തിയിലേർപ്പെട്ട കുളമാൻകുഴിയിൽ അമ്മ ഏലിക്കുട്ടിയോടൊപ്പം താമസിക്കുന്നു. എരുമേലി മണിമലകുന്നേൽ പാപ്പച്ചന്റെ (ചെറിയാൻ മകൾ ബീനായാണു ഭാര്യ. ഇവരുടെ മക്കൾ റിച്ചു എന്ന ആൺകുട്ടിയും റിയാ എന്ന പെൺകുട്ടിയും സ്കൂൾ വിദ്യാർത്ഥികളാണ്. ടോമി കാർഷികവൃത്തിയിലെന്നപോലെ കോൺട്രാക്റ്റ് വ്യവസ്ഥയിൽ ടെൻഡർ ജോലികളും ചെയ്യുന്നുണ്ട്.

കുര്യാച്ചന്റെ **നാലാമത്തെ മകൻ ഫാ. ടോണി മാനുവൽ** Hereld of good News എന്ന സന്യാസ സമൂഹത്തിൽ ചേർന്നു 23-4-1998ൽ വൈദികനായി. ഇദ്ദേഹം ഇന്ത്യോനേഷ്യക്കു സമീപമുള്ള പപ്പുവാഗിനിയ എന്ന സ്ഥലത്ത് മിഷനറി പ്രവർത്തനം നടത്തുന്നു. തികച്ചും അപരീഷ്കൃതരായ ആദിവാസികളുടെ ഇടയിൽ ആതുരസേവനത്തിനുള്ള ആശുപത്രികളും പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സ്കൂളുകളും സ്ഥാപിച്ച് അവരെ സാംസ്ക്കാരികജീവിതത്തിലേക്ക് പരിവർത്തനം ചെയ്യുവാനുള്ള ത്യാഗോജ്വലമായ സേവനമാണ് നമ്മുടെ വൈദികരും സന്യാസിനികളും അവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ കുടുംബത്തിലെ തന്നെ സി. ആലീസ് മേരി ഇവിടെ മിഷ്യനറി പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

കുര്യാച്ചന്റെ അഞ്ചാമത്തെ മകൻ **ടെഡി B.A. Computer** ഡിഗ്രി സമ്പാദിച്ച് ദുബായിൽ ജ്യേഷ്ഠൻ കുഞ്ഞിനോടൊപ്പം ജോലി ചെയ്യുന്നു.

കുര്യാച്ചന്റെ പെൺമക്കളിൽ റോസമ്മയുടെ ഇളയസഹോദരി **ലില്ലിയെ BSc BT** (ത്രേസ്യാമ്മ ജയിംസ്) കാവാലംപുരയ്ക്കൽ കുഞ്ഞമ്മ മകൻ ജെയിംസ് വിവാഹം ചെയ്തു. ജയിംസ് ആലപ്പാട്ട് കമ്പനിയിൽ ജോലി സമ്പാദിച്ചു ഒറ്റപ്പാലത്ത് താമസിക്കുന്നു. ലില്ലി ഒറ്റപ്പാലത്തുള്ള

എൽ.എസ്.എൻ. സ്കൂളിൽ അദ്ധ്യാപികയായിരുന്ന ശേഷം 2005 മാർച്ചിൽ റിട്ടയർ ചെയ്തു. ജാലിൻ എം.എസ്.സി എന്ന പെൺകുട്ടിയും സ്കൂൾ വിദ്യാർത്ഥിയായ ലിജിൻ എന്ന ആൺകുട്ടിയുമാണ് മക്കൾ.

കുര്യാച്ചന്റെ **മൂന്നാമത്തെ മകൾ മേഴ്സിയെ** ആലുവാ ഇലഞ്ഞിക്കൽ ചെറിയാൻ കുഞ്ഞുമകൻ റെജി M com വിവാഹം ചെയ്തു. രണ്ടുപേരും ദുബായിൽ ജോലിയിലായിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിനായി മേഴ്സി ആലുവായിൽ വീട്ടിൽ താമസിക്കുന്നു. മെറിക്കുട്ടിയും പൊന്നുവും മക്കൾ ആണ്. രണ്ടുപേരും സ്കൂൾ കുട്ടികളാണ്.

മോളി

കുര്യാച്ചന്റെ **നാലാമത്തെ മകൾ. മോളിയെ** പൊൻകുന്നം കളപ്പുരയ്ക്കൽ കുഞ്ഞേട്ടൻ മകൻ തോമസ് വിവാഹം ചെയ്തു. Industrial security Force ൽനിന്നും റിട്ടയർ ചെയ്ത കുഞ്ഞ് കുടുംബസമേതം കാഞ്ഞിരപ്പള്ളി ആനക്കല്ലിൽ താമസിക്കുന്നു. മക്കൾ വിദ്യാർത്ഥിനികളായ ആരതി, എലിസബത്ത് എന്നിവരാണ്.

കുര്യാച്ചന്റെ ഏറ്റവും **ഇളയമകൾ അനു** കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി. അനുവിനെ കോതമംഗലം കാരക്കൊമ്പിൽ ബെന്നി വിവാഹം ചെയ്തു. രണ്ടുപേരും ദുബായിലാണ്.

കുര്യാച്ചൻ 49-ാമത്തെ വയസ്സിൽ 13- 12-1981 ൽ അകാലചരമം പ്രാപിച്ചു. ഭാര്യ ഏലിക്കുട്ടി ടോമിയോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

സി.കെ. മേരി

തൊമ്മൻ കുരുവിളയുടെ ഏകപുത്രി ശ്രീമതി സീ.കെ. മേരി B.S.c, B.Ed നെ പാലായിൽ പറയരുതോട്ടത്തിൽ വർക്കി ഏലിയാമ്മ മകൻ പി.വി. ചെറിയാൻ (പാപ്പച്ചൻ) B.Sc, B.Ed വിവാഹം ചെയ്തു. മേരി ഇളങ്ങുളം സെന്റ് മേരീസ് സ്കൂൾ അദ്ധ്യാപികയായിരുന്നു. വിവാഹശേഷം പാപ്പച്ചൻ ജോലി ചെയ്തിരുന്ന കാഞ്ഞങ്ങാട് ദുർഗ്ഗാഹൈസ്ക്കൂളിലേക്ക് അദ്ധ്യാപികയായി സ്ഥലം മാറ്റം വാങ്ങി. രണ്ടുപേരും റിട്ടയർ ചെയ്ത് പാലായിൽ ചെത്തിമറ്റത്തുള്ള സ്വവസതിയിൽ താമ

സമാരംഭിച്ചു പാപ്പച്ചൻ അദ്ധ്യാപികനായിരിക്കത്തന്നെ ഒരു നല്ല കർഷകനുമായിരുന്നു. കാഞ്ഞങ്ങാട്ടു നിന്നും 40 മൈലുകൾക്കപ്പുറം ബളാൽ എന്ന സ്ഥലത്ത് സ്ഥലം വാങ്ങി കൃഷിചെയ്യുകയുണ്ടായി. റബറും തെങ്ങും കശുമാവും കുരുമുളകും എല്ലാം ഉൾപ്പെടുന്ന തോട്ടമായിരുന്നു എങ്കിലും റിട്ടയർ ചെയ്തു നാട്ടിലെത്തിയശേഷം അന്വേഷണത്തിനു ബുദ്ധിമുട്ടാകയാൽ വസ്തുവില്ക്കുയാണ് ചെയ്തത്. പാപ്പച്ചന്റെ സഹോദരന്മാരിൽ പരേതനായ ഫാ.ജോസും, ഫാ. ലൂക്കോസും സി.എം.ഐ സഭയിലെ അറിയപ്പെടുന്ന വൈദികരാണ്. സഹോദരൻ സ്ക്കറിയാ പറയരുതോട്ടവും ഭാര്യ പ്രസിദ്ധ ഗൈനക്കോളജിസ്റ്റായ ഡോ. ഏലമ്മസക്കറിയായും ചെത്തിമറ്റത്ത് തൊട്ടടുത്തുള്ള വീട്ടിൽ താമസിക്കുന്നു. സി.കെ. മേരി കുടുംബത്തിലെ ആറുസഹോദരന്മാരുടെ വിദ്യാസമ്പന്നയായ ഏക സഹോദരിയായിരുന്നു. ഇവരുടെയെല്ലാം കുടുംബകാര്യങ്ങളിൽ നിർണ്ണായകമായ സ്ഥാനം മേരിക്കുണ്ടായിരുന്നു. സി.കെ. മേരി റ്റീച്ചറിന് സ്നേഹനിധികളായ ഒരു നല്ല ശിഷ്യഗണമുണ്ട്. രണ്ടുപേരും 1985-ൽ റിട്ടയർ ചെയ്തു പാലായിൽ താമസമാക്കി. മേരിയുടെ ഭർത്താവ് പാപ്പച്ചൻ 75-ാമത്തെ വയസിൽ 2003 ജൂൺ 7-ാം തീയതി നിര്യാതനായി. മേരി ചെത്തിമറ്റത്തുള്ള സ്വവതിയിൽ പാപ്പച്ചൻ ഏല്പിച്ചുപോയ ചുമതലകൾ നിർവ്വഹിച്ചുകൊണ്ട് പ്രാർത്ഥനയിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടുകൊണ്ടും ജീവിക്കുന്നു.



അദ്ധ്യായം 3

തൊമ്മൻ തൊമ്മൻ ചീരാംകുഴിയിൽ (കണ്ണോത്ത്)



ചീരാംകുഴി വർക്കി തൊമ്മന്റെ മൂന്നാമത്തെ മകൻ തൊമ്മൻ പ്രവി
ത്താനത്ത് കൂട്ടുങ്കൽ നിന്നും മറിയത്തിനെ വിവാഹം കഴിച്ചു. ഇവർക്ക്
തോമസ്, വർക്കി, ജോസഫ്, കുരുവിള, മാത്യു, മാണി, കുര്യൻ എന്നീ
ഏഴു പുത്രന്മാരും കുഞ്ഞുപെണ്ണ്, കൊച്ചേലി, ചിന്നമ്മ, ത്രേസ്യാമ്മ
എന്നീ നാലു പുത്രിമാരുമാണ് ഉണ്ടായിരുന്നത്.

അദ്ധ്വാനശീലരായ തൊമ്മനും മറിയവും കുടുംബസ്വത്തിന്റെ
ഭാഗമായി ലഭിച്ച ഇളംപുരയിടത്തിൽ താമസമാക്കി. മണ്ണനാം തുണ്ട
ത്തോട് ചേർന്ന് വീതാംശപ്രകാരം സിദ്ധിച്ച വസ്തുവിലും ഇവർ കഠി
നാദ്ധ്വാനം ചെയ്തു. തന്റെ പുരയിടത്തിലെ ഏതു നാളികേരവും ഏതു
തെങ്ങിന്റേതാണെന്ന് നിസ്സംശയം പറയുവാൻ കഴിയുമായിരുന്ന ഒരു
മാതൃകാ കർഷകനായിരുന്നു തൊമ്മൻ. മക്കളുടെ ഭാവിയെ കരുതി കൂടു
തൽ കൃഷിയിടങ്ങൾ പെരുവന്താനത്തും എരുമേലിക്കടുത്ത് ചെമ്പനോ
ലിയിലും സമ്പാദിച്ച് അവരെ ഏല്പിക്കുവാൻ പുത്രവാത്സല്യം അദ്ദേ
ഹത്തെ പ്രാപ്തനാക്കി. മക്കളെല്ലാവരും പ്രായപൂർത്തിയായി കുടും
ബസ്ഥരായി ഇളങ്ങുളത്തും കിഴക്കൻ മേഖലകളിലും താമസിച്ചുവരവേ



ഇരിക്കുന്നവർ - കൊച്ചേപ്പ്, വർക്കി, തൊമ്മൻ, മറിയം, കുഞ്ഞുപെണ്ണ്, കൊച്ചേലി, ചിന്നമ്മ, ത്രേസ്യാമ്മ
മദ്ധ്യനിര : വർക്കി ഭാര്യ ത്രേസ്യാ, കൊച്ചേപ്പ് ഭാര്യ ഏലിക്കുട്ടി, തോമ്മാച്ചി ഭാര്യ ത്രേസ്യാ, കൊച്ചുമാണി ഭാര്യ മറിയാമ്മ, കുര്യൻ ഭാര്യ മാത്തി, കൊച്ചുകുട്ടി ഭാര്യ മറിയാമ്മ, കുര്യന്റെ ഭാര്യ കുഞ്ഞേലി, കുഞ്ഞിന്റെ ഭാര്യ ഏലിക്കുട്ടി
പിൻനിര: കൊച്ചുകുട്ടി, കുരുവിള, കുഞ്ഞ്, കൊച്ചുമാണി, കുര്യൻ

അവരുടെ കാർഷികപാരമ്പര്യം സാഹസികമായ മലബാർ കുടിയേറ്റത്തിന് വഴി തുറന്നു. മുൻപേ പോയവർക്കു പിന്നാലെ ഓരോരുത്തരായി എല്ലാവരും മലമ്പനിയുടെ നാടായ മലബാറിലെത്തി. യാതനയുടേയും അദ്ധ്വാനത്തിന്റേയും സമൃദ്ധിയുടേയും നാളുകളിലൂടെയുള്ള ആ മുന്നേറ്റത്തിനിടയിൽ സ്നേഹനിധികളായ പലരും അന്ത്യയാത്ര പറഞ്ഞു. ഒരു തലമുറയുടെ ചരിത്രം ഉറങ്ങുന്ന ആ കുടിയേറ്റത്തിന്റേയും കാലം കവർന്നെടുത്ത ഞങ്ങളുടെ ഉറ്റവരായ മാതാപിതാക്കളുടേയും സഹോദരങ്ങളുടേയും ദുഃഖസ്മൃതികൾ കുടുംബസ്നേഹിയായ സി. കെ. തോമസിന്റെ വാക്കുകളിൽ തന്നെ ഇവിടെ പകർത്തുകയാണ്.

1946 ഡിസംബർ മാസം ഇളംപുരയിടം ഭാഗത്തുനിന്നും ചീരാംകുഴിയിൽ തൊമ്മന്റെ മകൻ മാത്യുവും (കൊച്ചുകുട്ടി) മാണി മകൻ അപ്പച്ചനും തൊമ്മന്റെ മകൻ തോമ്മാച്ചിയുടെ മകൻ കൊച്ചും കൂടി മലബാറിൽ സ്ഥലം അന്വേഷിച്ച് പുറപ്പെട്ടു. കോഴിക്കോട് ജില്ലയിലെ തിരുവംപാടി അംശത്തിൽ ഇന്നത്തെ കോടഞ്ചേരി പഞ്ചായത്തിൽപെട്ട കണ്ണോത്ത് അവർ എത്തിച്ചേർന്ന മുൻകുടിയേറ്റക്കാരും നാട്ടുകാരുമായ മണ്ണാർകുന്നേൽ ചാക്കോ, ഏഴാനിക്കാട്ട് കുര്യാക്കോസ് എന്നിവരോട് 8 ഏക്കർ കാടു വാങ്ങുകയും ഏറുമാടത്തിൽ താമസം തുടങ്ങുകയും ചെയ്തു. നിരന്നുനിന്ന കാട് വെട്ടിത്തെളിച്ച് കാട്ടാനകളോടും ഇഴജന്തുക്കളോടും മല്ലിട്ട് കാർഷികവൃത്തിയുടെ ആദ്യഘട്ടത്തിന് ആരംഭം കുറിച്ചു.

1947 ൽ കൊച്ചുകുട്ടിയും കുടുംബവും പരേതനായ തോമ്മാച്ചിയുടെ ഭാര്യ ത്രേസ്യായും കുടുംബവും കണ്ണോത്ത് താമസമാരംഭിച്ചു. തുടർന്ന് 1948 ൽ കൊച്ചുമാണി, കുര്യൻ എന്നിവരും കുടുംബാംഗങ്ങളും 1949 ൽ പെരുവന്താനത്തു നിന്നു കൊച്ചേപ്പും കുടുംബവും കണ്ണോത്ത് താമസമാക്കി. ചെമ്പനോലിയിൽ നിന്നു കുരുവിളയും കുടുംബവും 1951 ലും ഇളംപുരയിടത്തിൽ ശേഷിച്ചിരുന്ന കുടുംബനാഥനായ തൊമ്മനും ഭാര്യമറിയവും അവിവാഹിതയായ മകൾ ചിന്നമ്മയും മലബാറിലെത്തി. 1961 ൽ പൊൻകുന്നത്ത് കുന്നേൽ കുടുംബത്തിലേക്ക് വിവാഹിതയായിരുന്ന വർക്കിയും കുടുംബാംഗങ്ങളും കണ്ണോത്ത് സ്ഥലം വാങ്ങി സ്ഥിരതാമസമാരംഭിച്ചു. ഈ വലിയ കുടുംബത്തോട് വിടപറഞ്ഞ് ആദ്യമായി സ്വർഗ്ഗയാത്ര ചെയ്തത് കൊച്ചേപ്പിന്റെ ഭാര്യകൊച്ചുത്രേസ്യയാണ്. 1951 നവംബർ 29 ന് ഉണ്ടായ ആകസ്മികമായ ഈദേഹ

വിയോഗം ഏവരേയും ദുഃഖത്തിലാഴ്ത്തി. മലബാർ കുടിയേറ്റത്തിന് ചുക്കാൻ പിടിച്ച ചീരാംകുഴി കുടുംബത്തിന്റെ ഓജസ്സും തേജസ്സും കഠിനാദ്ധ്വാനിയുമായിരുന്ന കൊച്ച് (സി. റ്റി. തോമസ്) രോഗബാധിതനായി. ഏറെക്കഴിയും മുൻപേ 1954 ജൂലൈ 12 ന് ഊർജ്ജസ്വലനായ ആ യുവാവ് അകാലത്തിൽ പരലോകപ്രാപ്തനായി. ഈ വേർപാട് കുടുംബത്തിനേറ്റ വലിയ ഒരു ആഘാതമായിരുന്നു. അവിവാഹിതയായി കഴിഞ്ഞിരുന്ന ചിന്നമ്മ 1967 ജൂൺ 17 ന് പരലോകപ്രാപ്തയായി. തൊമ്മൻ മറിയം ദമ്പതികളുടെ ഏഴ് ആൺമക്കളിൽ ഇളയവനും ധൈര്യശാലിയും അരോഗദൃഢഗാത്രനുമായിരുന്ന കുര്യൻ 1969 ജനുവരി 28 ന് പെട്ടെന്നുണ്ടായ അസുഖം മൂലം മരണമടഞ്ഞത് കുടുംബക്കാരെ തീരാദുഃഖത്തിലാഴ്ത്തി. മലബാർ കുടിയേറ്റത്തിന്റെ അമരക്കാരനും കുടുംബത്തിന്റെ വഴി കാട്ടിയും കഠിനാദ്ധ്വാനിയുമായിരുന്ന കൊച്ചുകുട്ടി 1969 ഏപ്രിൽ 24 ന് ഇഹലോകവാസം വെടിഞ്ഞു. ചീരാംകുഴി കുടുംബാംഗങ്ങളുടെ സ്മരണയിൽ വേദനയോടെയും ദുഃഖത്തോടെയും എന്നും നിലനില്ക്കുന്ന ഒരുവേർപാടായിരുന്നു അത്. 1969 സെപ്റ്റംബർ 21, ഈ കുടുംബത്തിന്റെ ദുഃഖം ചിറപൊട്ടി ഒഴുകിയ ദിവസമായിരുന്നു. വിനായാന്വിതനും കർമ്മനിരതനും സ്നേഹസമ്പന്നനുമായിരുന്ന ഞങ്ങളുടെ വല്ല്യപ്പൻ തൊമ്മൻ തൊമ്മന്റെ ആത്മാവ് സ്വർഗ്ഗീയ വിളിക്കുത്തരം നൽകിയത് അന്നായിരുന്നു. 1976 ഫെബ്രുവരി 15 ന് തൊമ്മന്റെ മൂന്നാമത്തെ മകൻ കൊച്ചേപ്പും 1980 നവംബർ 19 ന് രണ്ടാമത്തെ മകൻ വർക്കിയും നിര്യാതരായി. മൂത്ത മകൻ തോമ്മാച്ചിയുടെ ഭാര്യയും ത്യാഗസമ്പന്നയുമായ ത്രേസ്യാ 1982 ജൂൺ 23 ന് നിര്യാതയായി. ഈ വലിയ കുടുംബത്തിന്റെ ദീപവും നാഥയുമായിരുന്ന വല്ല്യമ്മച്ചിയും - തൊമ്മന്റെ ഭാര്യ മറിയം - തലമുറകളെ വളർത്തിയെടുത്ത സംതൃപ്തിയോടെ 1984 ജൂലൈ 17 ന് സ്വർഗ്ഗപ്രാപ്തയായി.

തൊമ്മൻ - മറിയം ദമ്പതികൾക്ക് 7 ആൺമക്കളും 4 പെൺമക്കളുമാണ് ഉണ്ടായിരുന്നത് എന്നു പറഞ്ഞുവല്ലോ!

A. പ്രഥമപുത്രൻ തോമസ് (തോമ്മാച്ചി)

മൂത്തസഹോദരൻ എന്ന നിലയിൽ കുടുംബാംഗങ്ങൾക്ക് ധീരമായ നേതൃത്വം നല്കിയ ഇദ്ദേഹം 1938 ൽ അകാലചരമം പ്രാപിച്ചു. എലിക്കുളം കുമ്പളപ്പള്ളിൽ കുടുംബാംഗമായ ത്രേസ്യാ ആയിരുന്നു തോമ്മാച്ചിയുടെ ഭാര്യ. ഇവർക്ക് രണ്ട് ആൺമക്കളും ഒരു മകളുമാണ് ഉണ്ടായിരുന്നത്. **മൂത്തമകൻ കൊച്ച് (സി. റ്റി. തോമസ്)** മലബാർ കുടിയേറ്റത്തിന്റെ മുന്നണിയിൽ പ്രവർത്തിച്ച കർമ്മധീരനായ ഈ ചെറുപ്പക്കാരൻ 1954 ജൂലൈ 12 ന് ഇഹലോകവാസം വെടിഞ്ഞു. തിരുവമ്പാടി പുറത്തൂട്ട് ചിന്നമ്മയാണ് കൊച്ചിന്റെ ഭാര്യ. ഏകമകൻ **തോമ്മാച്ചനും** ഭാര്യമോളിയും മക്കളായ ഡെന്നീസും നീതുവും കോളേജ് വിദ്യാർത്ഥികളാണ്. ഇവർ വടക്കഞ്ചേരി പനമ്പള്ളി എന്ന സ്ഥലത്താണ് താമസിക്കുന്നത്. തൊമ്മാച്ചൻ 19-6-95ൽ മരണമടഞ്ഞു.

2. പെണ്ണമ്മ



പെണ്ണമ്മ തോമസ് ചേന്നാൽ

തോമ്മാച്ചിയുടെ ഏകമകൾ പെണ്ണമ്മയെ കുടക്കച്ചിറ ചേണാൽ തോമസ് വിവാഹം ചെയ്തു. ഇവർ കണ്ണോത്ത് താമസിക്കുന്നു. മൂത്ത മകൾ മേരി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സഭയിൽ ചേർന്ന് കൽക്കത്തയിൽ സ്കൂൾ അദ്ധ്യാപികായി സേവനം ചെയ്യുന്നു. രണ്ടാ

മത്തെ മകൾ തെയ്യാമ്മയും ഭർത്താവ് ബേബിയും ഷാർജയിലാണ്. ഇവർക്കു രണ്ടു മക്കളാണുള്ളത്. മകൻ റെഞ്ചു എജിനീയറിംഗ് പാസ്സായി ജോലിയിലാണ്. മകൾ ചിഞ്ചു+2 വിദ്യാർത്ഥിനിയും. എല്ലാവരും ഷാർജയിലാണ്. മൂന്നാമത്തെ മകൾ സെലിയുടെ ഭർത്താവ് പൂതംപാറ പെരുമ്പള്ളിൽ ജോർജാണ്. ഇവർക്ക് മൂന്നുമക്കളാണുള്ളത്. മൂത്തമകൻ ജെറിൻ M.C.B.S സെമിനാരിയിൽ ചേർന്ന് പഠിക്കുന്നു. ഇളയമക്കൾ സെറിൻ കോളേജ് വിദ്യാർത്ഥിയും അലീന സ്കൂൾ വിദ്യാർത്ഥിനിയുമാണ്. പെണ്ണമ്മയുടെ നാലാമത്തെ മകൾ സിസിലിയെ ജീരകപ്പാറകോട്ടുപ്പള്ളിയിൽ ബേബിയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് രണ്ടു പെൺമക്കളും ഒരുമകനുമാണുള്ളത്. മൂത്തമകൻ സിറിൽ ഹയർസെക്കണ്ടറിയിലും സംഗീതയും സോണിയും ഹൈസ്ക്കൂളിലും പഠിക്കുന്നു. പെണ്ണമ്മയുടെ മക്കളിൽ അഞ്ചാമനായ ബാബു മരുതോങ്കര തട്ടുങ്കൽ കുടുംബാംഗമായ ഷാന്റിയെ വിവാഹം ചെയ്തു കണ്ണോത്ത് താമസിക്കുന്നു. ഇവർക്ക് മൂന്നു ആൺമക്കളുണ്ട്. അരുൺ, അബിൻ, അജിൻ എന്നിവർ സ്ക്കൂളിൽ പഠിക്കുന്നു. ആറാമത്തെ അംഗമായ സജിയുടെ ഭാര്യ ചെമ്പുകടവ് ചേന്നാപ്പള്ളിൽ പൌളിയാണ്. നേഴ്സായ പൌളി കുവൈറ്റിൽ ജോലിചെയ്യുന്നു. ഇവരുടെ മകൾ എയ്ഞ്ചൽ രണ്ടാം ക്ലാസ്സിലും മകൻ യു. കെ. ജി യിലും പഠിക്കുന്നു. പെണ്ണമ്മയുടെ ഏറ്റവും ഇളയമകൾ ബീനയെ തുരുത്തിപ്പള്ളിൽ സണ്ണി വിവാഹം ചെയ്തു. ഇവർക്ക് ഒരു ആൺകുട്ടിയും രണ്ടു പെൺകുട്ടികളുമാണുള്ളത്. ബീനയും സണ്ണിയും സ്കൂൾ അദ്ധ്യാപകരാണ്.



3. കുഞ്ഞ് (സി. റ്റി. ജോസഫ്)

രണ്ടാമത്തെ മകൻ കുഞ്ഞ് പുല്ലൂരാംപാറ ഓണാട്ട് ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകളും നാല് ആൺമക്കളുമാണുള്ളത്. മൂത്തമകൾ ഷെർളിയെ എറണാകുളത്ത് അത്തിപ്പൊഴിയിൽ ജോസ് പ്രകാശ് വിവാഹം ചെയ്തു. ഇവർ രണ്ടു പേരും സിറ്റസർലണ്ടിൽ ജോലിചെയ്യുന്നു. മക്കളായ ആൽബിനും അലീനയും സ്കൂൾ



വിദ്യാർത്ഥികളാണ്. മൂത്തമകൻ ഷാജു (കൂരാചുണ്ട്) വാലുമ്മേൽ വത്സമ്മയെ വിവാഹം ചെയ്തു. ഇവരുടെ മക്കൾ കെവിനും ഷാരോണും സ്കൂളിൽ പഠിക്കുന്നു. ഇവരും സിറ്റസർ ലണ്ടിൽ ആണ്. രണ്ടാമത്തെ മകൻ ഷിമ്മി കല്ലൂപറമ്പിൽ പുഷ്പ എന്ന മേരിയെ വിവാഹം ചെയ്ത് കാർഷികവൃത്തിയിലേർപ്പെട്ട് കണ്ണോത്ത് താമസിക്കുന്നു. സാംജോസ്, സാവിയോ എന്നിവരാണ് മക്കൾ. മൂന്നാമത്തെ മകൻ ഷാബു വൈത്തിരിറാത്തപ്പള്ളിൽ ബീനയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഷാബുവും,ഷിമ്മിയും താമരശേരി ഓഫ്സെറ്റ് പ്രസിൽ ജോലിചെയ്യുന്നു. ഇവർക്ക് ആഷ്ലിൻ എന്ന ആൺകുട്ടിയും അലീഷ എന്ന പെൺകുട്ടിയുമാണ് മക്കൾ. ഇവർ സ്കൂൾ വിദ്യാർത്ഥികളാണ്. നാലാമത്തെ മകൻ ഷാമോൻ നൈജീരിയായിൽ പ്രൈവറ്റ് കമ്പിനിയിൽ ജോലിചെയ്യുന്നു. ഭാര്യ ജാസ്മിൻ കുടരത്തി കാരയ്ക്കാട്ട് കുടുംബാംഗമാണ്. കോഴിക്കോട്ട് മെഡിക്കൽ കോളേജിൽ നേഴ്സായി ജോലിചെയ്യുന്നു. ഇവർക്ക് സ്ക്കൂൾ വിദ്യാർത്ഥിനി ആൽഫയും, ആൽബമരിയ (5മാസം) എന്നീ രണ്ടുപെൺകുട്ടികളാണുള്ളത്. ഇവർ പുല്ലൂരാംപാറയിൽ താമസിക്കുന്നു. കുടുംബനാഥനായ കുഞ്ഞ് (സി. റ്റി ജോസഫ്) 2005 മാർച്ച് മാസം 17 ന് രോഗബാധിതനായി മരണമടഞ്ഞു. ഭാര്യ ഏലിക്കുട്ടി മകൻ ഷാബുവിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു സൌമ്യനും സ്നേഹസമ്പന്നനും ആയിരുന്ന കുഞ്ഞിന്റെ വേർപാട് കുടുംബാംഗങ്ങളെ ദുഃഖത്തിലാഴ്ത്തിയ ഒരു വിടപറയലായിരുന്നു.



സി.റ്റി. ജോസഫ് മൃതസംസ്ക്കാരം

B. സി. റ്റി. വർക്കി

തൊമ്മൻ മറിയം ദമ്പതികളുടെ രണ്ടാമത്തെ മകൻ വർക്കി പൊൻകുന്നം കുന്നേൽ കുടുംബാംഗമായ ത്രേസ്യായെ വിവാഹം ചെയ്തു. ദത്തവകാശിയായി പൊൻകുന്നം കുന്നേൽ കുടുംബത്തിൽ താമസമാക്കി. ഇവർക്ക് തോമസ്, അന്നമ്മ, മേരി, കുട്ടിയച്ചൻ, അപ്പച്ചൻ, ജോർജ്ജ്, ബേബിച്ചൻ, ബാബു എന്നീ ആറ് ആൺമക്കളും രണ്ടുപെൺമക്കളുമാണ് ഉണ്ടായിരുന്നത്. 19 - 11 - 1980 ൽ കുടുംബത്തലവൻ വർക്കിയും 17 - 8 - 1997 ൽ ഭാര്യ ത്രേസ്യായും മരണമടഞ്ഞു.

1. തോമസ്കുന്നേൽ (കുഞ്ഞ്)

മുംബെയിൽ ഹൈസ്കൂൾ ഹെഡ്ക്ലാർക്കായി ദീർഘനാൾ സേവനം ചെയ്തശേഷം റിട്ടയർ ചെയ്തു. തോമസിന്റെ ഭാര്യ ക്രിസ്റ്റീനായുമൊത്ത് മുംബെയിൽ ജൂഹുബീച്ചിനു സമീപമാണ് ഇവർതാമസിക്കുന്നത്. ഇവർക്ക് മരിയാ, ഫ്രാൻസീസ്, ജരാൾഡ്, ഓക്സീലിയാ, ജോസ്, ടീസാ, ഡോമിനിക്ക്, എന്നിങ്ങനെ നാല് ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. മൂത്തമകൾ മരിയയും ഭർത്താവ് ഡേരിയസ് ഗൊൺസാലസും പ്രമുഖ ഹോട്ടലുകളിൽ ഉദ്യോഗം വഹിക്കുന്നു. തോമസിന്റെ മൂത്തമകൻ ജരാൾഡ് ഹോട്ടൽ മാനേജരായി ജോലി ചെയ്യുന്നു. ഭാര്യ സാലി കണ്ണോത്ത് പുന്നത്താനത്ത് കുടുംബാംഗമാണ്. ഇവർക്ക് ജോസഫ് സാവിയോ, സ്റ്റെഫി, സാമുവേൽ എന്നിവർമക്കളാണ്. രണ്ടാമത്തെ മകൾ ഓക്സീലിയായുടെ ഭർത്താവ് ടോണി ഗൊൺസാലസ് ഇവർക്ക് Kirsten, Aduilia, Tonia എന്നിങ്ങനെ ഒരാൺകുട്ടിയും രണ്ടുപെൺകുട്ടികളുമാണുള്ളത്. രണ്ടാമത്തെ മകൻ ജോസിന്റെ ഭാര്യ സബറീനയാണ്. ഇവർക്ക് ജെയിംസ്, ജോൺ എന്ന ഇരട്ടക്കുട്ടികളാണുള്ളത്. മൂന്നാമത്തെ മകൾ ടീസയുടെ ഭർത്താവ് കൾട്ടൺ ഗൊൺസാലസ് ആണ്. ഇവർക്ക് ചാർലീനി എന്ന ഒരു മകളുണ്ട്. മൂന്നാമത്തെ മകൻ ഡോമിനിക്കിന്റെ ഭാര്യ മെർലിൻ ആണ്. ഇവർ ദുബായിൽ ജോലിചെയ്യുന്നു. നാലാമത്തെ മകൻ റോബർട്ടിന്റെ ഭാര്യ പെരി ആണ്. റൂബൻ എന്ന ഒരു ആൺകുട്ടിയാണ് ഇവർക്കുള്ളത്. എല്ലാവരും ബോംബെയിൽ വിവിധ സ്ഥലങ്ങളിൽ ഉദ്യോഗങ്ങൾ സ്വീകരിച്ച് സന്തോഷമായി കഴിയുന്നു.

2. അന്നമ്മ

വർക്കി ത്രേസ്യാ ദമ്പതികളുടെ പ്രഥമ പുത്രി അന്നമ്മയെ മണിമല ആക്കാട്ട് കുഞ്ഞച്ചൻ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺകുട്ടികളും മൂന്നു പെൺകുട്ടികളുമുണ്ട്. അന്നമ്മയും ഭർത്താവും ഏതാനം വർഷങ്ങൾക്കു മുൻപ് മരണമടഞ്ഞു. മൂത്തമകൻ മോനിച്ചനും കുടുംബവും തങ്കമണിയിലും രാജൻ അണക്കരയിലും കാർഷിക വൃത്തിയിൽ ഏർപ്പെട്ടു കഴിയുന്നു. ലാലുമോൻ വിവാഹിതനാണ്. വത്സമ്മയെ പുളിക്കൽ കുടുംബാംഗമായ ഡോമിനിക്ക് ആണ് വിവാഹം ചെയ്തത്. ഇവർക്ക് രണ്ടു ആൺകുട്ടികളാണുള്ളത്.

ഇവർ കാഞ്ഞിരപ്പള്ളി ആനക്കല്ലിൽ താമസിക്കുന്നു. ഇളയമകൾ മോളിയെ മണിമല അമ്പാട്ട് കുടുംബത്തിലേക്ക് വിവാഹം ചെയ്തയച്ചു. രണ്ടുപേരും റയിൽവേ ഉദ്യോഗസ്ഥരായിരുന്നു. ഇവർ കൽക്കട്ടയിൽ താമസിച്ചിരുന്നു. 2003 ൽ ക്യാൻസർ രോഗം മൂലം മോളി നിര്യാതയായി. ഏറ്റവും ഇളയമകൾ ലിറ്റിയും കുടുംബവും കൊച്ചറയിലാണ് താമസിക്കുന്നത്.

3. മേരി

അന്നമ്മയുടെ സഹോദരി മേരിയെ ചങ്ങനാശ്ശേരി കുരിശുംമൂട്ടിൽ കെ. എസ്. തോമസ് ആണ് വിവാഹം ചെയ്തത്. ചങ്ങനാശ്ശേരിയിലെ പ്രസിദ്ധനായ മലബാരക്കു വ്യാപാരിയായിരുന്ന കുഞ്ഞോമ്മാച്ചൻ പില്ക്കാലത്ത് അരിയുടെ മൊത്തക്കച്ചവടം ഏറ്റെടുത്ത് നടത്തിയിരുന്നു. രണ്ട് ആൺമക്കളും നാല് പെൺമക്കളുമാണ് ഇവർക്കുള്ളത്. കുഞ്ഞോമ്മാച്ചൻ എഴുപത്തിരണ്ടാമത്തെ വയസ്സിൽ 15 - 2 - 97 ൽ മരണം പ്രാപിച്ചു. മേരി തോമസ് ദമ്പതികളുടെ മൂത്തമകൻ സാബു കൈനകരികോലത്ത് കെ. എസ് ജോസഫ് മകൾ ലോഡ്ജിയെ ആണ് വിവാഹം ചെയ്തിരിക്കുന്നത്. മകൻ തോമസ് പ്ലേ സ്കൂളിൽ പഠിക്കുന്നു. രണ്ടാമനായ സണ്ണി തൃശൂർ കുളത്തുങ്കൽ വില്യാംസ് ഫിലോമിന മകൾ ഡാനിയെ വിവാഹം ചെയ്തു. സാബുവും സണ്ണിയും പിതാവിന്റെ വ്യാപാരസ്ഥാപനം തടർന്നു പോരുന്നു. മൂത്തമകൾ ആലീസിന്റെ ഭർത്താവ് വടകര വാഴപ്പാടത്ത് രാജനാണ്. ഇവർ ന്യൂയോർക്കിലാണ്. എൻജിനിയറിംഗ് വിദ്യാർത്ഥിയായ ജോയലും ഡിഗ്രിക്ക് പഠിക്കുന്ന

തോമസും ജെന്നിയുമാണ് ഇവരുടെ മക്കൾ. ജെന്നി പഠനശേഷം ജോലിയിലാണ്. ആലീസിന്റെ ഇളയസഹോദരി ലാൻസി എം. ടെക്ക് ഇ. ആർ. ഡി. സി. ജോയിന്റ് ഡയറക്ടറായി തിരുവനന്തപുരത്ത് സേവനം ചെയ്യുന്നു. ഭർത്താവ് തൃശൂർ തൂലത്താങ്കൽ പ്രാൻസീസ് - റോസി മകൻ മാത്യു പ്രാൻസീസ് എന്ന പി. ടബ്ല്യു. ഡി എൻജിനീയറാണ്. മക്കൾ ജെസി എൻജിനീയറിംഗ് വിദ്യാർത്ഥിനിയും ജെറി സ്കൂൾ വിദ്യാർത്ഥിയുമാണ്. ലാൻസിയുടെ ഇളയസഹോദരി ലിറ്റി. എംഎ . ബിഎട്. ബോംബെയിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ചങ്ങനാശ്ശേരി കുത്തുകല്ലുങ്കൽ കെ. റ്റി. തോമസ് മറിയമ്മ മകൻ റോയിതോമസ് ആണ് ലിറ്റിയുടെ ഭർത്താവ്. ഇദ്ദേഹം ജനറൽ ഇൻഷ്വറൻസ് കമ്പനി മാനേജരായി ലിറ്റിയോടൊപ്പം ബോംബെയിൽ താമസിക്കുന്നു, എൻജിനീയറിംഗ് വിദ്യാർത്ഥിനിയായ ദിവ്യയും സ്കൂളിൽ പഠിക്കുന്ന രമ്യയുമാണ് മക്കൾ. ഈ കുടുംബത്തിലെ ഇളയമകൾ റോസിലിയെ പാമ്പാടി കുരീക്കാട്ട് കെ. എം. ജോസഫ് മകൻ മാത്യു. കെ. ജോസഫ് വിവാഹം ചെയ്തു. ഇദ്ദേഹം മുത്തൂറ്റ് ഗ്രൂപ്പിൽ ആഡിറ്ററായി ജോലി ചെയ്യുന്നു. ജോസിയും ജോസിനായും മക്കളാണ്.

4. കുട്ടിയച്ചൻ

കുട്ടിയച്ചനും ഭാര്യ അയ്യപ്പൻ കോവിൽ മുളങ്ങാട്ടിൽ കുടുംബാംഗമായ ഏലിക്കുട്ടിയും പേരാവൂരിൽ കൃഷിയിൽ ഏർപ്പെട്ട് താമസിക്കുന്നു. വിദ്യാർത്ഥികളായ സൗമ്യയും ജോസും മൂത്തമകൻ ജോണിയും മാനന്തവാടിയിലും മൂത്തമകൾ ലിറ്റിയെതൊട്ടുമുക്കം കുന്നുംപുറത്തു വിൻസൻ വിവാഹം ചെയ്ത് ചെമ്പേരിയിലും രണ്ടാമത്തെ മകൾ ലിൻഡയെ പൊട്ടൻപ്ലാവിൽ ബെന്നി വിവാഹം ചെയ്ത് കുട്ടിയാന്മലയിലും കുടുംബസമേതം താമസിക്കുന്നു. ജോൺസണും ഭാര്യ ജിൻസിയും പേരാവൂരിൽ താമസിക്കുന്നു. ഇവർക്ക് രണ്ടു മക്കളുണ്ട്. ജോൺസൺ ബിൽഡിങ്ങ് കോൺട്രാക്റ്റർ ആണ്. കുട്ടിയച്ചൻ 17-6-2006 ൽ മരണം പ്രാപിച്ചു.

5. അഷ്ചൻ (ആന്റണി)

ദീർഘകാലമായി മേരിയുടെ ഭർത്താവ് കുഞ്ഞോമ്മാച്ചനോടൊപ്പം ബിസിനസ്സിൽ ഏർപ്പെട്ടിരുന്നു. അവിവാഹിതനായ അപ്പച്ചൻ

ഇപ്പോഴും ചങ്ങനാശ്ശേരിയിൽ ബിസിനസ്സ് പാർട്ടണർ ആയി കുരിശും മൂട്ടിൽ കുടുംബത്തിലെ ഒരംഗമായിത്തന്നെ പ്രവർത്തിക്കുന്നു.

6. ജോർജ്ജ്

പുല്ലൂരാംപാറ വാഴേപറമ്പിൽ മേരിയാണ് ജോർജ്ജിന്റെ ഭാര്യ. ജോർജ്ജ് കണ്ണോത്ത് ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർക്ക് നാല് ആൺമക്കളും ഒരുമകളുമാണുള്ളത്. മൂത്തമകൻ ജിജിമോന്റെ ഭാര്യ പള്ളിക്കുന്ന് കിഴക്കേ കാലായിൽ കുടുംബാംഗമായ ലാലിയുമൊത്ത് കാർഷികവൃത്തിയിലേർപ്പെട്ടു കണ്ണോത്ത് താമസിക്കുന്നു. ഇവരുടെ മക്കൾ നിഖിലും ജിയോയും വിദ്യാർത്ഥികളാണ്. രണ്ടാമത്തെ മകൻ ജോയി കമ്പ്യൂട്ടർ പഠനം കഴിഞ്ഞ് മുംബൈയിൽ ജോലി ചെയ്യുന്നു. ഗോവാ സ്വദേശിയായ പ്രസീലയാണ് ഭാര്യ. ഇവർക്ക് അലക്സ് എന്ന ഒരാൺകുട്ടിയുണ്ട്. ഏകമകൾ ജെയിസിയുടെ ഭർത്താവ് കട്ടിപ്പാറ മണിമല റെജിയാണ്. ഇവർക്ക് രണ്ടാൺമക്കളുണ്ട്. മൂന്നാമത്തെ മകൻ ജോഷി ഏ. റ്റി. എ പഠിച്ച് എക്സ് റേ ടെക്നീഷ്യനായി നൈജീരിയയിൽ ജോലിചെയ്യുന്നു. ഭാര്യ തോട്ടുമുക്കം, നെല്ലരിയിൽ എബ്രഹാം മകൾ സീമയാണ്. ഇവർക്ക് ആകാശ് എന്ന ഒരാൺകുട്ടിയുണ്ട്. നാലാമത്തെ മകൻ ജിജോ എം. ബി. എ പഠിച്ച് നൈജീരിയായിൽ ജോലിയിലാണ്. ഭാര്യ നിലമ്പൂർ മണിമൂളി വേങ്ങത്താനത്ത് ലിജിയും നൈജീരിയായിലാണ്.

7. ബേബിച്ചൻ (മാത്യു)

ഭാര്യ ചിന്നമ്മ കുന്നത്തേട്ടു കുടുംബാംഗമാണ്. ഇവർക്ക് 2 ആൺമക്കളും 2 പെൺമക്കളുമാണുള്ളത്. മൂത്തമകൾ ബിന്ദുവിനെ നിലമ്പൂർ എംബ്രയിൽ സാബു വിവാഹം ചെയ്തു. ഇവർക്ക് ഒരുകുട്ടിയുണ്ട്. മൂത്തമകൻ ബിജു ദുബായിൽ ജോലിചെയ്യുന്നു. രണ്ടാമത്തെ മകൾ ബിജി കംപ്യൂട്ടർ അദ്ധ്യാപികയാണ്. ആനിക്കാംപൊയിലിൽ നെല്ലിക്കുന്നേൽ രാജേഷാണ് ഭർത്താവ് . ഏറ്റവും ഇളയ മകൻ ബിനു ബാംഗ്ലൂരിൽ നേഴ്സിങ്ങ് വിദ്യാർത്ഥിയാണ്.

8. ബാബു

വയനാട് തരിയോട് കാരനിരപ്പേൽ ജോസഫ് മകൾ ചേച്ചമ്മയാണ് ബാബുവിന്റെ ഭാര്യ. ഇവർക്ക് ഒരു മകളും രണ്ട് ആൺമക്കളുമാ

ണുള്ളത്. ഒറ്റപ്പാലത്ത് പഴയന്നൂർ ആണ് ഇവർ താമസിക്കുന്നത്. സെനിമോൾ നഴ്സിങ്ങ് പാസായിക്കഴിഞ്ഞു. സ്റ്റാനി ഡിഗ്രിപഠനം പൂർത്തിയാക്കി സെഫി നഴ്സിങ്ങ് കഴിഞ്ഞു.

C. കൊച്ചേഷ്

തൊമ്മൻ മറിയാ ദമ്പതികളുടെ മൂന്നാമത്തെ മകൻ കൊച്ചേപ്പിന്റെ ഭാര്യആനിക്കാട്ട് ഇളംപള്ളിയിലുള്ള എളപ്പമാക്കൽ കുടുംബാംഗമായ കൊച്ചന്നയാണ്. ഈ ദമ്പതികൾക്ക് 2 ആൺമക്കളും 2 പെൺമക്കളുമാണുണ്ടായിരുന്നത്.

1. കുട്ടിയമ്മ

മൂത്തമകൾ കുട്ടിയമ്മയെ ചിറക്കടവിൽ നിന്നും കണ്ണോത്ത് കുടിയേറി താമസമാക്കിയ കല്ലംപ്ലാക്കൽ കുഞ്ഞുകുട്ടൻ എന്ന ഫിലിപ്പ് വിവാഹം ചെയ്തു. ഇവർക്ക് 2 ആൺമക്കളും മൂന്ന് പെൺമക്കളുമാണുള്ളത്. മൂത്തമകൾ എസ്. എച്ച്. കോൺവെന്റിൽ ചേർന്ന് മഹാരാഷ്ട്രയിൽ മിഷ്യൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. മറ്റു രണ്ടു പെൺമക്കളേയും വിവാഹം കഴിപ്പിച്ച് അയച്ചു. മൂത്തമകൻ അപ്പച്ചൻ എന്ന കെ. പി. ജോസഫ് കണ്ണോത്ത് റേഷൻ വ്യാപാരിയാണ്. ഭാര്യ ജോളി കണ്ണോത്ത് പുലിമലയിൽ കുടുംബാംഗമാണ്. ഇവർക്ക് 2 ആൺമക്കളും ഒരുമകളുമുണ്ട്. കുട്ടിയമ്മയുടെ രണ്ടാമത്തെ മകൻ കെ. പി. വർക്കി വയനാട്ടിൽ നടവയൽ സ്വദേശി റോസമ്മയെ ആണ് വിവാഹം ചെയ്തിരിക്കുന്നത്. വർക്കി കാർഷികവൃത്തി സ്വീകരിച്ച് കണ്ണോത്തു താമസിക്കുന്നു. ഇവർക്ക് 2 ആൺമക്കളുണ്ട്. 7 - 7 - 1985 ൽ കുട്ടിയമ്മ നിര്യാതയായി 18 - 7 -2002ൽ ഫിലിപ്പും ചരമം പ്രാപിച്ചു

കൊച്ചേപ്പു - കൊച്ചന്ന ദമ്പതികളുടെ രണ്ടാമത്തെ മകൾ തെയ്യാമ്മയെ തിരുവമ്പാടി പുന്നയ്ക്കൽ കൊച്ചുകൈപ്പേൽ കുഞ്ഞ് എന്ന കെ. സി. ചാക്കോ വിവാഹം ചെയ്തു. തങ്ക, ജാൻസി, സണ്ണി, ജെസി , ലൈസ്ലി , ബിനു എന്നിവർ മക്കളാണ്.

കൊച്ചേപ്പിന്റെ ആൺമക്കളിൽ മൂത്തയാൾ ജോർജ്ജ് ക്രടരഞ്ഞി വെണ്ണായിപ്പള്ളിൽ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരുമകനും മൂന്നു പെൺമക്കളുമാണുള്ളത്. രണ്ടാമത്തെ മകൻ ബേബി മൂലയിൽ



കുരുവിളയും കുടുംബാംഗങ്ങളും

റീത്താമ്മയെ വിവാഹം കഴിച്ചു ഇവർക്ക് ഒരു മകളും ഒരു മകനുമുണ്ട്. മകൾ റെജി ഭർത്താവ് കണ്ണമ്പള്ളി സെബാസ്റ്റ്യൻ മീറ്റിലാണ്. മകൻ ജെറിൻ ദുബായിൽ ജോലിചെയ്യുന്നു.

29 - 11 - 1951 ൽ കൊച്ചേപ്പിന്റെ ഭാര്യ കൊച്ചന്നമരണമടഞ്ഞു. കൊച്ചേപ്പ് 1963 ൽ വാഴക്കുളം മാതാക്കൽ കുടുംബാംഗമായ ഏലിക്കുട്ടിയെ വിവാഹം ചെയ്തിരുന്നു. ഈ രണ്ടാം വിവാഹത്തിൽ ഉള്ള ഏക മകൻ സെൽവിൻ കമ്പ്യൂട്ടർ പ്രോഗ്രാമറാണ് ഭാര്യ നിലമ്പൂർ പൂക്കോട്ടാൻ തമ്പി മകൾ ജെയിൻ, ഇവർക്ക് അമൽ, അജിത്, എന്നീ ആൺമക്കളുണ്ട്. കൊച്ചേപ്പ് 15 - 2 - 86 ലും ഏലിക്കുട്ടി 5 - 4 - 2000 ലും ചരമം പ്രാപിച്ചു.

D. തൊമ്മൻ കുരുവിള

തൊമ്മൻ മറിയം ദമ്പതികളുടെ നാലാമത്തെ മകൻ കുരുവിള പൈക കളപുരയ്ക്കൽ മാമ്മിയെ വിവാഹം ചെയ്തു. എരുമേലിക്കടുത്ത് ചെമ്പനോലിയിൽ സ്ഥലം വാങ്ങി കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന കുരുവിള 1951 ൽ സ്ഥലം വിറ്റ് മലബാറിൽ എത്തി കണ്ണോത്ത് ഭൂമി വാങ്ങി താമസം ആരംഭിച്ചു. ഇവർക്ക് മൂന്നു ആൺമക്കളും മൂന്നുപെൺമക്കളുമാണ് ഉണ്ടായിരുന്നത്. മൂത്തമകൾ കുട്ടിയമ്മയെ വയനാട്ടിൽ പനമരം അടുത്ത് കൂളിവയലിൽ ചീങ്കല്ലേൽ മാത്യു വിവാഹം ചെയ്തു. ഇവർക്ക് മൂന്നു ആൺമക്കളും നാലു പെൺമക്കളുമാണുള്ളത്. കുരുവിളയുടെ പ്രഥമ പുത്രൻ പാപ്പു എന്ന സി. കെ തോമസ് കണ്ണോത്ത് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായി ദീർഘകാലം സേവനം ചെയ്തിരുന്നു. തോമസിന്റെ ഭാര്യ ആനിക്കാട്ട് തേനിയപ്ലാക്കൽ അവിരായുടെ മകൾ ത്രേസ്യാമ്മ (ചിന്നമ്മ) ആയിരുന്നു. ഹൈസ്കൂൾ അദ്ധ്യാപികയായിരിക്കെ രോഗബാധിതയായി 49-ാമത്തെ വയസിൽ 1986 ഫെബ്രുവരി 13ന് ചിന്നമ്മ നിര്യാതയായി. ഇവർക്ക് ഒരു മകളും രണ്ട് ആൺമക്കളും ഉണ്ട്. മകൾ ഗീത വയനാട്ടിൽ പള്ളിക്കുന്നു ആർ. സി. യു. പി. സ്കൂൾ അദ്ധ്യാപികയാണ്. ഗീതയുടെ ഭർത്താവ് പള്ളിക്കുന്ന് എതിർവേലിൽ ബേബി, പനമരം ഗവ. എച്ച്. എസ്. എസ്. ൽ അദ്ധ്യാപകനാണ്. ഇവർക്കു അമല എന്ന പെൺകുട്ടിയും ലിയോ എന്ന ആൺകുട്ടിയും മക്കളാണ്. പാപ്പുവിന്റെ മൂത്തമകൻ മനോജ് ബി. എസ് സിയും കമ്പ്യൂട്ടർ പരീക്ഷയും പാസ്സായി സൗദിയിൽ ജോലിചെയ്യുന്നു. ഭാര്യ

പുതുപ്പാടിമയിലള്ളാംപാറ ആക്കാട്ട് ജോസഫ് മേരി മകൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ നേഴ്സായ മോളി (ഏലിക്കുട്ടി) ആണ്. ഇവർക്ക് അമിത എന്ന ഒരു പെൺകുട്ടിയും ബെനഡിക്ട് എന്ന ആൺകുട്ടിയും മക്കളാണ്. പാപ്പുവിന്റെ രണ്ടാമത്തെ മകൻ രാജേഷ് ഹോട്ടൽ മാനേജമെന്റ് ഡിഗ്രി പാസായി കാനഡയിൽ രാജേഷിനോപ്പം ജോലി ചെയ്യുന്നു. ടൊറന്റോസിറ്റിയിൽ ജോലിചെയ്യുന്നു. നിലമ്പൂർ ചുങ്കത്തറ തറപ്പേൽ എബ്രഹാം - റോസമ്മ ദമ്പതികളുടെ മകൾ ഡോണാ (ബി. എസ് സി നേഴ്സ്) ആണ് രാജേഷിന്റെ ഭാര്യ. പാപ്പു 1987 ൽ താമരശ്ശേരി കടുകമാക്കൽ മത്തായിയുടെ മകൾ അന്നക്കുട്ടിയെ പുനർ വിവാഹം ചെയ്തു. അന്നക്കുട്ടി പ്രൈമറി സ്കൂൾ അദ്ധ്യാപികയായിരുന്ന ശേഷം 1993 ൽ റിട്ടയർ ചെയ്തു. കട്ടിപ്പാറ നസ്രത്തുഹിൽ എൽ. പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. സി. കെ. തോമസ് 1992 ൽ റിട്ടയർ ചെയ്തു. പാപ്പുവും കുടുംബവും ഇപ്പോൾ താമരശ്ശേരിക്കു സമീപം ഈങ്ങാപുഴയിൽ താമസിക്കുന്നു.

കുരുവിളയുടെ രണ്ടാമത്തെ മകൾ (പെണ്ണമ്മ) സി. ജയിൻ ബി. എസ്സി ബി. എഡ്സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സന്യാസിനിവിഭാഗത്തിൽ ചേർന്ന് ചത്തിസ്ഗഡിൽ സേവനം അനുഷ്ഠിക്കുന്നു.

കുരുവിളയുടെ രണ്ടാമത്തെ മകൻ സി. കെ. മാണി (കൊച്ച്) തിരുവമ്പാടി വട്ടപ്പലത്ത് ചുമ്മാരുടെയും ഏലിയുടെയും മകൾ ഏലിയാമ്മയെ വിവാഹം ചെയ്ത് കാർഷികവൃത്തി സ്വീകരിച്ച് കണ്ണോത്ത് താമസിക്കുന്നു. ഇവർക്ക് മൂന്നു ആൺമക്കളാണുള്ളത്. മൂത്തമകൻ ആന്റോ സൗദിയിൽ ജോലിചെയ്യുന്നു. ഈരാറ്റുപേട്ട ചോലത്തടം വള്ളിയാം തടത്തിൽ തോമസിന്റെയും ഏലിയാമ്മയുടെയും മകൾ റെജിയാണ് ആന്റോയുടെ ഭാര്യ. ഇവർക്ക് ഒരാൺകുട്ടിയുണ്ട്. കൊച്ചിന്റെ രണ്ടാമത്തെ മകൻ അനിൽകുമാർ ചാലക്കുടി വടക്കുംചേരി ഇട്ടൂപ്പിന്റെയും സെലീനയുടെയും മകൾ ലിജിയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർ രണ്ടുപേരും ഉത്തർപ്രദേശിൽ അദ്ധ്യാപകരാണ്. ഇവർക്ക് ഒരാൺകുട്ടിയുണ്ട്. കൊച്ചിന്റെ മൂന്നാമത്തെ മകൻ ജോബി എയർകണ്ടീഷനിംഗ് റഫ്രിജറേഷൻ കോഴ്സ് പാസ്സായി ദുബായിൽ ആരംഗത്ത് ജോലിചെയ്യുന്നു. ജോബി അവിവാഹിതനാണ്.

കുരുവിളയുടെ മൂന്നാമത്തെ മകൾ അച്ചാമ്മയെ ചമലിൽ

പിള്ളച്ചിറ ചാക്കോച്ചൻ മകൻ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കളും മൂന്നുപെൺമക്കളുമാണുള്ളത്. ജോസഫ് ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററായി ജോലിചെയ്യുന്നു.

കുരുവിളയുടെ മൂന്നാമത്തെ മകൻ അവുസേപ്പച്ചൻ കാർഷികവൃത്തിയിലേർപ്പെട്ടു പേരാവൂറിൽ താമസിക്കുന്നു. അവുസേപ്പച്ചന്റെ ഭാര്യ മരുതോംകര കല്ലംപ്ലാക്കൽ ദേവസ്യാ - ഏലിക്കുട്ടി ദമ്പതികളുടെ മകൾ ഗ്രേസിയാണ്. ഇവർക്ക് മൂന്നുപെൺമക്കളാണുള്ളത്. മൂത്തമകൾ റെയ്സിയെ കേളകംകല്ലിങ്ങൽ സണ്ണിവിവാഹം ചെയ്തു. ഇവർ ഷാർജയിൽ ജോലിചെയ്യുന്നു. ഇവർക്ക് ഒരാൺകുട്ടിയുണ്ട്. രണ്ടാമത്തെ മകൾ ജിൽസി പേരാവൂർ തുണ്ടിയിൽ ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ അദ്ധ്യാപികയാണ്. ജിൻസിയെ എടൂർ നെടുമ്പുറത്ത് ജോഷി വിവാഹം ചെയ്തു. ഇവർക്ക് ഒരു ആൺകുട്ടിയുണ്ട്. അവുസേപ്പച്ചന്റെ ഇളയമകൾ സി. ജെസി നീതു ബാംഗ്ലൂരിൽ ഹോളിക്രോസ് കോൺവന്റിൽ ചേർന്നു. ഇപ്പോൾ ചെമ്പേരി കോൺവന്റിലാണ്. കുടുംബത്തലവനായ കുരുവിള 1999 ഡിസംബർ 22നും ഭാര്യ മാമ്മി 2003 ജൂൺ 26നും ചരമം പ്രാപിച്ചു.

E. കൊച്ചുകുട്ടി (മാത്യു)

തൊമ്മൻ മറിയം ദമ്പതികളുടെ അഞ്ചാമത്തെ മകനായ തറവാട്ടിൽ താമസക്കാരനായിരുന്ന കൊച്ചുകുട്ടി വെള്ളിയാമറ്റം മൈലാടിയിൽ കുടുംബാംഗമായ മറിയാമ്മയെ വിവാഹം ചെയ്തു. ഇളംപുരയിടത്തിൽ മാതാപിതാക്കളോടൊപ്പം കഴിഞ്ഞിരുന്ന കൊച്ചുകുട്ടിയാണ് മലബാർ കുടിയേറ്റത്തിനുള്ള നേതൃത്വം കൊടുത്തത്. കൊച്ചുകുട്ടി മറിയാമ്മ ദമ്പതികൾക്ക് മൂന്നു ആൺമക്കളും നാല് പെൺമക്കളുമുണ്ട്. കുടുംബനാഥനായ കൊച്ചുകുട്ടി 1969 ഏപ്രിൽ 24 നു നിര്യാതനായിരുന്നു.

മൂത്തമകൻ സി. എം. തോമസ്(കൊച്ചപ്പി) എം. എ. ബി.എഡ് കൂടരത്തി സെന്റ് സെബാസ്റ്റ്യൻ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായിരുന്ന ശേഷം 2002 ൽ റിട്ടയർ ചെയ്തു. കർഷക കോൺഗ്രസ് കോഴിക്കോട് ജില്ല ജനറൽ സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഭാര്യ പുലൂരാംപറ ഓണാട്ട് തോമസിന്റെ മകൾ സിസിലി ബി. എ. ആണ്.

ഇവർക്ക് ഒരു മകളും രണ്ട് ആൺമക്കളുമാണുള്ളത്. നേഴ്സായ മകൾ ബേബിയെ തൊടുപുഴ മുട്ടം ചിറ്റാട്ട് തോമസ് ജോർജ് ആണ് വിവാഹം ചെയ്തിരിക്കുന്നത്. രണ്ടുപേരും സ്വിറ്റ്സർ ലൻഡിൽ ജോലിയിലാണ്. ഇവർക്ക് ഹെലന, ലെന. ലെയാ എന്നീ മൂന്നുകുട്ടികളാണുള്ളത്. ലെയയും ലെനയും ഇരട്ടക്കുട്ടികളാണ്. ഇവർ ചെറിയകുട്ടികളാണ്. കൊച്ചപ്പിയുടെ മൂത്തമകൻ ബിബിൻ എക്സറേ ടെക്നീഷ്യൻ കോഴ്സ് പാസായി ഡൽഹിയിൽ ജോലിയിലാണ്. കോട്ടയം പരിപ്പ് പോളക്കാട്ടിൽ ജോർജ്ജിന്റെ മകൾ നേഴ്സായ സൂസനാണ് ബിബിന്റെ ഭാര്യ സൂസൻ ഖത്തറിൻ ജോലിചെയ്യുന്നു. ഇവർക്ക് ടോം എന്നുപേരായ ഒരു മകനുണ്ട്. കൊച്ചപ്പിയുടെ രണ്ടാമത്തെ മകൻ ബിയോൺ ബാംഗ്ലൂരിൽ നേഴ്സിംഗ് വിദ്യാർത്ഥിയാണ്.

കൊച്ചുകുട്ടി മറിയാമ്മ ദമ്പതികളുടെ മൂത്തമകൾ വത്സ (സി. ലിസ്സി എസ്. എം. ഐ.) സിസ്റ്റേഴ്സ് ഓഫ് മേരിഇമ്മാക്കുലേറ്റ് സന്യാസിനി സമൂഹത്തിൽ ചേർന്ന് ആന്ധ്രപ്രദേശിൽ മിഷ്യൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.



സി.എം. തോമസും സഹോദരങ്ങളും അമ്മയോടൊപ്പം

കൊച്ചുകുട്ടിയുടെ രണ്ടാമത്തെ മകൾ ഏലിക്കുട്ടി ബി എസ്സി ബി. എഡ് കോഴിക്കോട് ബി. എസ്. എൻ. എൽ ലിൽ ജോലിചെയ്യുന്നു. അങ്കമാലി പാലാട്ടി തോമസിന്റെ മകൻ പി.റ്റി വർക്കി എം. എ യാണ് ഏലിക്കുട്ടിയുടെ ഭർത്താവ്. ഇദ്ദേഹം എൽ. ഐ. സി. മാനേജരായി തിരൂരി ൽ ജോലിചെയ്യുന്നു. ഇവരുടെ മകൾ നീതു ഭർത്താവ് കമ്പ്യൂട്ടർ എൻജിനീയർ കോടഞ്ചേരി വലിയമറ്റത്തിൽ സുനിലിനോടൊപ്പം യു. എസ്. എ യിലാണ്. മകൻ സനിത്ത് ബി. ടെക് മദ്രാസിലാണ് ജോലിചെയ്യുന്നത്.

കൊച്ചുകുട്ടിയുടെ രണ്ടാമത്തെ മകൻ സി. എം. മാത്യു കോടഞ്ചേരി തുണ്ടിയിൽ ജോസഫിന്റെ മകൾ എൽസിയാണ് മാത്യുവിന്റെ ഭാര്യ. ഇവർക്ക് മൂന്നുപെൺമക്കളാണുള്ളത്. മൂത്തമകൾ നൈസി ബി. കോം ബിരുദധാരിണിയാണ്. നാൻസി ബാഗ്ലൂരിൽ നേഴ്സായി ജോലി ചെയ്യുന്നു. നെൽസി, നേഴ്സിംഗ് വിദ്യാർത്ഥിനിയാണ്. മാത്യു 1990, ജൂലൈ 8ന് 36-ാംമത്തെ വയസ്സിൽ അകാലചരമം പ്രാപിച്ചു.

മൂന്നാമത്തെ മകൾ അമ്മിണി സെബാസ്റ്റ്യൻ ബി. ടെക് മുംബെയിൽ ഭാഭാ ആറ്റമിക്ക് റിസേർച്ച് സെന്ററിൽ സയന്റിഫിക്ക് ഓഫീസ



സി.എം. തോമസും കുടുംബാംഗങ്ങളും അമ്മയോടൊപ്പം

റായി ജോലിചെയ്യുന്നു. ചാവക്കാട് ഇടക്കളത്തൂർ കുര്യന്റെ മകൻ ഇ. കെ സെബാസ്റ്റ്യൻ ബി. ടെക് ആണ് ഭർത്താവ്. മുംബെയിൽ സ്വകാര്യ സ്ഥാപനത്തിൽ മാനേജരാണ്. മകൻ ബോബിൻ എൻജിനീയറിംഗ് വിദ്യാർത്ഥിയും മകൾ റ്റെസി സ്കൂൾ വിദ്യാർത്ഥിയുമാണ്.

കൊച്ചുകുട്ടിയുടെ മൂന്നാമത്തെ മകൻ ജോസഫ് മാത്യു (അപ്പച്ചൻ) ബി. എ. എൽ. എൽ. ബി താമരശ്ശേരിയിൽ അഭിഭാഷകനാണ്. താമരശ്ശേരി ഗ്രാമപഞ്ചായത്ത് മെംബറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കുന്നംകുളത്ത് ചുങ്കത്ത് ഉക്രുവിന്റെ മകൾ മേരിയാണ് അപ്പച്ചന്റെ ഭാര്യ. മേരി താമരശ്ശേരിയിൽ യു. പി. സ്കൂൾ അദ്ധ്യാപികയാണ്. ഇവർക്ക് രണ്ടു പെൺകുട്ടികളും ഒരാൺകുട്ടിയുമുണ്ട്. ടാനിയ ബി. എസ്സി നേഴ്സിംഗ് വിദ്യാർത്ഥിനിയും ടാൽസൺ ബി. ബി. എ വിദ്യാർത്ഥിയുമാണ്. ഇളയകുട്ടി ടാൻസി 9th ൽ പഠിക്കുന്നു.

അപ്പച്ചന്റെ ഇളയസഹോദരീ ഷീലമ്മ എം. എസ്സി ബി എഡ് ദുബായിൽ ഹൈസ്കൂൾ അദ്ധ്യാപികയാണ്. ഇരിങ്ങാലക്കുട ചിറിയത്ത് ജോസഫിന്റെ മകൻ (രാജൻ) ജോസഫാണ് ഷീലാമ്മയുടെ ഭർത്താവ്. കമ്പ്യൂട്ടർ ബിരുദധാരിയായ ഇദ്ദേഹവും ദുബായിൽ പ്രൈവറ്റ് കമ്പനിയിൽ മാനേജരായി ജോലിചെയ്യുന്നു. ഇവരുടെ ഏകമകൻ അലക്സ് +1 വിദ്യാർത്ഥിയാ ണ്.

F. കൊച്ചുമാണി -മറിയാമ്മ



ചീരാംകുഴിയിൽ തൊമ്മൻ തൊമ്മൻ മകൻ കൊച്ചുമാണിയുടെ ഭാര്യ അരുവിത്തറ വെട്ടുവയലിൽ കുടുംബാംഗമായ മറിയാമ്മയാണ്. ഇവർക്ക് രണ്ടു പെൺമക്കളും ആറ് ആൺമക്കളുമാണുണ്ടായിരുന്നത്. മൂത്തമകൾ മേരി അനാരോഗ്യം മൂലം അവിവാഹിതയായിരുന്നു, മേരി തന്റെ 58ാമത്തെ വയസിൽ 2001 ഡിസംബർ 13 ന് മരണമടഞ്ഞു.

കൊച്ചുമാണിയുടെ മൂത്തമകൻ ദേവസ്യാച്ചൻ ഇരിട്ടികച്ചേരിക്കടവിൽ കുടുംബസമേതം താമസിക്കുന്നു. പുല്ലൂരാംപാറ കുറ്റിയാനിക്കൽ ജോസഫ് - ത്രേസ്യാ മകൾ ഓമനയാണ് ദേവസ്യാച്ചന്റെ ഭാര്യ. ഇവർക്ക് ജിന്റോ, ജിൻസി, ജിസ്മി എന്നീ മൂന്നു മക്കളാണുള്ളത്. ജിൻസിയെ കീഴപ്പള്ളി ചക്കുപതാംപറമ്പിൽ ബിജു വിവാഹം ചെയ്തു. ഇവർക്ക് ഒരു പുത്രിയുണ്ട്. ദേവസ്യാച്ചൻ 15.07.2006 ൽ മരണംപ്രാപിച്ചു.

ദേവസ്യാച്ചന്റെ ഇളയസഹോദരൻ കുഞ്ഞപ്പൻ എന്ന തോമസ് 8 - 6 -1950 ൽ നാലാമത്തെ വയസ്സിൽ നിര്യാതനായി.

കൊച്ചുമാണിയുടെ രണ്ടാമത്തെ മകൾ പെണ്ണമ്മയെ തോട്ടുമുക്കം തടത്തിൽ കുടുംബാംഗമായ ജോയി വിവാഹം ചെയ്തു. ഇവരുടെ ജൂബി, ജൂലി എന്ന രണ്ടുപെൺമക്കളും നേഴ്സിംഗ് വിദ്യാർത്ഥിനികളാണ്.

കൊച്ചുമാണിയുടെ മൂന്നാമത്തെ മകൻ തോമസ്സിന്റെ (തൊമ്മി) ഭാര്യ ആനിക്കാം പൊയിലിൽ അടയ്ക്കാപ്പാറ കുടുംബാംഗമായ ലിസ്സിയമ്മയാണ്. ഇവർക്ക് രണ്ട് ആണ്കുട്ടികളും ഒരുപെൺകുട്ടിയും ഉണ്ട്. ടോബി, ടീനാ, ടോണി എന്നിവർ വിദ്യാർത്ഥികളാണ്.

നാലാമത്തെ മകൻ മാണി പുല്ലൂരാംപാറ പുതുപ്പറമ്പിൽ കുടുംബാംഗമായ ശാന്തമ്മയെ വിവാഹം ചെയ്തു. ഇവരുടെ മക്കൾ സിറിൽ സെമിനാരിയിലും, സിബിൽ, നീബൽ എന്നിവർ വിദ്യാർത്ഥികളുമാണ്.

കൊച്ചുമാണിയുടെ അഞ്ചാമത്തെ മകൻ കുഞ്ഞുമോൻ എന്നുവിളിക്കുന്ന ജോസിന്റെ ഭാര്യ ഗ്രേസി തിരുവമ്പാടി പുതിയ മഠം കുടുംബാംഗമാണ്. ഇവരുടെ രണ്ട് ആൺകുട്ടികൾ മനു, അഖിൽ വിദ്യാർത്ഥികളാണ്. ഗ്രേസി 1999 സെപ്റ്റംബർ 13 ന് കർത്താവിൽ നിദ്രപ്രാപിച്ചു. പാലാ തെക്കേകൊട്ടാരത്തിൽ തോമസ് മകൾ ടെസിയെ കുഞ്ഞുമോൻ നാളുകൾക്ക് ശേഷം പുനർവിവാഹം കഴിച്ചു.

ആറാമത്തെ മകൻ മാത്യു (തങ്കച്ചൻ) ന്റെ ഭാര്യ സുജ തിരുവാമ്പാടി ചാരുപ്ലാക്കൽ കുടുംബാംഗമാണ്. ഇവരുടെ മക്കൾ അമൽ എന്ന ആൺകുട്ടിയും അതുല്യ എന്ന പെൺകുട്ടിയും വിദ്യാർത്ഥികളാണ്. ഇവർ കണ്ണോത്ത് കുടുംബവീട്ടിൽ താമസിക്കുന്നു. 1996 ഏപ്രിൽ 18

ന് കുടുംബനാഥനായ കൊച്ചുമാണി കർത്താവിൽ നിദ്രപ്രാപിച്ചു. ഭാര്യ മറിയാമ്മ തങ്കച്ചനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു,

G. കുര്യൻ - കുഞ്ഞേലി

ചീരാംകുഴിയിൽ തൊമ്മൻ തൊമ്മന്റെ ഇളയമകൻ കുര്യന്റെ ഭാര്യ കാഞ്ഞിരമറ്റം പീടികേയ്ക്കൽ കുടുംബാംഗമായ കുഞ്ഞേലിയാണ്. ഇവർക്ക് ആറ് ആൺമക്കളും ഒരു മകളുമാണുള്ളത്. 1969 ൽ പിതാവിന്റെ മരണശേഷം കുടുംബത്തിന്റെ അത്താണിയായിരുന്ന മൂത്തമകൻ ജോയി കണ്ണോത്ത് സ്കൂൾ അദ്ധ്യാപകനായി ജോലിയിലിരിക്കേ ചുറുചുറുക്കുള്ള ആ ചെറുപ്പക്കരാൻ തന്റെ മുപ്പത്തി ഒൻപതാമത്തെ വയസ്സിൽ 1984 ആഗസ്റ്റ് ഒന്നിന്, രോഗബാധിതനായി മരണമടഞ്ഞു. കുപ്പായക്കോട് വയലുങ്കൽ ചാക്കോ റോസമ്മ മകൾ കുട്ടിയമ്മയാണ് ജോയിയുടെ ഭാര്യ. കണ്ണോത്ത് യു. പി സ്കൂൾ അദ്ധ്യാപികയായിരുന്ന കുട്ടിയമ്മ 2003 ൽ റിട്ടയർ ചെയ്തു. ജോയി - കുട്ടിയമ്മ ദമ്പതികൾക്ക് രണ്ടുപെൺമക്കളാണുള്ളത് . നേഴ്സ് ആയ മൂത്തമകൾ ജൂലി യുടെ ഭർത്താവ് വെറ്റിലപ്പാറ വാഴയിൽ തോമസ് മകൻ ബിനുവും ലണ്ടനിലാണ്. ഇവർക്ക് ഒരു പെൺകുട്ടിയുണ്ട്.

രണ്ടാമത്തെ മകൾ ജിസ്, ഭർത്താവ് വേനപ്പാറ കുമ്മായത്തൊട്ടിയിൽ കുര്യൻ മകൻ അജേഷ് ആണ്. രണ്ടുപേരും ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരാണ്.

കുര്യന്റെ രണ്ടാമത്തെ മകൻ ജോസ് തോട്ടമുക്കത്ത് കുര്യന്റെയും അന്നമ്മയുടെയും മകൾ തെയ്യാമ്മയെ വിവാഹം ചെയ്തു. റെനി, ഷീന എന്നീ രണ്ടുപെൺകുട്ടികളും ഷിന്റോ എന്ന ഒരാൺകുട്ടിയുമാണ് മക്കൾ. കോടഞ്ചേരി വേനപ്പാറ പഴയവീട്ടിൽ ജോൺസിയാണ് മൂത്തമകൾ റെനിയുടെ ഭർത്താവ്. റെനി നേഴ്സായി സൗദിയിൽ ജോലിചെയ്യുന്നു.

മൂന്നാമത്തെ മകൻ ചാക്കോച്ചൻ വയനാട്ടിൽ തരിയോട് ഒറ്റംപ്ലാക്കൽ ജോസഫ്, ഏലി മകൾ ലിസ്സിയമ്മയാണ് ചാക്കോച്ചന്റെ ഭാര്യ. ഇവർക്ക് ജിനു എന്ന മകനും ഗീതു എന്ന ഒരു മകളുമാണുള്ളത്. മകൻ നേഴ്സിംഗ് പഠിക്കുന്നു. പുതുപ്പാടി കണ്ണപ്പൻകുണ്ടിലാണ് ചാക്കോച്ചൻ താമസിക്കുന്നത്.

നാലമത്തെ മകൻ ജോർജുകുട്ടിയുടെ ഭാര്യ വെറ്റിലപ്പാറ കൊച്ചു

പറമ്പിൽ തോമസിന്റെയും അന്നമ്മയുടെയും മകൾ ആലീസാണ്. ഇവരുടെ മാനസ്, തുഷാർ എന്ന രണ്ടു ആൺകുട്ടികളും വിദ്യാർത്ഥികളാണ്.

അഞ്ചാമത്തെ മകൻ അപ്പി മരുതോങ്കര വെട്ടിക്കൽ മത്തായിയുടെയും ലില്ലിയുടെയും മകൾ സാലിയെ വിവാഹം ചെയ്ത് കോടഞ്ചേരി തുഷാരഗിരിയിൽ താമസിക്കുന്നു. ഇവരുടെ മനു, ജിനു, എന്നീ ആൺമക്കളും വിദ്യാർത്ഥികളാണ്.

ആറാമത്തെ മകൻ ബെന്നി ശാരീരിക വൈകല്ല്യത്താൽ അവിവാഹിതനായി തറവാട്ടിൽ കഴിയുന്നു.

ഏകമകൾ മേരിയെ താമരശ്ശേരി കട്ടിപ്പാറ അരഞ്ഞാണി ഓലിക്കൽ പീറ്റർ (കുഞ്ഞ്) വിവാഹം ചെയ്തു. ഇവർക്ക് മനു എന്ന ഒരാൺകുട്ടിയും അനു, എന്ന ഒരു പെൺകുട്ടിയുമാണ് മക്കൾ. ഇവർ വിദ്യാർത്ഥികളാണ്.

1969 ജനുവരി 28 കുടുംബനാഥനായ കുര്യൻ മരണമടഞ്ഞു. ഭാര്യകുഞ്ഞേലി മകൻ ജോർജുകുട്ടിയോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

ചീരാംകുഴിയിൽ തൊമ്മൻ മറിയം ദമ്പതികൾക്ക് ഏഴ് ആൺമക്കളും നാല് പെൺമക്കളുമാണുണ്ടായിരുന്നത്. ആൺമക്കളെ സംബന്ധിച്ച വിവരങ്ങൾ പ്രസ്താവിച്ചു കഴിഞ്ഞു.

തൊമ്മൻ മറിയം ദമ്പതികളുടെ മൂത്തമകൾ **കുഞ്ഞുപെണ്ണിനെ** ഇരിട്ടി കൂട്ടുപുഴ വെട്ടിക്കാട്ട് ഡോമിനിക്കാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് 3 ആൺമക്കളും 8 പെൺമക്കളുമാണുണ്ടായിരുന്നത്. മക്കളിൽ രണ്ടാമനായ തോമ്മാച്ചൻ ഇപ്പോൾ ജീവിച്ചിരിപ്പില്ല. കുഞ്ഞുപെണ്ണ് 1996 ജൂൺ 9 ന് മരണം പ്രാപിച്ചു.

രണ്ടാമത്തെ മകൾ **കൊച്ചേലി** ചാമംപതാൽ തടത്തിലാങ്കൽ കുടുംബാംഗമായ കുഞ്ഞപ്പൻ ആണ് കൊച്ചേലിയുടെ ഭർത്താവ് ഇവർക്ക് മൂന്നു ആൺമക്കളും മൂന്നുപെൺമക്കളുമാണുള്ളത്. 2002 ഡിസംബർ 17ന്കുഞ്ഞപ്പൻ ചരമം പ്രാപിച്ചു. കൊച്ചേലി ഇളയമകൻ ടോമിയോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

ഏലിക്കുട്ടി -സീമന്തപുത്രി ഏലിക്കുട്ടിയെ ചാമംപതാൽ പുളിക്കത്തടത്തിൽ മാത്യു ആണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് രണ്ട് പെൺമക്കളും ഒരു മകനുമാണുള്ളത്. മൂത്തമകൾ ജോളിമ്മയെ കറുകച്ചാൽ ചവണിക്കാമണ്ണിൽ രാജു വിവാഹം ചെയ്തു. ഡോക്ടർമാരായ ഇവർ രണ്ടുപേരും യു.എ.ഇ. -യിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ സാലിയുടെ ഭർത്താവ് ആനിക്കാട് ഇല്ലിക്കൽ ജോസാണ്. ഏലിക്കുട്ടിയുടെ ഏകമകൻ **ഡോക്ടർ ഷാജി** തിരുവല്ല തെങ്ങുങ്കൽ കുടുംബാംഗമായ ഡോക്ടർ മിനിയെ വിവാഹം കഴിച്ചു. രണ്ടുപേരും കാഞ്ഞിരപ്പള്ളി മേരികീൻസ് ഹോസ്പിറ്റലിൽ ഡോക്ടറന്മാരാണ്. കൊച്ചേലിയുടെ മൂത്തമകൻ **റ്റി.ജെ ജോസഫ്** തൃക്കൊടിത്താനത്ത് പതാലിൽ ചിറയിൽ കുടുംബാംഗമായ ചിന്നമ്മയെ വിവാഹം ചെയ്തു. രണ്ടുപേരും അദ്ധ്യാപനവൃത്തിയിൽ നിന്നും അടുത്തകാലത്ത് റിട്ടയർ ചെയ്തിരിക്കുകയാണ്.

ഇവരുടെ മൂത്തമകൾ **ജിൻസിയെ** വിവാഹം കഴിച്ചിരിക്കുന്നത് കുമ്പനാട് തെങ്ങോൻവീട്ടിൽ ജയിക്കബാണ് ജയിക്കബ് എൻജിനീയറാണ്. രണ്ടുപേരും ഖത്തറിൽ ജോലി ചെയ്യുന്നു. ഇവരുടെ മകൻ ജോയൽ ജേക്കബ്.

റ്റി.ജെ. ജോസഫിന്റെ മൂത്തമകൻ **ജോബി** മദ്രാസിലുള്ള എം. ആർ.എഫ്-ൽ എൻജിനീയറാണ്. രണ്ടാമത്ത മകൻ **ഫെബിൻ** ബി.കോം ഇപ്പോൾ കമ്പ്യൂട്ടർ പഠിക്കുന്നു.

കൊച്ചേലിയുടെ രണ്ടാമത്തെ മകൻ **തോമസ്** റിട്ട. പോസ്റ്റുമാസ്റ്ററാണ്. ചങ്ങനാശേരി ചാഞ്ഞോടിയിൽ പുത്തൻപുരയ്ക്കൽ ത്രേസ്യാമ്മയാണ് തോമസിന്റെ ഭാര്യ. ത്രേസ്യാമ്മ പോസ്റ്റ്മിസ്ട്രസായി ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടുപെൺമക്കളാണ് ഉള്ളത്. മൂത്തമകൾ **ബീനയെ** വിവാഹം ചെയ്തിരിക്കുന്നത് തമ്പലക്കാട് ചെത്തിമറ്റത്തിൽ സനിലാണ്. രണ്ടുപേരും സ്വിറ്റ്സർലണ്ടിൽ ജോലി ചെയ്യുന്നു. തോമസിന്റെ രണ്ടാമത്തെ മകൾ **ബിനുവും** ഭർത്താവും ഷാർജയിൽ ജോലി ചെയ്യുന്നു.

കൊച്ചേലിയുടെ രണ്ടാമത്തെ മകൾ **ലീലാമ്മയെ** (മേരിക്കുട്ടി) തെങ്ങണായിൽ ഇലഞ്ഞിക്കോട്ടു വീട്ടിൽ ഡോമിനിക്ക് വിവാഹം ചെയ്തു. ഇവരുടെ മകൾ സെല്ലി എം.ബി.എ. പാസ്സായി ഭർത്താവ് രാജുവിനോടൊപ്പം മദ്രാസിൽ ജോലി ചെയ്യുന്നു. ലീലാമ്മയുടെ ഏകമകൻ എൻജിനീയർ **സിജിയും** ഭാര്യ സിമിയും ലണ്ടനിൽ ജോലി ചെയ്യുന്നു.

എയർഫോഴ്സിൽ ഉദ്യോഗസ്ഥനായിരുന്ന ഡോമിനിക്ക് രോഗം മൂലം 1988 ൽ അകാലചരമം പ്രാപിച്ചു. ഭർത്താവിന്റെ മരണംമൂലം പ്രത്യേക പരിഗണനയിൽ ലീലാമ്മയ്ക്ക് താലൂക്കാഫീസിൽ ജോലി ലഭിക്കുകയുണ്ടായി.

കൊച്ചേലിയുടെ മക്കളിൽ അഞ്ചാമത്തെയംഗമായ **വത്സമ്മയെ** തമ്പലക്കാട് കണികുന്നേൽ മാത്യു വിവാഹം ചെയ്തു. ഇവർക്കു രണ്ടു പെൺമക്കളാണുള്ളത്. പോർട്ട്ട്രസ്റ്റിൽ ഉദ്യോഗസ്ഥനായിരുന്ന മാത്യുവും കുടുംബവും മദ്രാസിൽ കോടംപക്കത്തു താമസിക്കുന്നു.

റ്റോമി (ഡോമിനിക്ക്) കൊച്ചേലിയുടെ ഇളയപുത്രനായ റ്റോമി ചുങ്കപ്പാറ പുളിവള്ളിയിൽ മേരിയെ വിവാഹം ചെയ്തു. ഇവരുടെ ഏകമകൾ സ്മിത ബി.എ ബിരുദധാരണിയാണ്. ടോമിയും കുടുംബവും അമ്മ കൊച്ചേലിയോടൊപ്പം ചാമംപതാലിലുള്ള തറവാട്ടിൽ താമസിക്കുന്നു.

തൊമ്മൻ മറിയം ദമ്പതികളുടെ മൂന്നാമത്തെ മകൾ **ചിന്നമ്മ** അനാരോഗ്യം മൂലം അവിവാഹിതയായിരുന്നു. 1967 ജൂൺ 17 ന് ഇഹലോകവാസം വെടിഞ്ഞു.

നാലാമത്തെ മകൾ **ത്രേസ്യാമ്മയുടെ** ഭർത്താവ് ചിറക്കടവ് പാമ്പൂരിക്കൽ ചാക്കോ (കുഞ്ഞുകുട്ടി) ആയിരുന്നു. ഇവർക്ക് നാല് ആൺമക്കളും നാല് പെൺമക്കളുമാണുള്ളത്. 1999 ഒക്ടോബർ 28ന് കുഞ്ഞുകുട്ടി നിര്യാനായി.

മൂത്തമകൻ **ബേബി (ഡോമിനിക്ക്)** ഗവ. പ്രൈമറി സ്ക്കൂൾ ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തു. ഭാര്യ ത്രേസ്യാമ്മ കാഞ്ഞിരപ്പള്ളി പുതിയേടത്ത് കുടുംബാംഗമാണ്. ത്രേസ്യാമ്മ പ്രൈമറി സ്ക്കൂൾ ഹെഡ്മിസ്ട്രസായി ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മകനും ഒരു മകളുമാണുള്ളത്. മകൻ സാവിയോ ഡിജിറ്റൽ ഫോട്ടോഗ്രാഫി പഠിച്ച് ഫോട്ടോഗ്രാഫറായി ജോലി ചെയ്യുന്നു. മകൾ ഡോണാ ബി.എസ്.സി. നേഴ്സിംഗ് കഴിഞ്ഞ് മംഗലാപുരത്ത് ജോലിയിലാണ്.

ത്രേസ്യാമ്മയുടെ മകൾ **മേരിയെ** ഇളങ്ങുളത്ത് പുളിയംകുന്നേൽ ജോൺ (അപ്പച്ചൻ) വിവാഹം ചെയ്തു. ഇവർക്ക് ഒരു പുത്രനും മൂന്നു പുത്രിമാരുമാണുള്ളത്. ജോൺ 2004 ഫെബ്രുവരി 14-ന് ഒരപകടത്തെ തുടർന്ന് മരണമടഞ്ഞു. മകൾ ജിജിയെ പൈക ഗണപതിപ്ലാക്കൽ ജോമോൻ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു ആൺകുട്ടികളുണ്ട്. കോളിൻസ്, കാവിൻസ് ഇവർ സ്കൂൾ കുട്ടികളാണ്. മേരിയുടെ ഏകമകൻ ജോബി ഇടമറ്റം പുളിക്കച്ചുണ്ടയിൽ ജോർജ് മകൾ റിൻസിയെ വിവാഹം ചെയ്തു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് പെൺകുട്ടികളുണ്ട്. മേരിയുടെ രണ്ടാമത്തെ മകൾ ജൂലി ബി.എസ്.സി നേഴ്സാണ്. നിലമ്പൂർ ചാലുമാട്ട് ബ്ലെസി വിവാഹം ചെയ്തു. ഇവർ ഡൽഹിയിൽ ജോലിയിലാണ്. ഇളയമകൾ ജോസ്നാ വൈക്കത്ത് വിവാഹിതയായി കഴിയുന്നു.

ത്രേസ്യാമ്മയുടെ രണ്ടാമത്തെ മകൻ **ടോമി** മണിമല ളാനിത്തോട്ടം കുടുംബാംഗമായ തങ്കമ്മയെ (ത്രേസ്യാമ്മ) വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കളുണ്ട്. മകൾ ലിറ്റി കൽക്കട്ടയിൽ മദർതെരേസ സ്ഥാപിച്ച സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയിൽ ചേർന്ന് മിഷ്യൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. മകൻ മാർട്ടിൻ +2 വിദ്യാർത്ഥിയാണ്.

ജോയി -ത്രേസ്യാമ്മയുടെ മൂന്നാമത്തെ മകനായ ജോയി പുതുപ്പള്ളി ഇല്ലിക്കൽ മേരിക്കുട്ടിയെ വിവാഹം ചെയ്തു. എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഓഫീസറായി ജോലി ചെയ്യുന്നു. രണ്ടു പെൺമക്കളാണുള്ളത്. മൂത്തമകൾ ദീപ എൻജിനീയറിംഗ് വിദ്യാർത്ഥിനിയാണ്. അനുജത്തി ആശ സ്കൂൾ വിദ്യാർത്ഥിനിയാണ്.

അൽഫോൻസാ ത്രേസ്യാമ്മയുടെ രണ്ടാമത്തെ മകൾ ചുങ്കപ്പാറ മായൂർ ബേബിച്ചനാണ് അൽഫോൻസായുടെ ഭർത്താവ് ഇവർ വടക്കുഞ്ചേരിയിലാണ് താമസിക്കുന്നത് മക്കളായ അവുസേപ്പച്ചനും ചാക്കോച്ചനും സ്കൂൾ വിദ്യാർത്ഥികളാണ്.

അന്നമ്മ മൂഴൂർ മാമ്പുഴയ്ക്കൽ ജോസാണ് അന്നമ്മയെ വിവാഹം ചെയ്തത്. ഇവർ അരുവിക്കുഴിയിൽ താമസിക്കുന്നു. പെൺമക്കളായ ഷെറിൻ, മെറിൻ, ജെറിൻ എന്നീ മൂന്നുപേരും വിദ്യാർത്ഥിനികളാണ്.

സെബാസ്റ്റ്യൻ ചേന്നാട് അറക്കപ്പറമ്പിൽ മിനിയാണ് സെബാസ്റ്റ്യന്റെ ഭാര്യ. ഇവരുടെ എബി, ജോസഫ്, ഡാനി എന്നീ മൂന്ന് ആൺമക്കളും വിദ്യാർത്ഥികളാണ്.

ത്രേസ്യാമ്മയുടെ ഇളയമകൾ **മോളിയെ** നെടുമാവ് തലവയലിൽ ജോസ് വിവാഹം ചെയ്തു. മകൾ എൽസും മകൻ അവിരാച്ചനും വിദ്യാർത്ഥികളാണ്.

ത്രേസ്യാമ്മ മകൻ സെബാസ്റ്റ്യനോടൊപ്പം ചെറുവള്ളി പടനിലത്തുള്ള കുടുംബ വീട്ടിൽ താമസിക്കുന്നു.



അദ്ധ്യായം 4

തൊമ്മൻമത്തായി (മത്ത) ചീരാംകുഴിയിൽ



മുത്തോലിൽ കിഴക്കേനാഗനൂലിൽ വർക്കി പോത്തന്റെ മകൾ ഏലിയെ പാലാ കിഴക്കേക്കര ജോസഫ് വിവാഹം കഴിച്ച് ദത്തവകാശിയായി മുത്തോലിൽ കിഴക്കേ നാഗനൂലിൽ താമസമാക്കിയിരുന്നു. ഇവരുടെ രണ്ടുപെൺമക്കളിൽ ഇളയവളായ റോസമ്മയെ പാലാ ചീരാംകുഴി **തൊമ്മൻ മകൻ മത്ത** വിവാഹം ചെയ്തു. ദത്തവകാശിയായി കിഴക്കേ നാഗനൂലിൽ താമസമാക്കി. മത്ത റോസ ദമ്പതികൾക്ക് പോത്തൻ (പാപ്പച്ചൻ) ഏലിക്കുട്ടി (സി. സെലീന) അന്നമ്മ എന്നിങ്ങനെ മുന്നു മക്കളുണ്ടായിരുന്നു. പാപ്പച്ചൻ മണ്ണൂർ ലൂക്കാ തൊമ്മന്റെ മകൾ മേരിയെ (മാമ്മി) വിവാഹം കഴിച്ചു. ഇവർക്ക് ആറുപുത്രന്മാരും രണ്ടുപുത്രികളും ഉണ്ടായിരുന്നു.

മത്തയുടെ ആദ്യവിവാഹത്തിലെ മൂത്തമകൾ ഏലിക്കുട്ടി കർമ്മലീത്താമഠത്തിൽ ചേർന്ന് **സി. സെലീന** എന്ന പേർ സ്വീകരിച്ചു. സ്കൂൾ അദ്ധ്യാപികയായും പലമഠങ്ങളിലും മദർസുപ്പീരിയർ ആയും സെലീനാമ്മ സേവനം ചെയ്തിരുന്നു. 1994 നവംബർ 13 ന് 85-ാം വയസ്സിൽ രാമപുരം കർമ്മലിത്താ മഠത്തിൽ വച്ച് സെലീനാമ്മ നിര്യാതയായി.



രണ്ടാമത്തെ മകൾ **അന്നമ്മയെ** ഭരണങ്ങാനം പൂവത്തോട് കൊട്ടാരത്തുംമൂട്ടിൽ ദേവസ്യാ മകൻ മത്തായി വിവാഹം ചെയ്തു. മത്തായിയുടെ പിതൃസഹോദരപുത്രൻ റവ. ഡോ. കുര്യാക്കോസ് കൊട്ടാരത്തും കുഴി പാലാ രൂപതയിലെ സീനിയർ വൈദികരിലൊരാളായിരുന്നു. അന്നമ്മ മത്തായി ദമ്പതികളുടെ മക്കൾ ഏലിക്കുട്ടി, ദേവസ്യാച്ചൻ, മാത്തച്ചൻ. കുറുവച്ചൻ, റോസമ്മ, മേരിയമ്മ എന്നിവർ വിവിധ സ്ഥലങ്ങളിൽ കുടുംബസമേതം കഴിയുന്നു. പിതാവ് മത്തായി 13 - 5 - 1999 ൽ നിര്യാതനായി. അന്നമ്മയുടെ പ്രഥമപുത്രി ഏലിക്കുട്ടിയെ കൊഴുവനാൽ തെക്കേമുറി പോപ്പിന്റെ മകൻ തോമ്മാച്ചൻ വിവാഹം ചെയ്തു. ഇവർക്ക് സിബി, കുട്ടിയച്ചൻ, മേഴ്സി, ആൻസി, ബീനാ എന്നിവർ മക്കളാണ്. എല്ലാവരും വിവാഹിതരാണ്.

ദേവസ്യാച്ചൻ - അന്നമ്മയുടെ ആൺമക്കളിൽ മൂത്തവനായ ദേവസ്യാച്ചൻ ചെങ്ങളം കൊച്ചുപറമ്പിൽ കുര്യാക്കോസിന്റെ മകൾ ഏലിയാമ്മയെ ആണ് വിവാഹം ചെയ്തത്. ദേവസ്യാച്ചനും കുടുംബവും കൂടുതൽ കൃഷിസ്ഥലങ്ങൾ സമ്പാദിച്ച് വാഴക്കുളത്തിനു സമീപം വെങ്ങച്ചുവട് എന്ന സ്ഥലത്തു താമസിക്കുന്നു. മൂത്തമകൾ **സ്മിതയെ** തൃപ്പൂണിത്തുറ പറയിടം കുടുംബാംഗമായ ക്രിസ് വിവാഹം ചെയ്തു. ക്രിസ് തിരുവനന്തപുരം ടെക്നോപാർക്ക് ഉദ്യോഗസ്ഥനാണ്. ഇവർക്ക് സ്ക്കൂൾ വിദ്യാർത്ഥിനിയായ ഒരു മകളാണുള്ളത്. ദേവസ്യാച്ചന്റെ രണ്ടാമത്തെ മകൾ സീമ എം. ബി. എ വിദ്യാർത്ഥിനിയാണ്. ഇപ്പോൾ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

മത്തച്ചൻ ഗ്രീൻവില്ല വാഴക്കുളം - മത്തച്ചൻ അറിയപ്പെടുന്ന സാമൂഹ്യപ്രവർത്തകനാണ്. ഉരുളികുന്നം പടിഞ്ഞാറെമുറി ചാക്കോയുടെ മകൾ ഫിലോമിനയാണ് മത്തച്ചന്റെ ഭാര്യ. മൂത്തമകൾ ജാസ്മിനെ മുട്ടം ചാമക്കാലയിൽ ജോമി വിവാഹം ചെയ്തു. ചാമക്കാലയിൽ സിൽക്ക് ഹൗസ് തൊടുപുഴ

എന്ന വസ്ത്ര വ്യാപാരസ്ഥാപനം നടത്തുന്നു. ഇവർക്ക് ഒരു പെൺകുട്ടിയും ഒരാൺകുട്ടിയും മക്കളാണ്.

രണ്ടാമത്തെ മകൾ ജസ്ലിൻ കോളജ് വിദ്യാർത്ഥിനിയാണ്.

കുറുവച്ചൻ - ഉരുളികുന്നം കളരിക്കൽ തൊമ്മച്ചന്റെ മകൾ ലിസ്സിയാണ് കുറുവച്ചന്റെ ഭാര്യ. ഇവരുടെ മക്കൾ എം. ബി. എ ബിരുദധാരികളായ **ഷെബിൻ** സൗത്ത് ഇൻഡ്യൻ ബാങ്കിലും **ഷെറിൻ** റിലയൻസിലും ജോലി ചെയ്യുന്നു. ഷീതു ഹയർസെക്കണ്ടറി വിദ്യാർത്ഥിനിയാണ്. കുറുവച്ചൻ അമ്മയോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

റോസമ്മ - കടനാട് അഴകൻപറമ്പിൽ കുട്ടിയച്ചനാണ് റോസമ്മയുടെ ഭർത്താവ്, ഏകമകൻ കുഞ്ഞുമോൻ കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നു. മകൾ മോളിയെ മൂവാറ്റുപുഴ വെള്ളാങ്കൽ ജയ്സൺ വിവാഹം ചെയ്തു.

മേരിമ്മ - കൊഴുവനാൽ വെട്ടുവേലിൽ വിത്സനാണ് മേരിമ്മയുടെ ഭർത്താവ്. വിൽസൺ കൊഴുവനാൽ റബർ വ്യാപാരം നടത്തുന്നു. എൻജിനീയറിംഗ് വിദ്യാർത്ഥിയായാ മാത്യൂസും ഡിഗ്രി വദ്യാർത്ഥിയായ റോസ് മോളും സ്കൂൾ വിദ്യാർത്ഥിയായ അബിയുമാണ് മക്കൾ.

മത്തായിപോത്തൻ (പാപ്പച്ചൻ) - കിഴക്കേനാഗനൂലിൽ പാപ്പച്ചൻ മേരി (മാമ്മി) ദമ്പതികൾക്ക് റോസ, തോമസ് (കൊച്ച്), ജോസഫ് (അപ്പച്ചൻ),



മാത്യു, ഫിലിപ്പ്, ഏലിക്കുട്ടി (സി. ജൂസാ) ജോർജ്, ദേവസ്യാച്ചൻ എന്നിങ്ങനെ ആറുപുത്രന്മാരും രണ്ടുപുത്രിമാരും ഉണ്ട്. പാപ്പച്ചൻ മുത്തോലിയിലുള്ള തറവാട്ടു സ്വത്തിനുപുറമേ തമ്പലക്കാട് മൂഴിക്കാടും 1951 ൽ കന്യാകുമാരി ജില്ലയിൽ നെട്ടയിലും വസ്തുക്കൾ സമ്പാദിച്ച് കാർഷികവൃത്തിയിലേർപ്പെട്ടിരുന്നു.

കേരളത്തിലെ തെക്കേഅതിർത്തിയ്ക്കപ്പുറം വ്യാപിച്ച് സാഹസികമായ ഒരു കുടിയേറ്റത്തിന്റെ ചരിത്രം പറയുന്ന അരനൂറ്റാണ്ടു പഴക്കമുള്ളഒരു പ്രമാണ രേഖയുടെ പ്രസക്തഭാഗങ്ങൾ. "1951 ഫെബ്രുവരി 22 ന് മേവിടക്കരിയിൽ കിഴക്കേ നാഗനൂലിൽ അവുസേപ്പുപുത്രൻ 64 വയസ്സായ മത്തായിയും മത്തായിപുത്രൻ 44 വയസ്സായ പോത്തനും നാഗനൂലിൽ കുന്നുംപുറത്ത് ജോസഫ് പുത്രൻ 36 വയസായ ജോസഫും ഇളങ്ങുളം കരയിൽ ചീരാംകുഴിയിൽ വർക്കി പുത്രൻ 44 വയസ്സുള്ള വർക്കിയും പേർക്ക് വിളവംകോട് താലൂക്കിൽ ടി പകുതിയിൽ കുറമണ്ണൂർ ദേശത്ത് കുഴിത്തറ ക്രോസ്ഫീൽഡ് ബംഗ്ലാവിൽ ഇ. കെ. കുര്യൻ ഭാര്യ 46 വയസ്സായ മറിയാമ്മ കുര്യനും ടി യിൽ ഈ. കെ. കുര്യൻ പുത്രൻ 26 വയസ്സായ കെ.ഇ. കുര്യനും കൂടി എഴുതിക്കൊടുത്ത വിലയാധാരപ്രകാരം 105 ഏക്കർ വസ്തുവിൽ 25 ഏക്കർ കഴിച്ചുള്ള നെട്ട ക്രോസ്ഫീൽഡ് എസ്റ്റേറ്റ് വാങ്ങി കൂട്ടായി പേരിൽ കൂട്ടി കരം തിർത്ത് വരുന്നതായിരുന്നു. "1953 ഏപ്രിൽ 13 ന് ടി വസ്തു ഭാഗ ഉടമ്പടി ചെയ്ത് വേർതിരിക്കപ്പെട്ടു. മലമ്പനിയോടും മലമ്പാമ്പിനോടും മല്ലിട്ട് 16 ഏക്കർ കാട് വെട്ടിത്തെളിച്ചും ബാക്കി ഭാഗങ്ങളിൽ റബർ പുതുകൃഷിനടത്തിയും അദ്ധ്വാനിച്ചവർ പാപ്പച്ചന്റെ മൂത്തമകൻ കൊച്ചുമത്തയുടെ മൂത്തമകൻ തോമസ്, ചീരാംകുഴി വർക്കിമകൻ വർക്കി കുന്നുംപുറത്ത് ജോസഫ് മകൻ ജോസഫ്, ജോസഫിന്റെ സഹോദരൻ ചെറിയാച്ചൻ എന്നീ സാഹസികരായ ചെറുപ്പക്കാരായിരുന്നു. മൊത്തം സ്ഥലത്തിൽ ഒരേക്കർ പള്ളിക്ക് നീക്കി വയ്ക്കുകയും മുൻപറഞ്ഞ നാലു കുടുംബത്തലവന്മാർ ചേർന്ന് താമസംവിനാ പള്ളിപണി പൂർത്തിയാക്കുകയും പാലാക്കാരുടെ ഇടവകമദ്ധ്യസ്ഥനായ വി. തോമ്മാശ്ലീഹായുടെ പേര് പള്ളിക്കു നൽകുകയും ചെയ്തു. ചങ്ങനാശ്ശേരി രൂപതയുടെ തെക്കൻ മിഷ്യൻരംഗമായി നെട്ട പിന്നീട് അംഗീകരിക്കപ്പെട്ടു. ആദ്യ വികാരിയായിരുന്ന പുണ്യശ്ലോകനായ മാലിപ്പറമ്പിൽ ബഹു. ജോസഫച്ചന്റെ ശ്രമഫലമായി ഇടവകക്കാരുടെ സഹായത്തോടെ പള്ളിവകയായി അഞ്ച് ഏക്കർ വരുന്ന മ്ലാമലത്തോട്ടം വിലക്കുവാങ്ങുകയുണ്ടായി. അദ്ദേഹം ആരംഭിച്ച



സെന്റ് തോമസ് എൽ. പി. സ്കൂളാണ് പിൽക്കാലത്ത് ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്തത്.

ഭാഗഉടമ്പടി പ്രകാരം തിരിച്ച പാപ്പച്ചന്റെ സ്ഥലത്ത് സ്ഥിരമായി താമസം തുടങ്ങി ദേഹണ്ഡങ്ങൾ ചെയ്തത് മൂത്തമകൻ തോമസ് (കൊച്ച്) ആയിരുന്നു. നെട്ടയുടെ പുരോഗതിക്ക് നിർണ്ണായകമായ സ്ഥാനം വഹിച്ചിട്ടുള്ള ആളാണ് തോമസ്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം കുറവിലങ്ങാട് പാറ്റാനി കുഞ്ഞവറാച്ചന്റേയും അന്നക്കുട്ടിയുടെയും മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. ചിന്നമ്മയുടെ സഹോദരന്മാരിൽ ഏ. ജോ. പാറ്റാനി കലാ സാംസ്കാരികരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രസിദ്ധനായ ഒരു കാഥികനാണ്. മാണി പാറ്റാനിയും കുടുംബവും വടക്കഞ്ചേരിയിൽ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നു.

തോമസ് ചിന്നമ്മ ദമ്പതികളുടെ സീമന്തപുത്രൻ ബേബി 6-മത്തെ വയസിൽ നിര്യാതനായിരുന്നു. ആൺമക്കളിൽ രണ്ടാമനായ റ്റോം തോമസ് ബി. കോം കാഞ്ഞിരപ്പള്ളി കൊരട്ടിയിൽ തുങ്കുഴിയിൽ പരേതനായ റ്റി. കെ തോമസ്സിന്റെ മകൾ അനിതയെ വിവാഹം ചെയ്ത് ബിസിനസ്സിൽ ഏർപ്പെട്ടുകഴിയുന്നു. ഇവർക്ക് നിക്കോളസ്, അമൽ എന്ന രണ്ടു ആൺകുട്ടികൾ ഉണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി ടോമും കുടുംബവും തിരുവനന്തപുരത്തു താമസിക്കുന്നു.

തോമസിന്റെ ഇളയപുത്രൻ **എബി തോമസ്** ബി. എ കോതമംഗലത്തു തയ്യിൽ റ്റി. എം. ആന്റണി മകൾ ലിറ്റിയെ വിവാഹം ചെയ്ത് നെട്ടയിലുള്ള സ്വസതിയിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. ഇവർക്ക് ടോണി (തോമസ്) എന്ന ഒരു പുത്രനുണ്ട്.



തോമസ് ചിന്നമ്മ ദമ്പതികൾക്ക് ആൺമക്കളോടൊപ്പം മേരിമ്മ, ജെസ്സമ്മ, ഷീലമ്മ, ജാൻസി, എന്നീ നാലുപുത്രിമാരും ഉണ്ട്.

തോമസിന്റെ മൂത്തമകൾ **മേരിയമ്മയെ** കുറവിലങ്ങാട് മേനമ്പടത്ത് തോമ്മാച്ചൻ വിവാഹം ചെയ്തു. തോമ്മാച്ചൻ ഹൈസ്കൂൾ അദ്ധ്യാപകനാണ്. എം. ജി. റ്റി. വിദ്യാർത്ഥി ജീൻ, എൻജിനീയറിംഗ് വിദ്യാർത്ഥിനി ജീനു എന്നിവർ മക്കളാണ്. രണ്ടാമത്തെ മകൾ **ജെസ്സമ്മയെ** കൂത്താട്ടുകുളത്ത് പനച്ചിയ്ക്കൽ ജോണി മോഹൻമാത്യൂസ് വിവാഹം ചെയ്തു. ഇദ്ദേഹം കണ്ണൂർ മിലിട്ടറി സ്കൂൾ പ്രിൻസിപ്പലായിരുന്ന ശേഷം ഇപ്പോൾ അങ്കമാലി വിദ്യാധിരാജ എച്ച്. എസ്. എസ് പ്രിൻസിപ്പലാണ്. ജെസ്സമ്മ എറണാകുളം സെൻട്രൽ സ്കൂൾ അദ്ധ്യാപികയാണ്. എൻജിനീയറിംഗ് കഴിഞ്ഞ് മദ്രാസിൽ ജോലി ചെയ്യുന്ന വിനീത, സ്ക്കൂൾ വിദ്യാർത്ഥിയായ വിശാൽ എന്നീ രണ്ടു കുട്ടികളാണ് അവർക്കുള്ളത്. മൂന്നാമത്തെ മകൾ **ഷീലമ്മ**, പൂഞ്ഞാർ കരിയാപുരയിടത്തിൽ മാത്തച്ചന്റെ മകൻ പുന്നൂസ് ആണ് ഷീലമ്മയുടെ ഭർത്താവ്. വിപിൻ, ജിബിൻ, നിഖിൽ എന്ന മൂന്നു ആൺകുട്ടികൾ ഇവരുടെ മക്കളാണ്. വിപിൻ ഡിഗ്രി വിദ്യാർത്ഥിയും മറ്റു രണ്ടുപേരും സ്കൂൾ വിദ്യാർത്ഥികളാണ്.

ജാൻസി - തോമസിന്റെ നാലാമത്തെ മകൾ ജാൻസിയെ കാപ്പുംതല പ

ണ്ടാരകാപ്പിൽ പി. ജെ. ജോർജ്ജ് മകൻ ജോസ് വിവാഹം ചെയ്തു. ജോസ് കുറുപ്പുംതറയിലെ ഒരു പ്രമുഖ റബർഡീലറാണ്. ഇവർക്ക് ജെറി സച്ചിൻ എന്നിവർ മക്കളാണ്. ഇവർ സ്കൂൾ വിദ്യാർത്ഥികളാണ്.

മത്തായി പോത്തന്റെ (പാപ്പച്ചൻ) **രണ്ടാമത്തെ മകൻ ജോസഫ് (അപ്പച്ചൻ)** മീനച്ചിൽ കിഴക്കേടത്ത് തൊമ്മിയുടെ മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. കുടുംബസ്വത്തിന്റെ ഭാഗമായിരുന്ന തമ്പലക്കാട് മൂഴിക്കാട്ട് താമസമാക്കി. 1973 ൽ മൂഴിക്കാട്ടെ സ്ഥലവും നെട്ടയിലെ വീതവും വിറ്റ് വടക്കാഞ്ചേരി മംഗലം ഡാം ഭാഗത്ത് തോട്ടം വാങ്ങി കൃഷി ആരംഭിച്ചു. ഇവർക്ക് സിസമ്മ, സാലമ്മ, ഷൈനി, ബിജു, ലിൻഡ എന്നിങ്ങനെ 5 മക്കളുണ്ട്. അപ്പച്ചന്റെ മൂത്തമകൾ **സിസമ്മയെ** നിലമ്പൂർ കണ്ടത്തിൻകര റ്റോമി വിവാഹം ചെയ്തു.

ടോമി 1999 ഡിസംബർ 7 ന് അകാലചരമം പ്രാപിച്ചു. ഇവർക്ക് സിമി, റ്റിറ്റു എന്നിവർ മക്കളാണ്. സിമി ഡിഗ്രി വിദ്യാർത്ഥിനിയും റ്റിറ്റു +1 വിദ്യാർത്ഥിയുമാണ്. രണ്ടാമത്തെ മകൾ സാലമ്മയെ പാലക്കാട്ട് മുണ്ടൂർ ആനക്കുഴിയിൽ (വടയാറ്റുകുഴിയിൽ) സാബു വിവാഹം ചെയ്തു.

മൂന്നാമത്തെ മകൾ ഷൈനി കോളേജ് വിദ്യാഭ്യാസത്തിനുശേഷം കുടുംബകാര്യങ്ങളിൽ അമ്മയെ സഹായിക്കുന്നു. അപ്പച്ചന്റെ മക്കളിൽ നാലാമനായ ബിജു അനാരോഗ്യം മൂലം വീട്ടിൽ കഴിയുന്നു. ഇളയമകൾ ലിൻഡ വിദ്യാർത്ഥിനിയാണ്.

1976 സെ -13 ന് അപ്പച്ചന് ഒരു അപകടം സംഭവിച്ച് ആശുപത്രിയിൽ എത്തുംമുമ്പ് മരിച്ചു. കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി ത്രിശൂർ കുര്യച്ചിറ ഭാഗത്ത് തൽക്കാലം താമസമാക്കിയിരുന്നു അപ്പച്ചനും കുടുംബവും. അതിനാൽ മൃതദേഹം കുര്യച്ചിറ പള്ളി സിമിത്തേരിയിൽ സംസകരിച്ചു. ഭാര്യ ചിന്നമ്മ മക്കളോടൊപ്പം വടക്കാഞ്ചേരി ചീരാംകുഴിയിൽ താമസിക്കുന്നു.

മത്തായി പോത്തന്റെ **മൂന്നാമത്തെ മകൻ മാത്യു.** സഹോദരൻ കൊച്ചിനോടൊപ്പം നെട്ടയിൽ എത്തിയ മാത്യു സ്ഥിരോൽസാഹിയായ ഒരു കർഷകനായിരുന്നു. റബർ തൈകൾ ബഡ്ഡുചെയ്യുന്ന കാര്യം വ്യാപകമല്ലായിരുന്ന ആ കാലയളവിൽ വിദഗ്ധമായി ബഡ്ഡിങ്ങ് നടത്തുവാൻ മാത്യുവിനുണ്ടായിരുന്ന കരവിരുത് അവിടെ കുടിയേറിയ കുടുംബക്കാർക്കെല്ലാം വളരെയധികം സഹായകമായിരുന്നു. മാത്യു താമസംവിനാ പൈങ്ങളം

പുന്നക്കുന്നേൽ സകറിയാ മകൾ ചിന്നമ്മയെ വിവാഹം ചെയ്ത് നെട്ടയിൽ താമസമാക്കി. ഇവരുടെ പ്രഥമ പുത്രൻ **സിജി ബി. എ.** പാലാ കവിക്കുന്ന് മൂന്നമാക്കൽ എം. സി ചാക്കോയുടെ (കുഞ്ഞപ്പൻ) മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മാത്യൂ (അപ്പു) അന്ന (ചിന്ന) എന്നീ രണ്ടു കുട്ടികളാണുള്ളത്. മാത്യൂവിന്റെ **രണ്ടാമത്തെ മകൻ ജിജി ബി. കോം** മണ്ണാർക്കാട് ഇലവനാൽ ജോർജ്ജുകുട്ടിയുടെ മകൾ ജിൻസിയെ വിവാഹം ചെയ്തു. ഇവർക്ക് റിജുവും (ഉണ്ണി), ആനിയും മക്കളാണ്. ഇവർ സ്കൂളിൽ പഠിക്കുന്നു. മാത്യൂവിന്റെ **മൂന്നാമത്തെ മകൻ റെജി** ഹോട്ടൽ മാനേജ്മെന്റ് പാസ്സായി മദ്രാസിൽ ജോലിയിലാണ്. മൂവാറ്റുപുഴ ഇലഞ്ഞികുളത്തുങ്കൽ വിട്ടിൽ ജോർജ് മകൾ ജയയാണ് ഭാര്യ. മൂന്നു വയസ്സുള്ള മകൾ ആൻ നേഴ്സറി വിദ്യാർത്ഥിനിയാണ്. ജോസ് ഇളയകുട്ടിയാണ്.



മാത്യൂവിന്റെ നാലാമത്തെ **മകൻ ബിജി** എം. എസ്. സി. എച്ച്. എ ബി. ഫാം മംഗലാപുരത്ത് ബൽത്തങ്ങാടി മാധവത്ത് എബ്രാഹം മകൾ മീനുവിനെ ആണ് വിവാഹം ചെയ്തിരിക്കുന്നത്. യു. എസ്. എ യിൽ മയാമിയിൽ രണ്ടുപേരും ജോലിചെയ്യുന്നു. ഡെവിൻ, ഡിവോണ എന്നിവർ മക്കളാണ്.

ആരോഗ്യദൃഢഗാത്രനായിരുന്ന മാത്യൂ 1975 സെ. 28-ാം തീയതി ഞായറാഴ്ച ആദ്യത്തെ കുർബാന കഴിഞ്ഞ് വീട്ടിലെത്തിയെങ്കിലും താമസിക്കാതെ സംഭവിച്ച ഹൃദയസ്തംഭനം മൂലം അകാലചരമം പ്രാപിച്ചു. നെട്ടയുടെ ഹൃദയഭാഗത്ത് ദൈവാലയത്തിനോടു ചേർന്ന് സ്ഥാപിച്ചിരുന്ന സിമിത്തേരിയിലെ ആദ്യത്തെ മൃതസംസ്കാരം ശ്രീ മാത്യൂവിന്റേതായിരുന്നു. നെട്ട നിവാസികൾക്കും കുടുംബാംഗങ്ങൾക്കും മാത്യൂവിന്റെ മരണം ഉളവാക്കിയ ദുഃഖവും വേദനയും ഇന്നും സ്മരണയിൽ തങ്ങിനിൽക്കുന്നു. മക്കൾ എല്ലാവരും നല്ല വിദ്യാഭ്യാസം കഴിച്ച് നെട്ടയിൽ കാർഷിക വൃത്തിയിലും വിദേശത്ത് ഉദ്യോഗങ്ങൾ വഹിച്ചും കഴിയുന്നത്. മാത്യൂവിന്റെ ഭാര്യ ചിന്നമ്മയ്ക്ക് ആശ്വാസം പകരുന്നു.

മത്തായി പോത്തന്റെ (പാപ്പച്ചൻ) **നാലാമത്തെ മകൻ ഫിലിപ്പ്** കോട്ടയം പുലിക്കുട്ടിശ്ശേരി ഐക്കരച്ചിറ കളമ്പുകാട്ടുശ്ശേരി ചാക്കോ ചെറിയാൻ മകൾ അന്നമ്മയെ വിവാഹം ചെയ്ത് ജേഷ്ഠസഹോദരന്മാർക്കൊപ്പം

നെട്ടയിൽ സ്ഥിര താമസമാക്കി. കാർഷികവൃത്തിയിലും ചെറിയ തോതിൽ വ്യാപാരരംഗത്തും ഊർജസ്വലനായി പ്രവർത്തിക്കുന്ന ഫിലിപ്പിന് തങ്കച്ചൻ ലൗലി ബിജു, ഹണി എന്നീ നാലു മക്കളാണുള്ളത്. ഫിലിപ്പിന്റെ **പ്രഥമ പുത്രൻ ഫിലിപ്പ് (തങ്കച്ചൻ)** ബി. കോം പിതാവിനോടൊപ്പം കാർഷികരംഗത്ത് പ്രവർത്തിക്കുന്നു. ഭരണങ്ങാനം അമ്പാറനിരപ്പേൽ കുഴിത്തോട്ട് ജേക്കബ്ബ് മകൾ മേഴ്സി ആണ് ഭാര്യ. അനുമോൾ, മിനുമോൾ, ലിനുമോൾ എന്നീ മൂന്നു പെൺകുട്ടികളാണ് അവർക്കുള്ളത്. മൂന്നുപേരും സ്കൂൾ വിദ്യാർത്ഥിനികളാണ്. മക്കളിൽ രണ്ടാമത്തെ ആളാണ് **ലൗലി** ബി. എ പുന്നത്തറ ചൂരപ്പുഴയിൽ അപ്പച്ചന്റെ മകൻ സാബുവാണ് ലൗലിയുടെ ഭർത്താവ്. സാബു അയർകുന്നത്ത് ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരുടെ മകൻ ഡാനി സ്കൂളിൽ പഠിക്കുന്നു.

ഫിലിപ്പിന്റെ മക്കളിൽ **മൂന്നാമത്തെ അംഗം ബിജു** ബി. കോം പിതാവിനോടൊപ്പം കൃഷിക്കാര്യങ്ങളിൽ സഹായിക്കുന്നു. 4 ഫിലിപ്പിന്റെ **ഇളയ മകൾ ഹണി** എം. എ. പി.ജി.ഡി.സി.എ കഴിഞ്ഞ് മദ്രാസിൽ മൾട്ടിഡേറ്റാ കംപ്യൂട്ടർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

മത്തായി പോത്തന്റെ (പാപ്പച്ചൻ) ആൺമക്കളിൽ **അഞ്ചാമനായ ജോർജ്ജ്** പിതാവിനോടൊപ്പം മുത്തോലിൽ തറവാട്ടുവീട്ടിലാണ് താമസിച്ചിരുന്നത്. ഇളയസഹോദരൻ ദേവസ്യാച്ചൻ വിവാഹിതനായശേഷം ജോർജ്ജ് നെട്ടയിലേയ്ക്ക് താമസം മാറ്റി. കപ്പാട് തെരുവംകുന്നേൽ ജോസഫിന്റെ സീമന്തപുത്രി **അന്നമ്മ** (ചിന്നമ്മ)യാണ് ജോർജിന്റെ സഹധർമ്മിണി. നെട്ടയിലെ കുടുംബവീതം സ്ഥലത്ത് കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന ജോർജ്ജ് ഏതാനം വർഷങ്ങൾക്കുശേഷം നെട്ടയിലെ സ്ഥലം വിറ്റ് പാലാ ടൗണിൽ തന്നെ സ്ഥലവും കെട്ടിടവും വാങ്ങി താമസിച്ചു വരികയാണ്. ജോർജ്ജ് ചിന്നമ്മ ജമ്പതികൾക്ക് ഷാന്റി, ഷിബി, ഷിജു, ഷാജൻ, ഷിജി, എന്നിങ്ങനെ 3പുത്രന്മാരും 2 പുത്രിമാരും ഉണ്ട്. ഒരു കുട്ടി ബാല്യത്തിൽ മരിച്ചു.

ഷാന്റി - ജോർജിന്റെ മക്കളിൽ മൂത്തവൾ ആയ ഷാന്റിയെ രത്നഗിരി ചിറയിൽ പരേതനായ പോളിന്റെ മകൻ ഡോഷി വിവാഹം ചെയ്തു. ഇവർക്ക് പോളച്ചൻ, മണിക്കുട്ടി, ചിന്നക്കുട്ടി, എന്നീ മൂന്നു മക്കളാണുള്ളത്.○

മക്കളിൽ **രണ്ടാമനായ ഷിബി** സജീവ രാഷ്ട്രീയ പ്രവർത്തകനാ

ണ്. ഗതാഗതമന്ത്രിയായിരുന്ന ശ്രി ഗണേശ് കുമാറിന്റെ ഓഫീസ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു.

ഷീജ - വിദ്യാർത്ഥിനിയാണ്

ആൺമക്കളിൽ രണ്ടാമനായ **ഷാജൻ** സൂറ്റിൽ നിന്നും ജെമ്മോളജി പഠനം കഴിഞ്ഞ് സ്വർണ്ണ വ്യാപര രംഗത്താണ്. അങ്കമാലി കാച്ചപ്പള്ളി ആന്റണിയുടെ മകൾ വിനിയാണ് ഭാര്യ. ഇവർക്ക് ഡോൺ എന്ന ഒരു ആൺക്കുട്ടിയുണ്ട്.

ആൺമക്കളിൽ **മൂന്നാമനായ ഷിജി** കംപ്യൂട്ടർ വിദ്യാർത്ഥിയാണ്.

മത്തായി പോത്തന്റെ (പാപ്പച്ചൻ) **ഇളയമകൻ ദേവസ്യാച്ചൻ** കുറവിലങ്ങാടു റിട്ടയേർഡ് ഹെഡ്മാസ്റ്റർ പാറ്റാനിയിൽ എബ്രാഹാം റീത്താമ്മ മകൾ തങ്കമ്മയെ വിവാഹം ചെയ്ത് കിഴക്കേ നാഗനൂലിൽ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് പ്രദീപ് , രാജേഷ്, സോബൻ എന്നിങ്ങനെ മൂന്ന് ആൺമക്കൾ ഉണ്ട്. **പ്രഥമപുത്രൻ പ്രദീപ്** കോട്ടയം അടിച്ചിറ പുല്ലത്തിൽഡ ചെറിയാന്റെ മകൾ ഷൈനിയെ വിവാഹം ചെയ്തു. ഇവർക്ക് സെബാസ്റ്റ്യൻ എന്നൊരു പുത്രനും അന്ന എന്ന പുത്രിയും ഉണ്ട്. രാഷ്ട്രീയ രംഗത്തും പാലായിൽ ഒരു പാരലൽ കോളേജു സ്ഥാപിച്ച് വിദ്യാഭ്യാസ രംഗത്തും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ അമേരിക്കയിൽ ന്യൂജേർസിയിൽ കുടുംബ സമേതം ജോലിയിലാണ്.

രണ്ടാമത്തെ മകനായ രാജേഷ് അരിവിത്തുറ പ്ലാത്തോട്ടത്തിൽ പി. വി. ജോസഫിന്റെയും ഷീലയുടെയും മകൾ ഷീമയെ വിവാഹം ചെയ്തു. ഏകമകൾ അന്ന (തങ്കം). ഷീമ ഇംഗ്ലണ്ടിൽ നഴ്സ് ആയി ജോലി ചെയ്യുന്നു.



കിഴക്കേനാഗനൂലിൽ സി.പി. സെബാസ്റ്റ്യനും കുടുംബാംഗങ്ങളും

ഇളയപുത്രൻ ബോബൻ കോഴിക്കോട്ടു നിന്നും ബി. എച്ച്. എം. പാസ്സായി ഇപ്പോൾ അമേരിക്കയിൽ ജോലി ചെയ്യുന്നു.

വർഷങ്ങൾക്കു മുമ്പ് അത്യുല്പാദനശേഷിയുള്ള ക്ലോണൽ റബർ തൈകൾ കർഷകർക്ക് അനായാസം ലഭ്യമാക്കുവാൻ റബർ നഴ്സറി എന്ന ആശയം പ്രയോഗത്തിലാക്കി റബർ ബോർഡിന്റെ പ്രശംസ ഏറ്റുവാങ്ങിയ സംരഭകനാണ് ദേവസ്യാച്ചൻ, കാർഷികരംഗത്തെന്നപ്പോലെ സാമൂഹ്യസാംസ്കാരിക രംഗങ്ങളിലും ഇദ്ദേഹം സജീവമായി പ്രവർത്തിക്കുന്നു.

ശ്രീ മത്തായി പോത്തന്റെ (പാപ്പച്ചൻ) സീമന്തപുത്രി **റോസമ്മയെ** പാലായ്ക്ക് അടുത്ത് വലവൂർ കുഴികുളത്ത് ജോസഫ് വിവാഹം കഴിച്ചു. ഇവർക്ക് ജോസ്, ഫിലിപ്പ്, റോസമ്മ, വൽസമ്മ, സെലിൻ, ലിസമ്മ (സിസ്റ്റർ ലിസാ), എൽസി, ആൻസി എന്ന 9 മക്കളുണ്ടായിരുന്നു. മൂത്തമകൻ ജോസഫ് 25-ാം വയസിലും സെലിൻ ചെറുപ്പത്തിലും ചരമം പ്രാപിച്ചിരുന്നു. രണ്ടാമത്തെ മകനായ ഫിലിപ്പ് കുഴികുളം കരൂർ പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്നു. ഇപ്പോൾ കോട്ടയം ജില്ല സഹകരണ ബാങ്ക് പ്രസിഡണ്ടായും പൊതുരംഗത്തു പ്രശംസാർഹമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. മക്കളിൽ ആറാമത്തെ അംഗമായ ലിസമ്മ കർമ്മലിത്താ മഠത്തിൽ ചേർന്ന് സി. ലിസാജോ എന്ന പേർ സ്വീകരിച്ചു. ഇപ്പോൾ ഹൈസ്കൂൾ അദ്ധ്യാപികയായി ജോലി ചെയ്തുകൊണ്ട് മുത്തോലി മഠത്തിലെ അംഗമായി തുടരുന്നു.

പോത്തന്റെ (പാപ്പച്ചൻ) മക്കളിൽ ആറാമത്തെ ആളായ ഏലിക്കുട്ടി കർമ്മലിത്ത സന്യാസിനി സമൂഹത്തിൽ തേർന്ന് **സി. ജൂസാ** എന്ന പേർ സ്വീകരിച്ചു. ഇപ്പോൾ വരിയാനിക്കാട് മഠത്തിലെ മദർ സുപ്പീരിയറാണ്.

ഇളയമകൻ ദേവസ്യാച്ചനോടൊപ്പം തറവാട്ടിൽ കഴിഞ്ഞിരുന്ന പിതാവ് പാപ്പച്ചനും മാതാവ് മാമ്മിയും രണ്ടു മക്കളുടെ വിരഹത്തിൽ ദുഃഖാർത്തരായിരുന്നെങ്കിലും ബാക്കിയുള്ളവർ സമൃദ്ധിയിലും ഐശ്വര്യത്തിലും ജീവിക്കുന്നതിൽ ആശ്വാസം കൊണ്ടിരുന്ന പാപ്പച്ചൻ 1980 ഫെ - 13 ന് 75-ാം വയസിലും ഭാര്യമാമ്മി 1995 ആഗസ്റ്റ് 1 ന് 88-ാം വയസ്സിലും ഭാഗ്യ മരണം പ്രാപിച്ചു.

ചെരികുന്നേൽ തൊമ്മൻ മത്തായി (മത്ത)

പാപ്പച്ചന്റെ പിതാവ് തൊമ്മൻ മത്തായിയുടെ (മത്ത) ഭാര്യയും പാപ്പ

ച്ചന്റെ അമ്മയുമായിരുന്ന റോസയുടെ മരണത്തെ തുടർന്ന് ഭർത്താവ് മുത്തോലി പ്ലാക്കാട്ട് കോരയുടെ മകൾ കുഞ്ഞാമ്മിയെ വിവാഹം ചെയ്ത് ചെരുകുന്നേൽ താമസമാക്കി. ഇവർക്ക് ഏഴു പുത്രന്മാരും മൂന്നു പുത്രികളുമാണ് ഉണ്ടായിരുന്നത്. നാഗനൂലിൽ ചീരാംകുഴി കുടുംബാംഗങ്ങളുടെ തലവനായും സഹോദരങ്ങൾക്ക് ഇഷ്ടതോഴനും സഹകാരിയും ആയും കഴിഞ്ഞിരുന്ന മത്ത 85-ാം വയസ്സിൽ 1970 ഒക്ടോബർ 27 ന് നിര്യാതനായി. കുടുംബനാഥയായ കുഞ്ഞാമ്മി (മറിയം) 1981 ഡിസംബർ 18 ന് ഇഹലോകവാസം വെടിഞ്ഞു.

ചെരികുന്നേൽ താമസമാക്കിയ മത്ത കുഞ്ഞാമി ദമ്പതികൾക്ക് ഈ രണ്ടാം വിവാഹത്തിൽ തൊമ്മച്ചൻ, കുര്യച്ചൻ, കുഞ്ഞേപ്പ്, തെയ്യാമ്മ, മാത്യു, വക്കച്ചൻ, മറിയാമ്മ ദേവസ്യാച്ചൻ, ചാക്കോച്ചൻ, ഏലമ്മ എന്നിങ്ങനെ ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായിരുന്നു.

തൊമ്മൻ മത്തായിയുടെ പ്രഥമ പുത്രൻ **തോമസ് - തൊമ്മച്ചൻ** മുത്തോലി മണ്ണൂർവീട്ടിൽ ചെറിയതു തൊമ്മൻ മകൾ മേരി (കുഞ്ഞുപെണ്ണ്) യെയാണ് തൊമ്മച്ചൻ വിവാഹം ചെയ്തത്. മുത്തോലിയിലുള്ള സ്ഥലം കൂടാതെ മുഴിക്കാട്ടുള്ള സ്ഥലം അന്വേഷിക്കുവാൻ അന്ന് പിതാവിനെ സഹായിച്ചിരുന്നത് തൊമ്മനായിരുന്നു. ഇളങ്ങുളത്തു നിന്നു കാൽനടയായി വഞ്ചിമല കയറിയിറങ്ങി മുഴിക്കാട്ടിനുള്ള യാത്ര ശ്രമകരമായിരുന്നു. അതുപോലെതന്നെ 1951 ൽ തെക്കൻ തിരുവിതാംകൂറിൽ നെട്ടയിൽ വാങ്ങിയ സ്ഥലത്തിന്റെ ദേഹണ്ഡത്തിനായി കാര്യപ്രാപ്തിയുള്ള തൊമ്മച്ചനെയാണ് പിതാവ് നിയോഗിച്ചത്. മലമ്പനി സാധാരണയായിരുന്ന നെട്ടയിൽ താമസസൗകര്യം ഉണ്ടായിരുന്നില്ല. നെട്ടയിൽ നിന്നും ഏകദേശം ഏഴു കിലോമീറ്റർ അകലെയുള്ള പൂലിയൂർ ശാലയിൽ വാടക വീട്ടിൽ തൊമ്മച്ചനും കുടുംബവും താമസിച്ചുകൊണ്ട് ദിവസവും സ്ഥലത്തുപോയി കൃഷിപ്പണികൾ നടത്തേണ്ട അവസ്ഥയാണ് അന്നുണ്ടായിരുന്നത്. മറ്റുള്ളവരേക്കാൾ ആദ്യമായി കുടുംബസഹിതം ഈ സ്ഥലത്തെത്തിയ വ്യക്തി തൊമ്മച്ചനായിരുന്നു. നെട്ടയുടെ വളർച്ചയിൽ തൊമ്മച്ചന്റെ പങ്കും വലുതായിരുന്നു. തൊമ്മച്ചനും മേരിക്കും ജോയൻ, ടോം, എന്നിങ്ങനെ രണ്ടുപുത്രന്മാരും ആറുപുത്രിമാരുമാണുള്ളത്.

തൊമ്മച്ചന്റെ **പ്രഥമ പുത്രൻ ജോയൻ** തീക്കോയി കണ്ടത്തിൻകര കെ. ജെ. വർക്കി ഏലിക്കുട്ടി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് എബിൻ എന്ന ആൺകുട്ടിയും അനു എന്ന പെൺകുട്ടിയും മക്കളാണ്.



സ്വീകരണം (ഇടത്തുനിന്ന് വലത്തോട്ട്)

ഇവർ സ്കൂൾ വിദ്യാർത്ഥികളാണ്. ജോയൻ കാർഷിക വ്യത്തിയിലേർപ്പെട്ട് നെട്ടയിൽ താമസിക്കുന്നു. തൊമ്മച്ചന്റെ **രണ്ടാമത്തെ മകൻ ടോം തോമസ് (തോമസുകുട്ടി)** ചെങ്ങളത്ത് പുതുവേലിൽ റിട്ടേർഡ് ഹെഡ്മാസ്റ്റർ എം. ജെ. ജോസഫിന്റെയും അച്ചാമ്മയുടെയും മകൾ ബീനയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് സൂസൻ, സെലിൻ എന്ന രണ്ടുകുട്ടികളാണുള്ളത്. തോമസുകുട്ടിയും കുടുംബവും നെട്ടയിലുള്ള തറവാട്ടിൽ അമ്മ മേരിയോടൊപ്പം കാർഷികവൃത്തിലേർപ്പെട്ട് കഴിയുന്നു.

തൊമ്മച്ചന്റെ **സീമന്തപുത്രി മേരിയെ** എലിക്കുളം കട്ടക്കയത്തിൽ കെ. സി. ചെറിയാൻ വിവാഹം ചെയ്ത് പാലായിൽ താമസിക്കുന്നു. പാപ്പച്ചൻ 1995 ൽ ഇടമറ്റം കെ. റ്റി. ജെ. എം. ഹൈസ്കൂളിൽ നിന്നു ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തു. റിട്ടയർമെന്റിനു

ശേഷം പാലാ രൂപതവക ബിഷപ് വയലിൽ ലൈബ്രറിയുടെ ലൈബ്രറിയനായി സത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്നു. ഇവർക്ക് ജോഷി, ഷീലമ്മ, ഡെയ്സി എന്നീ മൂന്നു മക്കളാണുള്ളത്. **ജോഷി** ചേർത്തല കൊതമംഗലം ചേന്നോത്ത് ആന്റണി മകൾ അനുമോളെ വിവാഹം ചെയ്തു. ഇവർക്ക് മരിയ, മേരലി, ആൻസമ്മ എന്നീ മൂന്നു കുട്ടികളാണുള്ളത്. ജോഷി കുടുംബകാര്യങ്ങളിലും സാമൂഹ്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു.

സീമന്തപുത്രി **ഷീലമ്മയെ** കോതനല്ലൂർ പള്ളിക്കാപ്പറമ്പിൽ ജോസഫിന്റെ മകൻ ജിമ്മി വിവാഹം ചെയ്തു. ജിമ്മി അവിടെത്തന്നെ ബിസിനസ് രംഗത്താണ് പ്രവർത്തിക്കുന്നത്. ഇവരുടെ കുട്ടി ഷാരോൺ ലിസ്ബത്ത് ജിമ്മി സ്കൂൾ വിദ്യാർത്ഥിയാണ്.

ഇളയമകൾ **ഡെയ്സിയെ** കല്ലൂർകാട് കൊച്ചുമുട്ടത്ത് റിട്ട. അദ്ധ്യാപകൻ വർക്കിയുടെ മകൻ ഷാജു വിവാഹം ചെയ്തു. ഇവരുടെ മക്കളായ വർക്കിയച്ചനും ചെറിയാച്ചനും സ്കൂൾ വിദ്യാർത്ഥികളാണ്. ഷാജു കാർഷിക രംഗത്തു പ്രഗൽഭനായ ഒരു പ്ലാന്റർ ആണ്.

തൊമ്മച്ചന്റെ രണ്ടാമത്തെ മകൾ അച്ചാമ്മ തിരുഹൃദയമഠത്തിൽ ചേർന്ന് **സി. മൈക്കിൾ** മേരി എന്ന പേര് സ്വീകരിച്ചു. മിഷൻരംഗമായ ഉജ്ജൈനിലും മറ്റും ദീർഘനാൾ സേവനം അനുഷ്ഠിച്ച ശേഷം ഇപ്പോൾ തിരുവനന്തപുരത്ത് തിരുഹൃദയമഠത്തിൽ വിശ്രമ ജീവിതത്തിലാണ്. മൂന്നാമത്തെ മകൾ **ഫിലോമിനയും** തിരുഹൃദയ മഠത്തിൽ ചേർന്ന് സി. **കൺസീലിയ** എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ തിരുവനന്തപുരത്തുള്ള തിരുഹൃദയമഠത്തിൽ സേവനം അനുഷ്ഠിച്ചുവരുന്നു.

പുഷ്പമ്മ - തൊമ്മച്ചന്റെ നാലാമത്തെ മകൾ പുഷ്പമ്മയെ അയർക്കുന്നം പന്തപ്ലാക്കൽ പി. ഡി. ജോസ് ബി. എസ്സി വിവാഹം ചെയ്തു.

സ്വന്തം നിലയിൽ കേരള ആന്റിബയോട്ടിക്സ് എന്ന ഔഷധ നിർമ്മാണ സ്ഥാപനത്തിന്റെ ഡയറക്ടറായി പ്രവർത്തിച്ചിരുന്ന ജോസ് അകാല ചരമം പ്രാപിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥാപനം ബോംബെയിലുള്ള നസ്റ്റർ കമ്പനി എന്ന സ്ഥാപനം ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നു. പുഷ്പമ്മ - ജോസ് ദമ്പതികൾക്ക് ജിഷ്, റ്റിമ്മി, ജോവിൻ, എന്നിങ്ങനെ മൂന്ന് മക്കളാണുള്ളത്. ജിഷ് എറണാകുളം മുരിക്കൻസ് ഇലക്ട്രോണിക് കമ്പനിയിൽ ജോലി ചെയ്യുന്നു. രണ്ടാമനായ റ്റിമ്മി പോളിമർ എഞ്ചിനിയറിംഗ് കഴിഞ്ഞ് എം. ബി. എ പാസ്സായി ദുബായിൽ ഒരു കമ്പി

നിയിൽ പ്രൊഡക്ഷൻ മാനേജരായി ജോലിചെയ്യുന്നു. മൂന്നാമനായ ജോവിൻ ജോസ് കോഴിക്കോട്ട് യൂണിവേഴ്സിറ്റിയിൽ എം.എസ്സി. ഫുഡ് സയൻസ് വിദ്യാർത്ഥിയാണ്.

തൊമ്മച്ചന്റെ പെൺമക്കളിൽ **അഞ്ചാമത്തെ അംഗമായ ലിസയെ** മാമ്പുഴക്കേരി വെങ്ങാന്തറ കുട്ടപ്പന്റെ മകൻ ജോസി ജോസഫാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് ഔസേപ്പച്ചൻ, കാതറൈൻ, അന്ന, ചിന്നു എന്നിവർ മക്കളാണ്. കോളജ് വിദ്യാർത്ഥിനിയായിരുന്ന കുട്ടമ്മ (കാതറൈൻ) യുടെ 25 - 4 - 2006 ലെ ആകസ്മിക നിര്യാണം കുടുംബത്തിന് ഒരു തീരാനഷ്ടമായി അവശേഷിക്കുന്നു.

തൊമ്മച്ചന്റെ **ഇളയമകൾ പ്രഭയെ** നെയ്യാറ്റിൻകര ആറാട്ടുകുഴി ഉഷസിൽ എം. തോമസുകുട്ടി വിവാഹം ചെയ്തു. മക്കൾ അനുതോമസ് കംപ്യൂട്ടർ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയും അജു തോമസ് കോളേജ് വിദ്യാർത്ഥിയുമാണ്. ചെരികുന്നേൽ ചീരാംകുഴി കുടുംബത്തിലെ ജ്യേഷ്ഠസഹോദരനും വഴികാട്ടിയും കുടുംബസ്നേഹിയുമായിരുന്ന തൊമ്മച്ചൻ 1988 ജൂൺ 13 ന് നിര്യാതനായി നെട്ട സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ അന്ത്യ വിശ്രമം കൊള്ളുന്നു.

തൊമ്മച്ചന്റെ **അനുജൻ കുര്യാക്കോസ്** സംസാരശേഷി ഇല്ലാത്തതിനാൽ ഏറ്റവും ഇളയസഹോദരൻ ചാക്കോച്ചനോടൊപ്പം ചെരികുന്നേൽ തറവാട്ടിൽ താമസിച്ചിരുന്നു. കുര്യൻ അവിവാഹിതനായിരുന്നു. പെട്ടെന്നുണ്ടായ രോഗം മൂലം കുര്യൻ 2006 ഫെബ്രുവരി 25 ന് നിര്യാതനായി.

സി. എം. ജോസഫ് (കുഞ്ഞേപ്പ്)



തൊമ്മൻമത്തായി (മത്ത) യുടെ മൂന്നാമത്തെ മകൻ സി. എം. ജോസഫ് (കുഞ്ഞേപ്പ്) കുടുംബകാര്യങ്ങളിൽ പിതാവിനെ സഹായിച്ചിരുന്നു. തൊമ്മാച്ചനെപ്പോലെ കുഞ്ഞേപ്പും മൂഴിക്കാട്ടെ സ്ഥലം അന്വേഷണത്തിലും മറ്റും കൃഷിപ്പണി നടത്തിപ്പിലും കർത്തവ്യ നിരതനായിരുന്നു. എലിക്കുളത്ത് കട്ടക്കയത്ത് ചെറിയാൻ ഏലിയാമ്മ ദമ്പതികളുടെ മകൾ വിവാഹം ചെയ്തു. 1960 ൽ കുഞ്ഞേപ്പും നെട്ടയിലെ കുടുംബവീതം സ്ഥലത്തേക്ക് താമസമാക്കി. ഇവർക്ക് ബേബി (ജോസും)യും മറിയാമ്മയും, ലീലയും റീത്താമ്മയും മക്കളാണ്. ബേബി കോളേജ് വിദ്യാഭ്യാസത്തിനു ശേഷം ചേനപ്പാടി കരിയനാട്ട് എബ്രഹാമിന്റേയും ത്രേസ്യാമ്മയുടേയും മകൾ കൊച്ചുത്രേസ്യാമ്മ (ഷാജി)യെ വിവാഹം കഴിച്ചു നേഴ്സിംഗ് വിദ്യാർത്ഥിനിയായ റിയായും സ്കൂൾ വിദ്യാർത്ഥിയായ ഗിയയും മക്കളാണ്. ബേബി കൃഷി, സ്വർണ്ണ വ്യാപാരം തുടങ്ങിയ രംഗങ്ങളിൽ ഏർപ്പെട്ടു കഴിയുന്നു.

കുഞ്ഞേപ്പിന്റെ **മൂത്തമകൻ മറിയാമ്മയെ** മീനച്ചിൽ നന്തികാട്ടുകണ്ടത്തിൽ പാപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ജോജു, അജു, ടോം, എന്നിങ്ങനെ മൂന്നു ആൺമക്കളാണുള്ളത്. പ്രഥമ പുത്രൻ ജോജു മൂഴൂർ അറക്കൽ കുര്യൻ മകൾ ബിന്ദുവിനെ വിവാഹം ചെയ്തു. രണ്ടുപേരും എം. എസ്സി നഴ്സിങ്ങ് ബിരുദധാരികളാണ്. ഇവർക്ക് ലിയോ ജോസഫ് എന്ന ഒരു കുട്ടിയുണ്ട്. ഇവർ കുടുംബസമേതം ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു. ദ്വിതീയ പുത്രൻ അജു നെല്ലിയാനി ചെറുകരയിൽ മാത്യുവിന്റെ മകൾ പ്രിൻസിയെ വിവാഹം ചെയ്തു. കാർഷികവൃത്തിയിലേർപ്പെട്ട് മാതാപിതാക്കളോടൊപ്പം തറവാട്ടിൽ താമസിക്കുന്നു. ഇവരുടെ മകൻ ആൻവിൻ സ്കൂൾ വിദ്യാർത്ഥിയാണ്. മറിയാമ്മ പാപ്പച്ചൻ ദമ്പതികളുടെ ഇളയപുത്രൻ ടോമിന്റെ ഭാര്യ ആൻസ്മിത പാലാ പുളിക്കകുന്നേൽ സകറിയായുടെ മകളാണ്. ഇവരും എം. എസ്.സി. നഴ്സിംഗ് ബിരുദധാരികളാണ്. ഇവർ കുടുംബസമേതം ഇംഗ്ലണ്ടിൽ ജോലിചെയ്യുന്നു.

കുഞ്ഞേപ്പിന്റെ **രണ്ടാമത്തെ മകൾ ലീലയെ** എളങ്ങോയി വെട്ടുവേലിൽ ജോസ് വിവാഹം ചെയ്ത് ചാമംപതാലിൽ താമസിക്കുന്നു. ജോസ് നല്ല കർഷകനും സാമൂഹ്യപ്രവർത്തകനും ആണ്. സൺഡേ സ്കൂൾ അദ്ധ്യാപകൻ പിതൃവേദി പ്രവർത്തകൻ എന്നീ രംഗങ്ങളിലും ജോസ് അറിയപ്പെടുന്ന വ്യക്തിയാണ്. ഇവരുടെ മൂത്തമകൾ നിഷ ബി. എസ്സി നേഴ്സിംഗ് പാസ്സായി ബാംഗ്ലൂരിൽ ജോലിയിലാണ്. മകൻ ജോൺ നേഴ്സിംഗ് വിദ്യാർത്ഥിയാണ്.

കുഞ്ഞേപ്പിന്റെ **ഇളയമകൾ റീത്തമ്മയെ** പുനലൂർ വെൺചെമ്പ് ചേലമറ്റത്തിൽ മത്തായി കുര്യൻ മകൻ ജോസ് വിവാഹം കഴിച്ചു. ഇവരുടെ മകൾ ജിസ്സ നേഴ്സിംഗ് വിദ്യാർത്ഥിനിയും മകൻ ജെറിൻ (കുര്യൻ ജോസ്) സ്കൂൾ വിദ്യാർത്ഥിയുമാണ്. റീത്താമ്മ മാവേലിക്കര നവോദയ സ്കൂൾ അദ്ധ്യാപികയും ജോസ് എറണാകുളത്ത് ഹൈസ്കൂൾ അദ്ധ്യാപകനുമാണ്. ഇവർ മാവേലിക്കരയിൽ സകുടുംബം താമസിക്കുന്നു.

തൊമ്മൻ മത്തായിയുടെ (മത്ത) **നാലാമത്തെ മകൻ മാത്യു** കാഞ്ഞിരമറ്റത്തിനടുത്ത് തോടനാൽ നായിപുരയിടത്തിൽ അവുസേപ്പ് മകൻ റോസമ്മയെ വിവാഹം ചെയ്തു. ദത്തവകാശിയായി തറവാട്ടിൽ താമസിക്കുന്നു. റോസമ്മയുടെ മാതാപിതാക്കൾ ഔസേപ്പും ഏലിയും വാർദ്ധക്യസഹജമായ രോഗങ്ങളാൽ1994 ലും 1990 ലും മരണമടഞ്ഞു. മാത്യുവിന് ജോസ്, പയസ്, സണ്ണി, എന്ന മൂന്നു ആൺമക്കളും ജയിസമ്മ, ലൌലീ എന്നീ രണ്ടു പെൺമക്കളുമാണുള്ളത്. **മൂത്തമകൻ ജോസ്** ഞണ്ടുപാറ മാളിയേക്കൽ തോമസ് മകൾ ജയിസമ്മയെ വിവാഹം ചെയ്ത് തോടനാൽ താമസിക്കുന്നു. ഇവർക്ക് മാത്യു (മിഥിൻ) തോമസ്(ജബിൻ) എന്നീവർ പുത്രന്മാരാണ്. ആഭ എന്ന ഒരു മകളുണ്ട്. ഇവർ സ്കൂൾ വിദ്യാർത്ഥികളാണ്.



മാത്യു നായിപ്പുരയിടവും കുടുംബാംഗങ്ങളും

രണ്ടാമത്തെ മകൻ പയസ്സ് പൂവത്തോട് പൊട്ടനാനിക്കൽ പരേതനായ വർക്കി (കൊച്ച്) യുടെ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു പറത്താനത്ത് താമസിക്കുന്നു. ഇവർക്ക് അനു, മീനു, നീന എന്നീ മൂന്നു പെൺകുട്ടികളും മാത്യു എന്ന ഏകപുത്രനുമാണ് മക്കൾ. കുട്ടികൾ എല്ലാവരും സ്കൂളിൽ പഠിക്കുന്നു. പയസ്സും മറ്റു സഹോദരന്മാരെപ്പോലെ കാർഷിക വൃത്തിയിലേർപ്പെട്ടു കഴിയുന്നു. മാത്യുവിന്റെ മകൾ **ജയിസമ്മയെ** കുമളിയിൽ മാളിയേക്കൽ തോമസ് മകൻ ജോൺ (അപ്പച്ചൻ) വിവാഹം ചെയ്തു. മകൾ ആശ നേഴ്സിംഗ് വിദ്യാർത്ഥിനിയും ഷോണായും പാപ്പച്ചനും സ്കൂൾ വിദ്യാർത്ഥികളുമാണ്. അപ്പച്ചൻ കുമളിയിൽ സുപ്പർമാർക്കറ്റ് നടത്തുന്നു. മാത്യുവിന്റെ മക്കളിൽ നാലാമത്തെ ആൾ സണ്ണി പെരിങ്ങുളത്ത് നെടുങ്ങനാൽ പാപ്പച്ചന്റെ മകൾ സെലീനെ വിവാഹം ചെയ്തു. തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ജാക്സൺ ജെയിംസുകുട്ടി എന്ന രണ്ട് ആൺകുട്ടികളാണുള്ളത്. ഇവർ സ്കൂളിൽ പഠിക്കുന്നു. മക്കളിൽ ഏറ്റവും **ഇളയവളായ ലൌലിയെ** (മേരി) കടുത്തുരുത്തി പുത്തൻപുരക്കൽ ജോസഫിന്റെ മകൻ ബേബിച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ക്രിസ്മോൻ എന്ന ആൺകുട്ടിയും ജൂവൽ എന്ന പെൺകുട്ടിയും മക്കളാണ്. ബേബിച്ചൻ കൃഷികാര്യങ്ങളിൽ ഏർപ്പെട്ടും ലൌലി അദ്ധ്യാപികയായും ജോലി ചെയ്യുന്നു.

(ചെരികുന്നേൽ) ചീരാംകുഴിയിൽ തൊമ്മൻ മത്തായിയുടെ (മത്ത) മക്കളിൽ **അഞ്ചാമത്തെ അംഗമാണ് വക്കച്ചൻ**. പൈക ഇടപ്പാടിയിൽ വർക്കിയുടേയും ഏലിക്കുട്ടിയുടേയും മകൾ റോസമ്മയാണ് വക്കച്ചന്റെ



വക്കച്ചനും റോസമ്മയും

ഭാര്യ. ജ്യേഷ്ഠ സഹോദരന്മാരോടൊപ്പം വക്കച്ചനും കുടുംബവും നെട്ടയിൽ താമസമാക്കി കൃഷികാര്യങ്ങളിൽ ഏർപ്പെട്ടു. ഇവർക്ക് ഷേർലി, റോസിലി, ലിസ്സി, മാത്തുക്കുട്ടി, ജോജോ, ആൻസി, ടോം, ടെസി, ജോഷി എന്നിങ്ങനെ 4 ആൺമക്കളും അഞ്ചുപെൺമക്കളുമാണ് ഉണ്ടായിരുന്നത്. **മൂത്ത മകൾ ഷൈർലിയെ** അമ്പൂരി പാലക്കാട്ടു വീട്ടിൽ വറുഗീസ് കത്രീനാ മകൻ തങ്കച്ചൻ വിവാഹം ചെയ്തു. ഇവരുടെ മൂത്തമകൾ സ്മിത ഹൈദ്രബാദിൽ നേഴ്സിംഗ് വിദ്യാർത്ഥിനിയും ജോജിയും ജോമിയും സ്കൂൾ വിദ്യാർത്ഥികളുമാണ്. **റോസ്ലി** - അമ്പൂരി വെട്ടിക്കാവുങ്കൽ കുഞ്ഞുഞ്ഞ് റോസമ്മ മകൻ ജോയി ആണ് റോസിലിയുടെ ഭർത്താവ്. മക്കൾ ലിബിയും ലിനിയും സ്കൂൾ വിദ്യാർത്ഥിനികളാണ്. **ലിസി** - ലിസ്സിയും റോസിലിയും ഇരട്ട സഹോദരിമാരാണ്. ആറുകാണി പെരുമനവർഗീസ് റോസമ്മ മകൻ തോമ്മാച്ചനാണ് ലിസ്സിയെ വിവാഹം ചെയ്തിരിക്കുന്നത്. തോമ്മാച്ചൻ ബിസ്സിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരുടെ മക്കൾ സുധീപും റോസും (സുധ) സ്കൂൾ വിദ്യാർത്ഥികളാണ്.

മാത്തുക്കുട്ടി - വക്കച്ചന്റെ ആൺമക്കളിൽ മൂത്തയാളാണ്. കാർഷികവ്യാപാരരംഗങ്ങളിൽ സമർത്ഥനായ മാത്തുക്കുട്ടി ആ രംഗത്ത് അഭിവൃദ്ധിപ്രാപിച്ചു വരുന്നു. മാത്തുക്കുട്ടിയുടെ ഭാര്യ ചേനപ്പാടി കരിയനാട്ട് ഇട്ടിരാച്ചൻ ലീലാമ്മ മകൾ സുബിയാണ്. ഇവർക്കും റോഷനയും എലിസബത്തും മെറിനും എന്ന മൂന്നുകുട്ടികൾ ഉണ്ട്. **ജോജോ** - വക്കച്ചന്റെ മക്കളിൽ അഞ്ചാമനായ ജോജോ നെട്ട ഹൈസ്ക്കൂളിൽ ഓഫീസ് സ്റ്റാഫായി ജോലിചെയ്തിരുന്നു. ആത്മാർത്ഥയുള്ള സത്യസന്ധമായ ഒരു ഉദ്യോഗസ്ഥനായിരുന്ന ജോജോ തന്റെ 27-ാം മത്തെ വയസ്സിൽ 1991 ജൂലൈ ഒന്നാം തീയതി ആക്സമികമായി മരണടഞ്ഞു. വീടിനും നാടിനും പ്രിയപ്പെട്ടവനായ ജോജോയുടെ മരണം ഏവർക്കും ഒരു തീരാദുഃഖമാണ്.

ആൻസി പുറ്റടി ചവർണ്ണനാനിക്കൽ മാത്യു അച്ചാമ്മ മകൻ അലക്സാണ് ആൻസിയുടെ ഭർത്താവ്. ബോബെയിൽ സെൻട്രൽ ഗവ. ഉദ്യോഗസ്ഥനാണ് അലക്സ്. ആൻസി റിയാറിൽ നേഴ്സിംഗ് ജോലിയിലാണ്. ഇവർക്ക് ആൽബിൻ കെവിൻ എന്നീ രണ്ട് ആൺകുട്ടികളാണുള്ളത്.

ടോം ഏതാനം കാലം സി. ആർ. പി. എഫ്. വയർലസ്സ് ഓഫീസർ ആയി ഹൈദ്രബാദിൽ ജോലിചെയ്തിരുന്നു. പാലാ കൊല്ലപ്പള്ളി കല്ലറയ്ക്കൽ ആൻസമിന്റേയും ഏലിക്കുട്ടിയുടേയും മകൾ ഷീബായെയാണ് ടോം

വിവാഹം ചെയ്തിരിക്കുന്നത്. ഷീബയുടെ ജോലിസ്ഥലമായ ഇംഗ്ലണ്ടിൽ ജോലി സമ്പാദിച്ച് ടോമും അവിടെത്തന്നെയുണ്ട്. ഇവർക്ക് ഗ്രീഷ്മ എന്നൊരു പെൺകുട്ടിയും അഖിൽ എന്ന ഒരു ആൺകുട്ടിയുമുണ്ട്. **റ്റെസി** പ്രവിത്താറാം പുലയൻ പറമ്പിൽ ദേവസ്യാച്ചന്റേയും പെണ്ണമ്മയുടേയും മകൻ ഷാജിയാണ് റ്റെസിയുടെ ഭർത്താവ്. അരുണ, അഖില, അലോഷ്യസ്, എന്നിങ്ങനെ മൂന്നുമക്കളാണുള്ളത്.

ജോഷി - സി. എം. ഐ. സഭയിൽ വൈദിക വിദ്യാർത്ഥിയായി ചേർന്ന ജോഷി മദ്രാസ് ലയോള കോളേജിൽ നിന്നും റാങ്കോടെ എം. എസ്സി പാസ്സായശേഷം മാന്നാനം ട്രെയിനിംഗ് കോളേജിൽ നിന്ന് ബി. എഡ് ഡിഗ്രിയും സമ്പാദിച്ചു തുടർന്ന് ബാംഗ്ലൂരിൽ വൈദികപഠനം നടത്തിയ ശേഷം അദ്ദേഹം 2006 ഡിസംബർ 30-ന് തക്കലരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ കൈവയ്പ് വഴി ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചുകൊണ്ട് ഇടവകദൈവാലയമായ നെട്ട സെന്റ് തോമസ് ദൈവാലയത്തിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയുണ്ടായി.

കുടുംബനാഥനായ വക്കച്ചൻ ഹൃദയസ്തംഭനം മൂലം 44-ാം വയസ്സിൽ 1985 ജനുവരി മാസം 9-ാം തീയതി പരലോക പ്രാപ്തനായി. ഭാര്യ റോസമ്മ സീമന്തപുത്രൻ മാത്തുക്കുട്ടിയോടൊപ്പം നെട്ടയിലുള്ള ഭവനത്തിൽ താമസിക്കുന്നു.

ചെരികുന്നേൽ തൊമ്മൻ മത്തായിയുടെ ആറാമത്തെ മകൻ **ദേവസ്യാച്ചൻ** കുടുംബസ്വത്തിന്റെ ഭാഗമായ മുഴിക്കാട്ടുള്ള വസ്തുവിൽ 1973 താമസമാക്കി. ഇടമറുക് മുക്കൻ തോട്ടത്തിൽ അവുസേപ്പ് മകൾ മേരിക്കുട്ടിയാണ് ദേവസ്യാച്ചന്റെ ഭാര്യ. ഇവർക്ക് സിബി, സാബു, സാജു, സിൽവി, സിന്ധു, മഞ്ജു, എന്നിങ്ങനെ മൂന്നു ആൺമക്കളും മൂന്നു പെൺമക്കളുമാണുള്ളത്. സിബി എടത്വാ പച്ചയിൽ വള്ള പുരയ്ക്കൽ കുടുംബാംഗം ഷീബയെ വിവാഹം ചെയ്തു. ഇവർക്ക് വിന്നി, ആൻമരിയ, വിനയ് (വർക്കി) എന്നീ മൂന്നു കുട്ടികളാണുള്ളത്. സിബിയും കുടുംബവും ഗുജറാത്തിൽ സൂറ്റിലാണ്. സിബി ഡൈ& മോൾഡിംഗ് നിർമ്മാണ ഫാക്ടറി നടത്തുന്നു. സാബു ആനിക്കാട് കുന്നേൽ താഴെ തോമസ് മകൻ ജയിനിയെ വിവാഹം ചെയ്ത് മാതാപിതാക്കളോടൊപ്പം മുഴിക്കാട്ടുള്ള വീട്ടിൽ താമസിക്കുന്നു. ഇവർക്ക് അലീന ടോം, ഐനാ ടോം, അലൻ ടോം, എന്നീ മൂന്നു കുട്ടികളുണ്ട്. സാജു ഗുജറാത്തിൽ സിബിയുടെ കൂടെ ബിസിനസ്സ് രംഗത്താണ്. സിൽവിയെ മല്ലികശ്ശേരി പരുന്തിരിക്കൽ കുര്യൻ ജോബിറ്റ് വിവാഹം ചെയ്തു. മക്കൾ ആഷി, റിച്ചു എന്നിവർ സ്കൂൾ വിദ്യാർത്ഥിനികളാണ്.



ദേവസ്യാച്ചന്റെ ഇളയമക്കൾ സിന്ധുവും **മഞ്ജുവും** വിദ്യാർത്ഥികളാണ്.

ചാക്കോച്ചൻ - ചെരികുന്നേൽ തറവാട്ടിലെ ഏറ്റവും ഇളയ അംഗമായ ചാക്കോച്ചൻ ഭരണങ്ങാനത്ത് കലയത്തിനാൽ അവുസേപ്പു മകൾ റോസമ്മയെ വിവാഹം കഴിച്ച് മുത്തോലിൽ ചെരികുന്നേൽ ചീരാംകുഴി വീട്ടിൽ താമസിക്കുന്നു. മക്കൾ മനോജ്, സ്വപ്ന, ലീന, അനു എന്നിവരാണ്.



ചാക്കോച്ചനും കുടുംബാംഗങ്ങളും

മനോജ് കങ്ങഴ മുണ്ടന്താനം മങ്കോട് ജോസഫ് മകൾ ഷീജയെ വിവാഹം ചെയ്തു പിതാവിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ശില്പ, ജേക്കബ്, ജയിന എന്നീ മൂന്ന് ആൺകുട്ടികളാണുള്ളത്. **മനോജ്** ചുറുചുറുക്കുള്ള ചെറുപ്പക്കാരനും പൊതുക്കാര്യ പ്രസക്തനുമാണ്. **സ്വപ്ന** കണ്ണൂർ പള്ളിക്കുന്ന് ദീപക് ഭവനിൽ ഉമേഷാണ് സ്വപ്നയുടെ ഭർത്താവ്. സ്വപ്ന ബി. എസ്. സി നഴ്സിംഗ് പാസ്സായി ഇപ്പോൾ ഭർത്താവിനോടൊപ്പം യു. കെ. യിൽ ജോലിയിലാണ്.

ലീന - അയർക്കുന്നം ചൂരാപ്പുഴ അപ്പച്ചന്റെ മകൻ സോയി ലീനയെ വിവാഹം ചെയ്ത് അയർക്കുന്നത്ത് താമസിക്കുന്നു.

അനു- ബാംഗ്ലൂരിൽ നേഴ്സിംഗ് കഴിഞ്ഞ് ഐ. എൽ. റ്റി. എസ് പഠിക്കുന്നു.

ചെരികുന്നേൽ തൊമ്മൻ മത്തായി (മത്ത) യുടെ പെൺമക്കളിൽ മൂത്തവളായിരുന്ന **തെയ്യാമ്മയെ** വാഴൂർ കളത്തൂർ വീട്ടിൽ ഉലഹന്നാൻ മകൻ അപ്പച്ചൻ (ചെറിയാൻ) വിവാഹം ചെയ്ത്. തെയ്യാമ്മയ്ക്ക് സാലി, ജോണി, ജോസുകുട്ടി, ജെസി, ഷീലമ്മ, മിനി എന്നിങ്ങനെ രണ്ട് ആൺമക്കളും നാലു പെൺമക്കളുമാണുള്ളത്.

സാലി - മൂഴൂർ പറമ്പകത്ത് ആന്റണി മകൻ കുര്യാച്ചൻ ആണ് സാലിയുടെ ഭർത്താവ്. ഇവരുടെ മകൾ റീനയെ ഭരണങ്ങാനം കളപുരയ്ക്കൽ ജസ്വിൻ വിവാഹം ചെയ്തു. മകൻ അരുൺ എം. ബി. എ വിദ്യാർത്ഥിയാണ്.

ജോണി - ചാലക്കുടി പുളിക്കൽ ജോസഫ് മകൾ തങ്കമ്മയാണ് ജോണിയുടെ ഭാര്യ. ഇവർക്ക് രണ്ടു മക്കളാണുള്ളത്. സിറിലും ജോസഫും സ്കൂൾ വിദ്യാർത്ഥികളാണ്.

ജോസുകുട്ടി - ഇളയമകൻ ജോസുകുട്ടി പിതാവിനോടൊപ്പം കൃഷിപ്പണിയിലേർപ്പെട്ട് വാഴൂരിലുള്ള തറവാട്ടിൽ താമസിക്കുന്നു.

ജെസ്സി - പാലാ പൂവേലിൽ വർഗീസ് മകൻ ജോസുകുട്ടിയാണ് ജെസ്സിയാണ് ഭർത്താവ്. മക്കളായ **റിനിയും സച്ചിനും** സ്കൂൾ വിദ്യാർത്ഥികളാണ്. തെയ്യാമ്മയുടെ ഇളയമക്കൾ മിനിയും ഷീലമ്മയും കോളേജ് വിദ്യാർത്ഥിനികളാണ്.

തികച്ചും ശാന്തശീലയും സ്നേഹസമ്പന്നയുമായിരുന്ന തെയ്യാമ്മ 1997 ജൂലൈ 27 ന് ഹൃദയാഘാതം മൂലം മരണമടഞ്ഞു. തെയ്യാമ്മയുടെ അകാലമരണം കുടുംബാംഗങ്ങൾക്കും സഹോദരങ്ങൾക്കും ഒരു തീരാ ദുഃഖമായി അവശേഷിക്കുന്നു.

തെയ്യാമ്മയുടെ ഇളയസഹോദരി **മറിയമ്മ** കർമ്മലീത്താ സന്യാസിനി സമൂഹത്തിൽ ചേർന്ന് **സി. അനൻസിയാ** എന്ന പേരു സ്വീകരിച്ചു. മുത്തോലി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിൽ ദീർഘകാലം സേവനമനുഷ്ഠിച്ചശേഷം ഇപ്പോൾ മുത്തോലി മഠത്തിൽ വിശ്രമജീവിതം കഴിക്കുന്നു.

മറിയമ്മയുടെ ഇളയസഹോദരി **ഏലമ്മയെ** കാഞ്ഞിരമറ്റത്ത് വെട്ടുവയലിൽ കുഞ്ഞാപ്പൻ മകൻ തൊമ്മച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ഷാജി, ഷോണി എന്ന രണ്ട് ആൺമക്കളും ഷൈനി എന്ന ഒരു മകളുമാണുള്ളത്. കുടുംബസ്നേഹിയായിരുന്ന തൊമ്മച്ചൻ 1991 ഒക്ടോബർ 27-ാം തീയതി ഒരു അപകടം സംഭവിച്ച് അകാലചരമം പ്രാപിച്ചു. അപകടത്തിൽ സംഭവിച്ച തൊമ്മച്ചന്റെ മരണം ഉണ്ടാക്കിയ വിടവ് ഒരിക്കലും പരിഹരിക്കാവുന്നതല്ല. കുട്ടികളുടെ വളർത്തലും മറ്റുത്തരവാദിത്തങ്ങളും ഏറ്റെടുക്കേണ്ടിവന്ന ഒരമ്മയായിത്തീർന്നു ഏലമ്മ. തൊമ്മച്ചന്റെ പിതാവ് കുഞ്ഞപ്പൻ ചേട്ടൻ വളരെ പ്രസിദ്ധനായ ഒരു വിഷവൈദ്യനായിരുന്നു. അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് ചികിത്സ തൊമ്മച്ചന്റെ മകൻ ഷോണി പിൻതുടർന്നു പോരുന്നു.

ഏലമ്മയുടെ മൂത്തമകൻ **ഷാജി** ഇടമറ്റം ചുമപ്പുങ്കൽ തങ്കച്ചന്റെ മകൾ ജയിനിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺകുട്ടികൾ ഉണ്ട്. രണ്ടാമത്തെ മകൻ **ഷോണി** പുളിങ്കുന്ന് പകലോമറ്റം കുടുംബാംഗമായ ജൂലിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ട്. ഏലമ്മയുടെ ഏകമകൾ **ഷൈനി**യുടെ ഭർത്താവ് ചുമപ്പുങ്കൽ ജോർജിന്റെ മകൻ രാജു ആണ്. ഇവർക്ക് രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ട്. രാജു ടിംബർ ബിസിനസിൽ ഏർപ്പെട്ട് കുടുംബസഹിതം ചേർത്തലയിലാണ് താമസിക്കുന്നത്.

തൊമ്മൻ മാണി ചീരാംകുഴി



അദ്ധ്യായം 5

തൊമ്മൻ മാണി ചീരാംകുഴി ഇളങ്ങുളം



ചീരാംകുഴിയിൽ വർക്കിതൊമ്മന്റെ അഞ്ചാമത്തെ മകൻ മാണി പാലാ മുന്നുമാക്കൽ ചെറിയാന്റേയും കത്രീനയുടെയും മകൾ മറിയ (മാമ്മി)ത്തിനെ വിവാഹം ചെയ്തു. ഇളങ്ങുളത്തുള്ള കുടുംബസ്വത്തിന്റെ വീതം സ്വീകരിച്ച് ഇളങ്ങുളത്തു താമസമാക്കി. മാണി സംഗീത പ്രിയനായിരുന്നു. കവീക്കുന്ന് പള്ളിയിലെ ആദ്യകാലത്തെ ഗായകരിൽ ഒരാളായിരുന്നു മാണി. വളരെ ചിട്ടയായ ജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ഇളങ്ങുളം പള്ളി പൊളിച്ചുപണിയുന്ന കാലത്ത് 1945 ൽ പള്ളിയുടെ കൈക്കാരനായിരുന്നു ഇദ്ദേഹം. ഇവർക്ക് ജോസഫ് (അപ്പച്ചൻ) എന്ന മകനും, അന്ന, മറിയക്കുട്ടി, കൊച്ചുത്രേസ്യാ എന്ന മൂന്നുപെൺമക്കളുമാണ് ഉണ്ടായിരുന്നത്. തൊമ്മൻ മാണി 28-4-1976 ഭാര്യ മാണി മറിയം 13-12-1963 ലും നിര്യാതരായി.



ഏക മകൻ **സി.എം ജോസഫ് (അപ്പച്ചൻ)** - മിഡിൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് താമസംവിനാ മിലിട്ടറി സർവീസിൽ ചേർന്നു. മകനോടുള്ള അതിവാത്സല്യവും മകന്റെ അധികസ്വാതന്ത്ര്യവുമാണ് അപ്പച്ചനെ ഈ വഴിക്ക്തിരിയുവാൻ കാരണമാക്കിയത്. പട്ടാളത്തിലെ ജീവിതം ദുഃസ്സഹമായി അനുഭവപ്പെട്ടതിനെ തുടർന്ന് പിതാവിന്റെ അനാരോഗ്യം പറഞ്ഞുള്ള ശുപാർശക്കത്തിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് പട്ടാളത്തിൽനിന്നു വിടുതൽവാങ്ങി വീട്ടിലെത്തി താമസിയാതെ അന്തീനാട് കുമ്പളാങ്കൽ വീട്ടിൽ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്കുണ്ടായ ഒരു ആൺകുഞ്ഞ് അധികം താമസിയാതെ മരണമടഞ്ഞു. രോഗിണിയായ ഏലിക്കുട്ടി ദീർഘകാലം സ്വന്തം വീട്ടിൽ സഹോദരനോടൊപ്പം കഴിഞ്ഞശേഷം മരണമടഞ്ഞു. അരോഗദൃഢഗാത്രനും ബിസിനസ് കാര്യങ്ങളിൽ സമർത്ഥനുമായിരുന്ന അപ്പച്ചൻ പാലായിലും മറ്റും ഹോട്ടലുകൾ നടത്തി പണം സമ്പാദിച്ചിരുന്നു. ഇക്കാലത്ത് ഭരണങ്ങാനത്തു പൊരിയത്ത് ഔസേപ്പ് മറിയക്കുട്ടി മകൾ ഏലിക്കുട്ടിയെ അപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്കു ജോയി, സൂസമ്മ, സെലിൻ, ജാൻസി, എന്നീ നാലുമക്കളുമുണ്ട്. അപ്പച്ചൻ 7 - 7 - 69 ൽ അകാലചരമം പ്രാപിച്ചു.

ഏകമകൻ ജോയി പോസ്റ്റ് & ടെലിഗ്രാഫ് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനാണ്. കോളേജ് പഠനത്തിനിടെ പി. ആൻഡ്. റ്റിയിൽ ജോലികിട്ടിയ ജോയി പിന്നീട് ഉപരിപഠനം നടത്തുകയും തിരുവനന്തപുരം, പുതുപ്പള്ളി എന്നിങ്ങനെ പല ഓഫിസുകളിലും പോസ്റ്റ് മാസ്റ്ററായും ഇപ്പോൾ കോട്ടയത്തു മെഡിക്കൽ കോളേജ് പോസ്റ്റ് ഓഫീസിൽ പോസ്റ്റ് മാസ്റ്ററായും ജോലി ചെയ്യുന്നു. ഭാര്യ കുറവിലങ്ങാട് തൊടുതൊട്ടിയിൽ മാത്യു റോസമ്മ മകൾ മേരിക്കുട്ടി, കടപ്പൂർ 9 വർഷത്തിലധികം അദ്ധ്യാപികയായി ജോലി ചെയ്തശേഷം ഇപ്പോൾ കോട്ടയം എം.സി.വി.എച്ച്.എസ് സ്കൂളിൽ അദ്ധ്യാപികയായി തുടരുന്നു. ഇവരുടെ മക്കൾ സച്ചിനും, നിധിൻ സ്കൂൾ വിദ്യാർത്ഥികളാണ്.

അപ്പച്ചന്റെ **പ്രഥമപുത്രി സൂസമ്മയെ** കരിങ്കുന്നം മറ്റത്തിപ്പാറ

തേക്കുംകാട്ടിൽ കൊച്ചിന്റെ മകൻ മാമ്മച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ഷോബു, ഷെബിൻ, ഷെൽബിൻ, എന്നിങ്ങനെ മൂന്നു മക്കളാണുള്ളത്. ഷോബു പഠനം കഴിഞ്ഞ് സൂറ്റിൽ റിലയൻസ് കമ്പിനിയിൽ എ. സി. മെക്കാനിക്കാണ്. ഷെബിൻ നേഴ്സിംഗ് വിദ്യാർത്ഥിയും ഷെൽബിൻ സ്കൂൾ വിദ്യാർത്ഥിയുമാണ്.

അപ്പച്ചന്റെ **രണ്ടാമത്തെ മകൾ സെലിൻ** - പ്രവിത്താനം പ്ലാന്താനി അവുസേപ്പുമകൻ ജോർജ് ആണ് സെലിന്റെ ഭർത്താവ്. ജോർജ് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരുടെ മക്കൾ ജിജോയും അഞ്ജുവും സ്കൂളിൽ പഠിക്കുന്നു.

അപ്പച്ചന്റെ **ഇളയമകൾ ജാൻസിയെ** മറ്റത്തിപ്പാറ അഴകനാകുന്നേൽ മത്തച്ചൻ മകൻ ജോസ് വിവാഹം ചെയ്തു. ജോസ് ഐ. റ്റി. ഐ വിദ്യാഭ്യാസത്തിനു ശേഷം ദുബായിൽ ജോലിചെയ്യുന്നു. ഇവരുടെ മക്കൾ അനു, അലീന, അദിൽ എന്നിവർ സ്കൂൾ കുട്ടികളാണ്.

ജോയിയും കുടുംബവും കോട്ടയം മെഡിക്കൽ കോളജിനു സമീപം വീടുവച്ച് സ്ഥിരതാമസമാണ്. ഇവരുടെ മാതാവ് ഏലിക്കുട്ടിയും ജോയിയോടൊപ്പം താമസിക്കുന്നു.

തൊമ്മൻ മാണിയുടെ മൂത്തമകൾ **അന്നയെ** ഇടപ്പാടിയിൽ പൈകട വിവാഹം ചെയ്തയച്ചു. പക്ഷേ അധികം താമസിക്കാതെ അന്ന അകാലചരമം പ്രാപിച്ചു.

തൊമ്മൻമാണിയുടെ **രണ്ടാമത്തെ മകൾ മറിയക്കുട്ടിയെ** പാലാ കിഴക്കേക്കര ഇളംതോട്ടത്തിൽ വർക്കി മകൻ ചെറിയാൻ (കുഞ്ഞ്) വിവാഹം ചെയ്തു. ഇവർക്ക് മേരി, ജോർജ്, തങ്കമ്മ, പെണ്ണമ്മ, മാണിക്കുട്ടി, ടോമി,



ജോയി, ഇങ്ങനെ നാലു ആൺമക്കളും നാലു പെൺമക്കളുമാണുള്ളത്.

കെ. സി. ജോർജ് (കുഞ്ഞപ്പൻ) ബി. എസ്സി. ബി.എഡ് വാഴത്തോപ്പു, പൈനാവ് തുടങ്ങിയ ഗവ. ഹൈസ്കൂളിൽ അദ്ധ്യാപനായും ഹെഡ്മാസ്റ്ററായും തുടർന്ന് അടിമാലി എ. ഇ. ഒ ആയും സേവനം ചെയ്തശേഷം റിട്ടയർ ചെയ്തു. കുഞ്ഞപ്പൻ വെള്ളിയാമറ്റത്ത് തടവനാൽ റ്റി. വി. വർക്കിയുടെ മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ഇവരുടെ ഏകമകൻ സിറിൾരാജ് വിദ്യാഭ്യാസത്തിനുശേഷം ബിസിനസ്സിൽ ഏർപ്പെട്ടു. കൊഴുവനാൽ തണ്ണിപ്പാറ ജോസഫിന്റെ മകൾ സെൽമയാണ് സിറിളിന്റെ ഭാര്യ. ഇവർക്ക് ആൻസ്മരിയ (21/2 വയസ്സ്) ജോർജുകുട്ടി എന്ന രണ്ടുകുട്ടികളുണ്ട്. കുഞ്ഞപ്പന്റെ ഏകമകൾ **സിമിറാണി** എം. എൽ. റ്റി. പാസ്സായി എറണാകുളത്ത് ജോലിചെയ്തിരുന്നു. സിമിറാണിയെ ചങ്ങനാശ്ശേരി കുറുമ്പനാടം മുക്കാട്ടുകുന്നേൽ ജെയിംസ് മകൻ ജിജോ വിവാഹം ചെയ്തു. ബി.ടെക് ബിരുദധാരിയായ ജിജോ ദുബായിൽ ജോലി ചെയ്യുന്നു.

റിട്ടയർമെന്റിനുശേഷം വിശ്രമജീവിതം കഴിച്ചിരുന്ന കുഞ്ഞപ്പൻ (കെ. സി. ജോർജ്) രോഗബാധിതനായി ഏതാനം നാളത്തെ വിദഗ്ദ്ധമായ ചികിത്സകൾക്കു ശേഷവും രോഗം മൂർച്ചിച്ച് 2004 ജൂൺ മാസം 19-ാം തീയതി നിര്യാതനായി. ദീർഘകാലമായി താമസിച്ചു പോന്ന വാഴത്തോപ്പിലുള്ള വസതിയിൽ തങ്കമ്മ മകൻ സിറിളിനോടൊപ്പം താമസിക്കുന്നു. മോർണിംഗ് സ്റ്റാർ ട്രെഡേഴ്സ് എന്ന പേരിൽ വിപുലമായ ഒരു വ്യാപാര സ്ഥാപനത്തിന്റെ ഉടമയായ സിറിൾരാജ് കുടുംബഭാരമേറ്റെടുത്ത് സഹോദരിയുടെ വിവാഹവും നടത്തി ബിസിനസ്സുമായി കഴിയുന്നു.

മറിയക്കുട്ടിയുടെ മൂത്തമകൾ മേരിയെ മരങ്ങാട്ടുപള്ളി തൊണ്ടിക്കൽ ചാക്കോ മകൻ കുര്യൻ (കൊച്ചു) വിവാഹം ചെയ്തു. ഇവർക്ക് മേഴ്സി, ജയിംസ്, പ്രസാദ്, ലിൻസി, ഇങ്ങനെ രണ്ടാൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. മൂത്തമകൾ **മേഴ്സിയെ** തോപ്രാംകുടി വടക്കേമുറി കൊച്ചേട്ടന്റെ മകൻ ടോമി വിവാഹം ചെയ്തു. ഇവർക്ക് മരിയ, മാത്തുക്കുട്ടി, എന്നീ രണ്ടുകുട്ടികളുണ്ട്. ഇവർ സ്കൂൾ വിദ്യാർത്ഥികളാണ്.

രണ്ടാമനായ **ജെയിംസ്** കുരീത്തടം കൊച്ചേട്ടന്റെ മകൾ റീനയെ വിവാഹം ചെയ്തു. തോപ്രാംകുടിയിൽ കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നു. ഏകമകൻ കുര്യൻ സ്കൂൾ വിദ്യാർത്ഥിയാണ്.

പ്രസാദ് - മെയിൽ നേഴ്സിംഗ് പാസായി കൂത്രപ്പള്ളി ഇലവുംമൂ

ട്ടിൽ കുടുംബാംഗം ലിറ്റിയെ വിവാഹം ചെയ്തു. ഇപ്പോൾ സകുടുംബം സിറ്റ്സർലൻഡിൽ ജോലിയിലാണ്. ഇവർക്ക് മരിയാ (സാന്ദ്ര), സച്ചിൻ എന്നീ രണ്ടുകുട്ടികളുണ്ട്.

ലിൻസി - മേരിയുടെ ഇളയമകൾ ലിൻസിയെ പിഴക് കരിപ്പാക്കുടിയിൽ ഓസ്റ്റൻ മകൻ സാബുവാണ് വിവാഹം ചെയ്തിരിക്കുന്നത്. സാബു എറണാകുളത്ത് എച്ച്. ഡി. എഫ്സി. കമ്പനിയിൽ ജോലിചെയ്യുന്നു. മിയാ, ഇസൈൽ എന്നീ രണ്ടു പെൺകുട്ടികൾ മക്കളാണ്.

മറിയക്കുട്ടിയുടെ രണ്ടാമത്തെ മകളായ **റോസമ്മയെ** മരങ്ങാട്ടുപ്പള്ളി കോഴിക്കൊമ്പിൽ മുഞ്ഞാട്ട് തോമസ് വിവാഹം ചെയ്തു. ഇവർക്ക് ഷാന്റി, ഷൈനി, ഷിബി, ഷിജി, ഷിനോ, എന്നിങ്ങനെ രണ്ട് പെൺമക്കളും മൂന്ന് ആൺമക്കളുമാണുള്ളത്. റോസമ്മയുടെ മൂത്തമകൾ ഷാന്റി എം. എസ്സി. ബി. എഡ് കോട്ടയം തയ്യിൽ അസീസി ജോസഫാണ് ഷാന്റിയുടെ ഭർത്താവ്. പാലക്കാട് ഐ. റ്റി. സി. യിൽ ഉദ്യോഗസ്ഥനാണ് ഇദ്ദേഹം. ഷാന്റി അവിടെ തന്നെ വെക്കേക്ഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ അദ്ധ്യാപികയാണ്. ഇവർക്ക് ജോസ്, മരിയ, എന്ന രണ്ട് കുട്ടികളുണ്ട്. ഇവർ സ്കൂളിൽ പഠിക്കുന്നു.

ഷൈനി ആകാശവാണിയിൽ എൻജിനീയറിംഗ് അസിസ്റ്റന്റായി കണ്ണൂരിലും തിരുവനന്തപുരത്തും ജോലി ചെയ്തിരുന്നു. ഭർത്താവ് ചേർത്തല കാട്ടിപ്പറമ്പിൽ വറുഗീസ് തിരുവനന്തപുരം ദൂരദർശനിൽ ജോലി തുടരുന്നു. ഷൈനി 2005 മാർച്ച് 23 ന് ഗുരുതരമായ രോഗം ബാധിച്ച് അപ്രതീക്ഷിതമായി മരണമടഞ്ഞു. ഷൈനിയുടെ മകൻ കെവിന് അഞ്ചുവയസ്സും മകൾ ആൻമരിയായും 5 മാസം പ്രായമുള്ളപ്പോഴാണ് ഷൈനിക്ക് മരണം സംഭവിച്ചത്. കുഞ്ഞുമക്കളെ വാത്സല്യപൂർവ്വം വളർത്തേണ്ടത് വർഗീസിന്റെ മാത്രം ചുമതലയായി തീർന്നു

ഷിജി - റോസമ്മയുടെ മൂത്തമകൻ ഷിജി ഐ. റ്റി. സി പാസ്സായി ബോംബേയിൽ ജോലിചെയ്യുന്നു.

ഷിജി എലിക്കുളം പുളിന്താനത്ത് അപ്പച്ചന്റെ മകൾ ജിൻസി (ബി. കോം കംപ്യൂട്ടർ)യെയാണ് വിവാഹം ചെയ്തിരിക്കുന്നത്.

റോസമ്മയുടെ രണ്ടാമത്തെ മകൻ **ഷിബി** ദൂരദർശനിയിൽ കർണ്ണാടക സ്റ്റേറ്റിലുള്ള ചിക്കമഗലൂരിൽ ജോലി ചെയ്യുന്നു.

ഷിനോ റോസമ്മയുടെ ഇളയമകൻ. ഷിനോ തിരുവനന്തപുരം വി.സി. എസ്.സിൽ ട്രെയിനിയാണ്.

മറിയക്കുട്ടി ചെറിയാൻ ദമ്പതികളുടെ **രണ്ടാമത്തെ പുത്രൻ മാനുവേൽ** (മാണിക്കുട്ടി) പാലാ വെള്ളിയേപ്പള്ളി കഴുത്തുവീട്ടിൽ തോമസ് അന്നമ്മ മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇപ്പോൾ ഇവർ ഇടുക്കി ജില്ല തോപ്രാംകുഴിയിൽ സ്ഥലം സമ്പാദിച്ചു കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. 1972 - 73 വർഷങ്ങളിൽ ഹൈറേഞ്ചിൽ പ്രവേശിച്ച മാണിക്കുട്ടിയും ടോമിയും 1976 ലാണ് തോപ്രാംകുടിയിൽ താമസമാക്കിയത്. അദ്ധ്വാനശീലരായ മാണിക്കുട്ടിയും സഹോദരൻ ടോമിയും പൂർണ്ണമായും കാർഷികപ്രവർത്തനങ്ങളിലാണ് സമയം ചെലവഴിക്കുന്നതെങ്കിലും മലയോരപ്രദേശത്തെ കാർഷിക സമൂഹവുമായി വളരെ വ്യക്തിബന്ധം ഉള്ളവരാണ്. മാണിക്കുട്ടിയുടെ മൂത്തമകൻ **ജിമ്മിയും** പിതാവിന്റെ കാർഷികപാരമ്പര്യം തുടർന്ന് കൃഷിപ്പണിയിൽ ഏർപ്പെട്ടു കഴിയുന്നു. രണ്ടാമത്തെ മകൻ റോണി നേഴ്സിംഗ് വിദ്യാർത്ഥിയാണ്.

മറിയക്കുട്ടിയുടെ **മൂന്നാമത്തെ പുത്രൻ ടോമിചെറിയാൻ** തോപ്രാംകുടിയിൽ സ്ഥിരതാമസക്കാരനാണ്. കഠിനാദ്ധ്വാനത്തിന്റെ ഒരു നല്ല ചിത്രം ടോമിയുടെ കൃഷിസ്ഥലത്തും ദർശിക്കാവുന്നതാണ്. പാലക്കാട് കരിമ്പയിൽ അരംതുരുത്തിൽ ജോർജ് മകൾ ലൈലയാണ് ടോമിയുടെ ഭാര്യ. 2 മക്കളിൽ മൂത്തവനായ ടോണി പിതാവിനോടൊപ്പം നല്ല കർഷകനാണ്. രണ്ടാമനായ ജോർജുകുട്ടി ഹൈസ്കൂൾ വിദ്യാർത്ഥിയാണ്.

മറിയക്കുട്ടി ചെറിയാൻ ദമ്പതികളുടെ ഇളയപുത്രനായ **ജോയി** ഇരട്ടയാർ തൊട്ടിയിൽ അവിരാച്ചൻ മകൾ സാലമ്മയെ വിവാഹം കഴിച്ച് പിതാവ് ചെറിയാനോടൊപ്പം വെള്ളിയാമറ്റത്തുള്ള തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് ആൺമക്കളും ഒരു മകളുമാണുള്ളത്. സീമന്തപുത്രി ജോയിസ് നേഴ്സിംഗ് കഴിഞ്ഞ് ഡൽഹിയിൽ ജോലിയിലാണ്. രണ്ടാമനായ വിനോദ് പോളിടെക്നിക്ക് വിദ്യാർത്ഥിയും മനു +2 വിദ്യാർത്ഥിയുമാണ്.

മറിയക്കുട്ടിയുടെ **മൂന്നാമത്തെ മകൾ തങ്കമ്മയെ** കലയന്താനി വെട്ടിമറ്റത്ത് മാമ്മൂട്ടിൽ ആഗസ്തി അന്നമ്മ മകൻ ജോൺ വിവാഹം ചെയ്തു. ഇവർക്ക മൂന്ന് ആൺമക്കളും നാല് പൺമക്കളുമുണ്ട്. സീമന്തപുത്രി **മോളി** കുവൈറ്റിൽ നേഴ്സായി ജോലി ചെയ്യുന്നു. എടത്വാ പുത്തൻപുരയ്ക്കൽ ജോസഫ് മകൻ ടോം എന്ന കമ്പ്യൂട്ടർ എൻജിനീയർ ആണ് മോളിയുടെ

ഭർത്താവ്. ഇവർ കുടുംബസമേതം കുവൈറ്റിലാണ്. **ഡോളി** അദ്ധ്യാപിക യാണ്. കോതമംഗലത്ത് പരുന്തുംപ്ലാക്കൽ ജോസഫ് മകൻ ടോണിയാണ് ഭർത്താവ്. ടോണി കോതമംഗലത്ത് ബിസിനസ്സ് നടത്തുന്നു. ഇവർക്ക് ലിന്റോ, ലിവിൻ എന്ന രണ്ടു ആൺകുട്ടികളാണുള്ളത്.

ജോളി കമ്പ്യൂട്ടർ വിദ്യാഭ്യാസം കഴിഞ്ഞ് നാലുവർഷമായി കുവൈ റ്റിൽ ജോലിയിലാണ്. അങ്കമാലി കാഞ്ഞിരത്തുങ്കൽ ത്രേസ്യാമ്മ മകൾ ഷാന്റിയാണ് ജോളിയുടെ ഭാര്യ. ഇവർക്ക് ജോസ്‌ലിൻ, ജോണാലി എന്നി ങ്ങനെ രണ്ടുപെൺകുട്ടികളുമാണുള്ളത്. കുട്ടികൾ കുവൈറ്റിൽ സ്കൂൾ വിദ്യാർത്ഥികളാണ്. **സോളി** കുവൈറ്റിൽ നേഴ്സായി ജോലി ചെയ്യുന്നു. ചങ്ങനാശ്ശേരി കൊച്ചുകളത്തിൽ ജോർജ് മകൻ അനിലാണ് ഭർത്താവ്. ഇവർക്ക് സിസിൽ, സില്ലാ, എന്നീ ഇരട്ടപെൺകുട്ടികളാണുള്ളത്. **പോളി** ഡിഗ്രീപഠനം കഴിഞ്ഞുതൊടുപുഴ പാഴിക്കാട്ട് ആസുപത്രിയിൽ അക്കൗണ്ട്സ് മാനേജരായി ജോലി ചെയ്യുന്നു. ജാൻസി ബി. എസ്സി നേഴ്സ് ഉം ഭർത്താവ് നോബിളും ഐർലണ്ടിൽ ജോലി ചെയ്യുന്നു. ജോണി കുവൈ റ്റിൽ ജോലി ചെയ്യുന്നു.

തങ്കമ്മയുടെ **ഇളയസഹോദരി പെണ്ണമ്മയെ** ചീരാംകുഴി താഴത്തെ വീട്ടിൽ **മത്ത മകൻ ജോസ്** വിവാഹം ചെയ്തു. പെണ്ണമ്മയ്ക്ക് ബിജോ, ബിനോ, ജോസുകുട്ടൻ എന്നീ മൂന്നു ആൺമക്കളാണുള്ളത്.

കിഴക്കേക്കര ഇളംതോട്ടം മറിയക്കുട്ടി ചെറിയാൻ 74-ാം വയസ്സിൽ വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് 1996 ആഗസ്റ്റ് 16 ന് നിര്യാ തയായി. ഭർത്താവ് ചെറിയാൻ വെള്ളിയാമറ്റത്തുള്ള തറവാട്ടിൽ മകൻ ജോയിയോടൊപ്പം താമസിക്കുന്നു.

തൊമ്മൻമാണിയുടെ രണ്ടാമത്തെ മകൾ **കൊച്ചുത്രേസ്യായെ** പാലാ യിൽ പഴൂർ ജോസഫ് മകൻ മാത്യു (പാപ്പച്ചൻ) വിവാഹം ചെയ്തു. പാപ്പ ച്ചൻ അദ്ധ്വാനശീലനായ കർഷകനാണ്. ഒരു കാലത്ത് സിവിൽ സപ്ലൈ സിൽ കൺസ്യൂമർ സ്റ്റോർ നടത്തിയിരുന്നു. സത്യസന്ധമായ അദ്ദേഹ ത്തിന്റെ സേവനം ഏവർക്കും സഹായകരമായിരുന്നു. ഇപ്പോഴും പാലാ യിലും തൊടുപുഴയിലും ഉള്ള സ്ഥലങ്ങളിൽ കൃഷിപ്പണിയിൽ വ്യാപൃത നായി കഴിയുന്നു. കൊച്ചുത്രേസ്യാ ഇളങ്ങുളത്തുള്ള സ്വന്തം പാതാവിനെ വാർദ്ധക്യത്തിൽ അന്വേഷിക്കുകയും അതോടൊപ്പം സ്വന്തം കുടുംബ ത്തിലും ഭർത്താവിനോടൊപ്പം സാമ്പത്തിക ഭദ്രതയ്ക്ക് ആവശ്യമായ വിധം കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്തിരുന്നു. ഇവർക്ക് ആൻസമ്മ, തങ്കച്ചൻ,



കൊച്ചുത്രേസ്യായും പാപ്പച്ചനും കുടുംബാംഗങ്ങളും

ജോയിച്ചൻ, ബിജി, എന്നിങ്ങനെ രണ്ടുപുത്രന്മാരും രണ്ടുപുത്രിമാരുമാണു ള്ളത്. സീമന്തപുത്രി **ആൻസമ്മ** എം. എ. ബി. എഡ് അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിൽ ജോലിയിലാണ്. ഭരണങ്ങാനം മേലമ്പാറ മണ്ണുരെട്ടൊ ന്നിൽ പോത്തൻ ഫിലിപ്പ് മകൻ എം. പി ഫിലിപ്പ് ബി. ടെക് ആണ് ആൻസ മ്മയുടെ ഭർത്താവ്. ഇദ്ദേഹം തിരുവനന്തപുരത്ത് ഇൻഡ്യൻ സ്പേസ് റിസർച്ച് സ്റ്റേഷനിൽ എൻജിനീയറായി ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടു മക്കളാണുള്ളത്. മകൻ അരുൺ ഫിലിപ്പ് ബി. ടെക്, സോഫ്റ്റ്വെയർ എൻജി നീയറായി തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ ജോലിചെയ്യുന്നു. മകൾ സുമിതയെ കുറവിലങ്ങാട്ട് വലിയമ്യാലിൽ നെബുചെറിയാൻ ബി.ടെക്. ആണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർ മദ്രാസിൽ ജോലി ചെയ്യുന്നു.

കൊച്ചുത്രേസ്യാ പാപ്പച്ചൻ ദമ്പതികളുടെ പ്രഥമ **പുത്രൻ ജോസ് മാത്യു** ബി. എസ്സി ബി. എഡ് (തങ്കച്ചൻ) പാലാ സെന്റ് ഹൈസ്കൂളിൽ അദ്ധ്യാപികനായി ജോലിയിരിക്കെ ലീവെടുത്ത് എത്യോപ്യായിലും ദുബാ യിലും ഏതാനം വർഷം ജോലി ചെയ്തിരുന്നു. ഇപ്പോൾ നാട്ടിലെത്തി പഴ യതസ്തികയിൽ ഭരണങ്ങാനം സെന്റ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപ കനായി തുടരുന്നു. തൊടുപുഴ ആലക്കോട് തറപ്പേൽ ചാണ്ടിമത്തായി മകൾ ഷൈനിജോസ് എം. എസ്.സി. ബി. എഡ് (ലീലാമ്മ) ആണ് തങ്കച്ചന്റെ ഭാര്യ. ലീലാമ്മ കുളമാവ്, കോട്ടയം ഗവ. ഹൈസ്കൂളിൽ ജോലി ചെയ്ത

ശേഷം ഇപ്പോൾ മുരിക്കുംവയൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ പ്രിൻസിപ്പലായി ജോലി തുടരുന്നു. ഇവർക്ക് ഒരു മകനും മകളുമാണുള്ളത്. മൂത്തമകൾ ഷെറിൻ തോമസ് ബി. ടെക്, പൂവത്തോട് പൈനികുളം തോമസ് ത്രേസ്യാമ്മ മകൻ അനൂപ് തോമസ് ബി. ടെക് ആണ് ഷെറിനെ വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് തെരേസ എന്ന ഒരു കുഞ്ഞുണ്ട്. ഷെറിനും അനൂപും തിരുവനന്തപുരം ടെക്നോപാർക്കിൽ ഉദ്യോഗസ്ഥരാണ്. മകൻ ബിപിൻ ജോസ് കാരക്കോണം മെഡിക്കൽ കോളേജിൽ വിദ്യാർത്ഥിയാണ്.

തങ്കച്ചന്റെ ഇളയ **സഹോദരൻ ഡോ. ജോയി മാത്യു** ജോയിച്ചൻ മണ്ണുത്തി അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ പ്രഫസറാണ്. സഹധർമ്മിണി ചെറുപുഴ തിരുമേനിയിൽ കാവാലത്ത് മാമ്പറമ്പിൽ തോമസിന്റേയും അന്നക്കുട്ടിയുടേയും മകൾ മേഴ്സി ബി. എസ്സി (അഗ്രി) ആണ്. മേഴ്സി ഇപ്പോൾ തൃശൂരിൽ അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് ഡയറക്ടറാണ്. ഇവർ കുടുംബസഹിതം മണ്ണുത്തിയിൽ സ്ഥിരതാമസമാണ്. ജോയിച്ചന്റെ മൂത്തമകൻ **മനു മെൽവിൻ** ജോയി എൻജിനീയറിംഗ് കഴിഞ്ഞ് എം. സി. എ പഠിക്കുന്നു. മകൾ **കൊച്ചുത്രേസ്യാ** (വിനീതാ ജോയി) സ്കൂൾ വിദ്യാർത്ഥിനിയാണ്.

ജോയിച്ചന്റെ ഇളയസഹോദരി **ബേബിരേഖാമാത്യൂസ് (ബിജി)** സിവിൽ എൻജിനീയറാണ്. ബിജി ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ ജോലിയിലാണ്. ദൂരദർശൻ ന്യൂസ് റീഡറായി പ്രവർത്തിച്ചിരുന്നു. ഭർത്താവ് സാം ബോബെയിൽ എൻജിനീയറായി ജോലി ചെയ്യുന്നു. ഏകമകൾ അഞ്ജലി സ്കൂൾ വിദ്യാർത്ഥിനിയാണ്. ബിജി ഇപ്പോൾ ലീവെടുത്ത് എറണാകുളത്ത കിറ്റക്സ് എക്സ്പോർട്ട് മാനേജരായി ജോലി ചെയ്യുകയാണ്. ഇവർ എറണാകുത്തിനടത്ത് കാക്കനാട്ടു താമസിക്കുന്നു.



ഏതാനം വർഷങ്ങളായി രോഗബാധിതയായിരുന്ന കൊച്ചുത്രേസ്യാ 77ാമത്തെ വയസ്സിൽ 2003 ജൂൺ 10-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. ഭർത്താവ് പാപ്പച്ചൻ പാലായിലുള്ള തറവാട്ടിൽ താമസിക്കുന്നു. മൂത്തമകൻ തങ്കച്ചനും കുടുംബവും പാപ്പച്ചന്റെ കൂടെയാണ് താമസിക്കുന്നത്.



അദ്ധ്യായം 6

തൊമ്മൻ കുര്യൻ ചീരാംകുഴി കവീക്കുന്ന്



പരേതനായ ചീരാംകുഴിയിൽ വർക്കി തൊമ്മന്റെ ആറാമത്തെ പുത്രനാണ് കുര്യൻ. പൊതുക്കാര്യ പ്രസക്തവും സഹോദരന്മാർക്കെല്ലാം ഉത്തമനായ സഹകാരിയും ഫലിതപ്രിയനുമായിരുന്നു ഇദ്ദേഹം. കവീക്കുന്നിന്റെ പുരോഗതിയുടെ ഭാഗമായിട്ടാണ് ചീരാംകുഴി പുരയിടത്തിൽ പ്രവർത്തിച്ചിരുന്ന പ്രൈമറിസ്കൂളിന്റെ മാനേജർ സ്ഥാനം 1924 ൽ ഇദ്ദേഹം പള്ളിക്ക് കൈമാറിയത്. കുടുംബബന്ധങ്ങളുടെ നിലനില്പിനും ഇദ്ദേഹം വഹിച്ച പങ്ക് വലുതായിരുന്നു. സ്വപിതാവിന് ഇഷ്ടപ്പെട്ട മകനായി അദ്ദേഹത്തിന്റെ ഭൂമി സമ്പാദനത്തിലും കാർഷികയത്നങ്ങളിലും സഹകരിച്ചും വാർദ്ധക്യത്തിൽ തുണയായും അദ്ദേഹം പ്രവർത്തിച്ചു.

പ്രവിത്താനത്ത് ചൂരനോലിക്കൽ ഉലഹന്നൻ മറിയം ദമ്പതികളുടെ മകളായ അന്നമ്മയായിരുന്നു കുര്യന്റെ ഭാര്യ. ഇവർ തറവാട്ടിൽ താമസിച്ചിരുന്നതുകൊണ്ട് 94 വയസ്സുവരെ പിതാവിനെ ശുശ്രൂഷിച്ചും അനുസരിച്ചും വീട്ടിൽ മറ്റു സഹോദരങ്ങൾക്കും കുടുംബാംഗങ്ങൾക്കും ആതിഥ്യം നൽകിയും ജീവിച്ച സ്നേഹധനയായ ഒരു കുടുംബിനിയായിരുന്നു അന്നമ്മ.

മക്കൾ ജീവിതാന്തസ്സുകളിൽ പ്രവേശിച്ചുകാണുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചശേഷം 82-ാംമത്തെ വയസ്സിൽ 1970 ജൂൺ മാസം 5-ാം തീയതി അന്നമ്മ ചരമം പ്രാപിച്ചു. വാർദ്ധക്യസഹജമായ അസുഖം മൂലം തൊമ്മൻ കുര്യൻ 1955 ആഗ്സറ്റ് 4-ാം തീയതി പരലോകപ്രാപ്തനായിരുന്നു. ഇവർക്ക് രണ്ടു ആൺമക്കളും മൂന്നുപെൺമക്കളുമാണ് ഉണ്ടായിരുന്നത്.



സീമന്തപുത്രൻ **സി. കെ. തോമസ് (കൊച്ച്)** പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ ദീർഘകാലം അദ്ധ്യാപകനായിരുന്നു. റിട്ടയർമെന്റിനുശേഷം ഏതാനം വർഷം സെന്റ് വിൻസെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും സേവനം ചെയ്തു. മരിയഭക്തനായിരുന്ന തോമസ് മരണംവരെ ലീജിയൻ ഓഫ് മേരി പ്രവർനകനും ഏതാനം വർഷം സെനാത്തൂസ് പ്രസിഡന്റുമായിരുന്നു. ലളിത ജീവിതത്തിന്റെ ഉടമയായിരുന്ന തോമസ് പാദരക്ഷകൾ ഒരിക്കലും ഉപയോഗിച്ചിരുന്നില്ല. വിനയാന്വിതനും സ്നേഹസമ്പന്നനും ആയ ഒരു സഹോദരനും കുടുംബത്തിൽപ്പെട്ട എല്ലാവരുടേയും കാര്യങ്ങളിൽ ദത്തശ്രദ്ധനും ആയി പ്രവർത്തിച്ച തോമസിനെ ഒരു അത്മായ പ്രേഷിതൻ എന്നു വിശേഷിപ്പിച്ചാലും അതു പ്രശംസയായിരിക്കില്ല. കുഴുമ്പിൽ കുടുംബശാഖയായ കോലത്തു കുടുംബത്തിലെ അവുസേപ്പിന്റേയും ത്രേസ്യായുടേയും മകൾ മേരിയാണ് തോമസ്സിന്റെ ഭാര്യ. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനും മൂലകുടുംബമായ കുഴുമ്പിൽ കുടുംബത്തിന്റെ മറ്റൊരു ശാഖയിൽപെട്ട പുണ്യാത്മാവ് ആണ് എന്നത് പ്രസ്താവ്യമാണ്. ഇവർക്ക് ഒരു പുത്രനും രണ്ടു പുത്രിമാരുമാണുള്ളത്. ഏകമകൻ **ബേബി (സിറിയക് തോമസ്)** ദീർഘകാലമായി കൊഴുവനാൽ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിയായി സേവനം ചെയ്തശേഷം 2006 റിട്ടയർ ചെയ്തു. പിതാവിനെപ്പോലെ സൗമ്യശീലനായ ബേബി എല്ലാവർക്കും പ്രിയംകരനായ ഒരു ചെറുപ്പക്കാരനാണ്. കവീക്കുന്ന് മുന്നുമാക്കൽ പോത്തന്റേയും അന്നമ്മയുടേയും മകൾ മേരിക്കുട്ടിയാണ് ബേബിയുടെ ഭാര്യ. ഇവരുടെ ഏകമകൻ ടോമിച്ചൻ കുറവിലങ്ങാട് കളരിപ്പറ



ബേബിയും കുടുംബാംഗങ്ങളും സഹോദരങ്ങളോടും അമ്മയോടുമൊപ്പം

മ്പിൽ ജോർജ്ജിന്റേയും അന്നമ്മയുടേയും മകൾ മേരിയെ (സുജ) ആണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് സ്റ്റാനി മേരി ടോം എന്നും എമിലി ടോം എന്നും രണ്ടുപെൺകുട്ടികളാണുള്ളത്. ഇവർ കുടുംബസമേതം അമേരിക്കയിൽ മുസ്സോറിസ്റ്റേറ്റിൽ ജോലിചെയ്യുന്നു. ടോമിയുടെ സഹോദരി **മരിയറ്റ് ജോസിനെ** താഴത്തെ വീട്ടിൽ ജോസിന്റെ മകൻ ജോസ് വിവാഹം ചെയ്തു. ബേബിയും കുടുംബവും കവീക്കുന്നിലുള്ള ചീരാംകുഴി തറവാട്ടിൽ അമ്മ മേരിയോടൊപ്പം താമസിക്കുന്നു.

സി. കെ തോമസിന്റെ **സീമന്തപുത്രി സിസ്റ്റർ ആനി എസ്.എ.ബി.എസ് (പെണ്ണമ്മ)** 1968 ൽ ആരാധന സഭയിൽ ചേർന്നു. കുന്നോന്നി യൂ. പി സ്കൂൾ ഹെഡ്മാസ്ട്രസായി റിട്ടയർ ചെയ്തു. ഇപ്പോൾ പാലാ മുന്നാനിയിൽ ക്രിസ്തു ജ്യോതി കോൺവെന്റിൽ പ്രാർത്ഥനാ ജീവിതം കഴിക്കുന്നു. രണ്ടാമത്തെ മകൾ **സി. തെരേസ് അസീസ്സി** 1963 ൽ ക്ലാരമഠാംഗമായി. പാദുവാ എൽ. പി. സ്കൂൾ ഹെഡ്മിസ്ട്രസായി റിട്ടയർ ചെയ്തു. ഇപ്പോൾ അരുണാപുരം സെറാഫിക് കോൺവെന്റിലാണ്.

കുടുംബപരമായ ചുമതലകളെല്ലാം നിറവേറ്റി സന്തുഷ്ട ജീവിതം കഴിച്ചുവന്ന തോമസ് 77-ാം വയസ്സിൽ രോഗബാധിതനായി 28 - 12 - 1991 ൽ പരലോകപ്രാപ്തനായി. തോമസിന്റെ ഭാര്യ മേരി മകൻ ബേബിയോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.



തൊമ്മൻ കുര്യന്റെ രണ്ടാമത്തെ മകൻ **സി. കെ. ജോൺ** ദീർഘകാലം അരീപ്പാറ, തൊടുപുഴ ഗവ. സ്കൂളുകളിൽ അദ്ധ്യാപകനായിരുന്നു. സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിലും ഇദ്ദേഹം പ്രവർത്തിച്ചിരുന്നു. അളനാട് യൂ. പി. സ്കൂൾ ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തു. പ്രവിത്താനം ഞാറക്കാട്ട് തോമസ് ഏലി മകൾ അന്നമ്മയാണ് ജോണിന്റെ ഭാര്യ. ഇവർക്ക് ജോയി, ആലീസ്, അൽഫോൻസി, മേരി, ജോസഫ്, റ്റോമി, സണ്ണി, ജോളി, സന്തോഷ്, പോൾസൺ, മൈക്കിൾ,ലിൻസി, ലിറ്റി എന്നിവർ മക്കളാണ്.

മൂത്തമകൻ ജോയി മീനച്ചിൽ റബർ മാർക്കറ്റിംഗ് സൊസൈറ്റിയിൽ ഉദ്യോഗസ്ഥനായിരുന്നു. ഉരുളികുന്നം മറ്റത്തിൽ അപ്പച്ചൻ മകൾ ലിസമ്മയാണ് ഭാര്യ. ജോയിയും ലിസമ്മയും അമേരിക്കയിൽ അറ്റലാന്റായിൽ ജോലി ചെയ്യുന്നു. ജോയിയ്ക്ക് അജ, അരുൺ എന്ന രണ്ടു മക്കൾ ഉണ്ട്. അജയും ഭർത്താവ് ജിജോയും കാലിഫോർണിയായിൽ ആണ് ജോലിചെയ്യുന്നത്.

സി. ആനി S.M.M.I. - സലേഷ്യൽ മിഷ്യനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സഭയിൽ ചേർന്നു. 21 വർഷം ഉത്തരേന്ത്യയിലും ഇപ്പോൾ പപ്പുവാഗിനിയിൽ അപരിഷ്കൃതരായ ജനങ്ങളുടെ ഇടയിൽ പ്രേഷിതവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു.

അൽഫോൻസിയെ പ്രവിത്താനത്ത് ഒറ്റപ്ലാക്കൽ മത്തായിച്ചൻ വിവാഹം ചെയ്തു. ഷിബി, ഷീബ, എന്ന രണ്ടു പെൺമക്കളാണുള്ളത്. ഇവർ വിവാഹിതരാണ്.

മേരി - മറ്റക്കര കൊച്ചുമഠത്തിൽ ഫിലിപ്പ് ആണ് മേരിയുടെ ഭർത്താവ്. മൂത്തമകൾ ആനിയെ കൂട്ടിക്കൽ അരിമറ്റത്തിൽ ജോർജ് മാത്യു വിവാഹം ചെയ്തു. ജോർജ് മാത്യു മസ്കറ്റിലാണ്. മകൻ മാത്യൂസ് (ജിനോ) ബി. എസ്സി. ഫുഡ് സയൻസ് ദുബായിൽ ജോലിയിലാണ്. രണ്ടാമനായ ജോണി എം. എസ്സി പാസായി. തുടർപഠനത്തിന് ആലോചിക്കുന്നു. പിതാവ് കെ. എം. ഫിലിപ്പ് വാകമല എൽ. പി. സ്കൂൾ ഹെഡ്മാസ്റ്ററായി

2003 ൽ റിട്ടയർ ചെയ്തു. മേരി മൂഴൂർ സെന്റ് മേരീസ് എൽ. പി. എസ്. ഹെഡ്മാസിട്രസ് സ്ഥാനത്തു നിന്നും 2004 ൽ റിട്ടയർ ചെയ്തു. രണ്ടു പേരും പൊതു പ്രവർത്തനരംഗത്ത് അറിയപ്പെടുന്ന വ്യക്തികളാണ്. മേരി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് അംഗമായിരുന്നു.

സി. കെ. ജോണിന്റെ രണ്ടാമത്തെ മകൻ ജോസഫ് ജോൺ - എസ്. ബി. ഐ മാനേജരായി എറണാകുളത്ത് ജോലി ചെയ്യുന്നു. പാലാ അഞ്ചേരിൽ സ്കറിയ, മകൾ മേരിയമ്മയാണ് ഭാര്യ. മേരിമ്മ പാലാ അൽഫോൻസാ കോളേജിൽ ഫിസിക്സ് ഡിപ്പാർട്ടുമെന്റ് ഹെഡ് ആണ്. ഇവർക്ക് ജോണി, അനു, ഡോൺ ഇങ്ങനെ മൂന്നു മക്കളാണുള്ളത്. ജോണി, ബി. ടെക് ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനു ബി.ടെക് റിലയൻസ് കമ്പിനിയിൽ കോയമ്പത്തൂരിലാണ് ജോലി ചെയ്യുന്നു.

റ്റോമി സി. കെ. ജോണിന്റെ മൂന്നാമത്തെ മകൻ മീനച്ചിൽ റബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ലാറ്റക്സ് ഡിപ്പാർട്ടുമെന്റ് മാനേജറാണ്. നെടുങ്കണ്ടം കൊച്ചുമഠത്തിൽ ദേവസ്യാ ഏലിയാമ്മ ദമ്പതികളുടെ മകൾ ലീലമ്മയാണ് ഭാര്യ. ലീലമ്മ ഇപ്പോൾ പാലാ മുൻസിപ്പൽ കൗൺസിലറാണ്. ഇവരുടെ മകൾ ചിനു ബി. എസി. നേഴ്സിംഗ് വിദ്യാർത്ഥിനിയും ജോൺ സൺസ്കൂൾ വിദ്യാർത്ഥിയുമാണ്.

സണ്ണി - എറണാകുളത്ത് ഹോട്ടൽ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു.

അഞ്ചാമത്തെ അംഗം ജോളി - കൃഷികാര്യങ്ങളിൽ ഏർപ്പെട്ട് കുടുംബവീട്ടിൽ താമസിക്കുന്നു. കുടക്കച്ചിറ പുത്തേട്ട് വെള്ളാരം കാലായിൽ കുര്യാക്കോസ് മേരി മകൾ ടെസിയാണ് ഭാര്യ. ഇവരുടെ മക്കൾ **സിജോയും റിജോയും** സ്കൂളിൽ പഠിക്കുന്നു.

ജോളിയുടെ ഇളയസഹോദരൻ സന്തോഷ് - എൽ. ഐ. സി. യുടെ കോടിപതിയായ ഏജന്റാണ് തൃശൂർ തയ്യിൽ കുടുംബാംഗം ആൻസ് ആണ് ഭാര്യ. അറേബ്യയിൽ നേഴ്സ് ആയി ജോലി ചെയ്തിരുന്നു. ഇവരുടെ കുട്ടികൾ **ആൽഫിയും, ആഷ്ലിനും** സ്കൂൾ വിദ്യാർത്ഥികളാണ്.

പോൾസൺ - ഡൽഹിയിൽ കമ്പ്യൂട്ടർ ബിസിനസ് നടത്തിയിരുന്നു. കണ്ണൂർ ജില്ലയിൽ പൈസക്കരിയിൽ പൈമ്പള്ളിവീട്ടിൽ തോമസ് മകൾ ആൻസിയാണ് ഭാര്യ. ഇവർ കുടുംബസഹിതം ഇപ്പോൾ അമേരിക്കയിൽ

ന്യൂജെർഴിസിയിൽ ജോലിചെയ്യുന്നു. സ്കൂൾ വിദ്യാർത്ഥിനിയായ ജെമിയും 2 വയസ്സുള്ള അഖിലും മക്കളാണ്.

ഫാ. മൈക്കിൾ - എല്ലാവർക്കും പ്രിയംകരനായ മൈക്കിളുകുട്ടി 30 - 12 - 1995 ൽ അഭിവന്ദ്യ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽ നിന്നും ഗുരുപട്ടം സ്വീകരിച്ച് വൈദികനായിതീർന്നു. പാലാ രൂപതയിലെ ചെറുപ്പക്കാരായ വൈദികരിൽ സമർത്ഥനായ ഇദ്ദേഹത്തെ വാലാച്ചിറ സെന്റ് ഏ സബസ്റ്റ്യൻസ് പള്ളി വികാരിയായി നിയമിച്ചിരിക്കുകയാണ്. നേതൃത്വപാടവവും സംഗീതവാസനയും സംഘടനാവൈഭവവും ഉള്ള യുവവൈദികനാണ് ഇദ്ദേഹം. ചെറിയ ഇടവകയായ വാലാച്ചിറയിൽ ഒരു പുതിയ പള്ളി പണിയുന്നതിനുള്ള ചുമതലയാണ് ഇദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുന്നത്.

സി. ലിൻസി - 1968 ൽ ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിൽ ചേർന്ന് പാലാ സെ. മേരീസ് ഹൈസ്ക്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു.



സി.കെ. ജോണിന്റെ മൃതസംസ്കാരം

ലിറ്റി - പാലാ കരിമ്പാനി പുളിക്കക്കുന്നേൽ ജോസഫ് മകൻ ഇയ്സൺ ആണ് ലിറ്റിയുടെ ഭർത്താവ്. മക്കൾ അനിറ്റ,അന്ന, ജോസുകുട്ടി എന്നിവർ സ്കൂൾ കുട്ടികളാണ്.

അന്നമ്മ വർഗീസ് തോട്ടുങ്കൽ

തൊമ്മൻ കുര്യന്റെ സീമന്തപുത്രി **അന്നമ്മയെ** കരുങ്കുന്നത്ത് തോട്ടുങ്കൽ തോമസ് മകൻ വർഗീസ് വിവാഹം ചെയ്തു. കാർഷികരംഗത്ത് അറിയപ്പെടുന്ന വ്യക്തിയായിരുന്നു വർഗീസ്. ഇദ്ദേഹത്തിന്റെ ഗവേഷണ ഫലമായി ഒരിനം കലപ്പ രൂപ കല്പന ചെയ്യുകയും ബോസ് കലപ്പ എന്ന പേരിൽ ഗവ അംഗീകാരത്തോടെ വികസന ബ്ലോക്കുകൾ വഴി ഇതിന് വളരെ പ്രചാരം സിദ്ധിക്കുകയും ചെയ്തു. കലപ്പയുടെ നിർമ്മാണത്തിനായി വിശാലമായ ഒരു വർക്ക് ഷോപ്പ് വീടിനടുത്ത് സ്ഥാപിക്കുകയും വൻതോതിൽ കലപ്പകൾ നിർമ്മിച്ചു വിതരണം ചെയ്യുകയും ചെയ്തിരുന്നു. ഇവർക്ക് തോമാച്ചൻ, കുര്യാച്ചൻ, ഔസേപ്പച്ചൻ ഫാ. മാത്യു സി. എം. ഐ ജോർജ്ജുകുട്ടി ഇങ്ങനെ അഞ്ച് ആൺമക്കളും അന്നമ്മ സി. സിലാസ് സി.എം.സി. ത്രേസ്യാമ്മ ഫിലോമിനാ എന്നീ നാലു പെൺമക്കളുമാണുള്ളത്.

തോമ്മാച്ചൻ - അന്നമ്മയുടെ സീമന്തപുത്രൻ **തോമ്മാച്ചൻ** ഭരണങ്ങാനം പാറങ്ങുളങ്ങര കുടുംബാംഗമായ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവരുടെ ഏകമകൾ ആൻസിയെ പാലാ ഐപ്പൻ പറമ്പിക്കുന്നേൽ ജോർജുകുട്ടി വിവാഹം ചെയ്തു. തോമ്മാച്ചന്റെ ആൺമക്കളിൽ മൂത്തയാൾ ഫെലിക്സ് കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ വീട്ടിൽ റീനായെ വിവാഹം ചെയ്തു. ഇവർക്ക് 1 ആൺകുട്ടിയും 1 പെൺകുട്ടിയുമാണുള്ളത്. ഇവർ സ്കൂളിൽ പഠിക്കുന്നു. തോമ്മാച്ചന്റെ ഇളയമകൻ **ജോളിയും** ജ്യോഷ്ടനോടൊപ്പം ബിസിനസ്സ് രംഗത്താണ്.

കുര്യാച്ചൻ - ഐങ്കൊമ്പ് ചോക്കാട്ട് എബ്രഹാം മകൾ അച്ചാമ്മയെ വിവാഹം ചെയ്തു. ഐങ്കൊമ്പിൽ താമസിക്കുന്നു. കുര്യാച്ചന്റെ പ്രഥമപുത്രൻ **ജോർജ്** മേലുകാവ് ഐക്കരകുന്നേൽ ജോർജ്ജിന്റെ മകൾ മോളിയെ വിവാഹം ചെയ്തു. ഇവരുടെ മക്കൾ ആൽഫിയും സിറിലും സ്കൂൾ വിദ്യാർത്ഥികളാണ്.

രണ്ടാമത്തെ പുത്രൻ **ഷാജി** പൈക ഈഴക്കുന്നേൽ ജോസഫ് മകൾ ജസ്സിയെ വിവാഹം ചെയ്തു. മക്കൾ ജെറിയും ജോസുകുട്ടിയും സ്കൂൾ വിദ്യാർത്ഥികളാണ്.

പെൺമക്കളിൽ മൂത്തവളായ **ബീനായെ** ഇളങ്ങുളം വളകൊടിയിൽ ചെറിയാൻ മകൻ ഷാജി വിവാഹം ചെയ്തു. മക്കൾ സുമിയും സെബിനും സ്കൂളിൽ പഠിക്കുന്നു. രണ്ടാമത്തെ മകൾ **ബെറ്റിയെ** പാലാ പുഞ്ചക്കുന്നേൽ സെബാസ്റ്റ്യൻ മകൻ സിബിയാണ് വിവാഹം ചെയ്തിരിക്കുന്നത്. ആന്റണി, എമിൽ എന്നീ രണ്ടുകുട്ടികളാണ് ഇവർക്കുള്ളത്. ഇളയമകൾ **ബിന്ദുവിന്റെ** ഭർത്താവ് പാറേക്കുളത്ത് ബിനോയി ആണ്. ഇവരുടെ കുട്ടികളാണ് ബിപിനും, ബബിതയും.

അവുസേപ്പച്ചൻ - മൂലമറ്റത്ത് പൈകട കുടുംബാംഗമായ ക്ലാരമ്മയാണ് അവുസേപ്പച്ചന്റെ ഭാര്യ. അവുസേപ്പച്ചന്റെ മൂത്തമകൻ **ജിനോ** എറണാകുളത്ത് പ്രൈവറ്റ് കമ്പിനിയിൽ ജോലിചെയ്യുന്നു. മൂത്തമകൾ **അജി**നായെ രാമപുരത്ത് കോയിപ്പള്ളിൽ മാത്യു മകൻ സെർജു ജോസ് മാത്യു ആണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് അന്ന മരിയ എന്ന ഒരു പെൺകുട്ടിയാണ് ഉള്ളത്. ഇവർ ഷാർജായിലാണ്. അവുസേപ്പച്ചന്റെ രണ്ടാമത്തെ മകൻ **മാത്യൂസ്** തൊടുപുഴ കിഴക്കേത്തോട്ടം പ്രിയയെ ആണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്കു ശ്രേയ എന്ന ഒരു പുത്രിയാണുള്ളത്. അവുസേപ്പച്ചന്റെ ഇളയമകൾ **നെറ്റാസിയ** എം.ബി.എ ബിരുദധാരിണിയാണ്.

അന്നമ്മ - തൃശൂർ വരന്തരപ്പള്ളി കൊട്ടാരത്തിൽ ടോമിയാണ് അന്നമ്മയുടെ ഭർത്താവ്. ഇവരുടെ മക്കൾ റ്റെൻസിയും റ്റിജിയും വിവാഹിതരാണ്.

ഫാ. മാത്യു സി.എം.ഐ. - പ്രാഥമിക വിദ്യാഭ്യാസം കരിങ്കുന്നം സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂളിൽ പൂർത്തിയാക്കി 1962 ൽ സി. എം. ഐ സഭയിൽ ചേർന്നു. മാന്നാനത്ത് വൈദികപഠനം പൂർത്തിയാക്കി 1972 ഡിസംബർ 17 ന് എറണാകുളത്തുള്ള പ്രിയോർ ജനറൽ ഹൗസിനോടു ചേർന്നുള്ള ദൈവലായത്തിൽ വച്ച് ഗുരുപട്ടം സ്വീകരിച്ചു. ഫാ. മാത്യു ചമ്പക്കുളം, പാലാ, മുത്തോലി, പൂഞ്ഞാർ തുടങ്ങിയ ആശ്രമങ്ങളിൽ വൈദിക ശുശ്രൂഷ ചെയ്തശേഷം ഇപ്പോൾ കുര്യനാട് ആശ്രമത്തിൽ തന്റെ തിരക്കേറിയ ജീവിതം തുടരുന്നു. സ്കൂൾ കോളജ് തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പുറമേ സന്യസ്തർക്കും പ്രിയങ്കരനായ ഒരു ധ്യാനഗുരുവാണ് ഇദ്ദേഹം. ബറോഡാ യൂണിവേഴ്സിറ്റിയിൽ നിന്നും മനശാസ്ത്രത്തിൽ എം. എ ബിരുദം നേടിയിട്ടുള്ള ഇദ്ദേഹം 1989 മുതൽ 1996 വരെ അമേരിക്കയിൽ ബ്രൂക്ലിൻ എന്ന സ്ഥലത്ത് വൈദിക സേവനത്തിൽ ഏർപ്പെട്ടിരുന്നു.

ത്രേസ്യാമ്മ - പാലാ തെരുവിൽ വക്കച്ചൻ വിവാഹം ചെയ്തു. മകൻ അനൂപ് എം. ബി. എ കഴിഞ്ഞ് തിരുവനന്തപുരത്ത് ജോലി ചെയ്യുന്നു. മകൾ അഞ്ജു വിവാഹിതയാണ്. ഇളയമക്കൾ അജോയും അരുണും കോളജിൽ പഠിക്കുന്നു. വക്കച്ചൻ പാലായിൽ നിർമ്മലാ മെഡിക്കൽസ് എന്ന വ്യാപാരസ്ഥാപനം നടത്തുന്നു.

ഫിലോ - വടക്കാഞ്ചേരി ചെറുനിലത്ത് അഗസ്റ്റിൻ ഫിലോയെ വിവാഹം ചെയ്തു. മൂത്തമകൾ ഫെമി വിവാഹിതയാണ്. സുമി, നിമ്മി, മരിയ ഇവർ വിദ്യാർത്ഥിനികളാണ്.

ജോർജുകുട്ടി - കൊഴുവനാൽ നരിവേലിൽ കുടുംബാംഗമായ ചിന്നമ്മയാണ് ഭാര്യ. മക്കൾ അജയ്, വിജയ്, രണ്ടുപേരും കോളജിൽ പഠിക്കുന്നു. ജോർജുകുട്ടിയും ബിസിനസ്സ് രംഗത്താണ്.

മേരി മാത്യൂ മുക്കൻതോട്ടം

തൊമ്മൻ കുര്യന്റെ രണ്ടാമത്തെ മകൾ **മേരിയെ** ഇടമറുക് മുക്കൻതോട്ടത്തിൽ ആന്റണി മകൻ മാത്യു വിവാഹം ചെയ്തു. ഇവർക്ക് മാമ്മച്ചൻ, കുട്ടിയച്ചൻ, ബേബിമാത്യു, ദേവസ്യാച്ചൻ, തോമാച്ചൻ, റോയി മാത്യു എന്നീ 6 പുത്രന്മാരും ക്ലാരമ്മ, ലൂസി, സെലിൻ എന്നീ 3 പുത്രിമാരുമാണുള്ളത്. ഇവരിൽ റോയി മാത്യുവും ഭാര്യ കോലഞ്ചേരി ആക്കപ്പറമ്പിൽ സാനിയും പെരിന്തൽമണ്ണ പള്ളിക്കുന്ന് ഗവ. എൽ. പി. സ്കൂളിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നു. ലൂസി ക്ലാരമഠത്തിൽ ചേർന്ന് സി. ലൂയിസ് മേരി എന്ന പേരു സ്വീകരിച്ച് ഇപ്പോൾ അരുവിത്തറ സ്കൂൾ ഹെഡ്മിസ്ട്രസായി സേവനം ചെയ്യുന്നു.

മാമ്മച്ചൻ - മറ്റത്തിൽ തെയ്യാമ്മയാണ് ഭാര്യ. തെയ്യാമ്മ ഇടമറുക് എൽ. പി. സ്കൂൾ നിന്നും റിട്ടയർ ചെയ്തു. മകൾ മായാ മാത്യൂസ് വിവാഹിതയാണ്.

കുട്ടിയച്ചൻ (സിറിയക്) - മുണ്ടക്കയം ചിറ്റപ്പനാട്ട് മേരിക്കുട്ടിയാണ് ഭാര്യ. ഒരു മകനും മകളും വിദ്യാർത്ഥികളാണ്.

ക്ലാരമ്മയെ - ഐങ്കൊമ്പ് ചോക്കാട്ട് ഏപ്പച്ചൻ വിവാഹം ചെയ്തു. നാലു പെൺമക്കളും ഒരു മകനുമുണ്ട്.

ബേബി - തുടങ്ങനാട് പുറവക്കാട്ട് ആലീസിനെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് പെൺമക്കളും ഒരു മകനുമുണ്ട്. ബേബി 2005 ഫെബ്രുവരി 28ന് അകാല ചരമം പ്രാപിച്ചു.

ദേവസ്യാച്ചൻ - ഭാര്യ ലിസിയും മേലുകാവിൽ താമസിക്കുന്നു. രണ്ട് ആൺമക്കളും ഒരു മകളുമുണ്ട്.

തോമസ് - അനാരോഗ്യം മൂലം ദേവസ്യാച്ചനോടൊപ്പം താമസിക്കുന്നു.

സെലിനെ - പാതാമ്പുഴയിൽ നിന്നു ഔസേപ്പച്ചൻ വിവാഹം ചെയ്തു. പെൺമക്കൾ രണ്ടുപേരും വിദ്യാർത്ഥിനികളാണ്.

മേരി 1962 ലും ഭർത്താവ് മാത്യു 3 - 9 - 1985 ലും നിര്യാതരായി.

ഏലമ്മ കവീക്കുന്ന്

തൊമ്മൻ കുര്യന്റെ ഇളയമകൾ **ഏലമ്മ** പ്രവിത്താനം സെ. മൈക്കിൾസ് സ്കൂളിൽ 36 വർഷം അദ്ധ്യാപികയായിരുന്ന ശേഷം 1990 ൽ റിട്ടയർ ചെയ്തു. ഏലമ്മ കവിക്കുന്ന് എന്ന തൂലികാ നാമത്തിൽ അറിയപ്പെട്ടിരുന്ന ഒരു കവയത്രിയും വാഗ്മിയുമായിരുന്നു ഏലമ്മ. കവിതകൾ, നാടകങ്ങൾ, ചെറികഥാ സമാഹാരങ്ങൾ ലേഖനങ്ങൾ ഉൾപ്പെടെ നിരവധി കൃതികളുടെ



രചയിതാവായിരുന്നു ഏലമ്മ. പൂക്കൂട, തേൻതുള്ളികൾ എന്നിവയാണ് പ്രധാന കൃതികൾ. കലാ സാംസ്കാരിക രംഗങ്ങളിൽ ശിഷ്യഗണങ്ങൾക്കും, സഹോദരങ്ങൾക്കും പരിശീലനവും പ്രോത്സാഹനവും നൽകിയിരുന്നു. വളരെ ചെറുപ്പത്തിലേ ഉണ്ടായിരുന്ന ഉദരസംബന്ധമായ അസുഖങ്ങളാൽ ആയുർദൈർഘ്യം വളരെ കുറവായിരിക്കുമെന്നായിരുന്നു മെഡിക്കൽ റിപ്പോർട്ട്. ദൈവഭക്തിയിലും, വിശ്വാസത്തിലും അടിയുറച്ച ജീവിതം കഴിച്ച ഏലമ്മ റിട്ടയർ ചെയ്തശേഷം മരണംവരെ താബോർധ്യാന കേന്ദ്രത്തിലെ അന്തേവാസിയായിരുന്നു. പുതുക്കിപ്പണിത ഇടവകദൈവാലയത്തിന്റെ ഉൽഘാടനാവസരത്തിൽ ഈ കവിയത്രി അവതരിപ്പിച്ച ആശംസാഗാനം ദൈവാലയത്തെ വർണ്ണിക്കുന്നത് "പേരിയന്ന പാലായുടെ കാഷ്മീരാമീ കവീക്കുന്നിൻ മകുടം പോൽ ശോഭിക്കുന്നീ തിരുഭവനം" എന്നാണ് 31 - 10 - 1993 ൽ 59-ാം മത്തെ വയസ്സിൽ ഏലമ്മ കർത്താവിൽ നിദ്ര പ്രാപിച്ചു. ഈ തിരുഭവനത്തോടു ചേർന്നുള്ള സിമിത്തേരിയിൽ അന്ത്യ വിശ്രമം കൊള്ളുന്നു.



അദ്ധ്യായം 7

ചീരാംകുഴി തൊമ്മൻ ജോസഫ് (ഐപ്പച്ചൻ) പാത്തംപാറ



ചീരാംകുഴിയിൽ വർക്കി തൊമ്മന്റെ ഏഴ് ആൺമക്കളിൽ ഏഴാമനായ ജോസഫ് ഇളങ്ങുളത്ത് മറ്റു സഹോദരന്മാരോടൊപ്പം താമസമാക്കി. ഐപ്പച്ചൻ കിഴക്കേക്കര നെച്ചിമലയിൽ മാമ്മിയെ വിവാഹം കഴിച്ചു. ഇവർക്ക് മറിയക്കുട്ടി, അന്നമ്മ, ജോസഫ്, (പാപ്പച്ചൻ) തൊമ്മച്ചൻ, (തോമസ്) എന്നീ 4 മക്കൾ ഉണ്ട്. ആദ്യ ഭാര്യ മരിച്ചുപോയതിനാൽ പാലാ അനന്തക്കാട്ട് ദേവസ്യാ ഏലി മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. രണ്ടാംവിവാഹത്തിൽ ഐപ്പച്ചന് സെബാസ്റ്റ്യൻ(ബേബി), വക്കച്ചൻ, മാനുവേൽ (ബിനോയ്) എന്നീ പുത്രന്മാരും പെണ്ണമ്മ, തങ്കമ്മ, രാജമ്മ എന്നീ 3 പുത്രിമാരും ഉണ്ട്. ഐപ്പച്ചൻ ഇളങ്ങുളത്തു നിന്നും 1946-ൽ വടക്കാഞ്ചേരിയിൽ ഇളവുംപാടത്ത് താമസമാക്കി. മംഗലംഡാം പണിനടന്നുകൊണ്ടിരുന്ന കാലമായതുകൊണ്ട് അവിടെ വ്യാപാരരംഗത്ത് അഭിവൃദ്ധി പ്രാപിക്കുവാൻ സാധിച്ചു. അക്കാലത്ത് മക്കൾ പാപ്പച്ചനും തൊമ്മച്ചനും ടിംബർ ബിസിനസ്സുമായി ബന്ധപ്പെട്ട് വടക്കൻ കേര

ളത്തിലും മൈസൂരിൽ കൂർഗിൽ കോണക്കട്ടയിൽ കോഫീ എസ്റ്റേറ്റു വാങ്ങിയും കാർഷികവ്യാപാരരംഗങ്ങളിൽ വ്യാപൃതരായി അങ്ങോട്ടു താമസം മാറ്റി. 1961-ൽ ഐപ്പച്ചനും മറ്റു കുടുംബാംഗങ്ങളും ആലക്കോടി നടുത്ത് പാത്തൻപാറയിൽ സ്ഥലം സമ്പാദിച്ച് അവിടെ സ്ഥിരതാമസമാക്കി.

ചീരാംകുഴിയിൽ **പാപ്പച്ചൻ (ജോസഫ്)** ചീരാംകുഴിയിൽ ഐപ്പച്ചന്റെ ആദ്യവിവാഹത്തിലെ സീമന്തപുത്രനാണ് പാപ്പച്ചൻ. കർണാടക സംസ്ഥാനത്തെ കുടകുജില്ലയിലെ ഗോണിക്കുപ്പയ്ക്കടുത്ത കോണംകട്ടയിൽ 1961-ൽ താമസമാക്കിയ പാപ്പച്ചൻ അവിടുത്തെ ആദ്യകാല തിരുവിതാംകൂറുകാരനായിരുന്നു. ഓറഞ്ചും കുരുമുളകും കൃഷിചെയ്തിരുന്ന തോട്ടങ്ങൾ ആണ് പാപ്പച്ചനും സഹോദരൻ തൊമ്മച്ചനും അവിടെ സമ്പാദിച്ചത് മീനച്ചിൽ ചിലമ്പിക്കുന്നേൽ ചെറിയാൻ മോനിക്കാ ദമ്പതികളുടെ മകൾ ഏലിക്കുട്ടിയാണ് പാപ്പച്ചന്റെ ഭാര്യ. ഇവർക്ക് ജോയി, ജോസ്, തങ്കച്ചൻ, തോമാച്ചൻ, ഡോളി ഇങ്ങനെ അഞ്ച് ആൺമ



ത്രേസ്യാമ്മയും തൊമ്മച്ചനും സഹോദരി മറിയക്കുട്ടിയും, പാപ്പച്ചനും ഏലിക്കുട്ടിയും



ക്കളാണ് ഉള്ളത്.



ജോയിയും കുടുംബാംഗങ്ങളും

ജോയി

പാപ്പച്ചന്റെ മൂത്തപുത്രൻ ജോയി പ്രഗൽഭനായ ഒരു ബിസിനസ്കാരനാണ്. കേരളത്തിലെ വിവിധ കച്ചവട കേന്ദ്രങ്ങളിൽ അരിമൊത്ത വ്യാപാരം നടത്തിയിരുന്നത് ജോയിയുടെ കമ്പനിയിൽ നിന്നായിരുന്നു. ജോയി ഇപ്പോൾ റിയൽ എസ്റ്റേറ്റ് തുടങ്ങിയ വ്യാപാരരംഗങ്ങളിൽ വിജയകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കണ്ണൂർ ജില്ലയിലെ കോഴിച്ചാലിൽ വയലിൽ വർക്കി ഏലിക്കുട്ടി മകൾ തങ്കമ്മയാണ് ജോയിയുടെ ഭാര്യ. ഇവർക്ക് ഇരട്ടകുട്ടികളായ ദീപ്തി, ദീപക് എന്നിവരും ഡെന്നീസും മക്കളാണ്. ഈയിടെ ഡൽഫിൻ മരിയ എന്നൊരു ദത്തുപുത്രിയും ഇവർക്കുണ്ട്. ദീപ്തി ബാംഗ്ലൂരിൽ ഇൻഫോസിസിൽ എഞ്ചിനീയറാണ്. ദീപക് മാതാപിതാക്കളോടൊപ്പം വീട്ടിൽ താമസിക്കുന്നു. ഡൽഫിൻമരിയ പാലക്കാട്ട് ഹോളിഫാമിലി കോൺവന്റിൽ നോവിഷ്യേറ്റ് ആണ്. ഡെന്നീസ് എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്.

ജോസ്

കണ്ണൂർ ജില്ലയിലെ പേരാവൂരിൽ കുന്നത്ത് വീട്ടിൽ ചാക്കോ - ഏലി



ജോസും ഡോളിയും കുടുംബാംഗങ്ങളോടൊപ്പം

ക്കുട്ടി മകൾ തങ്കമ്മയാണ് ജോസിന്റെ ഭാര്യ. ഇവർക്ക് രമ്യ, രഞ്ജിത്, രേഷ്മ എന്ന മൂന്നു മക്കളാണുള്ളത്. രമ്യ ബാംഗ്ലൂരിൽ ഫാഷൻ ടെക്നോളജി ഡിഗ്രിക്ക് പഠിക്കുന്നു. രഞ്ജിത് മൈസൂരിൽ ബിസിനസ് മാനേജ്മെന്റ് ഡിഗ്രിക്ക് പഠിക്കുന്നു. രേഷ്മ സ്കൂൾ വിദ്യാർത്ഥിനിയാണ്.

തങ്കച്ചൻ

കണ്ണൂർ ജില്ലയിൽ അങ്ങാടിക്കടവ് കാവനാടിയിൽ മത്തായിയുടേയും ഏലിക്കുട്ടിയുടേയും മകൾ ത്രേസ്യാമ്മയെ വിവാഹം കഴിച്ച് അവരോടുകൂടിയിൽ താമസിക്കുന്നു. ഇവർക്ക് സൗമ്യ, സ്റ്റെഫി എന്ന രണ്ടു മക്കളാണുള്ളത്. സൗമ്യ മൈസൂരിൽ നിയമ വിദ്യാർത്ഥിനിയാണ്. സ്റ്റെഫിയും മൈസൂരിൽ ഹയർസെക്കന്ററി സ്കൂളിൽ പഠിക്കുന്നു.

തോമസ്

ചെമ്പേരി ഇടയാടിയിൽ ജോസഫിന്റേയും ഏലിക്കുട്ടിയുടേയും മകൾ ഫിലോയെ വിവാഹം കഴിച്ച് ചെമ്പേരിയിൽ താമസിക്കുന്നു. ഇവർക്ക് അരുൺ, കിരൺ, ഡെൽമ എന്നീ മൂന്നുകുട്ടികളാണുള്ളത്. അരുൺ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്. കിരണും ഡെൽമയും സ്കൂളിൽ പഠിക്കുന്നു.

ഡോളി (വിൻസെന്റ്)

കണ്ണൂർ ജില്ലയിലെ ആലക്കോട് ചെറുനിലം സക്കറിയാസ് - ത്രേസ്യാമ്മ ദമ്പതികളുടെ മകൾ സെലിനാണ് ഡോളിയുടെ ഭാര്യ. പൊതുപ്രവർത്തകനും സ്ഥലത്തെ പഞ്ചായത്തുമെമ്പറുമാണ് ഡോളി. ഇവരുടെ മക്കൾ അജിത് മൈസൂറിൽ ഹയർസെക്കന്ററിയിലും, അമിത് ഏഴാം ക്ലാസിലും പഠിക്കുന്നു. ഡോളിയും കുടുംബവും മാതാപിതാക്കളോടൊപ്പം കോണക്കട്ടയിലുള്ള തറവാട്ടിൽ താമസിക്കുന്നു.

ഐപ്പച്ചന്റെ **രണ്ടാമത്തെ പുത്രൻ തൊമ്മച്ചൻ** കുടകുജില്ലയിലെ ഗോണിക്കുപ്പയ്ക്ക് അടുത്തുള്ള മരപ്പാല എന്ന സ്ഥലത്തു താമസിക്കുന്നു. തൊമ്മച്ചന്റെ ആദ്യ ഭാര്യ പ്രവിത്താനം മൂന്നുമാക്കൽ ജോസഫിന്റെയും - ഏലിക്കുട്ടിയുടെയും മകൾ കത്രീനാ ആയിരുന്നു. ഇവരുടെ ഏകമകൻ തങ്കച്ചൻ ജനിച്ച് ആറുമാസമായപ്പോൾ കത്രീന അകാലചരമം പ്രാപിച്ചു. കത്രീനയുടെ മരണശേഷം പാലാ പടുവിൽ ഉണ്ണി



തങ്കച്ചനും കുടുംബാംഗങ്ങളും

ചെറിയാൻ - അന്നമ്മ ദമ്പതികളുടെ മകൾ ത്രേസ്യാമ്മയെ തൊമ്മച്ചൻ വിവാഹം കഴിച്ചു. ഇവർക്ക് പെണ്ണമ്മ, ടോമി, തങ്കമ്മ എന്നീ മൂന്നുമക്കളുണ്ട്.

തങ്കച്ചൻ (അഡ്വ. സി.റ്റി. ജോസഫ്)

മെർക്കാറയിൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ആയിരുന്നു. സമർത്ഥനായ അഭിഭാഷകനും രാഷ്ട്രീയ പ്രവർത്തകനുമാണ് തങ്കച്ചൻ. സിദ്ധാപുരത്തുള്ള തട്ടാർകുന്നേൽ കുര്യാക്കോസ് - കുട്ടിയമ്മ ദമ്പതികളുടെ മകൾ മഞ്ചുവാണ് തങ്കച്ചന്റെ ഭാര്യ. ഇവർക്ക് ഡയാനാ, അനൂപ്, അനിൽ എന്നിങ്ങനെ മൂന്നുമക്കളാണുള്ളത്. ഡയാന ബാംഗ്ലൂരിൽ ബി.എസ്സി നഴ്സിംഗ് വിദ്യാർത്ഥിനിയാണ്. അനൂപ് എഞ്ചിനീയറിംഗ് വിദ്യാർത്ഥിയും, അനിൽ ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥിയുമാണ്.

പെണ്ണമ്മ

മൈസൂറിൽ സെ. മേരീസ് ഹൈസ്ക്കൂൾ അദ്ധ്യാപികയാണ്. തൊടുപുഴ വട്ടക്കുഴിയിൽ വർക്കിയുടെ മകൻ ജോർജ്ജാണ് പെണ്ണമ്മയുടെ ഭർത്താവ് ജോർജ്ജ് 1992-ൽ രോഗം മൂലം മരണമടഞ്ഞു. ഇവരുടെ ഏക മകൾ സോണിയാ ബിരുദ വിദ്യാർത്ഥിനിയാണ്. പെണ്ണമ്മയും കുടുംബവും മൈസൂറിൽ താമസിക്കുന്നു.

റ്റോമി

തൊമ്മച്ചന്റെ രണ്ടാം വിവാഹത്തിലെ ഏകമകൻ ടോമി പതിനഞ്ചു വർഷങ്ങൾക്കുമുമ്പ് 23-ാം വയസ്സിൽ വൈദ്യുതാഘാതമേറ്റ് അകാലചരമം പ്രാപിച്ചത് ആ കുടുംബത്തിന് ഒരു തീരാ നഷ്ടമായി അവശേഷിക്കുന്നു.

തങ്കമ്മ

തൊമ്മച്ചന്റെ ഇളയമകൾ തങ്കമ്മ ഭദ്രാവതിയിൽ ഭർത്താവ് ഡോ.കെ. രാജുവിനോടൊത്ത് കുടുംബജീവിതം കഴിക്കുന്നു. ഇവരുടെ മക്കൾ ശ്വേതയും ശ്രുതിയും സ്ക്കൂൾ വിദ്യാർത്ഥികളാണ്.

മറിയക്കുട്ടി തോമസ് കുന്നത്തൂർ (ഈരൂരിക്കൽ)

ഐപ്പച്ചന്റെ ആദ്യവിവാഹത്തിലെ സീമന്തപുത്രി **മറിയക്കുട്ടിയെ** കടനാട് കുന്നത്തൂർ (ഈരൂരിക്കൽ) വീട്ടിൽ ദേവസ്യായുടെ മകൻ



മറിയക്കുട്ടി തോമസും കുടുംബാംഗങ്ങളും

തോമസ് വിവാഹം കഴിച്ചു. ഇവർക്ക് ജോയി, ഫാ.ജോസ്, സി. സൂസമ്മ, സി. സാലി, ടോമി, ഷാജി എന്നിവർ മക്കളാണ്.

(1) **മൂത്തമകൻ ജോയി എം.എ** അരുവിത്തുറ സെന്റ് ജോർജ് കോളജിൽ ഏതാനും വർഷം ജൂണിയർ ലക്ചറർ ആയി ജോലി ചെയ്തു. തുടർന്ന് P.W.D കോൺട്രാക്റ്ററായി പല നിർമ്മാണപ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തി. ഇപ്പോൾ കൃഷികാര്യങ്ങളിൽ ഏർപ്പെട്ടു കഴിയുന്നു. വാഴക്കുളം ആലപ്പാട്ട് (കിനാക്കുഴി) ജോസ് ത്രേസ്യാ ദമ്പതികളുടെ മകൾ മേരിക്കുട്ടി ബി.എസ്.സി, ബി.എഡ് ആണ് ജോയിയുടെ ഭാര്യ. മേരിക്കുട്ടി ദീർഘകാലത്തെ അദ്ധ്യാപനത്തിനുശേഷം കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂളിൽ നിന്നും റിട്ടയർ ചെയ്തു. മൂത്തമകൾ അഡോണയെ മുട്ടത്ത് വടക്കേൽ ചെറിയാൻ മകൻ ജോസ് വിവാഹം ചെയ്തു. കമ്പ്യൂട്ടർ ടെക്നീഷ്യനായ ജോസും നേഴ്സായ അഡോണയും സൗദിഅറേബ്യായിൽ റിയാദിൽ ജോലി ചെയ്യുന്നു. അലൻ എന്ന ഒരാൺകുട്ടിയാണുള്ളത്. ജോയിയുടെ രണ്ടാമത്തെ മകൾ ആശയെ പള്ളത്ത് ജോസഫ് മകൻ ഷാജി വിവാഹം ചെയ്തു. ഇവർ കുടുംബസമേതം സാൻഫ്രാൻസീസ്ക്കോയിലാണ്. ലിനു, ലിയാ, ലിയൽ എന്നിവർ മക്കളാണ്. ഇളയമകൾ അനിലയെ മറ്റക്കര പനമു



ജോയിയും കുടുംബാംഗങ്ങളും

ണ്ടയിൽ എബ്രഹാം മകൻ ജിജോ വിവാഹം ചെയ്തു. ജിജോ കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽ റിസേർച്ച് ചെയ്യുന്നു. അനിലാ സാൻഫ്രാൻസിസേക്കോയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ആരൻ എന്ന ഒരു കുട്ടിയുണ്ട്. ജോയിയുടെ ഏകമകൻ ജയദീപ് ബികോം ഭരണങ്ങാനം വരിക്കപ്ലാക്കൽ തേമസ് മകൾ സ്മിതയെ വിവാഹം ചെയ്തു. ഇവർക്ക് ആൻമരിയ, അരുൺ തോമസ് എന്നിങ്ങനെ രണ്ടു മക്കളുണ്ട്.

ഫാ. ജോസ് കുന്നത്തൂർ

പാലാ രൂപതാ വൈദികനായി ഗുരുപട്ടം സ്വീകരിച്ച ജോസച്ചൻ ഉന്നതവിദ്യാഭ്യാസത്തിനായി റോമിലെത്തി ദൈവശാസ്ത്ര പഠനം കഴിഞ്ഞ് ജർമ്മനിയിൽ വൈദികസേവനത്തിൽ ഏർപ്പെട്ടു കഴിയുന്നു.

സി. സൂസമ്മ

മൂലമറ്റത്തുള്ള ജ്യോതിഭവൻ കോൺവന്റിൽ ചേർന്ന് ഇപ്പോൾ കോഴിക്കോട് സെന്റ് മൈക്കിൾസ് ഹൈസ്ക്കൂളിൽ അദ്ധ്യാപികയായി തുടരുന്നു.

സി. സാലി

അസംപ്ഷൻ സന്യാസിനി സമൂഹത്തിൽ ചേർന്ന സി. സാലിയും കോഴിക്കോട് സെന്റ് മൈക്കിൾസ് ഹൈസ്ക്കൂളിൽ അദ്ധ്യാപികയായി സേവനം ചെയ്യുന്നു.

ടോമി

കലയന്താനി കുന്നേൽ മാനുവൽ മകൾ ബെറ്റിയാണ് ടോമിയുടെ ഭാര്യ. അജയ്, അഖിൽ എന്നിവർ മക്കളാണ്. ടോമി കൊല്ലപ്പള്ളിയിൽ റബർവ്യാപാരം നടത്തുന്നു.



ടോമിയും കുടുംബാംഗങ്ങളും

ഷാജി

പാലാ മുണ്ടനോലിക്കൽ ഡോ. ജോയിയുടെ മകൾ ലൂഷിയായെ ആണ് ഷാജി വിവാഹം ചെയ്തിരിക്കുന്നത്. ഇവരുടെ ഇകമകൾ പൊന്നു (സൂസൻ) സ്കൂളിൽ പഠിക്കുന്നു.

കുറെക്കാലമായി രോഗബാധിതയായിരുന്ന മറിയക്കുട്ടി 2004 ഡിസംബർ 6-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. ഭർത്താവ് തോമസ് തറവാട്ടിൽ ഷാജിയോടൊപ്പം താമസിക്കുന്നു.

ഐപ്പച്ചന്റെ ആദ്യവിവാഹത്തിലെ രണ്ടാമത്തെ മകൾ ചിന്നമ്മയെ ഇളങ്ങുളത്ത് പഴൂർ തൊമ്മൻ മകൻ മത്ത വിവാഹം ചെയ്തു. തൊമ്മൻ പ്രസിദ്ധനായ നേത്രരോഗ ചികത്സകനായിരുന്നു.

1956-ൽ ഇവർ വണ്ടൻമേട്ടിൽ കുഴിത്തൊളു എന്ന സ്ഥലത്ത് ഭൂമി



വാങ്ങി അവിടെ സ്ഥിരതാമസം ആരംഭിച്ചു. ഇവർക്ക് മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ട്. പ്രഥമപുത്രൻ തോമാച്ചനും രണ്ടാമൻ ഔസേപ്പച്ചനും അമ്മാവൻമാരോടൊപ്പം കുടകിൽ ഭൂമി വാങ്ങിയെങ്കിലും പിന്നീട് അത് വിറ്റു തിരികെ പോരുകയാണുണ്ടായത്. കാഞ്ഞിരപ്പള്ളി പടന്നമാക്കൽ കുഞ്ഞൂഞ്ഞുചേട്ടന്റെ മകൾ ത്രേസ്യാമ്മയെയാണ് **തോമാച്ചൻ** വിവാഹം ചെയ്തത്. തോമാച്ചനും കുടുംബവും അന്യാർതൊളുവിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ട് കഴിയുന്നു. ഇവർക്ക് സെലിൻ, ജസി, സീന എന്നിങ്ങനെ മൂന്നുകുട്ടികളാണുള്ളത്. സെലിനെ കുഴിത്തൊളു കീപ്രത്ത് വീട്ടിൽ കോര മകൻ തോമസ് വിവാഹം ചെയ്തു. ഇവർക്ക്മൂന്നു ആൺകുട്ടികളുണ്ട്.

ജസിയെ നെടുങ്കണ്ടം മണിയാക്കുപാറ തോമസ് വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കളാണുള്ളത്.

സീന സ്കൂൾ വിദ്യാർത്ഥിനിയാണ്.

ചിന്നമ്മയുടെ **രണ്ടാമത്തെ മകൻ ഔസേപ്പച്ചൻ** കുമളി വാട്ടപ്പള്ളി കൊച്ചേട്ടന്റെ മകൾ ത്രേസ്യാമ്മയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് ഒരു മകനും രണ്ടുപെൺമക്കളുമാണുള്ളത്. ഏകമകൻ സണ്ണി കൂട്ടാർ കോഴപ്ലാക്കൽ ലൈസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കളാണുള്ളത്.

ഔസേപ്പച്ചന്റെ മൂത്തമകൾ സജിയെ കുഴിത്തൊളു തോട്ടുപുറത്ത് ആന്റണി (അപ്പച്ചൻ) യുടെ മകൻ ഷാജി വിവാഹം ചെയ്തതിൽ മൂന്ന് ആൺമക്കളും ഒരു മകളും ഉണ്ട്.

സുജയെ മണിയമ്പ്ര കുഞ്ഞുകുട്ടിയുടെ മകൻ സിബി വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കളാണുള്ളത്.

വക്കച്ചൻ : ചിന്നമ്മയുടെ മൂന്നാമത്തെ പുത്രൻ വക്കച്ചൻ കൊച്ചറ കുറ്റിക്കാട്ട് കൊച്ചേട്ടന്റെ മകൾ പെണ്ണമ്മയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവരുടെ നാലു പെൺമക്കളിൽ മൂന്നുപേരും കന്യാസ്ത്രീകളാണ്.

സോളി (സി. ആൻസ് മരിയ സി.എം.സി)

വടക്കേമല മഠത്തിലാണ്.

സോണി (സി. ധന്യറോസ് സി.എം.സി)

ചങ്ങനാശ്ശേരിയിലും.

സിന്ധു (സി. ജൂബി മരിയ സി.എം.സി)

പൊടിമറ്റം എന്നീ മഠങ്ങളുലുമാണ്. നാലാമത്തെ മകൾ ധന്യ +2 വിദ്യാർത്ഥിനിയാണ്.

ഗ്രേസി

അനാരോഗ്യം നിമിത്തം മാതാപിതാക്കളോടൊപ്പം വീട്ടിൽ കഴിയുന്നു.

ബേബിച്ചൻ

കുമളി പുത്തൻപുരയ്ക്കൽ വർക്കിയുടെയും ഏലിക്കുട്ടിയുടേയും മകൾ കുട്ടിയമ്മയാണ് ബേബിച്ചന്റെ ഭാര്യ. ഇവരക്ക്ക് ഒരു മകളും രണ്ട് ആൺമക്കളുമാണുള്ളത്.

ബിന്ദു - വെള്ളയാംകുടി ഇടയാടിയിൽ ദേവസ്യാ മകൻ രാജനാണ് ബിന്ദുവിന്റെ ഭർത്താവ്.

ബിജോയി - ഡൽഹിയിൽ ജോലി ചെയ്യുകയും എം.സി.ഏ.യ്ക്കു പഠിക്കുകയും ചെയ്യുന്നു.

ബിനോജ് - പുറ്റടി ഹോളി ക്രോസ് കോളേജിൽ ബി.സി.ഏ.യ്ക്കു പഠിക്കുന്നു. ബേബിച്ചൻ മലനാട് കർഷകയൂണിയന്റെ ഓർഗനൈസറായി പ്രവർത്തിച്ചിരുന്നു. കൂടാതെ നല്ല നിലയിൽ ഒരു കച്ചവടസ്ഥാപനവും നടത്തുന്നു. ബേബിച്ചനും കുടുംബവും കുഴിത്തൊളുവിലുള്ള തറവാട്ടുവീട്ടിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

വത്സമ്മ

കുഴിത്തൊളു പാലമറ്റത്തിൽ വർക്കി വർഗീസ് (കുഞ്ഞുമോൻ) ആണ് വത്സമ്മയുടെ ഭർത്താവ്. ഇവർക്ക് രണ്ടുപുത്രിമാരും ഒരു പുത്രനുമാണുള്ളത്.

റാണി - നേഴ്സിംഗ് പാസ്സായി അയർലണ്ടിലാണ് ജോലി. ഭർത്താവ് കുറവിലങ്ങാട് തുണ്ടത്തിൽ റാണിയോടൊപ്പം അയർലണ്ടിലാണ്.

സോണി - സി. ആനി മരിയ സി.എം.സി. ആലുവായിലുള്ള സി.എം.സി കോൺവന്റിലാണ്.

ടോണി - ഡൽഹിയിലുള്ള പ്രൈവറ്റ് കമ്പനിയിൽ ഉദ്യോഗസ്ഥനാണ്.

ലാലി

തങ്കമണി കല്ലിടുക്കിൽ കുഞ്ഞേട്ടൻ മകൻ ജെയിംസാണ് ലാലിയുടെ ഭർത്താവ്. ഇവരുടെ മകൻ ജസ്റ്റിൻ ബി.എസ്.സി വിദ്യാർത്ഥിയും മകൾ മിനു ഹയർസെക്കന്ററി വിദ്യാർത്ഥിനിയുമാണ്. ജെയിംസ് തങ്കമണിയിൽ ബിസിനസ് രംഗത്താണ്.

സൂസമ്മ

കുഴിത്തൊളു തരകൻപറമ്പ് കുഞ്ഞുമ്മൻ മകൻ റ്റോമിച്ചൻ സൂസമ്മയെ വിവാഹം ചെയ്ത ഇവരുടെ മക്കൾ ഷിന്റുവും ഷിബിയും ഷെയ്ഫും (ഉണ്ണിക്കുട്ടൻ) സ്കൂൾ വിദ്യാർത്ഥികളാണ്.

ഐപ്പച്ചന്റെ രണ്ടാം വിവാഹത്തിലെ മൂത്തമകൻ **ബേബിയെന്നു** വിളിക്കുന്ന **സെബാസ്റ്റ്യൻ** പാത്തൻപാറ ഒഴാക്കൽ വർക്കി. ഏലി ദമ്പതികളുടെ മകൾ റോസമ്മ (കുട്ടിയമ്മ)യെ വിവാഹം ചെയ്തു. ഇവർക്കു പെൺമക്കളും 2 ആൺമക്കളും ഉണ്ട്. മൂത്തമകൾ **ഷൈലയെ** കുടിയാന്മല കുടക്കച്ചിറകുന്നേൽ സണ്ണി വിവാഹം ചെയ്തു. മൂത്തമകൻ അഭിഷേക് 10 വയസ്സ് ജന്മനാ അനാരോഗ്യവാനായികഴിയുന്നു. മകൾ ശ്വേത 5-ാംവയസ്സിൽ മരിച്ചു. രണ്ടാമത്തെ **മകൾ മോളിയെ** അരീക്കമല വാഴപ്പനാടിയിൽ വിൻസെന്റ് വിവാഹം ചെയ്തതിൽ 2 കുട്ടികൾ ഉണ്ട്. മൂത്തമകൻ അക്ഷയ് (6വയസ്സ്) മകൾ അക്ഷര (5വയസ്സ്) വിദ്യാർത്ഥികളാണ്. മക്കളിൽ മൂന്നാമനായ **സജി കൂടരഞ്ഞിമാമ്പറയിൽ** കളപ്പുരയ്ക്കൽ മാത്തച്ചൻ, റോസമ്മ ദമ്പതികളുടെ മകൾ ദീപ എം.എസ്.സി.യെ വിവാഹം കഴിച്ചു. ഇവരുടെ മകൾ ദിയ (മൂന്നുവയസ്സ്). സജി പി.ഡബ്ല്യു.ഡി. കോൺട്രാക്റ്റ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. നാലാമത്തെ ആളായ **മിനിയെ** കുറവിലങ്ങാട് പുത്തൻപുരയ്ക്കൽ (കളപ്പുരയ്ക്കൽ ഓരത്ത്) ബിജി വിവാഹം ചെയ്തു. നഴ്സിംഗ് കഴിഞ്ഞ മിനിയും ഭർത്താവും സൗദി അറേബ്യയിൽ ജോലി ചെയ്യുന്നു. ഇളയമകനായ ബോബി (ആന്റണി) എം.സി.എ. മദ്രാസിൽ ഐ.സി.ഐ.സി.ഐ. ബാങ്കിൽ ഉദ്യോഗസ്ഥനാണ്. ബാംഗ്ലൂരിൽ ചാക്കോള ജോർഡിന്റെയും

റോസമ്മയുടെയും മകൾ ലിസ്സിയാണ് ബോബിയുടെ ഭാര്യ. കുടുംബനാഥനായ ബേബി 64 ാമത്തെ വയസ്സിൽ 2003 ഏപ്രിൽ 19ന് നിര്യാതയായി പിതാവായ ഐപ്പച്ചന്റെ സുദീർഘമായ കുടിയേറ്റ പ്രയാണത്തിൽ ഒപ്പം സഞ്ചരിച്ച ബേബിയുടെ യാത്ര പാത്തംപാറയിൽ അവസാനിച്ചു.

ഐപ്പച്ചന്റെ രണ്ടാമത്തെ മകൻ വക്കച്ചൻ ആലക്കോട് കാപ്പിമല തേക്കുംകാട്ടിൽ കുഞ്ഞേട്ടൻ മകൾ ആനിയെ വിവാഹം ചെയ്ത് ബാംഗ്ലൂരിൽ താമസിക്കുന്നു. ഇവർക്ക് രണ്ടു ആൺമക്കളും ഒരു മകളും ഉണ്ട്. മൂത്തമകൻ ജിജി സി.എ. പാസ്സായി ബാംഗ്ലൂർ സീമെൻസ് കമ്പനിയിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ റീന സോഫ്റ്റ്വെയർ രംഗത്ത് വിപ്രോയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരാൺകുട്ടിയുണ്ട്. മകൾ ജൂലിയുടെ ഭർത്താവ് ജോസി എൽ.ഐ.സി ഡവലപ്പ്മെന്റ് ഓഫീസറായും ജൂലി ഫാഷൻ ഡിസൈനറായും ജോലി ചെയ്യുന്നു. ഇവർക്ക് എൽ.കെ.ജി വിദ്യാർത്ഥിയായ ജോയൽ, ജുവാനാ (2വയസ്സ്) എന്നിവർ മക്കളാണ്. വക്കച്ചന്റെ ഇളയമകൻ ജോർജി ഇലക്ട്രോണിക്ക് ബിസിനസ്സ് നടത്തുന്നു. "ഡക്കാൻ ഹെറാൾഡ്" ദിനപത്രത്തിന്റെ റിപ്പോർട്ടർ ആയ നീനയാണ് ഭാര്യ. ഇവർക്ക് ഒരാൺകുട്ടിയുണ്ട്.

മാനുവൽ (ബിനോയ്)

ഐപ്പച്ചന്റെ ഇളയപുത്രനായ ബിനോയി പാത്തംപാറ ഓഴാക്കൽ വർക്കി - ഏലി ദമ്പതികളുടെ മകൾ ലൂസിയെ ആണ് വിവാഹം ചെയ്തിരിക്കുന്നത്. P.W.D യുടെ വൻതോതിലുള്ള നിർമ്മാണജോലികൾ ഏറ്റെടുത്തു നടത്തുന്ന കണ്ണൂർജില്ലയിലെ അറിയപ്പെടുന്ന ഒരു P.W.D കോൺട്രക്റ്ററാണ്ബിനോയി. 1995 മുതൽ ഏതാനും വർഷങ്ങൾ കണ്ണൂരിൽ പുതിയ തെരുവ് എന്ന സ്ഥലത്ത് കുട്ടികളുടെ വിദ്യാഭ്യാസത്തിനായി താമസിച്ചിരുന്നു. മൂത്തമകൾ സോണിയാ ബാംഗ്ലൂരിൽ ബി. ബി.എം പഠനം പൂർത്തിയാക്കി. കണ്ണൂർജില്ലയിലെ കരുണാപുരത്ത് ചീരാംകുഴിയിൽ സി.വി. തോമസിന്റെ മകൻ ബിജു ആണ് സോണിയായുടെ ഭർത്താവ്. ജോലി സംബന്ധമായി ഇവർ ബാംഗ്ലൂരിൽ ആണ് താമസിക്കുന്നത്. ബിനോയിയുടെ ഏകമകൻ സോബിൻ സിവിൽ എൻജിനീയറിംഗ് വിദ്യാർത്ഥിയും മകൾ സൗമ്യ ബി.ഡി.എസ്. വിദ്യാർത്ഥിനിയും ആണ്.



ബിജോയിയും കുടുംബാംഗങ്ങളും

ഐപ്പച്ചന്റെ സീമന്തപുത്രി **പെണ്ണമ്മയെ** പൈസക്കാരി വാളിപ്ലാക്കൽ മത്തച്ചൻ വിവാഹം ചെയ്തു. പെണ്ണമ്മയ്ക്ക് ആറുമക്കളാണുള്ളത്. 1999 മെയ് 27 ന് പെണ്ണമ്മ ഇഹലോകവാസം വെടിഞ്ഞു.

പെണ്ണമ്മയുടെ മൂത്തമകൾ ലീലാമ്മ (55വയസ്സ്) അനാരോഗ്യം മൂലം വീട്ടിൽ കഴിഞ്ഞിരുന്നു. ഇപ്പോൾ തൃശൂർ കുളങ്ങാട്ടുകര സെന്റ് മർത്താസ് കോൺവെന്റ് ഭവനിലാണ്. രണ്ടാമത്തെ മകൾ ഓമന സ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഹോളിക്രോസ് കോൺവെന്റിൽ ചേർന്ന് **സി. ഡെയിസി** എന്ന പേർ സ്വീകരിച്ചു. ഇപ്പോൾ കൊട്ടിയം കോൺവന്റിൽ സേവനം ചെയ്യുന്നു.

പെണ്ണമ്മയുടെ ഏകമകൻ **ഡോളി** ഇരിട്ടിക്കടുത്ത് വെള്ളിമാനം മുതുകാട്ടിൽ അപ്പച്ചന്റെ മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ഇവരുടെ മക്കൾ ദീപയും ദീപുവും നേഴ്സിംഗ് പഠിക്കുന്നു. ഡോളിയും കുടുംബവും കർണ്ണാടകയിൽ ഉഡുപ്പിജില്ലയിൽ കാർക്കളയിൽ പിതാവിനോടൊപ്പം താമസിക്കുന്നു.

പെണ്ണമ്മയുടെ മക്കളിൽ നാലാമത്തെ അംഗമായ **അഗസമ്മയെ** കൊന്നക്കാട് വട്ടക്കണ്ടത്തിൽ വാവച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ഒരാൺകുട്ടിയും ഒരു പെൺകുട്ടിയുമുണ്ട്.

ഗ്രേസി, അഗസമ്മയുടെ ഇളയസഹോദരി ഗ്രേസി

ദുബായിൽ നേഴ്സായി ജോലി ചെയ്യുന്നു. ഭർത്താവ് പയ്യാവൂർ മുല്ലപ്പള്ളിയിൽ ജോസ് എൻജിനീയറാണ്. ഗ്രേസിയോടൊപ്പം ദുബായിൽ ജോലി ചെയ്യുന്നു. കുട്ടികളില്ലാത്തതിനാൽ ഒരു ആൺകുട്ടിയേയും പെൺകുട്ടിയേയും ദത്തെടുത്തു വളർത്തുന്നു.

ഷാജി (മകൾ) പെണ്ണമ്മയുടെ ഏറ്റവും ഇളയമകൾ ഷാജി

(എലിസബത്ത് വർഗീസ്) ബോംബേയിൽ ചർച്ചേഗേറ്റ് റെയിൽവേ സ്റ്റേഷനിൽ ഉദ്യോഗസ്ഥയാണ്. പുതിയകുളങ്ങര കരിപ്പായിൽ വർഗീസ് പോൾ ആണ് ഭർത്താവ്. ഇദ്ദേഹം കസ്റ്റംസ് ഉദ്യോഗസ്ഥനാണ്. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയുമാണ് മക്കൾ.

തങ്കമ്മ - ഐപ്പച്ചന്റെ രണ്ടാമത്തെ മകൾ തങ്കമ്മയെ

അരീക്കമല കടുവാതൂക്കിൽ എബ്രഹാം (അപ്പച്ചൻ) വിവാഹം ചെയ്തു. ഇവർക്ക് 4 ആൺമക്കൾ ഉണ്ടായിരുന്നതിൽ മൂത്തമകൻ അപ്പു മരിച്ചുപോയി. തങ്കമ്മയുടെ രണ്ടാമത്തെ മകൻ സജി - ഉള്ളിക്കല്ല് അറാക്കൽ കുടുംബാംഗമായ ബിന്ദുവിനെ വിവാഹം ചെയ്തു. എബിസൺ എന്ന ആൺകുട്ടിയും അബിയ എന്ന പെൺകുട്ടിയുമാണ് മക്കൾ. ഇവർ സ്കൂളിൽ പഠിക്കുന്നു.

മൂന്നാമനായ ജിജി കുടിയാന്മല പാറക്കൽ കുടുംബാംഗമായ ലിജയെ വിവാഹം ചെയ്തു.

നാലമനായ ജിംഷോ ചെമ്പേരിയിൽ ഇലക്ട്രോണിക് ഷോപ്പ് നടത്തുന്നു. ഐപ്പച്ചന്റെ ഇളയമകൾ **രാജമ്മയെ** പാത്തൻപാറ കരിങ്ങോഴക്കൽ പാപ്പച്ചൻ ക്ലാരമ്മ ദമ്പതികളുടെ മകൻ സണ്ണി വിവാഹം ചെയ്തു. മൂത്തമകൻ ഷിജു പിതാവിനോടൊപ്പം കാർഷികവൃത്തിയിൽ ഏർപ്പെട്ടുകഴിയുന്നു.

ഏകമകൾ ഷിബിയെ കേളകത്ത് വാക്കയിൽ ജസ്റ്റിൻ വിവാഹം ചെയ്തു.

പാലാ കവീക്കുന്ന് ചീരാംകുഴിയിൽ വർക്കി തൊമ്മന്റെ ഇളയ പുത്രനായ ഐപ്പച്ചന്റെ കുടുംബവിവരണം ഇവിടെ പൂർത്തിയാകുന്നു. സാഹസികമായ തന്റെ ജീവിതത്തിന്റെ നിംന്നോന്നതങ്ങളിൽ അടിപതറാതെ അദ്ദേഹം മുന്നോട്ടുപോയി. തലമുറകൾക്ക് ജീവിതത്തിന്റെ അനുഭവ പാഠങ്ങൾ കൈമാറിയ സംതൃപ്തിയോടെ ആ പിതാവ് 1994 നവംബർ ഒന്നിന് ലോകത്തോട് യാത്ര പറഞ്ഞു. പാത്തംപാറ ദൈവാലയ സിമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഭാര്യ ത്രേസ്യാമ്മ ഇളയമകൻ ബിനോയിയോടൊപ്പം പാത്തംപാറയിൽ താമസിക്കുന്നു.



അദ്ധ്യായം 8
മറിയം ഇട്ടിയവിരാ പൂവത്താനി - പൂവരണി

കവീകുന്ന് ചീരാംകുഴിയിൽ വർക്കി തൊമ്മന് ഏഴ് ആൺമക്കളും നാലു പെൺമക്കളും ഉണ്ടായിരുന്നതിൽ ആൺമക്കളെ സംബന്ധിച്ച വിവരങ്ങൾ പ്രസ്താവിച്ചു കഴിഞ്ഞു.

പെൺമക്കളായ് മറിയത്തിനെ പൂവരണി പൂവത്താനിയ്ക്കലും ഏലിയെ പൈകടയിലും അന്നമ്മയെ പാലാ കിഴക്കേക്കര പുത്തൻപുരയ്ക്കലും റോസയെ തമ്പലക്കാട്ട് വെട്ടത്തും വിവാഹം ചെയ്തു.

(I) മറിയം ഇട്ടിയവിരാ പൂവത്താനി: ചീരാംകുഴിവർക്കി തൊമ്മന്റെ മക്കളിൽ മൂത്തയാളായ മറിയത്തിനെ പൂവരണി പൂവത്താനിയ്ക്കൽ ഉലഹന്നൻ മകൻ **ഇട്ടിയവിരാ** വിവാഹം ചെയ്തു പാണ്ടങ്കര താമസമാക്കി ഇവർക്ക് ആറ് ആൺമക്കളും അഞ്ച് പെൺമക്കളുമാണ് ഉള്ളത്. ഇട്ടിയവിര 76-ാംമത്തെ വയസ്സിൽ 5 - 5 - 1945ലും മറിയം 31 - 5 - 1989 ലും നിര്യാതരായി. ഇവർക്ക് ആറു മക്കളാണുള്ളത്.

(a) മറിയാമ്മ :

കാഞ്ഞിരപ്പള്ളി പന്തിരുവേലിൽ മത്തായി മകൻ കുഞ്ഞുവർക്കിയാണ് മറിയാമ്മയെ വിവാഹം ചെയ്തത്. ഇവർക്ക് ആറുമക്കളാണുള്ളത്. മറിയാമ്മയുടെ **മൂത്തമകൻ മത്തായി** ഇളങ്ങോയി പുതിയാപറമ്പിൽ മറിയക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്കു പി. വി. മാത്യു, മേരിക്കുട്ടി മാത്യു, ജോർജ്കുട്ടി മാത്യു, ഫാ. മാത്യു പന്തിരുവേലി, ജേക്കബ് മാത്യു, തോമസ് മാത്യു, ലീലാമ്മ മാത്യു, എബ്രാഹാം മാത്യു, തങ്കമ്മ ജോസഫ്, ലിസ്സമ്മ ജോയി എന്നിങ്ങനെ പത്തു മക്കളാണുള്ളത്. മറിയക്കുട്ടി 8 - 2 - 1982 ൽ നിര്യാതയായി.

(b) പി. വി. ഇട്ടിയവിരാ :

മേവിടി നായിപ്പുരയിടത്തിൽ ആഗസ്തി മകൾ മാമ്മിയെ വിവാഹം ചെയ്തു. ഇവർക്ക് എട്ടു മക്കളുണ്ട്. ഇട്ടിയവിരാ 31 - 3 - 1982 ൽ അന്തരിച്ചു. എബ്രഹാം ജേക്കബ്, സി. മേഴ്സിറ്റാ സി.എം.സി. അഗസ്റ്റിൻ എബ്രഹാം, സി. ഫെർഡിനാൻഡ് സി.എം.സി, അന്നമ്മകുര്യൻ, പ്രഫ. ജോയിക്കുട്ടി എബ്രഹാം, ലിസ്സി ജേക്കബ് എന്നിവരാണ് മക്കൾ.

(c) എലിക്കുട്ടി ചാക്കോ

ചങ്ങനാശ്ശേരി മൂലയിൽ ജോസഫ് മകൻ ചാക്കോ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് പത്ത് മക്കളുണ്ട്. ചാക്കോ 22 - 3 - 1994 ൽ മരണമടഞ്ഞു. ഏല്ലിക്കുട്ടി വന്യംപറമ്പിൽ, സണ്ണി, ടോമി, ജയിംസ്, ഡോ. മാത്യു, രാജൂ, ഡോ. സേവ്യർ, മേഴ്സി വാര്യംപറമ്പില്, ത്രേസ്യാമ്മ വിതയത്തിൽ, ലൂസി ആന്റണി എന്നിവർ മക്കളാണ്.

(d) പി. കെ. ജോസഫ്

പൂഞ്ഞാർ ഈന്തംപ്ലാക്കൽ ജോസഫ് മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. പി. കെ. ജോസഫ് റിട്ട. ഹെഡ്മാസ്റ്റർ 11 - 11 - 81 ൽ നിര്യാതനായി. മക്കൾ ഏഴുപേരുണ്ട്. അവുസേപ്പച്ചൻ, ജോർജ് ജോസഫ്, എമിലി, റോസമ്മ, ഏലിയാമ്മ, ഡോ. മാത്യു, മിനു റോഷൻ എന്നിവരാണ്.

(e) കുഞ്ഞുവർക്കി ചാക്കോ

പാലാ പൊരുന്നോലിൽ പടവിൽ ഉണ്ണി ചെറിയാൻ മകൾ റോസയെ വിവാഹം ചെയ്തു. തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ആറു മക്കളുണ്ട്. ജെയിംസ് ജേക്കബ് എം.എസ്.സി.ബിറ്റി, ജോർജുകുട്ടി, ജേക്കബ് ചെറിയാൻ, വത്സമ്മ ജോസഫ്, മോളി ജോസഫ്, ജാൻസി ജോർജ് എന്നിവരാണ് മക്കൾ.

(f) ചിന്നമ്മ തോമസ്

മുട്ടുചിറ മുരിക്കൻ മാത്യുമകൻ തോമസ് ആണ് ചിന്നമ്മയുടെ ഭർത്താവ്. തോമസ് 18 - 4 - 93 ൽ അന്തരിച്ചു. മക്കൾ എട്ടുപേരുണ്ട്. ജോർജ് തോമസ്, സി. അന്നമ്മ സി.എം.സി, മാത്തുക്കുട്ടി, വത്സമ്മ ജോയി, ഡെയിസ് അലക്സ്, സി. ലിറ്റി സി.എം.സി. ലൂസമ്മ എന്നിവരാണ് ചിന്നമ്മയുടെ മക്കൾ.

(II) ഇട്ടിയവിരാ ഉലഹന്നൻ

പൂവത്താനി (മാപ്പലകയിൽ കുഞ്ഞേട്ടൻ) തോടനാൽ പരിപ്പീറ്റത്തോട്ട് ജോസഫ് മറിയം മകൾ മാമ്മി (മറിയം) യാണ് ഉലഹന്നാന്റെ ഭാര്യ. ഇവർക്ക് അഞ്ച് ആൺമക്കളും നാല് പെൺമക്കളും ഉണ്ട്. ഉലഹന്നാൻ 31 - 05 - 1989 ലും മാമ്മി 19 - 9 - 1971 ലും നിര്യാതരായി. മറിയാമ്മ, റോസമ്മ, എബ്രഹാം, തോമസ്, ജോൺ, ജോസഫ്, ഏലിക്കുട്ടി, ഇമ്മാനുവേൽ, ത്രേസ്യാമ്മ എന്നിവർ മക്കളാണ്.

(III) ഏലിസേവ്യർ പുരയിടത്തിൽ ഇടമറുക്. ഇടപ്പാടി അളനാട് കുഴിമറ്റത്തിൽ മത്തായിമകൻ സേവ്യർ ആണ് ഏലിയുടെ ഭർത്താവ്. ഏലി 18 - 9 - 1990 ലും സേവ്യർ 15 - 08 - 1946 ലും നിര്യാതരായി. ഇവർക്ക് രണ്ടാൺമക്കളും രണ്ട് പെൺമക്കളുമാണുള്ളത്. ഏലിക്കുട്ടി, മറിയാമ്മ, മാത്യു, എബ്രഹാം എന്നിവരാണ്.

(IV)ഇട്ടിയവിരാ തോമസ് പറമ്പകത്ത് ചേർപ്പുങ്കൽ കോലടി പാപ്പച്ചൻ മകൾ ഏലിക്കുട്ടിയെ തോമസ് വിവാഹം ചെയ്തു. ഇവർക്ക് മൂന്നാൺമക്കളും രണ്ടുപെൺമക്കളുമാണുള്ളത്. തോമസ് 17 - 2 - 1951 ൽ മരിച്ചു. ഏലിക്കുട്ടി 2 - 9 - 1953 ലും നിര്യാതയായി. ഇവരുടെ മക്കൾ മേരി, സി. കരീനാ, പാപ്പച്ചൻ, ജോസ്, രാജൂ എന്നിവരാണ്.

(V) അന്നമ്മ മാണി കാടൻകാവിൽ അന്നമ്മയെ അന്ത്യാംകുളം കാടൻകാവിൽ മാണി മകൻ മാണി വിവാഹം ചെയ്തു. ഇവർക്ക് ആറ് ആൺമക്കളും നാല് പെൺമക്കളുമാണുള്ളത്. അന്നമ്മ 6 - 10 - 1992 ലും മാണി 4 - 10 - 1998 ലും അന്തരിച്ചു. മക്കൾ - മാണി, എബ്രഹാം അച്ചാമ്മ, മാത്യു, ജോസഫ് മേരി, ചിന്നമ്മ, തോമസ്, അലക്സാണ്ടർ, എൽസി, എന്നിവരാണ്.

(VI) പൂവത്താനിയ്ക്കൽ ഇട്ടിയവിരാ ജോസഫ് (തൊണ്ണൻമാക്കൽ) തീക്കോയി നെല്ലുവേലിൽ ഔസേപ്പ് അന്നമ്മ മകൾ റോസമ്മയെ ജോസഫ് വിവാഹം കഴിച്ചു. ഇവർക്ക് മൂന്നു ആൺമക്കളും ആറ് പെൺമക്കളുമാണുള്ളത്. ജോസഫ് 10 - 12 - 1977 ലും റോസമ്മ 14 - 4 - 1975 ലും മരണമടഞ്ഞു. മേരി, ചിന്നമ്മ, പാപ്പച്ചൻ, കുട്ടിച്ചൻ, കുട്ടിയമ്മ ആലീസ്, ജോണി, ഗ്രേസി, വത്സമ്മ എന്നിവരാണ് മക്കൾ.

(VII) കത്രീന (മാമ്മി)കല്ലക്കുളം കല്ലക്കുളം തോമസ് മകൻ ജോസഫ്, കത്രീനയെ വിവാഹം ചെയ്തു. ഇവർ പിന്നീട് കണ്ണൂർ ജില്ലയിലെ കേളകത്തേക്ക് താമസം മാറ്റി. ഇവർക്ക് എട്ട് പുത്രന്മാരും രണ്ടു പുത്രിമാരുമാണുള്ളത്. ചിന്നമ്മ, ജോസഫ്, അബ്രഹാം, തോമസ്, ത്രേസ്യാമ്മ, മാത്യു, ജേക്കബ്, ആന്റണി, ജോർജ് മാനുവൽ എന്നിവർ മക്കളാണ്.

(VIII) ഇട്ടിയവിരാ എബ്രഹാം (എം.ഐ. എബ്രഹാം) പൂവത്താനി ചേർത്തല പട്ടണക്കാട് മുരിക്കൻ കുടുംബാംഗമായ ചാക്കോച്ചന്റെ മകൾ പെണ്ണമ്മ (ഏലിക്കുട്ടി)യാണ് എബ്രഹാമിന്റെ ഭാര്യ. ഇദ്ദേഹത്തിന് സന്താനങ്ങൾ ഇല്ലാത്തതിനാൽ സഹോദരപുത്രനായ പി. എം. എബ്രഹാത്തെ ഭാര്യ പെണ്ണമ്മയുടെ സഹോദരി പുത്രി ലില്ലക്കുട്ടിയെ (കൊച്ചുത്രേസ്യാ) കൊണ്ടു വിവാഹം കഴിപ്പിച്ച് കൂടെ താമസിപ്പിച്ചിരിക്കുകയാണ്. അദ്ധ്യാപകനായി റിട്ടയർ ചെയ്ത് വിശ്രമ ജീവിതം കഴിക്കവേ ഇദ്ദേഹം 4 - 5 - 2000 ൽ മരണമടഞ്ഞു. സ്വന്തം ഇടവകയായ പൊൻകുന്നം പള്ളി സിമത്തേരിയിൽ മൃതദേഹം സംസ്ക്കരിച്ചിരിക്കുന്നു.

(IX) പൂവത്താനിയ്ക്കൽ ഇട്ടിയവിരാ സ്ക്കറിയാ കണ്ടത്തിൻകര വെച്ചൂർ ഒരുതായപ്പള്ളിയിൽ ത്രേസ്യാമ്മയെ വിവാഹം ചെയ്ത് കണ്ടത്തിൻകര താമസമാക്കി. ഇവർക്ക് രണ്ട് ആൺമക്കളും ഏഴ് പെൺമക്കളുമാണുള്ളത് ഇവർക്ക് എബ്രഹാം, ജോയി എന്നീ ആൺമക്കളും ലീലാ, കുഞ്ഞമ്മ, തങ്കമ്മ, ഓമന, വത്സമ്മ, കൊച്ചുറാണി, സാലി എന്നീ പെൺമക്കളമാണുള്ളത്.

(X) ഇട്ടിയവിരാ മാത്യു (പി. ഐ. മാത്യു) പാണ്ടങ്കര വൈക്കം പാലയ്ക്കൽ വീട്ടിൽ കുര്യൻ റോസ മകൾ ഏലിക്കുട്ടിയെ മത്തച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ലീലാ പി. എം. എബ്രഹാം, ബേബി മാത്യു, ഫിലോ, ലില്ലി, റാണി, ടോമി, മോളി, ജോണി, സെലിൻ, ഷാജി, ജോജോ എന്നിങ്ങനെ ആറു ആൺമക്കളും ആറു പെൺമക്കളുമാണുള്ളത്. പാണ്ടങ്കര തറവാട്ടിൽ താമസിച്ചിരുന്ന പി. ഐ. മാത്യു 24 - 08 - 1980 ൽ നിര്യാതനായി. മൃതദേഹം പൂവരണിപ്പള്ളി സിമത്തേരിയിൽ സംസ്കരിച്ചു.



തോമസ് പൈകടയുടെ കുടുംബാംഗങ്ങൾ
ചാണ്ടി, മാത്യു, ബേബി, (ജോർജ്) ഡോ. സി. ഡോറിസ്, മോറീസ്, സൂസി

അദ്ധ്യായം 9

ഏലി ചാണ്ടി പൈകട തൊടുപുഴ

ചീരാംകുഴി വർക്കി തൊമ്മന്റെ മകൾ ഏലിയെ പാലാ ഇടപ്പാടി പൈകട ചാണ്ടി വിവാഹം ചെയ്തു. ഇവർക്ക് സി. അന്ന എഫ്. സി. സി. സി. മേരി എഫ്.സി.സി. ഏലി ജോസഫ് മണ്ണൂർ മുത്തോലി, റോസ ജോസഫ് കോടമുള്ളിൽ തൊടുപുഴ, തോമസ് (കൊച്ച്) പൈകട എന്നിങ്ങനെ നാല് പെൺമക്കളും ഒരു മകനുമാണുള്ളത്. ഇവർ ഇടപ്പാടിയിൽ നിന്നും തൊടുപുഴയിൽ സ്ഥലം വാങ്ങി കൃഷിയിൽ ഏർപ്പെട്ടു. ഏലി 1921 ൽ മരണമടഞ്ഞു. ഏകമകൻ തോമസി (കൊച്ച്) ന് ചാണ്ടി മാത്യു, ബേബി, സി. ഡോറീസ്, മോറീസ് (തോമസ്) എന്ന നാല് ആൺമക്കളും ഒരു മകളുമാണുള്ളത്. തോമസ് ദീർഘകാലം ഇൻഡ്യൻ എയർ ഫോഴ്സിൽ സേവനം ചെയ്തശേഷം 1966 ൽ റിട്ടയർ ചെയ്തു. ഭാര്യ മറിയാമ്മ പാലാ പുഞ്ചകുന്നേൽ കുടുംബാംഗമാണ്. തോമസിന്റെ മക്കൾ നാലു പേരേയും വിദ്യാഭ്യാസത്തിനുശേഷം എയർ ഫോഴ്സിൽ പ്രവേശിപ്പിച്ചു. തോമസ് 18 - 5 - 68 ലും മറിയാമ്മ 1980 ഡിസംബറിലും ചരമമടഞ്ഞു. തോമസിന്റെ പ്രഥമപുത്രൻ **ചാണ്ടി** തൊടുപുഴ തലയ്ക്കൽ കുടുംബത്തിൽ നിന്നും മേരിയെ വിവാഹം ചെയ്തു. ചാണ്ടിയുടെ മകൻ **പി. സി. തോമസ് എം. ടെക്** ഇപ്പോൾ കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനിയറിംഗ് കോളേജിലെ അദ്ധ്യാപകനാണ്.



ചാണ്ടിയുടെ ഏകമകൾ **ബെന്നിയെ** അമനകര ചേറ്റാനിവീ

ട്ടിൽ തങ്കച്ചൻ വിവാഹം കഴിച്ചു. **ബെന്നി** അയർലണ്ടിൽ നേഴ്സായി ജോലി ചെയ്യുന്നു. തോമസിന്റെ രണ്ടാമത്തെ മകൻ **(II)മാത്യു ബി. എ.** എയർഫോഴ്സിൽ നിന്നും റിട്ടയർ ചെയ്തശേഷം യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനിയിൽ ഉദ്യോഗസ്ഥനായി ജോലി ചെയ്യുന്നു. മാത്യുവിന്റെ ഭാര്യ തൊടുപുഴ പൂക്കാട്ട് കുടുംബാംഗം സിസിലിയാണ്. മക്കളായ മേരി, സ്റ്റാഫ് നേഴ്സായ സോളി, സാബി, റ്റെസി എന്നിവർ വിവാഹിതരാണ്.

(III) തോമസിന്റെ മൂന്നാമത്തെ മകൻ ബേബി (ജോർജ്) എയർഫോഴ്സിൽ നിന്നും വാറന്റ് ഓഫീസറായി റിട്ടയർ ചെയ്തു. തൊടുപുഴ വട്ടക്കുന്നേൽ കുടുംബാംഗമായ ഫിലോമിനായാണ് ഭാര്യ. ബേബിയുടെ മൂത്തമകൾ **റീന** ബി. എസ്സി നേഴ്സിംഗ് പാസ്സായി മിലിട്ടറി നേഴ്സായി ജോലി ചെയ്തശേഷം ഇപ്പോൾ ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു, റീനയുടെ ഭർത്താവ് ഉടുമ്പൂർ സൗര്യംമാക്കൽ രാജൻ മാത്യു ആണ്. രണ്ടാമത്തെ മകൾ **ബീനാ** തിരുവനന്തപുരം R. C. C. യിൽ നേഴ്സാണ്. മൂന്നാമത്തെ മകൾ ലീനയെ പിഴക് ഇടമുളയിൽ ബൈജു വിവാഹം ചെയ്തു. ബൈജു ഇലക്ട്രാണിക്സ് വ്യാപാര സ്ഥാപനം നടത്തുന്നു.

(IV) തോമസിന്റെ പ്രഥമപുത്രി **സി. ഡോറിസ് പി. എച്ച്.** ഡി. നാഗർകോവിൽ ഹോളി ക്രോസ് കോൺവന്റ് കോളജിൽ ലക്ചറായി ജോലി ചെയ്തശേഷം റിട്ടയർ ചെയ്തു.

(V) തോമസിന്റെ ഇളയമകൻ **മോറീസ് (തോമസ്)** എയർഫോഴ്സിൽ നിന്നും റിട്ടയർ ചെയ്തശേഷം സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയിൽ കോച്ചായി എറണാകുളത്ത് ജോലി ചെയ്യുന്നു. തൊടുപുഴ തോട്ടുങ്കൽ കുടുംബത്തിലെ അംഗമായ വത്സമ്മയാണ് ഭാര്യ. ഇവരുടെ മകൾ ഡോ. ജിഷയും ഭർത്താവ് എൻജിനീയറായ ജാക്സണും അമേരിക്കയിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ ഡോ. ജിജാ തോമസ് എം.ബി.ബി.എസ് പാലാ മരിയൻ മെഡിക്കൽ സെന്ററിൽ ജോലി ചെയ്യുന്നു. മകൻ അരുൺ തോമസ് മെഡിക്കൽ വിദ്യാർത്ഥിയാണ്.

തോമസിന്റെ ഇളയപുത്രി സൂസി ബി.എസ്സിയെ മേലുകാവ് നെല്ലാംകുഴി (ഈറ്റയ്ക്കക്കുന്നേൽ) ജോസ് വിവാഹം ചെയ്തു. ഇവർക്ക് മൂന്നുപെൺമക്കളുണ്ട്. ജോംസി നഴ്സായി ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു. ജിക്സിയും ലിസയും സ്കൂൾ വിദ്യാർത്ഥിനികളാണ്.

അദ്ധ്യായം 10

കിഴക്കേക്കര പുത്തൻ പുരയ്ക്കൽ അന്ന മത്തായി

ചീരാംകുഴി വർക്കി തൊമ്മന്റെ മൂന്നാമത്തെ മകൾ അന്നയെ കിഴക്കേക്കര പുത്തൻപുരയ്ക്കൽ ഈപ്പൻ മകൻ മത്തായി വിവാഹം ചെയ്തു. പുത്തൻ പുരയ്ക്കൽ തറവാട്ടിൽ താമസിച്ചിരുന്ന മത്തായി പിതൃസ്വത്തിനു പുറമേ മനയ്ക്കൽക്കണ്ടത്തിലും മൂലമറ്റത്തും ചേരിക്കൽ വാങ്ങി ദേഹണ്ഡിക്കുകയും ചൂണ്ടച്ചേരിയിൽ പുരയിടങ്ങളും നിലങ്ങളും സമ്പാദിക്കുകയും ചെയ്തു. ഇവർക്ക് ഈപ്പൻ, തൊമ്മൻ, അവുസേപ്പ്, മത്തായി, വർക്കി എന്ന അഞ്ചു പുത്രന്മാരും ഏലി, ബ്രിജീത്ത എന്ന രണ്ടുപുത്രിമാരും ഉണ്ടായിരുന്നു. അവുസേപ്പും ബ്രിജീത്തയും ഇരട്ടസഹോദരങ്ങളാണ്. ഏലിയെ പാലാ മാടപ്പാട്ട് പുതുപ്പള്ളി ചാക്കോച്ചൻ മകൻ കുര്യനും ബ്രിജീത്തായെ കിഴതടിയൂർ മണ്ണൂരാൻപറമ്പിൽ ജോസഫും വിവാഹം ചെയ്തു.

മത്തായി ഈപ്പൻ 9 - 5 - 1987 ലും അന്ന 28 - 9 - 1994 ലും ഇഹലോകവാസം വെടിഞ്ഞു.

(A) ഈപ്പൻ മത്തായി കിഴക്കേക്കര

ഈപ്പൻ - മത്തായി ഈപ്പന്റെ പ്രഥമ പുത്രൻ ഈപ്പൻ പാലാ കൊട്ടാരത്തിൽ കുടുംബാംഗമായ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺമക്കളും രണ്ടുപെൺമക്കളുമാണുള്ളത്.

(1)**മാമ്മച്ചൻ** - (മാത്യു) പാലാ പഴോർ കൈതവേലിൽ അന്നക്കുട്ടിയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. മേരി, ജോസഫ്, കുര്യാക്കോസ്, റ്റോമിച്ചൻ, മാത്തച്ചൻ, മോളി, ലോറൻസ്, എന്നിങ്ങനെ അഞ്ച് ആൺമക്കളും രണ്ടു പെൺമക്കളുമാണുള്ളത്. ഇവർ മണ്ണാർക്കാട്ട് കാഞ്ഞിരപ്പുഴ ഇരുമ്പകച്ചോലയിൽ കാർഷിക വൃത്തിയിലേർപ്പെട്ട് കഴിയുന്നു. മാമ്മച്ചൻ 30 - 10 - 1991 ൽ തന്റെ 60-ാമത്തെ വയസ്സിൽ ഒരു അപകടത്തിൽ പെട്ട് അകാലചരമം പ്രാപിച്ചു. കാഞ്ഞിരപ്പുഴയോടു ചേരുന്ന ഒരു പുഴ കുറുകെ കടക്കുമ്പോൾ ജീപ്പിൽ സഞ്ചരിക്കുന്ന മാമ്മച്ചനും വാഹനവും ഒഴുക്കിൽപെട്ടാണ് ഈ

ദാരുണസംഭവം ഉണ്ടായത്. ഈപ്പന്റെ മകൾ (2) **അച്ചാമ്മയെ** കദളിക്കാട്ടിൽ കുട്ടിയച്ചനാണ് വിവാഹം കഴിച്ചിരിക്കുന്നത്.

ഈപ്പന്റെ മകൻ (3) **ജോസഫ്** പാലാ കുട്ടിയാനിയിൽ രാജമ്മയെയാണ് വിവാഹം ചെയ്തത്. ഇവർക്ക് മൂന്ന് ആൺമക്കളും രണ്ടുപുത്രി മാരുമാണുള്ളത്. 1989 ൽ ജോസഫ് ഹൃദയാഘാതം മൂലം മരിച്ചു.

(4) **തോമസ്** പാലാ കുട്ടിയാനിയിൽ ചാക്കോച്ചന്റെയും ശോശാമ്മയുടെയും മകൾ സോഫിയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് പുത്രന്മാരും രണ്ടു പുത്രിമാരുമാണുള്ളത്.

ഈപ്പൻ എം.ഡി.എസ്. ഭാര്യ ജന്നിഫർ ബി.ഡി എസ് ഉം ചേർന്ന് എ.സി.ഇ. ഡന്റൽ ക്ലിനിക് എന്ന സ്ഥാപനം നടത്തുന്നു. ഇവർക്ക് റിയ, ദിയ എന്ന രണ്ടു പെൺകുട്ടികളാണുള്ളത്.

ജേക്കബ് എം.സി.ഏ കുടകശ്ശേരിൽ ജോസ് മകൾ റാണിയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് ലേഖ എന്ന മകളാണുള്ളത്.

ജേക്കബ് ബോംബെയിൽ അന്ധേരിയിലുള്ള ലയൺബ്രിഡ്ജ് കമ്പനിയിൽ ഉദ്യോഗസ്ഥനാണ്.

മഞ്ചു - എറണാകുളം കണ്ണിക്കാട്ട് ജോസ് മകൻ ബിജുവാണ് മഞ്ചുവിന്റെ ഭർത്താവ്. ശില്പ, ജിത്ത് എന്ന രണ്ടു കുട്ടികളാണ് ഇവർക്കുള്ളത്.

റ്റോം എം.എസി, ഐ.റ്റി - ബോംബെ ലയൺബ്രിഡ്ജ് കമ്പനിയിൽ ഉദ്യോഗസ്ഥനാണ്.

റോഷിനി - എം. ബി. ഏ. വിദ്യാർത്ഥിയാണ്.

(5) **ചിന്നമ്മ** പാലാ വരിക്കമാക്കൽ തൊമ്മച്ചനാണ് ചിന്നമ്മയെ വിവാഹം കഴിച്ചിരിക്കുന്നത്.ഇവർ ചേലക്കരയിലാണ് താമസിക്കുന്നത്.

(B) തൊമ്മൻ മത്തായി കിഴക്കേക്കര

മത്തായി ഈപ്പന്റെ രണ്ടാമത്തെ മകൻ തൊമ്മൻ മത്തായി പ്രവിത്താനം ഇലവുങ്കൽ പാപ്പന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്ത്. കിഴക്കേക്കര പുത്തൻപുരയ്ക്കൽ കരോട്ടെ വീട്ടിൽ താമസിച്ചിരുന്നു. പിന്നീട് സഹോദരൻ മാത്യുവിനോടൊപ്പം സൗകര്യാർത്ഥം കാഞ്ഞിരപുഴയിലുണ്ടായിരുന്ന സ്വന്തം സ്ഥലത്തേക്കു ഇവർ താമസം മാറ്റി. സൗകര്യങ്ങൾ

തീർത്തും കുറവായിരുന്ന ഇരുമ്പുകച്ചോലയിൽ തങ്ങളുടെ ഭൂമിയിൽ നിന്നും 6 ഏക്കർ നൽകിയാണ് അവിടെ വിശുദ്ധ സെബാസ്റ്റ്യാനോസിന്റെ നാമത്തിൽ ഒരു ദൈവാലയം സ്ഥാപിക്കപ്പെട്ടത്.

ഇവരുടെ മൂത്തമകൾ (I) **സി. ആൽമ** മെഡിക്കൽ മിഷൻ സന്യാസ സമൂഹത്തിൽ ചേർന്ന് ആതുരശുശ്രൂഷാരംഗത്ത് സേവനം ചെയ്യുന്നു. ഇപ്പോൾ ഇത്തിത്താനം കോൺവന്റിലാണ്.

(II) **സി. ബെന്നറ്റ്** ക്ലാരിസ്റ്റ് സഭയിൽ ചേർന്ന് അദ്ധ്യാപികയായി സേവനം ചെയ്തിരുന്നു. സുൽത്താൻ വെത്തേരിയിലെ കോൺവെന്റ് സ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

തൊമ്മന്റെ ആദ്യവിവാഹത്തിലെ ഏകമകൻ **(III) കുഞ്ഞുമത്ത** പാലാ കുട്ടിയാനിയിൽ കൊച്ചേട്ടന്റെ മകൾ മോളിക്കുട്ടിയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് രണ്ട് ആൺമക്കളും മൂന്നുപെൺമക്കളുമാണുള്ളത്

മൂത്തമകൾ (a) **ആൻസിയെ** ഇടമറുക് കൂട്ടുങ്കൽ കറിയാച്ചൻ വിവാഹം ചെയ്തു. ഇവരുടെ മക്കൾ ജോസ്, മാത്യൂസ്, റിയ, ടോം എന്നിവർ സ്കൂൾ വിദ്യാർത്ഥികളാണ്.

(b) **തോമ്മാച്ചൻ** - കുറുവിലങ്ങാട് മറ്റത്തിൽ നാൻസിയാണ് തോമ്മാച്ചന്റെ ഭാര്യ. ഗീതു, സച്ചിൻ, നിയ എന്നിവർ മക്കളാണ്. ഇവർ സ്കൂളിൽ പഠിക്കുന്നു.

(c) **ബെറ്റി** - കോതമംഗലം പരീക്കണ്ണി പാലത്തറ ജോൺ ആനി ദമ്പതികളുടെ പുത്രൻ മാത്തച്ചനാണ് ബെറ്റിയുടെ ഭർത്താവ്. മക്കളായ ആനി, ജോൺ, റോസ്, എലിസബത്ത്, മാത്യു എന്നിവർ സ്കൂളിൽ പഠിക്കുന്നു.

(d) **റിൻസി** - അങ്കമാലി മഞ്ഞപ്ര വടക്കുംചേരിൽ ജോസ് റിൻസിയെ വിവാഹം ചെയ്തു. ഇവർക്ക് എഡ്വിൻ, എമിലി, സെറിൻ, സാവിയോ എന്നിങ്ങനെ 2 ആൺകുട്ടികളും 2 പെൺകുട്ടികളുമാണുള്ളത്.

(e) **സിബി** - പുൽപ്പള്ളി തറപ്പത്ത് ജോസ് മകൾ സിന്ധുവാണ് സിബിയുടെ ഭാര്യ. ഇവർ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ഇവർക്ക് റോസിറ്റാ, അനീറ്റാ, എന്നീ പെൺകുട്ടികളാണുള്ളത്.

തൊമ്മൻ മത്തായിയുടെ ആദ്യഭാര്യ അന്നമ്മയുടെ മരണാനന്തരം പാലാ ചേർപ്പുങ്കൽ നാഗനൂലിൽ കുന്നുംപുറത്ത് ഏലിയാമ്മയെ പുനർ വിവാഹം ചെയ്തു. ഇവർക്ക് രണ്ടാം വിവാഹത്തിൽ 5 ആൺമക്കളും ഒരു മകളുമാണുള്ളത്. കാഞ്ഞിരപ്പുഴ ഇരുമ്പകചോലയിൽ സ്ഥിരതാമസമാക്കിയിരുന്ന തൊമ്മൻ 1998 ജനുവരി 11 നും ഭാര്യ ഏലിയാമ്മ 2004 മേയ് മാസം 13 നും നിര്യാതരായി.

തൊമ്മൻ ഏലിയാമ്മ ദമ്പതികളുടെ പ്രഥമപുത്രി **(a) കുഞ്ഞമ്മയും** ഭർത്താവു വിജയനും തിരുവനന്തപുരത്ത് കുടുംബമായി താമസിക്കുന്നു. ഇവർ സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്നു. വിനു ബി. ടെക്, എൻജിനീയറീംഗ് വിദ്യാർത്ഥിയായ വിദ്യയും മക്കളാണ്.

(b) ഈപ്പച്ചൻ - അങ്കമാലി മംഗലിവീട്ടിൽ റോസിലിയാണ് ഈപ്പച്ചന്റെ ഭാര്യ. ദീപാ, പ്രദീപ്, പ്രശാന്ത്, പ്രതാപ് എന്നിവർ മക്കളാണ്.

(c) അഡ്വക്കേറ്റ് ടോമി - പൂവരണിചെമ്പകശ്ശേരിയിൽ ലാലിയാണ് ടോമിയുടെ ഭാര്യ. ഇവർക്ക് രാകേഷ്, രഞ്ജിത്, എന്ന രണ്ടു ആൺമക്കളും താരാ, മീരാ, എന്ന രണ്ടു പെൺമക്കളുമാണുള്ളത്.

(d) ജോർജ്ജുകുട്ടി - പാലാ കൊല്ലപ്പള്ളി കുന്താനം കുഞ്ഞേപ്പച്ചന്റെ മകൾ ലിസമ്മയെ ആണ് ജോർജ്ജുകുട്ടി വിവാഹം ചെയ്തിരിക്കുന്നത്. ഇവരുടെ മൂത്തമകൾ വിനീതാ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. സംഗീതയും നമിതയും വിദ്യാർത്ഥിനികളാണ്.

(e) ചാക്കോച്ചൻ - അനാരോഗ്യം മൂലം തറവാട്ടിൽ ടോണിയോടൊപ്പം കഴിയുന്നു.

(f) ടോണി - കാഞ്ഞിരപ്പള്ളി കുരിശുംമൂട്ടിൽ ഉമ്മച്ചന്റെ മകൾ ജാൻസിയാണ ടോണിയുടെ ഭാര്യ. ഇവർക്ക് മൂന്നു പെൺകുട്ടികളാണ് ഉള്ളത്. ലിന്റു, മിലി, നൈനാ എന്നിവർ വിദ്യാർത്ഥിനികളാണ്.

(C) കിഴക്കേക്കര ഔത കുറുമണ്ണ്

കിഴക്കേകര മത്തായിയുടെ മൂന്നാമത്തെ മകൻ ഔത പറമുണ്ടയിൽ കുര്യന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്തു. ഇവർക്ക് കെ. ജെ. മാത്യു റവ. ഫാ. ജോസഫ്, കുര്യാച്ചൻ, തൊമ്മച്ചൻ എന്നീ നാല് ആൺമക്കളാണുള്ളത്.

മൂത്തമകൻ കെ. ജെ. മാത്യു (മാത്തച്ചൻ) - മേലുകാവു തെക്കേകണ്ടത്തിൽ ഈപ്പച്ചൻ മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്നു മക്കളാണുള്ളത്.

(a) ഈപ്പൻ - അരുവിത്തുറ പ്ലാത്തോട്ടത്തിൽ വർക്കിച്ചൻ മകൾ റീനയെ വിവാഹം കഴിച്ചു. ഇവർ അമേരിക്കയിലാണ്. ക്രിസ്റ്റീനാ ഇവരുടെ മകളാണ്.

(b) മിനി - ചേർക്കോട്ട് ജൂവലറി ഔസേപ്പച്ചൻ മകൻ റോഷി വിവാഹം ചെയ്തു.

(c) നിമ്മി - മെഡിക്കൽ വിദ്യാർത്ഥിനിയാണ്.

(2) കുര്യാച്ചൻ - കപ്പാട് ഞാവള്ളിൽ ചാണ്ടി മകൾ ക്ലാരമ്മയെയാണ് കുര്യാച്ചൻ വിവാഹം ചെയ്തത്. ഇവർക്ക് മോളി, ജോയിച്ചൻ എന്ന രണ്ടുമക്കളാണുള്ളത്. ജോയിച്ചൻ തിടനാട് ഞായർകുളം വർക്കിയുടെ മകൾ സിനോയിയെ വിവാഹം ചെയ്തു.

(3) ഫാ. ജോസഫ് കിഴക്കേക്കര - പാലാ രൂപതാ വൈദികനായി 1969 ൽ ഗുരുപട്ടം സ്വീകരിച്ച് പ്രഥമബലി അർപ്പിച്ചു. ഇപ്പോൾ കാഞ്ഞിരമറ്റം പള്ളിയുടെ വികാരിയാണ്.

(4) തൊമ്മച്ചൻ - പാലാ കുട്ടിയാനി ദേവസ്യായുടെ മകൾ ലൂസിയെ വിവാഹം ചെയ്തു. ഇവർക്ക് ജോസ്, സിബി, മാത്യു, മരിയ, എന്നിവർ മക്കളാണ്. **ജോസ്** അരുവിത്തുറ വാളിപ്ലാക്കൽ സിൻസുവിനെ വിവാഹം ചെയ്തു. ഇവർക്ക് ഒരു പെൺകുട്ടി ഉണ്ട്. **സിബി** മൈലാടൂർ അവുസേപ്പച്ചന്റെ മകൾ സോണിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരാൺകുട്ടിയുണ്ട്. **മാത്യു** വിദ്യാർത്ഥിയാണ്. **മരിയ** കോളജ് വിദ്യാർത്ഥിനിയാണ്.

(D) കിഴക്കേക്കര മത്തായി വർക്കി മൂലമറ്റം

തീക്കോയി ഇടയാടി കുഞ്ചെറിയാച്ചൻ മകൾ മാമ്മിയാണ് വർക്കിയുടെ ഭാര്യ. ഇദ്ദേഹം പൊതുകാര്യപ്രസക്തനും അറക്കുളം പഞ്ചായത്ത് പ്രസിഡന്റുമായിരുന്നു. 78-മാത്തെ വയസ്സിൽ 1994 ഓഗസ്റ്റുമാസം ഒന്നാം തീയതി വർക്കി നിര്യാതനായി. മക്കൾ മാത്തുക്കുട്ടി, ജോസ്, സണ്ണി, കുട്ടിയമ്മ, കുഞ്ഞമ്മ, സി. ആനറ്റ് എന്നിവരാണ്.

(a) മാത്തുക്കുട്ടി - ഇടമറുക് ചീരാംകുഴിമാണി മകൾ തങ്കമ്മയെ (റോസ) വിവാഹം ചെയ്തു. ഇവർക്ക് മോളി, ബെന്നി, ഡോളി, ബിനോയി, റോസി, സി. റാണി എന്നിവർ മക്കളാണ്. ഡോളിയും ബിനോയിയും, അകാലമരണം പ്രാപിച്ചു. മാത്തുക്കുട്ടി 62 മത്തെ വയസ്സിൽ മരിച്ചു.

(b) ജോർജ് - ഇളങ്ങുളം കരിപ്പാൽ മുറിത്താലക്കൽ മത്തായിയുടെ മകൾ ത്രേസ്യാമ്മയാണ് ജോർജിന്റെ ഭാര്യ. ഇവർ ഇളങ്ങുളത്തു താമസിക്കുന്നു. മക്കൾ സാബു, സാലി, രണ്ടുപേരും വിവാഹിതരാണ്.

(c) സണ്ണി മറ്റക്കര മണിയഞ്ചിറ ടെസ്സിയാണ് ഭാര്യ. ഇവർക്ക് വർക്കിച്ചൻ, റാണി, റോണി എന്നിങ്ങനെ ഒരു മകനും രണ്ട് പെൺമക്കളുമാള്ളുത്.

(d) കുട്ടിയമ്മ - പാലാ മാളിയേക്കൽ കുര്യാക്കോസിന്റെ മകൻ ജോസ് കുട്ടിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺകുട്ടികളാണുള്ളത്. കുട്ടിയമ്മ ഗോവയിൽ റ്റീച്ചറായി റിട്ടയർ ചെയ്തു. ഇവർ എല്ലാവരും വിദേശത്ത് ആണ്.

(e) കുഞ്ഞമ്മ (ആലീസ്) - ആരക്കുഴമാതേയ്ക്കൽ പരേതനായ മാത്തച്ചനായിരുന്നു. കുഞ്ഞമ്മയുടെ ഭർത്താവ്. ഇവർക്ക് രണ്ട് ആൺമക്കളും ഒരു മകളുമുണ്ട്.

(f) സിസ്റ്റർ ആനറ്റ് മെഡിക്കൽ മിഷ്യൻ സന്യാസിനീ സമൂഹത്തിൽ ചേർന്ന് ഇപ്പോൾ തെക്കേ അമേരിക്കയിൽ വെന്നിസുലയിൽ ആതുരസേവനം നടത്തുന്നു.

വർക്കിയുടെ ആദ്യ ഭാര്യ ചരമം പ്രാപിച്ചതിനെ തുടർന്ന് കല്ലൂർക്കാട് കാരയ്ക്കാട്ട് കുടുംബാംഗം ത്രേസ്യാമ്മയെ വിവാഹം ചെയ്തു. പുനർവിവാഹത്തിലുള്ള മരിയ എന്ന മകളെ തീക്കോയി ഇടയാടി മാത്തച്ചൻ കല്ല്യാണം കഴിച്ചു. ഇവർക്ക് ഒരാൺകുട്ടിയും ഒരു പെൺകുട്ടിയുമുണ്ട്.

(E) മാത്യുഈപ്പൻ ബി.എസി (മത്ത)

മത്തായി ഈപ്പന്റെ നാലാമത്തെ മകൻ മാത്യു കോളജ് വിദ്യാഭ്യാസത്തിനുശേഷം കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ ചെറിയാന്റെ മകൾ പെണ്ണമ്മയെ വിവാഹം ചെയ്തു. പെണ്ണമ്മ സ്വാതന്ത്ര്യസമര സേനാനി അക്കമ്മ ചെറിയാന്റെ ഇളയ സഹോദരിയായിരുന്നു. പെണ്ണമ്മ ഏതാനം വർഷം



പാലാ സെന്റ് മേരീസ് ഹൈസ്കൂൾ അദ്ധ്യാപികയായി സേവനം ചെയ്തിരുന്നു. 1935 ൽ നിലവിലുണ്ടായിരുന്ന നാഷണൽ പ്ലാന്റേഷൻ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി മാത്യു നിയമിതനായി. തുടർന്ന് കരിപ്പാപ്പറമ്പിൽ മാളിയേക്കൽ കമ്പനിക്ക് രൂപം കൊടുത്തു. ഇങ്ങിനെയാണ് മണ്ണാർക്കാട് കാഞ്ഞിരപുഴയിൽ മാത്യുവും കുടുംബവും സ്ഥിര താമസമാക്കിയത്. ഇദ്ദേഹത്തിന്റെ ശ്രമഫലമായി കാഞ്ഞിരപുഴയിൽ ഇപ്പോൾ കാണുന്ന സെന്റ് തോമസ് ഫൊറോന ദൈവാലയവും അസംപ്ഷൻ ഹോസ്പിറ്റവും സ്ഥാപിക്കപ്പട്ടു. ധർമ്മ ഗിരി മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സ് ആരംഭിച്ച അസംപ്ഓഷൻ ഹോസ്പിറ്റലിന് ആവശ്യമായി 16 ഏക്കർ ഭൂമി ഇദ്ദേഹം സൗജന്യമായി നൽകുകയുണ്ടായി. മാത്യുവിന്റെ ഏകപുത്രൻ **ഡോ. മാത്യു. എം.ബി.ബി.എസ്** (മാത്തച്ചൻ) മണലൂർ തോപ്പിൽ കോടംകണ്ടൻ പാറായി പി. കെ. ജോർജ് തരകന്റെ മകൾ റോസമ്മയെ വിവാഹം ചെയ്തു.

ഇവർക്ക് രണ്ടു പുത്രിമാരും ഒരു പുത്രനുമാണുള്ളത്. മാത്തച്ചന്റെ ഏകമകൻ **വിവേക് ജോർജ് മാത്യു** സോഫ്റ്റ്വെയർ എൻജിനിയറാണ്. ബോംബെയിൽ കസ്റ്റ് ഇനോവേറ്റിവ് സോലൂഷൻസ് എന്ന സ്ഥാപനം നടത്തുന്നു. വിവേകിന്റെ ഭാര്യ സീനാ ആലപ്പുഴ അക്കരക്കുളം തോമാച്ചന്റെയും അന്നമ്മയുടേയും മകളാണ്. ഇവർക്ക് മാത്യുമാത്യു എന്ന ഒരു ആൺകുട്ടിയുണ്ട്.

മാത്തച്ചന്റെ മൂത്തമകൾ **റോഷ്നി കൊച്ചുത്രേസ്യായെ** ചങ്ങനാശ്ശേരി കോച്ചേരി സെബാസ്റ്റ്യന്റേയും ടെസ്സായുടേയും മകൻ രജ്ഞൻ ആണ്

വിവാഹം ചെയ്തിരിക്കുന്നത്. രഞ്ജൻ ബോംബെയിലുള്ള ഗ്രൻസ്റ്റ് ആൻഡ് യങ് വൈസ്പ്രസിഡന്റാണ്. മാത്തച്ചന്റെ ഇളയമകൾ **രശ്മി റോസിയെ** മദ്രാസ് കതയനാട്ട് പൌലോസ് മാത്യുവിന്റേയും റാണിയുടെയും മകൻ മാത്യു വിവാഹം ചെയ്തു. മാത്യു ബാംഗ്ലൂരിൽ ഐഫ്ളക്സ് സോലൂഷൻസ് കമ്പനിയിൽ ഉദ്യോഗസ്ഥനാണ്. കമ്പനി ആവശ്യത്തിനായി ഇദ്ദേഹം ഇപ്പോൾ സിംഗപ്പൂരിലാണ്.

അവികസിത പ്രദേശമായിരുന്ന കാഞ്ഞിരപുഴയിൽ വികസനത്തിന്റെ പാത തുറന്നത് ശ്രീ മാത്യു ഈപ്പൻ കിഴക്കേകരയാണ്. 1935 കാലയളവിൽ കാടും കാട്ടുമൃഗങ്ങളും നിറഞ്ഞ മണ്ണാർക്കാട് പ്രദേശത്ത് സാഹസികമായ ഒരു ജീവിതമായിരുന്നു മാത്യുവിനു നയിക്കേണ്ടിയിരുന്നത്. തോട്ടം മേഖലയോടു ബന്ധപ്പെട്ട് അവിടെയെത്തിയ മാത്യുവാണ് ജ്യേഷ്ഠസഹോദരന്മാർക്കും ഈ പ്രദേശത്തേക്കു കടന്നു വരുവാനും തോട്ടങ്ങൾ ആരംഭിക്കുവാനും സന്ദർഭമൊരുക്കിയത്. ആഭ്യസ്ത വിദ്യനും മനുഷ്യസ്നേഹിയുമായിരുന്ന അദ്ദേഹം സാധുക്കൾക്ക് വൈദ്യസഹായവും മരുന്നും നൽകിയിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 1986 ഒക്ടോബർ 24 ന് സാർത്ഥകമായ ആ ജീവിതത്തിന് തിരശീലവീണു. ഭാര്യ പെണ്ണമ്മ 1984 ജൂലൈ രണ്ടിന് സ്വർഗ്ഗപ്രാപ്തയായി.

അദ്ധ്യായം 10

റോസ അവുസേപ്പച്ചൻ വെട്ടത്ത് (പറപ്പള്ളിൽ) തമ്പലക്കാട്

ചീരാംകുഴിയിൽ വർക്കിതൊമ്മന്റെ ഇളയപുത്രി റോസയെ തമ്പലക്കാട് വെട്ടത്ത് അവുസേപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് മാമ്മി (അന്ന) കുഞ്ഞുപെണ്ണ്, കുഞ്ഞുമറിയാമ്മ ഇങ്ങനെ മൂന്നു പെൺമക്കളാണ് ഉണ്ടായിരുന്നത്. മക്കൾ പ്രായപൂർത്തിയകുന്നതിനു മുൻപു തന്നെ അവുസേപ്പച്ചൻ അകാലചരമം പ്രാപിച്ചിരുന്നു. റോസമക്കളെയും മരുമക്കളേയും കൊച്ചുമക്കളേയും കാണുവാനും അവരോടൊത്ത് ജീവിക്കാനും കഴിഞ്ഞ ശേഷം വാർദ്ധക്യത്തിൽ 26 - 08 - 1980 ൽ മരണമടയുകയാണുണ്ടായത്.



a) ഇവരുടെ മൂത്തമകൾ **മാമ്മിയെ** ഏഴാഞ്ചേരി കരിങ്ങോഴയ്ക്കൽ ചെറിയാൻ വിവാഹം ചെയ്തു. ഇവർക്ക് പാപ്പച്ചൻ, മറിയാമ്മ, ദേവസ്യാച്ചൻ, ബാബു ഡെയിസി എന്നിങ്ങനെ മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ടായിരുന്നു.

പാപ്പച്ചൻ - പൈങ്ങുളം ചെറ്റാനിക്കൽ ക്ലാരമ്മയെ വിവാഹം ചെയ്തു. ഇവർക്ക് സണ്ണി, സോജൻ, ബെന്നി, ജോഷി, ഷാജു, മേഴ്സി, ലീല എന്നിവർ മക്കളാണ്.

പാപ്പച്ചൻ - കണ്ണൂർ ജില്ലയിൽ പാത്തംപാറയിൽ സ്ഥലം സമ്പാദിച്ച് കുടുംബസമേതം അവിടെ താമസിച്ചിരുന്നു. പാപ്പച്ചൻ 5-6-2001 ലും അമ്മ 24 - 3 - 2005 ലും മരണമടഞ്ഞു. മാമ്മി വാർദ്ധക്യകാലത്ത് മകൻ പാപ്പച്ച നോടൊപ്പം പാത്തംപാറയിൽ താമസിച്ചിരുന്നു.

പാപ്പച്ചന്റെ മൂത്തമകൻ **സണ്ണി** പാത്തംപാറ ചീരാംകുഴി ഐപ്പച്ചന്റെ മകൾ രാജമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകനും മകളുമാണുള്ള ത്. രണ്ടാമനായ **സോജൻ** കുടിയാന്മല കുടക്കച്ചിറ വീട്ടിൽ ആൻസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് പെൺകുട്ടികളും ഒരാൺകുട്ടിയുമാണ് ഉള്ളത്. മൂന്നാമത്തെ പുത്രൻ **ബെന്നി** പാലാ കട്ടക്കയം കുടുംബത്തിലെ സാലിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകളുണ്ട്. ബെന്നിയുടെ ഇളയ സഹോദരൻ **ജോഷി** ചെമ്പനോട് വെട്ടിയ്ക്കൽ ഷീനായ വിവാഹം ചെയ്തു. ഇവർക്ക് ഒരാൺകുട്ടിയും ഒരുപെൺകുട്ടിയുമുണ്ട്. പാപ്പച്ചന്റെ ഇള യമകൻ **ഷാജുവും** ഭാര്യ ഷാന്റിയും ഷാർജയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരാൺകുട്ടി ഉണ്ട്. പെൺമക്കളിൽ മൂത്തവളായ **മേഴ്സിയെ** ഇടമറുക് പൈകട വീട്ടിൽ അവുസേപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്കു രണ്ടു ആൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ട്. ഇളയമകൾ **ലീലയെ** പ്രവിത്താ നത്ത് ഓടയ്ക്കൽ അപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു ആൺകു ട്ടികളും ഒരു പെൺകുട്ടിയുമുണ്ട്. ഇവർ തളിപറമ്പിനടുത്ത് പന്നിയൂർ എന്ന സ്ഥലത്ത് താമസിക്കുന്നു.

മാമ്മിയുടെ മൂത്തമകൾ **മറിയാമ്മയെ** കപ്പാട് കപ്പലുമാക്കൽ ജോസഫ് ബി. എ. ബി.റ്റി. വിവാഹം ചെയ്തു. ഇദ്ദേഹം ദീർഘകാലം കാള കെട്ടി ഹൈസ്കൂൾ അദ്ധ്യാപകനും ഹെഡ്മാസ്റ്ററുമായിരുന്ന ശേഷം റിട്ട യർ ചെയ്തു. ഇവർക്ക് ജോയി, ജാനറ്റ്, സിറിയക്, ടെസ്സി, സിബി എന്നി വർ മക്കളാണ്. മൂത്തമകൻ **ജോയിയും** ഭാര്യ മറിയമ്മയും ഏന്തയാർ ഹൈസ്കൂൾ അദ്ധ്യാപകരാണ്. മീനു, ജിതിൻ, ആന്റോ, ആലീസ്, എന്നി ങ്ങനെ രണ്ട് ആൺമക്കളും രണ്ടുപെൺമക്കളുമാണ് ഇവർക്കുള്ളത്. മറി യാമ്മയുടെ മകൾ **ജാനറ്റ്**. കടയനിക്കാട് പന്നാം പാറ ലൂക്കാ മകൻ ഹൈസ്കൂൾ അദ്ധ്യാപകനായ തോമസ്സാണ് ജാനറ്റിന്റെ ഭർത്താവ്. ഇവർക്ക് നാല് ആൺകുട്ടികളുണ്ട്. മറിയാമ്മയുടെ രണ്ടാമത്തെ മകൻ സിറിയക്ക് ബോംബെയിൽ ഫാർമസ്യൂട്ടിക്കൽ കമ്പനിയിൽ ഉദ്യോഗസ്ഥനാണ്. പിറവം മാളിയേക്കൽ പീറ്ററിന്റെ മകൾ അവിടെ തന്നെ ജോലി ചെയ്യുന്ന ഷേർലി ആണു ഭാര്യ. ഇവരുടെ ഏകമകൾ **ടാനിയാ** വിദ്യാർത്ഥിനിയാണ്.

മറിയാമ്മയുടെ രണ്ടാമത്തെ മകളായ **ടെസ്സിയെ** മണിമല ഏറത്തു വടകര പുതിയത്ത് തോമസ് മകൻ ജോസ് എം.എസി. വിവാഹം ചെയ്തു. ജോസ് ഇപ്പോൾ തൃശൂർ സൗത്ത് ഇൻഡ്യൻ ബാങ്ക് മാനേജരാണ്. ഇവ രുടെ മൂന്നു ആൺകുട്ടികളിൽ രണ്ടുപേർ എൻജിനീയറിംഗ് വിദ്യാർത്ഥി കളും ഒരാൾ സ്കൂൾ വിദ്യാർത്ഥിയുമാണ്. ഇളയമകൻ **സിബി** കൂരോപ്പട പഞ്ചായത്തു ഉദ്യോഗസ്ഥനും ഭാര്യ സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ അദ്ധ്യാപികയുമാണ്. ഇവർക്ക് ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും ഉണ്ട്. സിബിയും കുടുംബവും മാതാപിതാക്കളോടൊപ്പം കപ്പാട്ടുള്ള കുടുംബ വീട്ടിൽ താമസിക്കുന്നു.

